
ടി. സി. മുഹമ്മദ്



പാർട്ടിപത്രപ്രവർത്തകന്റെ ഓർമ്മക്കുറിപ്പുകൾ



പാർട്ടിപത്രപ്രവർത്തകന്റെ ഓർമ്മക്കുറിപ്പുകൾ

ടി.സി. മുഹമ്മദ്

ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ

mappilaheritagelibrary.com

Malayalam
Memoirs

Party Pathra Pravarthakante Ormakkurippukal

by

T.C. Muhammed

All Right reserved
Published : April 2018

Published by
Grace Educational Association
P.B. No. 3 Camp Sayyid
Malappuram Dt. Kerala 676 317

Cover : Mansoor
Lyout : Enter Media, Calicut
Printed : Redstar Offset Printers, Calicut

Price : ₹ 100/-

Distributors
Grace Books
PB No.3, Camp Sayyid
Malappuram Dist. 676 317
9633902944
gracevelimukku@gmail.com

mappilaheritagelibrary.com

പ്രസാധകക്കുറിപ്പ്

1970 മുതൽ 2012 വരെ ചന്ദ്രിക പത്രാധിപസമിതി അംഗമായി പ്രവർത്തിച്ച ടി.സി. മുഹമ്മദ് സംഭവബഹുലമായ ഒരു കാലഘട്ടത്തിന്റെ സജീവ സാക്ഷിയാണ്. എം.എസ്.എഫ്. നേതാവായി പൊതുരംഗത്ത് വന്ന അദ്ദേഹം അക്കാലത്തെ മുസ്‌ലിം ലീഗ് നേതാക്കളുമായി അടുത്ത ബന്ധം പുലർത്തിയ വ്യക്തിയാണ്.

മുസ്‌ലിം ലീഗ് ചരിത്രം പലരുടേയും ഓർമകളിലായി ചിതറിക്കിടക്കുകയാണ് ഇപ്പോയും കോട്ടാൽ ഉപ്പിസാഹിബ് മുതൽ ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബ് വരെയുള്ള നേതാക്കളുടെ നിറമുള്ള ചിത്രങ്ങൾ ടി.സി. ഈ പുസ്തകത്തിൽ വരച്ചുവെക്കുന്നു. എട്ടു പതിറ്റാണ്ടു പിന്നിട്ട ചന്ദ്രികയുടെ നാൾ വഴികളും ഇതിൽ വായിച്ചെടുക്കാം.

പ്രസാധനരംഗത്ത് ഇതിനകം ശ്രദ്ധ നേടിയ ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷനു ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിൽ അനല്പമായ സന്തോഷമുണ്ട്. സാംസ്കാരിക ചരിത്ര പൈതൃകങ്ങളുടെ മൂല്യബോധപ്രസാരണത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഗ്രെയ്സ് അതിന്റെ അഭ്യുദയകാംക്ഷികൾക്കു നന്ദി രേഖപ്പെടുത്തുന്നു.

ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ

mappilaheritagelibrary.com



ടി.സി. മുഹമ്മദ്

1943 ഒക്ടോബർ ഒന്നിന് കണ്ണൂർ ജില്ലയിലെ മൂര്യാട് ജനനം. ബി.എസ്.സി. (രസതന്ത്രം) ബിരുദധാരി

മൂര്യാട് മാപ്പിള എൽ.പി. സ്ക്കൂൾ, കുത്തുപറമ്പ് ബോർഡ് സ്ക്കൂൾ, തൊക്കിലങ്ങാടി ഹയർ സെക്കണ്ടറി സ്ക്കൂൾ, ഫാറൂഖ് കോളേജ് എന്നിവടങ്ങളിൽ പഠനം.

അറുപതുകളിൽ കണ്ണൂർ ജില്ലാ എം.എസ്.എഫ്. സെക്രട്ടറി.

1977 കേരള സ്റ്റേറ്റ് യംഗ് മുസ്‌ലിം സ്പീക്കേഴ്സ് ഫോറം ചെയർമാൻ, മൂര്യാട് മഹല്ല് എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർ.

ചന്ദ്രിക ദിന പത്രത്തിൽ ലീഡർ റൈറ്ററും പത്രാധിപസമിതി അംഗവുമായിരുന്നു. 2007 നവംബറിൽ റസിഡന്റ് എഡിറ്റർ പദവിയിൽ നിന്നു വിരമിച്ചു.

പ്രസംഗകൻ, പരിഭാഷകൻ.

സന്ദർശിച്ച രാജ്യങ്ങൾ	:	യു.എ.ഇ, സൗദി അറേബ്യ, ബംഗ്ലാദേശ്
പ്രസിദ്ധീകൃത കൃതി	:	ഷേർ എ.കേരള
മാതാവ്	:	ആയിഷ (മരണം 1992 നവംബർ നാല്)
പിതാവ്	:	തറാൽ അബു മുസ്‌ലിയാർ (മരണം 2003 മാർച്ച് 12)
ഭാര്യ	:	കെ.പി.സുഹ്റ
മക്കൾ	:	സൈനുദ്ദീൻ, നൗഫൽ, സൈനുൽ ആബിദീൻ, റാഹില
വിലാസം	:	'സനോരം' മൂര്യാട് പി.ഒ. കൂത്തുപറമ്പ് കണ്ണൂർ ജില്ല പിൻ: 670 643
ഫോൺ	:	9562597151

mappilaheritagelibrary.com

ആമുഖം

മൂന്ന് പതിറ്റാണ്ടിലേറെ നീണ്ടുനിന്ന എന്റെ പത്രപ്രവർത്തക ജീവിതത്തിലെ ഓർമ്മക്കുറിപ്പുകളാണിത്. അഞ്ചു ദശാബ്ദങ്ങളിലെ രാഷ്ട്രീയ സാമീപ്യ അനുഭവങ്ങളും സന്ദർഭത്തിനൊത്ത് ചേർത്തിരിക്കുന്നു.

മുസ്‌ലിം ലീഗ് ചരിത്രം എഴുതിയവരാരും കൈകാര്യം ചെയ്തിട്ടില്ലാത്ത 'മുസ്‌ലിം ലീഗ് പിളർപ്പും പുനരേകീകരണവും' ഇതിൽ പ്രതിപാദിക്കുന്നുണ്ട്. അവധാനതയോടെ ആലോചിച്ചും സോദ്ദേശ്യകമായും തന്നെയാണിത്. രാഷ്ട്രീയ വിദ്യാർത്ഥികൾ ജിജ്ഞാസപ്പെടുന്ന വിഷയമായതുകൊണ്ടു മാത്രമല്ല, കേരള രാഷ്ട്രീയത്തിൽ സമാനതകളില്ലാത്ത സംഭവങ്ങളാണെന്നതു കൊണ്ടു കൂടിയാണ് അത് ഇതിൽ ചേർത്തത്.

റിട്ടയർ ചെയ്തിട്ട് പതിനഞ്ചുവർഷം കഴിഞ്ഞെങ്കിലും ചന്ദ്രികയുമായുള്ള പൊക്കിൾകൊടിബന്ധം നഷ്ടമായിട്ടില്ല. ഇടയ്ക്ക് രോഗബാധിതനായി കിടപ്പിലായി. അപ്പോൾ കാണാനെത്തിയ പത്രാധിപർ സി.പി. സൈതലവിയാണ് 'ഓർമ്മകൾ എഴുതുക' എന്ന ആശയം ആദ്യമായി പറഞ്ഞത്. നിരന്തരം ഉപയോഗിക്കാത്തതിനാൽ ഭാഷയ്ക്കും ശൈലിക്കും തേയ്മാനം സംഭവിച്ചിരുന്നു. ചന്ദ്രികയിലെ പഴയ സബ് എഡിറ്ററും കേരള ഗവൺമെന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയരക്ടറുമായിരുന്ന പി.എ.റഷീദ് കൈയ്യെഴുത്തു പ്രതി പരിശോധിച്ചു. ഇവരോടും അവതാരിക എഴുതി അനുഗ്രഹിച്ച എം.പി. അബ്ദുസമദ്സമദാനിയോടും പ്രസാധകരായ ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷനോടുമുള്ള കടപ്പാടും നന്ദിയും രേഖപ്പെടുത്തുന്നു.

മൂര്യാട്, കൂത്തുപറമ്പ് — ടി.സി. മുഹമ്മദ്

01-04-2018

mappilaheritagelibrary.com

ഓർമ്മച്ചെപ്പ് തുറക്കാനൊരു പുസ്തകം

എം.പി. അബ്ദുസമദ് സമദാനി

ടി.സി. മുഹമ്മദ് - പ്രശസ്തനായ പത്ര പ്രവർത്തകൻ, പ്രഗത്ഭനായ പ്രസംഗകൻ, പ്രസിദ്ധനായ പ്രസംഗ പരിഭാഷകൻ, ബന്ധപ്പെട്ടവർക്കെല്ലാം ഏറെ പ്രിയങ്കരനായ പൊതു പ്രവർത്തകൻ, സ്നേഹിതൻ... വിവിധ തുറകളിൽ ശോഭിച്ചു നിൽക്കുന്ന കർമ്മനിരതമായ ആ വ്യക്തിത്വത്തിന്റെ ശീലുകളും ശീലങ്ങളും സ്വഭാവവും സർവ്വോപരി അദ്ദേഹത്തിന്റെ തിളക്കമാർന്ന പ്രതിഭയും പരിചയിച്ചവർക്കാർക്കും അവഗണിക്കാനും വിസ്മരിക്കാനുമാവുകയില്ല. സ്വതസ്സിദ്ധവും സ്വകീയവുമായ സവിശേഷതകളും സുകൃതങ്ങളും കൊണ്ട് ധന്യമായ ടി.സിയുടെ ഏറ്റവും വലിയ മുഖമുദ്ര ജീവിതത്തോടും പരിസരത്തോടുമുള്ള അദ്ദേഹത്തിന്റെ സമീപനത്തിലാണ് പ്രകടമായിരിക്കുന്നത്. തീക്ഷ്ണമായ ഹൃദയവായ്പോടെയും രസനീയമായ നർമ്മബോധത്തോടെയും ആർദ്രവും തരളിതവുമാണ് സമീപനം. പ്രധാനമായും ഈ രണ്ട് അടിസ്ഥാനങ്ങളിൽ ഊന്നി നിന്നുകൊണ്ട് തന്റെ കാലത്തെയും ജീവിത സാഹചര്യത്തെയും നിരീക്ഷിച്ചു കൊണ്ട് തന്റെ കാലത്തെയും ജീവിത സാഹചര്യത്തെയും നിരീക്ഷിച്ചു കൊണ്ട് അദ്ദേഹം എഴുതിയിട്ടുള്ളതാണീ പുസ്തകം.

സമൂഹത്തിന്റെ ചരിത്രവും അതിന്റെ രൂപകല്പനയിൽ നിർണ്ണായകമായ പങ്ക് വഹിച്ച പ്രമുഖരുടെ ജീവചരിത്രവും രാഷ്ട്രീയ വിശകലനവും പത്രപ്രവർത്തന പഠനവും എല്ലാം കൂടിക്കലർന്നുവരുന്ന ഏറെ കൗതുകകരമായ വായനയാണ് ഈ പുസ്തകം പ്രദാനം ചെയ്യുന്നത്. ചരിത്രം എന്നു പറയുമ്പോൾ തന്നെ തന്റെ ജീവിതത്തിന്റെ ആദ്യകാല വിവരണമധ്യേ, ഇക്കാലത്ത് വളരെ പ്രസക്തമായിത്തീർന്നിട്ടുള്ള പ്രാദേശിക ചരിത്ര സംബന്ധിയായ വിവരങ്ങളും അതിൽ കടന്നുവരുന്നുണ്ട്. പക്ഷെ മുഖ്യമായും ഇതൊരു ആത്മകഥാ പ്രധാനമായ രചനയുമാണ്.

ഓർമ്മ സമൂഹത്തിന്റെതാകുമ്പോൾ അത് ചരിത്രമായിത്തീരുന്നു. സാമൂഹിക സ്മൃതിപഥത്തിന്റെ രൂപീകരണത്തിലാകട്ടെ, വ്യക്തികളുടെ ഓർമ്മകൾ പ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു. ഈ പുസ്തകത്തിൽ ഗ്രന്ഥകാരൻ സ

mappilaheritagelibrary.com

മൂഹത്തിന്റെ ഭാഗമായിരുന്നു കൊണ്ടും സാമൂഹിക പ്രക്രിയയിൽ പങ്കാളിയായി ക്കൊണ്ടും തന്റെ സ്മരണകൾ അനുവാചകർക്ക് സമർപ്പിക്കുകയാണ്. അങ്ങനെ ആത്മനിഷ്ഠമായ അനുഭവങ്ങൾ സാമൂഹികാനുഭവത്തിന്റെ ആത്മാംശമായി വരു ന്നു. ടി.സി. പറഞ്ഞു തരുന്ന ഓർമ്മകളെല്ലാം ഇവിടെ ഈ നാട്ടിൽ അല്പകാ ലം മുമ്പ് നടന്ന സംഭവങ്ങളുടേയും ജീവിച്ച വ്യക്തികളുടേതുമാണ്. ആ സംഭവ ങ്ങളിൽ ഇടപെട്ടും ഭാഗഭാക്കായും ആ വ്യക്തികളോട് ഇടപഴകിടും ഗ്രന്ഥകാരൻ ഉണ്ടായിരുന്നതുകൊണ്ട്, അദ്ദേഹം ഒരേ സമയം കഥാകൃത്തും കഥാപുരുഷനുമാ യിത്തീരുന്നു.

തന്റെ ഗതകാല ജീവിതത്തിലൂടെയും അതിന്റെ വൈവിധ്യമാർന്ന വീഥികളിലൂ ടെയുമാണ് ഗ്രന്ഥകാരൻ നമ്മെ കൂട്ടിക്കൊണ്ടു പോവുന്നത്. അദ്ദേഹം ഭൂതകാല ജീവിതം ഓർത്തെടുക്കുന്നത് നാടിന്റെയും ജനതയുടെയും ചരിത്രപ്രവാഹത്തിന്റെ ഭാഗമായി നിലകൊണ്ടും അതിന്റെ നിമ്നോന്നതങ്ങളിലൂടെ സഞ്ചരിച്ചു കൊണ്ടുമാ ണ്. ശാലീനമായ ശൈലിയിൽ, ഭാസുരമായ ഭാഷയിൽ വികാരാർദ്രമായി ടി.സി. കഥ പറയുന്നു. ഒന്നും മറച്ചുവെക്കാതെ അനുഭവങ്ങളുടെ സ്ഥൂലവും സൂക്ഷ്മ വുമായ തലങ്ങൾ അദ്ദേഹം അനുവാചകർക്ക് മുന്നിൽ തുറന്നുവെക്കുന്നു. അങ്ങ നെ ഉന്നത നിലവാരമുള്ള ഒരു സർഗാത്മ സൃഷ്ടിയുടെ വിതാനത്തിലേക്ക് അദ്ദേഹ ത്തിന്റെ രചന ഔന്നത്യം പ്രാപിക്കുന്നതും നാം കാണുന്നു.

ഒട്ടേറെ പൂർവ്വിക പ്രമുഖരുടെ ജീവിത ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നുണ്ട് ഈ പുസ്തകം. അവരെക്കുറിച്ച് എഴുതപ്പെട്ട അനുസ്മരണകുറിപ്പുകളുടെ പ്രയോ ജനവും കൂടി ഈ രചന കൊണ്ട് ഉണ്ടായിത്തീരും. കോട്ടാൽ ഉപ്പി സാഹിബിൽ നിന്ന് തുടങ്ങി ഖാഇദെ മില്ലത്ത് ഇസ്മാ ഈൽ സാഹിബ്, ബി. പോക്കർ സാഹിബ്, ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബ്, സി.എച്ച്. മുഹമ്മദ് കോയാ സാഹിബ്, സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ, സി.കെ.പി. ചെറിയ മമ്മുക്കേയി, സീതി ഹാജി, എ.കെ. കുഞ്ഞിമായൻ ഹാജി, എ.കെ.ഖാദർ കുട്ടി, വി.സി. അബൂബക്കർ, മങ്കട അബ്ദുൽ അസീസ് മൗലവി തുടങ്ങിയ നിരവധി വ്യക്തിത്വങ്ങളുടെ അറിയ പ്പെടാത്ത വൈശിഷ്ട്യങ്ങളും ജീവിത സംഭവങ്ങളും പുസ്തകത്തിന്റെ ലോകം വിപ ുലവും അമൂല്യവും ആക്കിത്തീർക്കുന്നു.

ഉപ്പി സാഹിബിന്റെ പ്രദേശമായ കൂത്തുപറമ്പാണ് ഗ്രന്ഥകാരന്റെയും പ്രദേശം. കുട്ടിക്കാലത്ത് സ്വന്തം ദേശത്ത് കണ്ട ഉപ്പി സാഹിബിന്റെ രൂപവും ഭാവവും വിവ രിച്ചുകൊണ്ടാണ് ടി.സി. ആദ്യ അദ്ധ്യായത്തിന് അഥവാ പുസ്തകത്തിന്റെ രചന യ്ക്ക് തന്നെ തുടക്കം കുറിക്കുന്നത്. ഉപ്പി സാഹിബിന്റെയും കുടുംബത്തിന്റെയും സുപ്രധാനമായ വിവരങ്ങൾ ആ അദ്ധ്യായത്തിൽ നാം വായിക്കുന്നു. സി.എഹിനെ പറ്റി പറയുമ്പോൾ ടി.സിക്ക് പ്രത്യേകമായ ഉത്സാഹവും ആദരവും വികാരവുമാ ണ്. സി.എച്ചിനോട് പുലർത്താൻ ഇടയായ ബന്ധത്തിൽ അദ്ദേഹം അതിയായി അഭിമാനം കൊള്ളുന്നു. സി.എച്ചിന്റെ ഒട്ടേറെ വർണ്ണ ചിത്രങ്ങൾ ഈ പുസ്തകത്തിൽ പരന്നു കിടക്കുന്നുണ്ട്. ഈ വൈകാരികമായ ബന്ധ ത്തിൽ നിന്നാണ് അദ്ദേഹത്തിന്റെ ആദ്യ കൃതി 'ഷേർ -ഏ-കേരള' പിറക്കുന്നത്. സി.എച്ച്. മുഹമ്മദ് കോയ സാഹിബിനെക്കുറിച്ച് പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ പുസ്തകമാണിത് എന്നതും ടി.സി.യുടെ പരിമിതമെങ്കിലും ധന്യമായ രചന

mappilaheritagelibrary.com

ാസപര്യയെ ശ്രദ്ധേയമാക്കുന്നു. തന്റെ കഥാപുരുഷനോട് കൂടുതൽ ഇടപഴകാനും ഒന്നിച്ച് യാത്രകൾ ചെയ്യാനും പിൽക്കാലത്ത് അവസരം ഉണ്ടായപ്പോൾ പ്രസ്തുത കൃതി നേരത്തെ എഴുതിപ്പോയതിൽ തനിക്കുണ്ടായ ഖേദത്തെക്കുറിച്ച് ഈ പുസ്തകത്തിൽ ഗ്രന്ഥകാരൻ പരാമർശിക്കുന്നുണ്ട്. നിർഭാഗ്യകരമായ പിളർപ്പിനു ശേഷം വർഷങ്ങൾ കഴിഞ്ഞ് മുസ്‌ലിം ലീഗ് ലയനം നടന്ന സന്തോഷകരമായ സന്ദർഭം പരാമർശിക്കുന്ന വേളയിലും ടി.സി. ഓർക്കുന്നത് സി.എച്ച്. മുഹമ്മദ് കോയ സാഹിബിനെയാണ്. അദ്ദേഹം എഴുതുന്നു. "സി.എച്ച് ഉണ്ടായിരുന്നെങ്കിൽ ലയന മുഹൂർത്തത്തിൽ നൂറ്റാണ്ടുകളെ കോൾമയിർ കൊള്ളിക്കുന്ന വചനങ്ങൾ അദ്ദേഹത്തിൽ നിന്ന് നമുക്ക് കേൾക്കാമായിരുന്നു."

നീണ്ട പതിമൂന്നു വർഷക്കാലം മെഹബൂബെമില്ലത്ത് ഇബ്റാഹീം സുലൈമാൻ സേട്ട് സാഹിബിന്റെ പ്രസംഗപരിഭാഷകനായിരുന്നുടി.സി. മുഹമ്മദ്. പൊന്നാനി കുഞ്ഞിമുഹമ്മദിന്റെയും ടി.സി. മുഹമ്മദിന്റെയും നാവിലൂടെയാണ് ദീർഘകാലം ഇന്ത്യൻ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ മഹാരഥന്മാരായ നേതാക്കളിൽ പെടുന്ന ത്യാഗിവര്യനും നിസ്വാർത്ഥനും രാഷ്ട്രീയ വിശുദ്ധിയുടെ ഉടമയുമായ സേട്ട് സാഹിബ് മലയാളി സമൂഹത്തോട് സംവദിക്കുകയുണ്ടായത്. പ്രഗത്ഭ വാഗ്മികളായ ഈ രണ്ട് പേരും ഇന്നും നാടിന്റെയും സമുദായത്തിന്റെയും സാമൂഹിക, രാഷ്ട്രീയ വേദികളിൽ കർമ്മനിരതരായിരിക്കുന്നു. അസാധാരണമായ ഔന്നത്യം പുലർത്തിയ മഹാനായ സേട്ട് സാഹിബിനോടുള്ള സാമിപ്യ സമ്പർക്കം ആർക്കും അവിസ്മരണീയമായ അനുഭവം തന്നെയായിത്തീരും. സേട്ട് സാഹിബിനോടൊപ്പമുള്ള അനുഭവ സമ്പന്നമായ യാത്രകളെക്കുറിച്ച് ടിസിയുടെ വിവരണം വായിച്ചപ്പോൾ, പിൽക്കാലത്ത് വർഷങ്ങളോളം സേട്ട് സാഹിബിന്റെ പരിഭാഷകനും സന്തത സഹചാരിയുമായിത്തീരാൻ എനിക്കും കൈവന്ന അവസരത്തിലെ സന്തോഷകരമായ ദിവസങ്ങൾ സങ്കടത്തോടെ സ്മരണയിൽ വന്നു. സേട്ട് സാഹിബിനെക്കുറിച്ച് ഒരദ്ധ്യായം തന്നെ ടി.സി. പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിന്റെ അവസാന വാചകം ഇപ്രകാരമാണ്. 'അലീഗഡിന്റെയും ജാമിഅ: മില്ലിയ:യുടെയും മുസ്‌ലിം വ്യക്തിത്വം എടുത്തുകളയുവാനുള്ള നീക്കം നടന്നപ്പോഴും ബാബ്റി മസ്ജിദ് പ്രശ്നകാലത്തും അടിയന്തിരാവസ്ഥ നാളുകളിലും ശരീഅത്ത് വിവാദം കത്തിനിന്നപ്പോഴും സിംഹശക്തിയോടെ പാർലമെന്റിനെ വിറപ്പിച്ച പ്രക്ഷോഭകാരിയായി ഇന്ത്യൻ മുസ്‌ലിംകൾ ഇബ്റാഹീം സുലൈമാൻ സേട്ട് സാഹിബിനെ എന്നും സ്മരിക്കും, തീർച്ച."

സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ ഏറെ ശാന്തനും സൗമ്യനും ആയിരിക്കുമ്പോൾ തന്നെ അതിശക്തമായ മനോദാർഢ്യവും ഏത് കാര്യത്തിലും ഉറച്ച മനസ്സും സ്വന്തം നിലപാടും തീരുമാനവും ഉള്ള ശക്തമായ വ്യക്തിത്വത്തിന്റെ ഉടമയുമായിരുന്നു. അനിവാര്യ സന്ദർഭങ്ങളിലെല്ലാം ആ വ്യക്തിത്വത്തിന്റെ ശക്തിയും വ്യതിരിക്തതയും അദ്ദേഹത്തിൽ പ്രകടമായതും ചരിത്രത്തിന്റെ ഭാഗമാണ്. തങ്ങളുടെ മഹത്വമാർന്ന ജീവിതത്തിലേക്ക് എത്തിനോട്ടം നടത്തുന്ന ഗ്രന്ഥകാരൻ ഏതാനും സംഭവങ്ങളുടെ ഏടുകൾ അതിൽ നിന്നു തുറന്നേകുന്നു. അതിൽ നമുക്ക് അനുഭവപ്പെടുന്നത് ഉപര്യുക്തമായ ആ വ്യക്തിത്വമാഹാത്മ്യം തന്നെ.

പരേതരായ നേതാക്കളോടുള്ള ആദര പ്രകടനത്തിലൂടെ അവരോടുള്ള കടമ

mappilaheritagelibrary.com

നിർവ്വഹിക്കാനും കടം വീട്ടാനും ജാഗ്രത പാലിക്കുന്ന ഗ്രന്ഥകാരൻ വലിയ മര്യാദയോടെയാണ് അവരുടെ സ്മരണകളെപ്പോലും സമീപിക്കുന്നത്. അവരോട് ഇടപഴകിയ വേളകളിലും ബഹുമാനത്തോടെ മാത്രമായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. ഖാഇദെ മില്ലത്തിന്റെയും എം.കെ. ഹാജിയുടെയും കൂടെ യാത്രയിൽ അനുഗമിച്ചത് അദ്ദേഹം ഓർക്കുന്നത് ഇപ്രകാരമാണ്. "ഇരുവരോടൊപ്പം കാറിൽ ഭയപ്പാടോടെയും ആദരവോടെയും സഞ്ചരിച്ചു. നല്ല 'അദബോ'ട് കൂടിയാണ് ശ്വാസം പോലും കഴിച്ചത്." ടി.സി.യെ അടുത്തറിയുന്നവർക്കൊന്നും അദ്ദേഹത്തിന്റെ നന്മ നിറഞ്ഞ ഈ സ്വഭാവ ഗുണങ്ങൾ അപരിചിതമായിരിക്കില്ല. അദ്ദേഹത്തിന്റെ നേട്ടങ്ങളത്രയും ഈ മഹിത മൂല്യങ്ങളോട് ബന്ധപ്പെട്ടതാണെന്ന് കൂടി ഇവിടെ പറയേണ്ടതുണ്ടെന്നു തോന്നുന്നു.

ചന്ദ്രികയുടെ ചരിത്രത്തിലെ ഏതാനും ദശാസന്ധികൾ ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. അതോടൊപ്പം പത്രത്തിന്റെ വികാസ പരിണാമത്തിലെ ഒരു കാലഘട്ടത്തിന്റെ ചരിത്രവും രേഖപ്പെടുത്തിയിരിക്കുന്നു. ആ ഭാഗങ്ങൾ വായിക്കുന്ന ആരെയും ഗ്രന്ഥകാരന്റെ വിവരണം വികാരഭരിതരാക്കും, വിശേഷിച്ചും ചന്ദ്രികയിൽ സേവനം ചെയ്ത നിരവധി പേരെ. പത്രം ഇറങ്ങുന്നതിനു മുമ്പുള്ള പ്രക്രിയകൾ ഘട്ടം ഘട്ടമായി വിവരിക്കുകയും ഓഫീസിനകത്തെ സ്റ്റാഫിന്റെ ജീവിത പരിസരം ചിത്രീകരിക്കുകയും ചെയ്യുന്ന ഭാഗങ്ങൾ വായിച്ചപ്പോൾ ഈ എളിയവനും അവിടെ പ്രവർത്തിച്ചതിന്റെ അഭിമാനം നിറഞ്ഞ കാലം ഓർത്തുപോയി. സി.എച്ച്. മുഹമ്മദ് കോയ സാഹിബ് ചീഫ് എഡിറ്ററായിരുന്ന ആ ചന്ദ്രികാ ചർച്ചിത കാലം! സി.എച്ച്. ഇടയ്ക്ക് കയറി വരാറുള്ളതും പേര് പറഞ്ഞ് വിളിക്കാറുള്ളതുമായ ആ ശോഭനകാലത്തിന്റെ രോമാഞ്ചം ഈ പുസ്തകത്തിന്റെ വായനയിൽ വീണ്ടും അനുഭവവേദ്യമായി.

ടി.സി. ഈ പുസ്തകത്തിൽ എഡിറ്റിംഗ് സ്റ്റാഫിന്റെ ഘടനയും പ്രവർത്തനരീതിയുമെല്ലാം വിശദീകരിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു. "ടെലി പ്രിന്ററിൽ വരുന്ന വാർത്തകൾ മുറിച്ച് ചീഫിന്റെ മുന്നിലെത്തിക്കും. അതിൽ ആവശ്യമായവ തിരഞ്ഞെടുത്ത് ചുറ്റുമിരിക്കുന്ന സബ് എഡിറ്റർമാർക്ക് വാർത്ത തയ്യാറാക്കാൻ വീതിച്ചു കൊടുക്കും. തലക്കെട്ട് ഇടേണ്ട അവകാശം ചീഫിന്റേതാണെന്നാണ് വെപ്പ്. തലക്കെട്ട് വളരെ യോഗ്യമാണെങ്കിലും 'ഈഗോ' ഉള്ള ചീഫുമാർ അതു മറ്റൊരു കടലാസിൽ അയാളുടെ കൈപടയിൽ എഴുതി അയക്കുകയാണ് പതിവ്." ഞങ്ങളുടെ ചീഫ് ടിസിയായിരുന്നു. അദ്ദേഹത്തിന്റെ ചുറ്റുമിരിക്കുന്ന (ആ പാവം) സബ് എഡിറ്റർമാരിൽ ഒരാളായിരുന്നു ഞാൻ. ഞാൻ എത്രയോ വാർത്തകൾ തയ്യാറാക്കി. തലക്കെട്ടിട്ട് അദ്ദേഹത്തെ ഏല്പിച്ചത് ഇപ്പോൾ കൗതുകത്തോടെ ഓർക്കുന്നു. 'ഈഗോ' ഒന്നും കാണിക്കാറില്ലെങ്കിലും അദ്ദേഹം ഇടക്കിടെ പറഞ്ഞുകൊണ്ടിരുന്ന ഒരു വാക്ക് ഞാൻ എപ്പോഴും ഓർക്കുകയും അക്കാലത്ത് ചന്ദ്രികയിൽ ഉണ്ടായിരുന്ന പ്രിയ സുഹൃത്ത് പി.ഏ. റഷീദിനോടും മറ്റും തമാശയായി പറയുകയും ചെയ്യാറുണ്ട്. 'അതിന്റെ വിഷമം നിങ്ങൾക്കറിയില്ല. ഹെഡ്ഡിംഗ് മുറിഞ്ഞു പോകും' എന്നായിരുന്നു ടി.സി.യുടെ പതിവു കമന്റ്. അതായത് ആ തലക്കെട്ട് ടി.സി.ക്ക് തന്നെ മാറ്റി എഴുതണം എന്നു ചുരുക്കം. ആ പ്രസ്താവനയുടെ പൊരുൾ ഇപ്പോൾ ഇത് വായിച്ചപ്പോഴാണ് പിടി കിട്ടിയത് എന്നതും എനിക്ക് ഈ പ

mappilaheritagelibrary.com

ുസ്തകം കൊണ്ടുണ്ടായ പ്രയോജനങ്ങളിൽ പെടുന്നു.

ചന്ദ്രികയിലെ ഓർമ്മകൾക്കായി ഒരദ്ധ്യായം തന്നെ ടി.സി. നീക്കിവെച്ചിരിക്കുന്നു. ചന്ദ്രികയോടും അവിടത്തെ ജോലിയോടും പത്രത്തെ പോററി വളർത്തിയ പ്രസ്ഥാനത്തോടുമുള്ള കൂറും ഗൃഹാതുരത്വവും ടിസിയുടെ വരികളിൽ തുടിച്ചു നില്പുണ്ട്. ചന്ദ്രിക ചരിത്രത്തിലെ ഗതിവിഗതികളെ അദ്ദഹം സൂക്ഷ്മ വിശകലനത്തിന് വിധേയമാകുന്നുണ്ട്. ഇനിയുള്ള കാലവും ചന്ദ്രികയുടെ ഭാവിക്കും പുരോഗമനത്തിനും വേണ്ടത് എന്താണ് എന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. ചന്ദ്രികയോട് ബന്ധപ്പെട്ടവർക്കെല്ലാം പ്രയോജനീഭവിക്കുന്നതാണീ നിരീക്ഷണങ്ങൾ. ഒരു ദീർഘകാലം ചന്ദ്രികാ കുടുംബത്തിലെ പ്രധാന അംഗവും കേരളത്തിലെ തലയെടുപ്പുള്ള പത്ര പ്രവർത്തകന്മാരിൽ പ്രമുഖനുമാണദ്ദേഹം.

ചന്ദ്രികയുടെ വളർച്ചയിൽ പങ്ക് വഹിച്ച പ്രമുഖരിൽ ചിലർ ടിസിയുടെ പുസ്തകത്തിൽ പരാമാർശിക്കപ്പെടുന്നുണ്ട്. ചിലർക്കായി സ്വന്തം അദ്ധ്യായങ്ങൾ തന്നെയുണ്ട്. അക്കൂട്ടത്തിൽ വി.സി. അബൂബക്കർ സാഹിബും പി. സീതിഹാജിയും ഉണ്ട്. വെവ്വേറെ മേഖലകളിൽ നിന്നുകൊണ്ട് പത്രത്തെ വളർത്തിയ രണ്ടു വ്യക്തിത്വങ്ങൾ. സീതിഹാജിയുടെ ജീവിതത്തിന്റെ അറിയപ്പെടാത്ത വശങ്ങളിലേക്ക് ഗ്രന്ഥകാരൻ വെളിച്ചം വീശുന്ന കൂട്ടത്തിൽ ലീഗ് പിളർപ്പ് കാലത്ത് അഖിലേന്ത്യാ ലീഗിന്റെ പ്രധാന പ്രസംഗകനായിരുന്ന ഇപ്പോഴത്തെ കെ.എം.സി.സി. നേതാവ് രായിൻ കുട്ടി നീറാട് രാത്രി ഒരു വണ്ടിക്ക് കൈ കാണിച്ച് കാർ നിർത്തുകയും അകത്ത് കയറിയപ്പോൾ സീതിഹാജിയെ കണ്ട് പേടിച്ച് അങ്കലാപ്പിലാവുകയും സീതിഹാജിയാകട്ടെ രായിനെ വീട്ടിൽ കൊണ്ടുപോയി സൽക്കരിച്ചുവിടുകയും ചെയ്ത സംഭവം ഒരിക്കലും മനസിൽ നിന്നു മായുകയില്ല.

മലയാളത്തിലെ കൃതഹസ്തരും സമാദരണീയരുമായ പത്രാധിപന്മാരിൽപെടുന്ന വി.സിയെക്കുറിച്ചുള്ള സുദീർഘമായ അദ്ധ്യായത്തിൽ അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിലെ പതിവു രീതികൾ ഒരു ചരിത്രകാരന്റെ സൂക്ഷമതയോടെ ടി.സി. ചിത്രീകരിക്കുന്നുണ്ട്. തന്റെ സഹപ്രവർത്തകരായ പ്രമുഖരിൽ പലരും അധികാരത്തിന്റെ ഉന്നത സ്ഥാനങ്ങളിൽ എത്തിയപ്പോൾ 'ഇവർ മുഖേന അധികാരത്തിൽ നിന്ന് എന്തെങ്കിലും ആനുകൂല്യം നേടാൻ ഇദ്ദേഹം ഒരിക്കലും താല്പര്യം കിട്ടിയില്ല. പ്രലോഭനങ്ങൾക്ക് നേരെ മുഖം തിരിച്ചുനിന്നു. ലളിതജീവിതം തപസ്യയാക്കി ആഴ്ചയിലൊരിക്കൽ ബസിൽ തലശ്ശേരിയിൽ വീട്ടിൽ പോവുകയും അടുത്ത ദിവസം കൃത്യമായി തിരിച്ചുവരികയും ചെയ്തു.' പ്രൊഫ. മങ്കട അബ്ദുൽ അസീസ് മൗലവി ചന്ദ്രികയുടെ വികാസത്തിന് കരുത്തറ്റ സംഭാവന അർപ്പിച്ച അതിന്റെ ജനറൽ മാനേജറും ചീഫ് എഡിറ്ററും ആയിരുന്നു. 'ചന്ദ്രികയുടെ ചരിത്രത്തിൽ ഇത്രമാത്രം ഇച്ഛാശക്തിയും, കഠിനാദ്ധ്വാന ശീലവും കൈമുതലായുള്ള മറ്റൊരു ജനറൽ മാനേജർ ഉണ്ടായിട്ടില്ല എന്ന് ടി.സി. പറയുന്നു. വി.സി.യും മൗലവിയും ടി.സിയുടെ പുസ്തകത്തിൽ താരശോഭയോടെ ജ്വലിച്ചു നിൽക്കുന്നു.

താൻ കണ്ടവരും ഇടപഴകിയവരുമായ വ്യക്തികളാണ് ടിസിയുടെ മുഖ്യ പ്രമേയം. നേതാക്കളും സഹപ്രവർത്തകരും ഇടയിൽ കടന്നു വരുന്ന സുഹൃത്തുക്കളും പ്രശസ്തരും അപ്രശസ്തരുമായ മറ്റുള്ളവരും കൂട്ടത്തിൽ ഉണ്ട്. എല്ലാവരോടും ആദരപൂർവ്വം നീതി ചെയ്യുന്നുണ്ടെങ്കിലും അപൂർവ്വം ചിലരോട് ഈ സമീപന

mappilaheritagelibrary.com

ത്തിൽ അല്പം കുറവുള്ളപോലെ നമുക്ക് തോന്നിയേക്കാം. അവരോടും കൂടി ഗ്രന്ഥകാരന്റെ പൊതു സമീപനം തന്നെ ആകാമായിരുന്നു എന്ന് ഇവിടെ ഒരു ആ ഗ്രഹമായി രേഖപ്പെടുത്തട്ടെ.

സംഭവ വിവരണങ്ങളിലും അനുസ്മരണക്കുറിപ്പുകളിലുമെല്ലാം ഗ്രന്ഥകാരന്റെ പങ്കാളിത്തം പ്രകടമാണീ പുസ്തകത്തിൽ. ആത്മാർത്ഥമായി തന്റെ പങ്ക് അദ്ദേഹം നിർവഹിക്കുകയാണ് ചെയ്യുന്നത്.

പുസ്തകത്തിന്റെ ഏറ്റവും വലിയ ആകർഷണങ്ങളിലൊന്ന് ടി.സി. യുടെ ഏറ്റവും വലിയ പ്രത്യേകതയായ നർമ്മം തന്നെ. ഫലിത മില്ലാതെ ടി.സി ഇല്ല സംസാരത്തിലും പെരുമാറ്റത്തിലും സാമി പ്യ സമ്പർക്കങ്ങളിലും മാത്രമല്ല, ജീവിതത്തോടുള്ള സമീപനത്തിൽ തന്നെ അദ്ദേ ഹത്തിന് നർമ്മം കൂടാതെ കഴിയില്ല. ചന്ദ്രികയിൽ അദ്ദേഹത്തോടൊപ്പം പ്രവർ ത്തിച്ച കാലം ഞങ്ങൾക്കെല്ലാം അദ്ദേഹത്തിന്റെ നർമ്മത്തിൽ കലർന്ന കാലം കൂ ടിയായിരുന്നു.

ഈ പുസ്തകത്തിൽ സി.എഛരിനെപ്പറ്റി പറയുന്നിടത്ത് ചന്ദ്രിക യുടെ അടുത്തുള്ള ചന്ദ്രാ ഹോട്ടൽ പരാമർശിക്കുന്നുണ്ട്. അതു വായിച്ചപ്പോഴേ എനിക്ക് ഉള്ളിൽ ചിരിവന്നു. ഞങ്ങൾ സബ് എഡിറ്റർമാരെയക്കെ പണി ഏല്പ ിച്ച് ചന്ദ്രയിലേക്ക് ചായ കുടിക്കാൻ പോകുന്ന ഒരു പതിവുണ്ടായിരുന്നു ടി.സി.ക്ക്. ആ പോക്കും വരവുമെല്ലാം ഞങ്ങൾക്ക് തമാശയായിരുന്നു. പൊയ്പ്പോയ ഒരു മധുരകാലത്തിന്റെ ഓർമ്മകളിൽ ഞാനും അതെല്ലാം സൂക്ഷിച്ചു വെച്ചിരിക്കുന്നു. ആ മധുരാനുഭവങ്ങളോടൊപ്പം പി.ഏ റഷീദും കടന്നു വരുന്നു. അദ്ദേഹവുമായി ട്ടായിരുന്നു ഈ സ്വകാര്യ സന്തോഷങ്ങളും ഫലിതങ്ങളും ഞാൻ ഷെയർ ചെയ്യാ റുണ്ടായിരുന്നത്.

വ്യക്തികളെ സംഭവങ്ങളെ സംബന്ധിച്ച വിവരണങ്ങൾക്കിടയിൽ ഗ്രന്ഥകാരന്റെ നിലപാടുകളും വീക്ഷണങ്ങളും കടന്നുവരുന്നതും പുസ്തകത്തിന് മുതൽകൂട്ടാണ്. അതായത്, കേവലം വിവരണം നടത്തുകയല്ല അദ്ദേഹത്തിന്റെ രീതി. പ്രവണതക ളെയും പ്രതിഭാസങ്ങളെയും നിശിതമായ നിരൂപണത്തിന് പലപ്പോഴും അദ്ദേഹം വിധേയമാക്കുന്നുണ്ട്. വിശേഷിച്ചും രാഷ്ട്രീയ നിരീക്ഷണത്തിൽ അദ്ദേഹത്തിന് ക ൃത്യമായ നിലപാടുകളുണ്ട്.

എഴുത്തുകൊണ്ടും പ്രസംഗം കൊണ്ടും മാത്രമല്ല, പ്രത്യക്ഷമായ രാഷ്ട്രീയ പ്രവർത്തനംകൊണ്ടും തന്നെ ആദ്യകാലം മുതലേ മുസ്ലിം ലീഗിന്റെ കർമ്മ രംഗ ത്ത് പ്രവേശിച്ച പാരമ്പര്യമാണ് ടി.സി. മുഹമ്മദിനുള്ളത്. 1967 ൽ കൂത്തുപറമ്പിൽ നടന്ന താലൂക്ക് മുസ്ലിം ലീഗ് സമ്മേളന സംഘാടക സമിതിയുടെ ജോയിന്റ് സെ ക്രട്ടറിയായിരുന്നു അദ്ദേഹം. ഇബ്റാഹീം സുലൈമാൻ സേട്ട് സാഹിബിന്റെ പ്രസം ഗം കേൾക്കാൻ തലശ്ശേരി ചാലിൽ പ്രദേശത്ത് കടൽക്കരയിലെ പൂഴിമണലിൽ ഇരു ന്ന ചെറുപ്പക്കാരൻ പിൽക്കാലത്ത് അദ്ദേഹത്തിന്റെ പരിഭാഷകനായി മുസ്ലിം ലീഗ് സമ്മേളനങ്ങളിൽ പ്രവർത്തക സഹസ്രങ്ങളെ ആവേശഭരിതരാക്കി. പക്ഷെ അതി നു മുമ്പ് അസാധാരണമായ ഒരു ബഹുമതി അദ്ദേഹം ആർജ്ജിച്ചിരുന്നു. ഖാഇദേ മില്ലത്ത് മുഹമ്മദ് ഇസ്മാ ഈൽ സാഹിബിന്റെ പ്രസംഗ പരിഭാഷകനാവുക എന്ന തായിരുന്നു അത്. യു.ഏ. ബീരാൻ സാഹിബിനെപ്പോലെയുള്ള അപൂർവ്വം പേർക്ക്

mappilaheritagelibrary.com

മാത്രം കൈവന്ന ഭാഗ്യം.

ഫാറൂഖ് കോളേജിലെ വിദ്യാർത്ഥി ജീവിതകാലം പരാമർശിക്കവെ, കോളേജ് ആദ്യമായിക്കണ്ട സന്ദർഭം വിവരിക്കുന്നൊരു ഭാഗമുണ്ട് പുസ്തകത്തിൽ. മനോഹരമായ ആ വിവരണം തീർത്തും കൃത്യവും യഥാതഥവും ആണെന്നതോടൊപ്പം അവിടെ പഠിച്ച ആരിലും ഗൃഹാതുരത്വത്തിന്റെ വികാരങ്ങൾ പടർത്താൻ പര്യാപ്തം കൂടിയാണ്. കൂട്ടത്തിൽ കോളേജിലെ മഹാരഥന്മാരായ മഹാമനീഷികളായിരുന്ന പ്രൊഫ. കെ.എ. ജലീലിൽ സാഹിബിനെയും പ്രൊഫ. വി. മുഹമ്മദ് സാഹിബിനെയും പ്രൊഫ. ടി. അബ്ദുല്ലാസാഹിബിനെയും അദ്ദേഹം പരാമർശിക്കാതെ വിട്ടുകളയുന്നില്ല.

ചരിത്രവിജ്ഞാനത്തെ പലരും അവഗണിക്കുന്ന ഇക്കാലത്ത് അതിന്റെ പ്രസക്തിയും അനിവാര്യതയും അനുസ്മരിപ്പിക്കുകയാണ് ടി.സി.യുടെ ഈ പുസ്തകം. ഇന്നലെകളെ മറക്കുന്നവർ ആരായാലും അവർക്കുള്ള ശക്തമായ ഉണർത്തൽ കൂടിയാണിത്. വിശേഷിച്ചും പാർട്ടിയുടെ ഗതകാലത്തെ വിസ്മരിക്കുന്ന അത്യാപൽക്കരമായ ദുരന്തമധ്യേ സ്വർണ്ണ നിറമുള്ള പോക്കുവെയിൽപ്പോലെ ടി.സി.യുടെ സ്മരണകൾ വായനക്കാരുടെ മനസ്സുകളിൽ പ്രകാശം ചൊരിഞ്ഞു നിൽക്കും.

നിർത്താതെ വായിക്കാൻ പ്രേരിപ്പിക്കുന്ന മനോഹരമായ ആഖ്യാനശൈലി പുസ്തകത്തെ ആനന്ദകരമായ ഒരനുഭവമാക്കിത്തീർക്കുന്നു. ഋജുവായ ഭാഷ അതിനെ കൂടുതൽ കമനീയമായക്കുന്നു. ഇത്രയേറെ ഭംഗിയായി എഴുതാൻ കഴിയുന്ന ടി.സി എന്തേ ഇത്ര കുറച്ച് എഴുതിയത് എന്ന് ഖേദത്തോടെയും ഇനിയുള്ള കാലം കൂടുതൽ എഴുതട്ടെ എന്ന പ്രത്യാശയോടെയും ഈ പുസ്തകം ഇനി വായനക്കാർക്ക് സമർപ്പിക്കുന്നു.

ഗ്രെയ്സ് ബുക്സാണ് അദ്ദേഹത്തിന്റെ ഈ മികവുറ്റ കൃതി പ്രസിദ്ധീകരിക്കുന്നത് എന്നതിൽ വലിയ ചേർച്ചയുണ്ട്. ഗ്രന്ഥകാരനും ഗ്രെയ്സിനും കൂടുതൽ യശസ് കൊണ്ടുവരാനിരിക്കുന്ന പുസ്തകമാണിത്.

mappilaheritagelibrary.com

ഉള്ളടക്കം

1. രാജാജിയുടെ ഉറ്റതോഴൻ 15
2. കോരിത്തരിപ്പിച്ച പ്രസംഗം 22
3. ഫാറൂഖ് കോളേജിൽ 23
4. ചന്ദ്രികയിൽ 26
5. ഷേർ എ കേരള 32
6. കണ്ണൂരിൽ 39
7. മുസ്‌ലിംലീഗ് പിളർപ്പ് 43
8. ഐക്യം വീണ്ടും അകലെ 48
9. തെരഞ്ഞെടുപ്പ് ജയം അസാധുവാക്കിയ പുളിക്കൽ പ്രസംഗം. 51
10. സ്പീക്കേഴ്സ് ഫോറം 54
11. എം.ഇ.എസ് ഹോസ്റ്റലിലെ 102 ാം നമ്പർമുറി 58
12. മലപ്പുറം വെടിവെപ്പ് 61
13. സ്കൂപ് വാർത്ത 64
14. ഓർമ്മകളിലെ ചന്ദ്രിക 67
15. ബ്രിട്ടീഷ് കലക്ടറെ രോഷം കൊള്ളിച്ച പത്രാധിപർ 70
16. മെഹബൂബെ മില്ലത്ത് സേട്ടുസാഹിബ് 75
17. തലശ്ശേരി സുൽത്താൽ 79
18. കഥകൾക്കപ്പുറത്തെ സീതിഹാജി 84
19. പണ്ഡിതനായ മുഖ്യപത്രാധിപർ 89

mappilaheritagelibrary.com

mappilaheritagelibrary.com

രാജാജിയുടെ ഉറ്റ തോഴൻ

കൂത്തുപറമ്പ് ഗവൺമെന്റ് മാപ്പിള സ്കൂളിന്റെ തൊട്ടടുത്തായിരുന്നു മുമ്പ് കൂത്തുപറമ്പ് പോസ്റ്റ് ഓഫീസ്. സ്കൂളിന്റെ മുമ്പിലെ റോഡിലൂടെ ഒറ്റമുണ്ടുടുത്ത് ഷർട്ടിന് മേൽ ഓവർകോട്ടിട്ട മാപ്പിളത്തൊപ്പി ധരിച്ച ഒരു കൃശഗാത്രൻ ആഴ്ചയിൽ രണ്ടോ മൂന്നോ തവണ നടന്നു പോകുകയും പോസ്റ്റാഫീസിനകത്ത് കയറിയിരിക്കുകയും ചെയ്യുമായിരുന്നു. ഇത് ഞങ്ങൾ വിദ്യാർത്ഥികളിൽ കൗതുകവും അതിശയവുമുണ്ടാക്കി. പോസ്റ്റാഫീസിനകത്ത് കയറിയിരിക്കാൻ മാത്രം അധികാരമുള്ള കോട്ടിട്ട മാപ്പിളത്തൊപ്പി ധരിച്ച ആൾ ആരാണെന്ന് ഞങ്ങൾ സന്ദേഹിച്ചു. കോട്ടാൽ ഉപ്പി സാഹിബെന്ന് ക്രമേണ ഉത്തരം ലഭിച്ചു. അദ്ദേഹം എക്സ് എം.എൽ.എ ആണ്. എക്സ്.എം. എൽ.സി. ആണ്. സെൻട്രൽ അസംബ്ലിയിൽ മെമ്പറായിരുന്നു. എന്നൊക്കെ വിശദീകരണം ലഭിച്ചപ്പോൾ അത് മുഴുവനും മനസ്സിലാക്കാൻ ആ കൊച്ചുന്നാളിൽ കഴിഞ്ഞില്ല. എങ്കിലും കോട്ടാൽ എന്ന് കേട്ടപ്പോൾ അത് വലിയ ജന്മിത്തറവാടാണ്, പാലാപറമ്പ് ബംഗ്ലാവുമായി ബന്ധമുള്ളവരാണ് എന്ന നിലയ്ക്ക് അതിന്റെ മഹത്വം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു.

കൂത്തുപറമ്പ് പട്ടണത്തിൽ അക്കാലത്ത് ആകെ അഞ്ചാറ് കാറുകളേ ഉള്ളൂ. കൂത്തുപറമ്പ് ബാറിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്ന വി.ആർ. കൃഷ്ണയ്യരുടെയും ആസ്പത്രി ഡോക്ടറുടെയും വേറെ ഒരു കാറും രണ്ട് മൂന്ന് ടാക്സി കാറുകളും മാത്രം. എന്നാൽ എ.കെ. കുഞ്ഞിമായിൻ ഹാജി അനേകം കാറുകളുടെ അകമ്പടിയോടു കൂടിയാണ് യാത്ര ചെയ്തിരുന്നത്. മുന്നിലെ കാർ മാർഗ്ഗതടസ്സം എന്തെങ്കിലും ഉണ്ടോ എന്നറിയാൻ, മദ്ധ്യത്തിലെ വിശാലമായ ലൈലന്റ് കാറിൽ ഹാജി സാഹിബ്, ആ കാറിന് വല്ല അപകടവും സംഭവിച്ചാൽ അദ്ദേഹത്തിന്റെ തുടർ യാത്രയക്കും അകമ്പടിയായും പിറകെയുള്ള കാറുകളും. കുഞ്ഞിമായൻ ഹാജിയുടെ സഹോദരിയെ വിവാഹം ചെയ്തയാളാണ് ഉപ്പി സാഹിബ്. അങ്ങനെയൊക്കെയുള്ള മഹത്വം മനസ്സിലാക്കാനേ ഞങ്ങൾക്ക് അന്നു സാധിച്ചിരുന്നുള്ളൂ. കുഞ്ഞിമായൻ ഹാജിയേക്കാൾ ഉന്നതനാണ് ഉപ്പി സാഹിബെന്നും ഉപ്പി സാഹിബിന്റെ ഖ്യാതി മദിരാശി സംസ്ഥാനത്താകെ

mappilaheritagelibrary.com

വ്യാപിച്ചിട്ടുള്ളതാണെന്നും ആ ശബ്ദം ഇന്ത്യയുടെ സെൻട്രൽ അസംബ്ലിയിൽ മുഴങ്ങിയിരുന്നെന്നും പിൽകാലത്താണ് മനസ്സിലാകുന്നത്. സെൻട്രൽ അസംബ്ലിയിൽ ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ പിതാവ് മോത്തിലാൽ നെഹ്റുവിനൊപ്പമാണ് ഉപ്പി സാഹിബ് അംഗമായിരുന്നത്. ബ്രിട്ടീഷ് ഭരണ കാലത്ത് ഇന്ത്യയിൽ പാർലമെന്റ് ഉണ്ടായിരുന്നില്ല. തൽസ്ഥാനത്തുള്ളതാണ് സെൻട്രൽ അസംബ്ലി. മദിരാശി നിയമസഭയിൽ അംഗമായിരിക്കെ കുടിയാന്മാർക്ക് വേണ്ടി ശക്തിയുക്തം വാദിച്ചപ്പോൾ അന്ന് ഗവർണ്ണറായിരുന്ന ബ്രിട്ടീഷുകാരൻ സർ ആർച്ച്ബാൾഡ് നേ ചോദിച്ചു. മിസ്റ്റർ ഉപ്പി അങ്ങ് ജന്മി തറവാട്ടിൽ നിന്ന് വരുന്ന ആളല്ലേ, എന്തിന് ഇങ്ങനെ കുടിയാന്മാർക്ക് വേണ്ടി വാദിക്കുന്നു ? ഉടൻ ഉപ്പി സാഹിബിന്റെ മറുപടി: that is not my constituency sir (അത് എന്റെ നിയോജക മണ്ഡലമല്ല സാർ).

വർണ്ണശഭളിമയാർന്നതാണ് കോട്ടാൽ ഉപ്പിയുടെ ജീവിത ചരിത്രം. പഴയ കോട്ടയം താലൂക്കിലെ കോട്ടയത്ത് (കൂത്തുപറമ്പിൽ നിന്ന് 3 കി. മീ. അകലെ) കോട്ടാൽ തറവാട്ടിൽ 1891-ൽ ജനനം. മാതാപിതാക്കളുടെ ഏക സന്താനം. തെക്ക് എലത്തൂർ മുതൽ വടക്ക് പയ്യന്നൂരിലെ കുഞ്ഞിമംഗലം വരെയും കിഴക്ക് കീഴ്പള്ളി വരെയും സ്വത്തുക്കളുടെ അധിപന്മാരായിരുന്നു കോട്ടാൽ തറവാട്ടുകാർ. 1854- ലെ ഒരു രേഖ അനുസരിച്ച് കുടക് അതിർത്തിയിലുള്ള 700 ഏക്കർ വിസ്താരമുള്ള മലയോരം ആകെ കോട്ടാൽ തറവാടിന്റെതായിരുന്നു. ഇത്രയും പ്രതാപമുള്ള തറവാട്ടിൽ ജനിച്ച ഉപ്പി മദിരാശി മുഹമ്മദൻസ് കോളേജിൽ പഠിക്കാൻ പോയത് സ്വാഭാവികം മാത്രം. കോളേജിൽ ആദ്യം പ്രവേശനം നേടിയ വിദ്യാർത്ഥിയായിരുന്നു ഉപ്പി. മഹാത്മാഗാന്ധിയുടെ നിസ്സഹകരണ ആഹ്വാനത്തെ തുടർന്ന് പഠിപ്പ് മുടക്കി ആദ്യമായി കോളേജ് വിട്ടിറങ്ങിയതും ഇദ്ദേഹം തന്നെ. കോൺഗ്രസ്സിലും സ്വരാജ് പാർട്ടിയിലും ഉപ്പി സാഹിബ് ആകൃഷ്ടനായി.1923-ലും 26- ലും 46-ലും മദിരാശി ലജിസ്ലേറ്റീവ് കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1930-ൽ സെൻട്രൽ അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സെൻട്രൽ അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെടുമ്പോൾ സ്വരാജ് പാർട്ടി പ്രതിനിധിയായിരുന്നു. അക്കാലമുള്ള ആത്മബന്ധമാണ് രാജാജിയുമായി ഉപ്പി സാഹിബിനുണ്ടായിരുന്നത്. 1952-ലാണ് ഉപ്പി സാഹിബ് അവസാനമായി മദിരാശി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. തിരൂർ മണ്ഡലത്തിൽ നിന്നായിരുന്നു ഈ തിരഞ്ഞെടുപ്പ്. താനൂർ കൂടി ഈ മണ്ഡലത്തിൽ ഉൾപ്പെട്ടിരുന്നു. 1956-ൽ കേരള സംസ്ഥാനം രൂപീകരിക്കുകയും 57-ൽ താനൂരിൽ നിന്ന് സി.എച്ച്. മുഹമ്മദ് കോയ കേരളനിയമ സഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഉപ്പി സാഹിബിന്റെ പിൻഗാമിയായാണ് സി.എച്ച് എംഎൽഎ ആയതെന്ന് പറയപ്പെടുന്നത് ഇത് കൊണ്ടാണ്.

1952-ൽ മദിരാശി നിയമസഭയിൽ അംഗങ്ങളായ മുസ്ലിം ലീഗുകാർ കെ.എം. സീതി സാഹിബ്, ഉപ്പി സാഹിബ്, കെ.കെ. മുഹമ്മദ് ശാഫി സാഹിബ് (ചന്ദ്രിക പത്രാധിപർ) ചാക്കീരി അഹമ്മദ് കുട്ടി, എം. ചടയൻ എന്നിവർ. ഇവരുടെ നേതാവായി തിരഞ്ഞെടുക്കപ്പെട്ടത് ഉപ്പി സാഹിബ്. തിരഞ്ഞെടുപ്പിന് മുൻപ് ചൂടേറിയ വാഗ്വാദം നടന്നു. ഉപ്പി സാഹിബ് പാർട്ടി നേതാവാകണമെന്ന് സീതി സാഹിബും സീതി സാഹിബ് നേതാവാകണമെന്ന് ഉപ്പി സാഹിബും ശക്തമായി വാദിച്ചു. ഒടുവിൽ സീതി സാഹിബിന്റെ വാദം

mappilaheritagelibrary.com

സ്വീകരിച്ചു ഉപ്പി സാഹിബിനെ തെരഞ്ഞെടുക്കുകയായിരുന്നു.

1952- ലെ തെരഞ്ഞെടുപ്പിൽ മദിരാശി നിയമസഭയിൽ കോൺഗ്രസിന് കേവല ഭൂരിപക്ഷമില്ലായിരുന്നു. ഉപ്പി സാഹിബിന്റെ നേതൃത്വത്തിലുള്ള മുസ്ലിം ലീഗ് പാർട്ടി പിന്തുണ നൽകിയാണ് ഭരണം നില നിർത്തിയത്. മുസ്ലിം ലീഗിന് മന്ത്രിസ്ഥാനം നൽകാൻ കോൺഗ്രസ് താൽപ്പര്യപ്പെട്ടിരുന്നെങ്കിലും ലീഗ് അത് സ്വീകരിക്കാൻ ഇഷ്ടപ്പെട്ടില്ല.

മുസ്ലിം ലീഗ് പാർട്ടി രൂപീകരണത്തിന് മുൻപ് തലശ്ശേരി കേന്ദ്രമായി പ്രവർത്തിച്ച അബ്ദുസത്താർ സേട്ടു സാഹിബടക്കമുള്ളവർ മുസ്ലിം മജ്ലിസിലാണ് ആദ്യം പ്രവർത്തിച്ചത്. ഉപ്പി സാഹിബ് മുസ്ലിം മജ്ലിസ് രൂപീകരണത്തിന് മുന്നിട്ടിറങ്ങുകയും അതിന്റെ സ്ഥാപക സെക്രട്ടറി ആവുകയും ചെയ്തു. സേട്ടു സാഹിബ് അടക്കമുള്ളവർ പിന്നീട് മുസ്ലിം ലീഗുകാരായപ്പോൾ ഉപ്പി സാഹിബും മുസ്ലിം ലീഗുകാരനായി. മദിരാശി സംസ്ഥാന മുസ്ലിം ലീഗ് അംഗമായിട്ടായിരുന്നു ആദ്യം പ്രവർത്തിച്ചത്. സത്താർ സേട്ടു മലബാർ ജില്ലാ ലീഗ് പ്രസിഡണ്ടായിരുന്നപ്പോൾ ഉപ്പി സാഹിബ് വൈസ് പ്രസിഡണ്ട്. പിൽക്കാലത്ത് സ്വന്തം പ്രദേശത്തെ രാഷ്ട്രീയത്തിൽ ഒതുങ്ങിക്കൂടാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. അക്കാലത്ത് തലശ്ശേരി താലൂക്ക് ലീഗ് പ്രസിഡണ്ടും ആരോഗ്യം ക്ഷയിച്ചപ്പോൾ വൈസ് പ്രസിഡണ്ടുമായി. ഇടയ്ക്ക് ബന്ധുവായ കുഞ്ഞിമായൻ ഹാജിയുടെ ലോകോത്തര കമ്പനിയായ ആയിഷ ഹോസിയറി ഫാക്ടറി കമ്പനി മാനേജർ പദവിയിലിരുന്നു. ഈ കാലയളവിൽ തന്നെ കൃഷിയിലും ശ്രദ്ധിച്ചു. മമ്പറം കീഴത്തൂർ വില്ലേജിലെ എള്ളോടം എന്ന സ്ഥലത്ത് പുഴക്കരയിൽ ഏക്കർ കണക്കിന് സ്ഥലത്ത് തെങ്ങിൻ തോട്ടം വിളയിച്ചെടുത്തു. മക്കൾക്ക് ഇതാണ് ജീവസന്ധാരണ മാർഗ്ഗമായത്. ജന്മിത്തവും ഭൂസ്വത്തിന്റെ അവകാശവുമൊക്കെ ഇതിനകം നഷ്ടപ്രതാപം മാത്രമായി കഴിഞ്ഞിരുന്നു. എം.എൽ.എ പെൻഷൻ പോലും ലഭിച്ചിരുന്നില്ല.

സി.എച്ചിന് ഉപ്പി സാഹിബിനോടുള്ള സ്നേഹവും ആദരവും സീമാതീതമായിരുന്നു. 1967ൽ സി.എച്ച്. മന്ത്രിയായ ഉടനെ ഉപ്പി സാഹിബിനെ കാണാൻ പാലാപറമ്പിൽ എത്തി. അവിടെ ബംഗ്ലാവിൽ രോഗബാധിതനായി കിടക്കുകയായിരുന്നു ഉപ്പി സാഹിബ് അപ്പോൾ. മന്ത്രി പാലാപറമ്പിലേക്ക് പോകുമ്പോൾ കൂത്തുപറമ്പ് മുസ്ലിം ലീഗ് ഓഫീസിനു ചുവടെയിറങ്ങി ലീഗ് പ്രവർത്തകർ ഇദ്ദേഹത്തെ ഹാരമണിയിക്കണമെന്ന് ജില്ലാ മുസ്ലിം ലീഗ് സെക്രട്ടറി സി.കെ.പി. ചെറിയമമ്മു കോയി ഞങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഹാരവുമായി കാത്തു നിന്നെങ്കിലും മന്ത്രിയുടെ കാർ നിർത്താതെ അതിശീഘ്രം ഓടിച്ചു പോയി. ഇത് ലീഗ് പ്രവർത്തകർക്ക് മഹാ ക്ഷീണമായി. അടുത്ത ദിവസം ഒരു പ്രമുഖ ദിനപത്രത്തിൽ ഇത് പെട്ടിക്കോളം വാർത്തയായി വരികയും ചെയ്തപ്പോൾ പ്രവർത്തകരുടെ പ്രയാസം ഇരട്ടിയായി. കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് കൊണ്ടാണ് ഇത് സംഭവിച്ചതെന്നും ഇതിന് പരിഹാരമായി കൂത്തുപറമ്പിൽ മുസ്ലിം ലീഗ് താലൂക്ക് സമ്മേളനം വെച്ച് സി.എച്ച് ഉൾപ്പെടെ മുഴുവൻ നേതാക്കളെയും കൂത്തുപറമ്പിൽ എത്തിക്കാമെന്നും കേയി സാഹിബ് ഉറപ്പ് തന്നു. അതനുസരിച്ച് കൂത്തുപറമ്പ് മൈതാനിയിൽ ഗംഭീരമായ താലൂക്ക് സമ്മേളനം നടന്നു. സമ്മേളന പരിപാടിയുടെ ജനറൽ സെക്രട്ടറി എൻ.എ. മമ്മു ഹാജിയും (എൻ.എ.എം. പെരിങ്ങത്തൂർ) ജോയിന്റ് സെക്രട്ടറി ഈ ലേഖകനുമായിരുന്നു. ഇതിനകം ഉപ്പി സാഹിബ് രോഗശമനം പ്രാപിച്ച്

mappilaheritagelibrary.com

സ്റ്റേജിൽ എത്തിയിരുന്നു. പ്രമുഖ പ്രസംഗകരിൽ ഒരാൾ പ്രസംഗത്തിനിടയ്ക്ക് മുസ്‌ലിം ലീഗ് കെട്ടിപ്പടുത്ത മൺമറഞ്ഞു പോയ നേതാക്കളെ അനുസ്മരിക്കുന്ന കൂട്ടത്തിൽ ഉപ്പി സാഹിബിന്റെ പേരും പറഞ്ഞു, and the late Uppi Sahib (മർഹൂം ഉപ്പി സാഹിബ്) പ്രസംഗം ഇംഗ്ലീഷിലായത് കൊണ്ട് അധികമാളുകളും ഈ അബദ്ധം മനസ്സിലാക്കാത്തത് ആശ്വാസകരമായി. രംഗത്ത് നിന്ന് വിട്ടു നിൽക്കുമ്പോൾ ഏത് വമ്പനും വിസ്മൃതനാകും എന്നായിരിക്കാം ഈ സംഭവം നൽകുന്ന സൂചന.

സി.എച്ചിനെ പോലുള്ള മഹാരഥന്മാർ ഏത് അവസ്ഥയിലും പഴയകാല നേതാക്കളെ എവിടെ ഇരുന്നാലും കണ്ടെത്തുകയും ബഹുമാനിക്കുകയും ചെയ്യുമായിരുന്നു. തലശ്ശേരിയിലെ ഒരു യോഗത്തിൽ സദസ്യർക്കിടയിലിരിക്കുകയായിരുന്ന ഉപ്പി സാഹിബിനെ സി.എച്ച്. പെട്ടെന്ന് കണ്ടെത്തി. സി.എച്ച്. സ്റ്റേജിൽ കയറിയതോടെ ആവേശം ഉച്ചസ്ഥായിയിലെത്തി. ജനം ജയാരവം മുഴക്കവേ അദ്ദേഹം സ്റ്റേജിൽ നിന്നിറങ്ങി താഴോട്ട് വന്നത് സദസ്സിനെ അമ്പരപ്പിച്ചു. ഉപ്പി സാഹിബിനടുത്തെത്തി ബഹുമാനപുരസ്സരം ഉപചാരപദങ്ങൾ പറഞ്ഞ് സ്റ്റേജിലേക്ക് കൊണ്ടുപോയപ്പോഴാണ് മഹാന്മാർക്കും മഹാനായ നേതാവ് സദസ്സിലിരിക്കുകയായിരുന്നെന്ന് ജനം അറിഞ്ഞത്.

ഉപ്പി സാഹിബിന്റെ ജന്മഗേഹം കോട്ടാലിലായിരുന്നെങ്കിലും വിവാഹശേഷം അധികം കഴിഞ്ഞിരുന്നത് ഉളിയിൽ പുന്നാട്ടായിരുന്നു, എ.കെ. കുഞ്ഞിമായൻ ഹാജിയുടെ തറവാട്ടിൽ. അത് എ.കെ. കാദർ കുട്ടി സാഹിബിന്റെയും തറവാടായിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ എ.കെ. കുഞ്ഞിമായൻ ഹാജിയുടെയും എ.കെ. കാദർ കുട്ടി സാഹിബിന്റെയും തറവാട് കോട്ടാൽ തന്നെ. കുഞ്ഞിമായൻ ഹാജിയുടെ ഉമ്മയെ കോട്ടാലിൽ നിന്ന് പുന്നാട്ടേക്ക് വിവാഹം ചെയ്ത് കൊണ്ടുവന്നതായിരുന്നു.

രാഷ്ട്രീയത്തിലെ ഉന്നതരായ മൂന്ന് നേതാക്കളെയാണ് കോട്ടാൽ തറവാട് സംഭാവന ചെയ്തത്. ഉപ്പി സാഹിബും എ.കെ. കാദർ കുട്ടി സാഹിബും ബാരിസ്റ്റർ കെ.കെ. പോക്കർ സാഹിബും. എ.കെ. കാദർ കുട്ടി സാഹിബ് മുസ്‌ലിം ലീഗ് എം.എൽ.എ ആയിരുന്നു എന്ന കാര്യം പുതിയ തലമുറയ്ക്ക് അജ്ഞാതമായിരിക്കാം. ഈ കാര്യം ഈ ലേഖകനും അജ്ഞാതമായിരുന്നു. 1967 ലെ തിരഞ്ഞെടുപ്പിൽ മുഹമ്മദ് റസാഖാൻ (മദിരാശി) സാഹിബിന്റെ പ്രസംഗം ഞാൻ പരിഭാഷപ്പെടുത്തിയിരുന്നു. അദ്ദേഹം What Price Freedom എന്ന ഗ്രന്ഥം എഴുതാൻ വസ്തുതകൾ ശേഖരിക്കാൻ കേരളത്തിൽ വന്നപ്പോൾ തലശ്ശേരിയിൽ വെച്ച് കാണാനിടയായി. എ.കെ. കാദർ കുട്ടി സാഹിബിനെ കാണണം എന്ന് പറഞ്ഞപ്പോൾ ഞാൻ ഞെട്ടി. മുസ്‌ലിം ലീഗുമായി ഒരു ബന്ധവുമില്ലാത്ത വ്യവസായ പ്രമുഖനായാണ് കാദർ കുട്ടി സാഹിബിനെ മനസ്സിലാക്കിയിരുന്നത്. അന്ന് മൊബൈൽ ഫോണൊന്നും നിലവിലില്ല. ഒരു കടയിൽ കയറി കാദർ കുട്ടി സാഹിബിനെ റസാഖാൻ ഫോൺ ചെയ്തപ്പോൾ അപ്പുറത്ത് നിന്നുള്ള മറുപടി വളരെ ഊഷ്മളമായിരുന്നു. ഉടൻ കാർ അയക്കാം, അവിടെ തന്നെ നിൽക്കൂ. എന്ന് കാദർ കുട്ടി സാഹിബ് പറഞ്ഞു. ഇവർ മദിരാശി നിയമസഭയിൽ ഒന്നിച്ചായിരുന്നു എം. എൽ. എ മാരായിരുന്നതെന്ന് അപ്പോഴാണ് മനസ്സിലാക്കിയത്.

മുസ്‌ലിം ലീഗ് പിളർപ്പ് പരിഹരിക്കാൻ കാദർ കുട്ടി സാഹിബ് പിന്നീട് രംഗത്ത് വരികയുണ്ടായല്ലോ. അദ്ദേഹത്തിന്റെ മുസ്‌ലിം ലീഗ് പ്രേമം ആറിത്തണുത്തില്ലെന്ന് ഈ

mappilaheritagelibrary.com

സംഭവം തെളിയിച്ചു.

കോട്ടാൽ തറവാട്ടിലെ മറ്റൊരു ഉന്നത രാഷ്ട്രീയക്കാരൻ ബാരിസ്റ്റർ കെ.കെ. പോക്കറായിരുന്നു. മദിരാശി ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുകയായിരുന്ന അദ്ദേഹമാണ് 1952ലെ തെരഞ്ഞെടുപ്പിൽ കൂത്തുപറമ്പിലെ സ്ഥാനാർത്ഥിയായി മത്സരിച്ചത്.

'താറിട്ട റോഡ്, നുകം വെച്ച കാള, കെ.കെ. പോക്കർ വലീ വലീ' എന്ന പാട്ട് അന്ന് ഏത് കുട്ടിയുടെ ചുണ്ടിലും ഹിറ്റായിരുന്നു. നുകം വെച്ച കാളയായിരുന്നു കോൺഗ്രസ് ചിന്ഹം.

'ബ്രിട്ടീഷ് അമേരിക്ക പോറ്റുന്ന കാള, നെഹ്റുനെ തന്നെയും കുത്തീടും കാള' എന്നൊക്കെയുള്ള വരികൾ ആ തെരഞ്ഞെടുപ്പിൽ നന്നായി ഏശി. കൂത്തുപറമ്പ് ബാറിൽ പ്രാകടീസ് ചെയ്യുകയായിരുന്ന വി. ആർ. കൃഷ്ണയ്യരോട് മദ്രാസ് ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുകയായിരുന്ന പ്രഗത്ഭ അഭിഭാഷകൻ കെ.കെ. പോക്കർ തോറ്റുപോയി. കോട്ടാൽ തറവാടിന്റെ തോൽവി കൂടിയായിരുന്നു അത്. പക്ഷെ അതിലൊരു വിരോധാഭാസം എ.കെ. കുഞ്ഞി മായൻ ഹാജി അളിയൻ പോക്കർ സാഹിബിന് എതിരും വി. ആർ. കൃഷ്ണയ്യർക്ക് അനുകൂലവുമായിരുന്നുവെന്നതാണ്. ഹാജിയുടെ സ്ഥിരം വക്കീലായിരുന്നു വി. ആർ. കൃഷ്ണയ്യർ.

ഉന്നത രാഷ്ട്രീയത്തിൽ നിന്ന് വിട്ടു നിന്ന കാലത്തും ഉപ്പി സാഹിബ് പ്രാദേശികമായി സാംസ്കാരിക പരിപാടികളിലും മറ്റും പങ്കെടുക്കുമായിരുന്നു. കൂത്തുപറമ്പ് ഹിദായത്തുദ്ദീൻ മദ്രസ ഉദ്ഘാടന വേളയിൽ യാദൃച്ഛികമായെത്തി. നല്ലൊരു പ്രസംഗം കാഴ്ച വെച്ചു. അദ്ദേഹത്തിന്റെ ഏറ്റവും ഉജ്ജ്വലമായ പ്രസംഗം ഇംഗ്ലീഷിലായിരുന്നുവത്രെ. "പൊന്നിൻ പാത്രമായാലും സുഷിരമുണ്ടായാൽ വെള്ളം ചോർന്നു പോകും, ഉന്നത സമുദായമായാലും മൂല്യ ശോഷണമുണ്ടായാൽ നാശമുണ്ടാകും." എന്ന് സമർത്ഥിച്ച് കൊണ്ടുള്ള പ്രസംഗം പത്രത്തിൽ വലിയ തലക്കെട്ടായി വന്നു. യു. പി സ്കൂൾ വിദ്യാർത്ഥിയായ എനിക്കും അതിൽ പ്രസംഗിക്കാൻ ഇടം കിട്ടിയത് കൊണ്ട് എന്റെ പേരും അച്ചടിച്ചു വന്നത് അഭിമാനപൂർവ്വം ഓർക്കുന്നു.

ചന്ദ്രിക പത്രാധിപ സമിതിയിൽ ഇന്റർവ്യൂ കഴിഞ്ഞിട്ടും എന്നെ എടുക്കാൻ താമസിച്ച പ്പോൾ എന്നെക്കാൾ തിടുക്കം എന്റെ മുസ്ലിം ലീഗ് പ്രാദേശിക നേതാക്കൾക്കായിരുന്നു. അവരെന്നെയും കൂട്ടി ഉപ്പി സാഹിബിന്റെ അടുത്തേക്ക് പോയി. ബാഫഖി തങ്ങൾക്ക് ശുപാർശ കത്ത് വാങ്ങിത്തന്നു. ശുഷ്കിച്ച കൈകൾ കൊണ്ടെഴുതിയ കത്തിലെ അക്ഷര വടിവ് കണ്ട് അത്ഭുതപ്പെട്ടു പോയി. വിറയൽ ബാധിച്ച ശരീരം കൊണ്ടെഴുതിയ കത്തിന് ഒരു വിറയലും കണ്ടില്ല.

പിന്നീടൊരിക്കൽ അദ്ദേഹത്തെ കുറിച്ച് ഒരു ലേഖനം തയ്യാറാക്കാമെന്ന ആഗ്രഹത്തോടെ കോട്ടാലിൽ ചെന്നു. കത്തുകളുടെ കൂമ്പാരം നോക്കിക്കൊള്ളാൻ അനുവാദം ലഭിച്ചു. അതിലേറെയും സി. രാജഗോപാലാചാരിയുടെ കത്തുകളായിരുന്നു. എങ്കിലും എനിക്ക് ലേഖനം തയ്യാറാക്കാൻ കഴിഞ്ഞില്ല. അക്കാലത്ത് ഒന്നോ രണ്ടോ ലേഖനം പ്രസിദ്ധം ചെയ്തിട്ടുണ്ടെന്നല്ലാതെ പത്രപ്രവർത്തനത്തിന്റെ പ്രാരംഭപാഠം പോലും പഠിച്ചിട്ടില്ലാത്ത ഞാൻ എങ്ങിനെ കത്തിൽ നിന്നും ലേഖനം ഉണ്ടാക്കും? പത്രപ്രവർത്തനരംഗത്ത് കുറച്ച് കൂടി പഠിച്ചിരുന്ന കാലത്താണെങ്കിൽ ഒന്ന് രണ്ട് ലേഖന

mappilaheritagelibrary.com

ങ്ങൾ അതിൽ നിന്ന് സൃഷ്ടിച്ചെടുക്കാൻ കഴിയുമെന്ന് പിൽക്കാലത്ത് ഓർത്തിട്ടുണ്ട്.

കോട്ടയത്ത് പഴയകാലത്ത് പൊന്നാനി കഴിഞ്ഞാൽ ഏറ്റവും വലുതെന്ന് വിശേഷിപ്പിക്കാവുന്ന പള്ളി ദർസുണ്ടായിരുന്നു. ദർസ് വിദ്യാർത്ഥികൾക്കൊക്കെ ഭക്ഷണം കോട്ടാൽ തറവാട്ടിൽ നിന്നും. താലൂക്ക് ഖാസിയുടെ ആസ്ഥാനം കോട്ടയമായിരുന്നു. ഇത് പോലെ പുന്നാട്ടെ വീട്ടിലും തറവാടിനോടനുബന്ധിച്ച് പള്ളിയും ദർസുമുണ്ടായിരുന്നു.

മുഹമ്മദ് റസാഖാൻ സാഹിബിനോടൊപ്പം ഞാൻ പുന്നാട്ടെ ഭവനത്തിലെത്തിയപ്പോൾ ആ വീട്ടിലെ ഒരു വയോവൃദ്ധൻ ഭംഗിയായി ഇംഗ്ലീഷ് സംസാരിക്കുന്നത് കേട്ട് അത്ഭുതപ്പെട്ടുപോയി.

ഉപ്പി സാഹിബിന് അഞ്ച് മക്കൾ, മൂന്നാണും രണ്ട് പെണ്ണും. മൂത്ത മകളെ എ.കെ. കുഞ്ഞിമായൻ ഹാജിയുടെ മൂത്ത പുത്രൻ എ.കെ. മമ്മു സാഹിബാണ് വിവാഹം ചെയ്തത്. ആദ്യ പ്രസവത്തോടെ അവർ മരിച്ചു. അതിൽ ഒരു പെൺകുട്ടിയുണ്ട്. രണ്ടാമത്തെ മകളെ കണ്ണൂരിലെ സാവാൻ വിവാഹം ചെയ്തു. മായൻ, മുഹമ്മദലി, ഇബ്രാഹിം കുട്ടി എന്നിവരാണ് ആൺ സന്തതികൾ. ഇതിൽ മുഹമ്മദലിയും ഇബ്രാഹിം കുട്ടിയും സജീവ മുസ്ലിം ലീഗുകാരും പ്രവർത്തകരുമായിരുന്നു. മുസ്ലിം ലീഗിൽ പിളർപ്പുണ്ടായപ്പോൾ മുഹമ്മദലി അഖിലേന്ത്യാ ലീഗ് പക്ഷത്തും ഇബ്രാഹിം കുട്ടി ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് പക്ഷത്തും നിലയുറപ്പിച്ചു. ഈ ലേഖകൻ കൂത്തുപറമ്പ് മണ്ഡലം മുസ്ലിം ലീഗ് ജനറൽ സെക്രട്ടറിയായപ്പോൾ ഇബ്രാഹിം കുട്ടി ജോയിന്റ് സെക്രട്ടറിയായിരുന്നു. ഉപ്പി സാഹിബിന്റെ മക്കളാരും ഇപ്പോൾ ജീവിച്ചിരിപ്പില്ല.

കൂത്തുപറമ്പ് മണ്ഡലം മുസ്ലിം ലീഗ് സമ്മേളനത്തോടനുബന്ധിച്ച് മൂന്ന് കൊല്ലം മുമ്പ് കോട്ടാൽ വീട്ടു മുറ്റത്ത് ഒരു സെമിനാർ നടത്തിയിരുന്നു. എം. സി വടകരയായിരുന്നു മുഖ്യ പ്രാസംഗികൻ. അന്ന് ഞങ്ങൾ ഉപ്പി സാഹിബിന്റെ മുറി അരിച്ചു പെറുക്കി. 1930- ൽ സെൻട്രൽ അസംബ്ലിയിൽ അദ്ദേഹം സുദീർഘമായി നടത്തിയ പ്രസംഗത്തിന്റെ കോപ്പി ഞങ്ങൾക്ക് കിട്ടി. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽ സി.എച്ച്. ചെയറിന്റെ ലൈബ്രറിയിലേക്ക് ഡയറക്ടർ പി.എ. റഷീദിനെ ഏൽപ്പിക്കാൻ വേണ്ടി എം.സി. ആ കോപ്പി കൊണ്ടു പോയി.

മുമ്പ് ഞാനും പിതാവും ഹജ്ജിന് പോകുമ്പോൾ യാത്രാ മംഗളം നേരുവാനായി ചീഫ് എഡിറ്റർ മങ്കട അബ്ദുൾ അസീസിന്റെ നേതൃത്വത്തിൽ ചന്ദ്രികയിൽ നിന്ന് ഒരു സംഘം വന്നിരുന്നു. അസീസ് മൗലവി മൂന്ന് സ്ഥലങ്ങൾ കാണണമെന്ന് അന്ന് പ്രത്യേകം ആവശ്യപ്പെട്ടു. കുഞ്ഞിമായൻ ഹാജിയുടെ പാലാപറമ്പ് ബംഗ്ലാവും കോട്ടാൽ തറവാടും പഴശ്ശിരാജാ കോട്ടയം തമ്പുരാന്റെ കോട്ടയത്തെ ഭവനവുമായിരുന്നു ആ മൂന്ന് സ്ഥലങ്ങൾ. മൂന്ന് സ്ഥലങ്ങളും കണ്ടാണ് ചിരിത്രകാരൻ കൂടിയായ അസീസ് മൗലവി തിരിച്ചു പോയത്. കോട്ടയം രാജാവിന്റെ ഭവനവും കോട്ടയം ചിറയും കോട്ടാലിന് അടുത്ത് തന്നെയാണ്. ബ്രിട്ടീഷ് പടത്തലവൻ വെല്ലസ്ലി പ്രഭുവും ടിപ്പു സുൽത്താന്റെ സൈന്യവും തമ്മിൽ ഏറ്റുമുട്ടിയ പുറക്കളം (പോർക്കളം) സ്ഥിതി ചെയ്യുന്നതും ഇതിനടുത്ത് തന്നെ.

ഉപ്പി സാഹിബിനെ കുറിച്ചോർക്കുന്നവർ പുതുതലമുറയിൽ വളരെ ചുരുക്കം. അദ്ദേഹത്തെ സ്മരിക്കുന്ന ലേഖനങ്ങളും അപൂർവ്വം. മുസ്ലിം ലീഗ് രാഷ്ട്രീയത്തിന്റെ പ്ര

mappilaheritagelibrary.com

ഥമ ലേഖകനും പത്രത്തറവാട്ടിലെ കാരണവരുമായ എം. അലികുഞ്ഞി സാഹിബ് എഴുതിയ മൂന്ന് മുസ്‌ലിം ലീഗ് നേതാക്കൾ എന്ന കൊച്ചു ഗ്രന്ഥമാണ് ആകെ എടുത്തു പറയാനുള്ളത്. ഉപ്പി സാഹിബ്, സീതി സാഹിബ്, ബി. പോക്കർ സാഹിബ് എന്നിവരാണ് ആ മൂന്ന് നേതാക്കൾ. അവർ തന്നെയാണ് കേരളത്തിലെ മുസ്‌ലിം ലീഗ് തറവാട്ടിലെ ഏറ്റവും പഴയ കാരണവന്മാർ. കോട്ടാൽ ഉപ്പി സാഹിബിനെ കുറിച്ച് കെ. പി. കുഞ്ഞിമൂസ എഴുതിയ ഗ്രെയ്സ് ബുക്ക്സിന്റെ നേതൃസ്മൃതി പരമ്പരയിൽ പ്രസിദ്ധീകരിച്ച ഒരു ലഘുകൃതി കൂടി പരാമർശിക്കേണ്ടതുണ്ട്. 1972 മെയ് 11 ന് ഉപ്പി സാഹിബ് മരണപ്പെട്ടു.

mappilaheritagelibrary.com

കോരിത്തരിപ്പിച്ച പ്രസംഗം

1961ൽ കൂത്തുപറമ്പ് ഗവ. ഹൈസ്കൂളിൽ വിദ്യാർത്ഥി ലീഡറാകാനുള്ള അവസരം ലഭിച്ചു. ഈ കാലത്ത് കണ്ണൂർ ജില്ലാ എം.എസ്.എഫ് സെക്രട്ടറി കൂടിയായിരുന്നു. സി. കെ.പി. ചെറിയ മമ്മുക്കേയി സാഹിബ് എന്നെ തലശ്ശേരിയിലേക്ക് വിളിപ്പിച്ചു. സ്കൂൾ പാർലമെന്റ് നിയമസഭാ സ്പീക്കർ സി.എച്ച്. മുഹമ്മദ് കോയയെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. കാര്യം ഹെഡ്മാസ്റ്ററോട് പറഞ്ഞപ്പോൾ നടക്കുമോ എന്ന് അദ്ദേഹം സംശയം പ്രകടിപ്പിച്ചു. കേയി സാഹിബിന്റെ ബലത്തിൽ സി.എച്ചിനെ എത്തിക്കാമെന്ന് ഞാൻ ഉറച്ചു പറഞ്ഞു. സ്കൂൾ മുറ്റത്തെ മനോഹരമായ പൂന്തോട്ടം കടന്നാണ് സ്പീക്കർ കടന്നു വന്നത്. "മനോഹരമായ ഈ പൂന്തോട്ടത്തിൽ പുഷ്പിച്ചു നിൽക്കുന്ന വിവിധ വർണ്ണങ്ങളിലുള്ള പൂക്കൾ പോലെ വിവിധ മതങ്ങളും സംസ്കാരങ്ങളും ഇന്ത്യാ മഹാരാജ്യത്ത് പന്തലിച്ചു നിൽക്കണ" മെന്ന ആമുഖത്തോടെ സി.എച്ച് പ്രസംഗം തുടങ്ങി. ഏഷ്യയിലെയും ആഫ്രിക്കയിലെയും വിവിധ രാജ്യങ്ങളിൽ ജനാധിപത്യം കാറ്റിൽ മാമ്പഴം കണക്കെ ഉതിർന്നു വീഴുമ്പോൾ ശക്തമായ ജനാധിപത്യം അവിരാമം നിലനിൽക്കുന്ന രാജ്യമെന്നതാണ് ഇന്ത്യയുടെ മഹിമ എന്നു പറഞ്ഞു തുടങ്ങിയ പ്രസംഗം അത്യാവേശപൂർണ്ണമാണ് സദസ്സും വേദിയും ശ്രവിച്ചത്.

ഇത് ശ്രദ്ധേയനായ ദേശീയവാദിയും ദേശീയ അദ്ധ്യാപക അവാർഡ് ജേതാവുമായ കെ.കെ. അടിയോടി ഹെഡ്മാസ്റ്ററും പ്രശസ്ത കവി വി.വി.കെ. അദ്ധ്യാപകനുമായ സ്കൂളാകയാൽ മഹാകവി പി. കുഞ്ഞിരാമൻ നായർ, എസ്.കെ. പൊറ്റക്കാട്, മഹാകവി ജി., തിക്കോടിയൻ, ഉറൂബ് എന്നിവരൊക്കെ ഇടക്ക് വരികയും ഇവിടെ പ്രസംഗിക്കുകയും ചെയ്യുമായിരുന്നു. ഇവരുടെ ഒന്നും പ്രസംഗങ്ങളിൽ നിന്ന് ലഭിക്കാത്ത നവ്യാനുഭൂതിയാണ് മുഹമ്മദ്കോയയുടെ പ്രസംഗത്തിൽ നിന്ന് ലഭിച്ചതെന്ന് കവി വി.വി.കെ സാക്ഷ്യപ്പെടുത്തിയത് ഓർത്തുപോകുന്നു. സ്കൂൾ ലീഡർ എന്ന നിലയിൽ സ്വാഗതം പറഞ്ഞപ്പോൾ അൽഹാജ് സി.എച്ച്. മുഹമ്മദ്കോയ എന്ന് വിശേഷിപ്പിച്ചിരുന്നു. അൽഹാജ് എന്നാൽ എന്താണെന്ന് ഹെഡ്മാസ്റ്ററും കവി വി.വി.കെയും ചോദിക്കുകയുണ്ടായി.

mappilaheritagelibrary.com

ഫാറൂഖ് കോളേജിൽ

'തെക്കെ ഇന്ത്യയിലെ അലീഗർ' എന്ന് വിശേഷിപ്പിച്ചിരുന്ന ഫാറൂഖ് കോളേജിൽ തുടർപഠനത്തിനെത്തിയപ്പോൾ കോളേജ് ക്യാമ്പസും ഹോസ്റ്റൽ സമുച്ചയങ്ങളും അൽ-അസ്ഹർ പള്ളിയും കണ്ട് വിസ്മയിച്ചു. അവിടെ പഠിച്ചാൽ ഉന്നതങ്ങളിൽ വിരാജിക്കുന്ന സഹപാഠികളെ കണ്ടെത്താനാകും.

സാരസൻ വാസ്തുശില്പകലയിൽ രൂപകൽപന ചെയ്ത പ്രധാനഗേറ്റ് കടന്നാണ് കേളേജ് ക്യാമ്പസിൽ പ്രവേശിക്കുക. ഈ ഗേറ്റിനകം ഇരുതൂണുകൾക്കുള്ളിൽ നിർമ്മിക്കപ്പെട്ട മുറികളിൽ ഇപ്പുറവും അപ്പുറവുമായി രണ്ട് കാവൽക്കാർ ഇരിക്കുന്നു. ഇവരാണ് ഗേറ്റ് തുറന്ന് കൊടുക്കുക. അറുപതുകളിൽ ഇതൊക്കെ വലിയ അതിശയമാണ്. ക്യാമ്പസിൽ കടന്നാൽ കേരളം വിട്ട് എവിടെയോ എത്തിച്ചേർന്ന അനുഭൂതി. കാലാവസ്ഥ പോലും മാറിപ്പോയത് പോലെ തോന്നും. ചവോക്ക് മരങ്ങളും ഇലഞ്ഞിമരങ്ങളും അതിരിടുന്ന റോഡുകൾ പലവഴിക്ക് തിരിയുന്നു. മെയ്ൻ ഹോസ്റ്റലും എ.എൽഎം ഹോസ്റ്റലും ന്യൂഹോസ്റ്റലും അപ്പുറം ഹൈസ്കൂളും ഇക്ബാൽ ഹോസ്റ്റലും തൊട്ടുരുമ്മി റൗളത്തുൽ ഉലും അറബിക് കോളേജും നടുക്ക് അൽ-അസ്ഹർ പള്ളിയും തലയുയർത്തി നിൽക്കുന്നു. ഒരു അരികിൽ പ്രസിഡൻസ് ഹോസ്റ്റൽ. ഒറ്റനിലകെട്ടിടം. ഇവിടെ ഭക്ഷണമില്ല. കോളേജ് കമ്മിറ്റി പ്രസിഡണ്ടായിരുന്ന എ.കെ. കുഞ്ഞിമായൻ ഹാജി നിർമ്മിച്ചു നൽകിയ കെട്ടിടമാണിത്.

എല്ലാ കോഴ്സുകളും ഇവിടെ പഠിപ്പിക്കുന്നു. അറുപത് കാലഘട്ടത്തിൽ കെമിസ്ട്രി, കൊമേഴ്സ്, പി.ജി ക്ലാസ്സുകളുണ്ടിവിടെ. കെമിസ്ട്രിക്കും ഫിസിക്സിനും സുവോളജിക്കും സർവ്വസജ്ജമായ ലബോറട്ടറികൾ. ബി.കോമിനും ഹിസ്റ്ററിയിലെ പല വിഭാഗങ്ങൾക്കും വിശാലമായ ക്ലാസ്സുകൾ. ഇവയൊക്കെ അറുപതുകളിൽ ഫാറൂഖ് കോളേജിൽ മാത്രമുള്ള സവിശേഷതയാണ്. കോളേജിനകത്ത് സീതിസാഹിബ് സ്മാരക കെട്ടിടത്തിൽ ബി.എഡ് കോളേജും പ്രവർത്തിച്ചു. പ്രൊഫസർ കെ.എ ജലീലായിരുന്നു പ്രിൻസിപ്പാൾ. പിൽക്കാലത്ത് ഇദ്ദേഹം കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചേൻസലർ

mappilaheritagelibrary.com

ആയി. പ്രൊഫസർ വി. മുഹമ്മദ് സാഹിബ് ആഴ്ചയിൽ ഒരു ദിവസം ഒരു പിരീഡ് റിലീജിയസ് ഇൻസ്ട്രക്ഷൻ (മത പഠന ക്ലാസ്സ്) കൂടി നടത്തി. ഫാറൂഖ് കോളേജിലെ ആ ഒരൊറ്റ പീരിയഡ് മതിയായിരുന്നു മതം എന്തെന്ന് പഠിക്കാൻ. പ്രൊഫസർ ടി. അബ്ദുള്ള സാഹിബ് (കൊമേഴ്സ് വിഭാഗം തലവൻ) പ്രൊഫസർ എ.പി.പി. നമ്പൂതിരി (മലയാളവിഭാഗം തലവൻ) പ്രൊഫസർ എം.എ. ശുക്കൂർ (ബി.എഡ് കോളേജ് പ്രിൻസിപ്പാൽ) പ്രൊഫസർ നൂർമുഹമ്മദ് (കെമിസ്ട്രി വിഭാഗം തലവൻ) ഇവരെയൊന്നും കാലമെത്ര കഴിഞ്ഞാലും മറക്കാനാവില്ല.

കേരളത്തിലെ മുസ്‌ലിങ്ങളിൽ നിന്ന് ആദ്യമായി ഐ.എ.എസ് പാസാകുന്ന വണ്ടൂർ സ്വദേശി അബ്ദുൽഹക്കീം ഇവിടെ പഠിച്ചതാണ്. ഞങ്ങൾ ഒരേ ഹോസ്റ്റലിലും തൊട്ടടുത്ത മുറികളിലുമാണ് താമസിച്ചിരുന്നത്. പ്രസിഡൻസ് ഹോസ്റ്റലിലും എസ്. എസ് ഹോസ്റ്റലിലും ഒന്നിച്ച് താമസിച്ചിട്ടുണ്ട്. ഹക്കീം ഇന്ദിരാഗാന്ധിയുടെയും വി.പി. സിംഗിന്റെയും രാജീവ് ഗാന്ധിയുടെയും പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. റിട്ടയർ ചെയ്ത് കോഴിക്കോട്ടും ബാംഗ്ലൂരിലുമായി വിശ്രമജീവിതം നയിക്കുന്നു. നീണ്ട 40 വർഷങ്ങൾക്ക് ശേഷം ഈയിടെ വിളിച്ചപ്പോൾ ഊഷ്മളമായ പ്രതികരണം. അതിരില്ലാത്ത സന്തോഷം. ചെന്നുകാണണമെന്ന് നിർബന്ധിച്ചു. തമ്മിൽ കണ്ടപ്പോൾ സംസാരിച്ചത്രയും ഫാറൂഖ് കോളേജിന്റെ മഹത്വം. ഡൽഹിയിലിരുന്ന കാലത്ത് ഒരു മുസ്‌ലിം ഐ.എ.എസ്. ഉദ്യോഗസ്ഥൻ പറഞ്ഞകഥ പ്രത്യേകം എടുത്തുപറഞ്ഞു. അദ്ദേഹത്തിന്റെ മകൻ പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നതിനിടയിൽ ഫാറൂഖ് കോളേജിൽ ലക്ചറർ ഇന്റർവ്യൂവിന് പോയി. നല്ല പെർഫോമൻസ് കണ്ടപ്പോൾ നിയമന ഉത്തരവ് അപ്പോൾത്തന്നെ കൊടുത്തു. പി.ജി. പാസായാൽ ലക്ചറർ അല്ലെങ്കിൽ ട്യൂട്ടർ എന്ന നിലയ്ക്ക്. ഈ പിതാവ് ചോദിക്കുകയാണ് ഇത്രയും മഹത്തായ ഒരു സ്ഥാപനം ഉണ്ടാകുമോ?

പ്രസിഡൻസ് ഹോസ്റ്റലിൽ താമസിക്കുന്ന കാലത്ത് ഹക്കീമുമായി ബന്ധപ്പെട്ട രസകരമായ ഒരു കഥ ഓർത്തുപോകുന്നു. കറണ്ട് പോയാൽ ഹോസ്റ്റലിലെ അന്തേവാസികൾ കൂട്ടമായി കൂക്കുന്ന പതിവുണ്ട്. ഈ പതിവില്ലാത്ത പ്രസിഡണ്ട്സ് ഹോസ്റ്റലിലും ഒരു ദിവസം കൂട്ട കൂക്കിവിളി ഉണ്ടായി. വാർഡൻ പുറത്തിറങ്ങി കൂവലുയർന്ന റൂമിൽ തട്ടി വാതിൽ തുറക്കാൻ പറഞ്ഞു. അടുത്ത റൂമിലെ അബ്ദുൾ ഹമീദാണ് മുട്ടിവിളിക്കുന്നതെന്ന് കരുതി (അയാൾക്ക് പൂച്ചയെ ഭയമായിരുന്നു. അരീക്കോട്ട് ഡോക്ടറാണ് അബ്ദുൾ ഹമീദിപ്പോൾ) മ്യാവൂ മ്യാവൂ എന്ന് മറുപടി. "I am the Warden, Open the door" എന്ന് പ്രൊഫസർ കർക്കശമായി പറഞ്ഞപ്പോൾ വാതിൽ തുറന്നു. തുറക്കുമ്പോഴേക്ക് റൂമിലെ മുഴുവൻ പേരും തലയിലൂടെ മൂടിപ്പുതച്ചു കിടന്നു. അതിൽ ഒരാളാണ് കൂക്കിയതെന്ന് അനുമാനിച്ച പ്രൊഫ. വാർഡൻ അയാളുടെ പേരെന്തെന്ന് വാതിൽ തുറന്നുകൊടുത്ത ആളോട് ചോദിച്ചു. അബ്ദുൾ ഹമീദ് എന്ന് മറുപടി . രാവിലെ എഴുന്നേറ്റുവരുമ്പോൾ ഹൈസ്കൂൾ പ്രായത്തിലുള്ള ഒരു കുട്ടി എതിരെ വരുന്നു. ഇവൻ തന്നെയാണ് വിക്രിയ ഉണ്ടാക്കിയതെന്ന് ഉറപ്പിച്ച പ്രൊഫസർ ചോദിച്ചു. "What is your name?" "Abdul Hakkeem" ഉത്തരം. No. No. you are Abdul Hameed എന്ന് പറഞ്ഞ് കൂക്കിയതിന് ശകാരിക്കാൻ തുടങ്ങവെ സ്ഫുടമായ ഇംഗ്ലീഷിൽ കൂട്ടി നീണ്ട ഡയലോഗ് പുറത്തിട്ടപ്പോൾ പ്രൊഫസർ ഞെട്ടി. കോളേജിൽ ഏറ്റവും ബുദ്ധിമാനായ കുട്ടി ഈ ഹോസ്റ്റ

mappilaheritagelibrary.com

ലിൽ ഉണ്ടെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ഇതാണാ പയ്യൻ എന്ന് മനസ്സിലാക്കി ക്ഷമാപണം നടത്തി.

ഞാൻ ചന്ദ്രികയിൽ ലീഡർ പേജ് കൈകാര്യം ചെയ്തിരുന്ന കാലം. ആവശ്യപ്പെട്ടാൽ പ്രിൻസിപ്പാൾ കെ.എ. ജലീൽ സാഹിബ് ലേഖനം തരുമെന്ന് ചീഫ് എഡിറ്റർ മങ്കട അബ്ദുൾ അസീസ് സാഹിബ് പറഞ്ഞു. വിളിച്ചു നോക്കി. കൊണ്ടുപോകാൻ ആളു വരുമെങ്കിൽ ലേഖനം തരാമെന്ന് പറഞ്ഞു. പല തവണ ലേഖനം കിട്ടി. ലേഖനം വാങ്ങി കൊണ്ടു വരുന്ന ആൾക്ക് പോകാൻ അമിത താല്പര്യം കണ്ടപ്പോൾ ഞാൻ കാരണം തിരക്കി. 'ഞാൻ ചെല്ലുമ്പോഴൊക്കെ അദ്ദേഹമെനിക്ക് നൂറുറുപ്പിക നൽകുമെന്ന്' മറുപടി. അയാളുടെ ബാപ്പ ജലീൽ സാഹിബിന്റെ പ്യൂണായിരുന്നു. പാമ്പു കടിച്ച് പെട്ടെന്ന് മരിച്ചു പോയതാണ്. ഉമ്മയ്ക്ക് സക്കാത്തും തന്നയക്കാറുണ്ട് എന്ന് കൂടി അയാൾ വിശദീകരിച്ചു. ജലീൽ സാഹിബിന്റെ അറിയപ്പെടാത്ത മറ്റൊരു മുഖം അറിയുകയായിരുന്നു ഞാൻ.

കോളേജ് കോമ്പൗണ്ടിനകത്തെ റോഡിലൂടെ അന്യവാഹനങ്ങൾ പോകുന്നത് പ്രിൻസിപ്പാൾ ജലീൽ ഇഷ്ടപ്പെട്ടിരുന്നില്ല. വീട്ടിലെത്താനുള്ള എളുപ്പ മാർഗ്ഗം ഇതായിരുന്നിട്ടും പ്രിൻസിപ്പാൾ പദവി ഒഴിഞ്ഞ നിമിഷം മുതൽ അദ്ദേഹമത് ഉപയോഗപ്പെടുത്തിയില്ല. അതാണ് ജലീൽ സാഹിബിന്റെ ആദർശം.

mappilaheritagelibrary.com

ചന്ദ്രികയിൽ

1967 ൽ ഫാറൂഖ് കോളേജിലെ ബിരുദ (ബി.എസ്.സി. കെമിസ്ട്രി) പഠനത്തിന് ശേഷം ഏതാണ്ട് മൂന്ന് വർഷം രാഷ്ട്രീയത്തിൽ പ്രവർത്തിച്ചു. പ്രസംഗമായിരുന്നു പ്രധാന പാർട്ടി സേവനം. 67ലെ പൊതു തെരഞ്ഞെടുപ്പ് കാലത്ത് സജീവമായിരുന്നു. അന്ന് എൻ.എ. മമ്മു (എൻ.എ.എം) മാസ്റ്ററായിരുന്നു താലൂക്ക് മുസ്ലിം ലീഗ് സെക്രട്ടറി. അദ്ദേഹത്തിനൊപ്പം താലൂക്കിൽ ഉടനീളം കൺവെൻഷനുകളിലും പൊതുയോഗങ്ങളിലും പ്രസംഗിച്ചു. ഇടയ്ക്ക് ചന്ദ്രികയിലും സുന്നി ടൈംസിലും ലേഖനങ്ങൾ എഴുതുമായിരുന്നു. ഒരു ദിവസം ഇബ്രാഹിം സുലൈമാൻ സേട്ടുസാഹിബിന്റെ പ്രസംഗം കേൾക്കാൻ തലശ്ശേരി ചാലിൽ പ്രദേശത്ത് കടൽക്കരയിലെ പൂഴിമണലിൽ ഇരിക്കവേ കേയി സാഹിബ് സ്റ്റേജിലേക്ക് വിളിച്ച് സേട്ടു സാഹിബിന്റെ പ്രസംഗം പരിഭാഷപ്പെടുത്താൻ പറഞ്ഞു. ഈ പരിഭാഷ 'ചന്ദ്രിക'യിൽ എന്നെ എടുക്കുന്ന കാര്യത്തിൽ കേയി സാഹിബിന് മാർക്കിടാൻ സഹായകരമായിട്ടുണ്ടാവണം.

1970 ജനുവരി നാല് - കൂത്തുപറമ്പിൽ സബ് ട്രഷറി അനുവദിക്കണമെന്ന നിവേദനം നൽകുന്നതിന് മാതൃഭൂമി ലേഖകൻ കുറ്റ്യൻ കൃഷ്ണൻ മന്ത്രി സി.എച്ചിനെ കാണാൻ തലശ്ശേരി ഗസ്റ്റ് ഹൗസിൽ പോകുമ്പോൾ കൂട്ടത്തിൽ എന്നെയും കൂട്ടിയിരുന്നു. നിവേദനം കൊടുക്കുന്നതിനിടയ്ക്ക് എന്നെ ചൂണ്ടി ടി.സി. മുഹമ്മദ് ചന്ദ്രിക പത്രാധിപ സമിതിയിൽ ചേരാൻ പോകുകയാണെന്ന് കേയി സാഹിബ് സി.എച്ചിനോട് പറഞ്ഞു. ചന്ദ്രികയിൽ അവസരം ലഭിക്കുമെന്ന വാർത്ത ആദ്യം അറിയുന്നത് അപ്പോഴാണ്.

നിവേദക സംഘം ഇറങ്ങിയ ഉടനെ കെ.സി. അബൂബക്കർ മൗലവി മന്ത്രിയെ കാണാൻ കയറി, എന്തോ തമാശ പറഞ്ഞ് ഇരുവരും പൊട്ടിച്ചിരിച്ചു. കെ.സി. ഇറങ്ങിയ ശേഷം മെലിഞ്ഞ ശരീരമുള്ള തൂവെള്ള വസ്ത്രധാരിയായ ഒരാൾ കയറി. നിമിഷങ്ങൾക്കകം ഒരു സ്ഫോടന ശബ്ദമാണ് കേട്ടത്. ആഗതൻ ആസിഡ് ബൾബ് മന്ത്രിക്കു നേരെ എറിയുകയായിരുന്നു. ഗംഗാധരമാരാർ ആയിരുന്നു അത്. ഗൺമാൻ തടുത്തത് മൂലം മാരകമായില്ല. ഉടൻ ഡോക്ടർമാർ എത്തി പ്രഥമ ശുശ്രൂഷകൾ നൽകി. കണ്ണൂരിലെ വൻ പൊതുയോഗത്തിൽ പ്രസംഗിക്കാനുള്ള പരിപാടി റദ്ദാക്കിയില്ല. വിവരം അറിഞ്ഞും

mappilaheritagelibrary.com

പരിക്കേറ്റ സി.എച്ച് കണ്ണൂരിൽ പ്രസംഗിക്കുന്നുണ്ടെന്നറിഞ്ഞും ജനം കണ്ണൂരിലേക്ക് ഒഴുകി. തനിക്ക് നേരെ ഉണ്ടായ ആക്രമണത്തെ വികാരനിർഭരമായ പ്രസംഗത്തിൽ വിവരിച്ചപ്പോൾ ജനം ശ്വാസമടക്കിപ്പിടിച്ച് കേട്ടുനിന്നു.

ഈ മാരാർ പി.ആർ. കുറുപ്പിന് നേരെയും വധശ്രമം നടത്തിയിരുന്നു. കോടതിയിൽ അഭിഭാഷകരെ ഏർപ്പെടുത്താതെ കേസ് സ്വയം വാദിക്കുന്ന രീതിയാണ് ഇദ്ദേഹത്തിന്റേത്. നല്ല വിദ്യാഭ്യാസമുള്ള മാരാർ കമ്മ്യൂണിസ്റ്റ് നേതാവും മന്ത്രിയുമായിരുന്ന എൻ. ഇ. ബലറാമിന്റെ അളിയനാണ്. പി.ആർ. കുറുപ്പ് വധക്കേസ് അദ്ദേഹം വാദിച്ചതിങ്ങനെ- "വീട്ടിലെ കട്ടിലിൽ മൂട്ട നിറഞ്ഞത് കൊണ്ട് കട്ടിൽ അഴിക്കാൻ ചുറ്റിക വാങ്ങിയിരുന്നു. അതുമായി പോകുമ്പോഴാണ് കോടതിയിൽ കുറെ ആളുകളെ കാണുന്നത്. ചെന്നപ്പോൾ അതിൽ പി.ആർ. കുറുപ്പിനെയും കണ്ടു. നേരത്തെ സ്വല്പം വിരോധമുള്ളത് കൊണ്ട് തലക്കൊരു ചെറിയ കിഴുക്ക് കൊടുത്തു."കോടതിയിൽ കുറുപ്പിനെ ചുറ്റികകൊണ്ട് അടിച്ച് നടത്തിയ വധശ്രമം എന്നായിരുന്നു കേസ്.

ചന്ദ്രിക പത്രാധിപ സമിതിയിലേക്കുള്ള സെലക്ഷൻ പരീക്ഷ നടത്തിയത് അസി സ്റ്റന്റ് എഡിറ്റർ യു.എ. ബീരാൻ സാഹിബായിരുന്നു. ഇംഗ്ലീഷിൽ നിന്നുള്ള വാർത്താ ശകലം പരിഭാഷപ്പെടുത്താനാണ് പരീക്ഷയിൽ ആവശ്യപ്പെട്ടത്. ഇത് കഴിഞ്ഞ് ഏറെ ക്കഴിഞ്ഞ ശേഷമാണ് നിയമന അറിയിപ്പുണ്ടായത്. ഇന്റർവ്യൂവിന് പത്രാധിപർ വി.സി. അബൂബക്കറിന്റെ മുമ്പിൽ ഹാജരായി. പ്രസംഗിക്കാൻ പോകുന്ന ഏർപ്പാടുണ്ടോ എന്നതായിരുന്നു ആദ്യ ചോദ്യം. ഒന്നും മിണ്ടാതിരുന്നപ്പോൾ പറഞ്ഞു. പ്രസംഗത്തിനൊന്നും പോകരുത്, പത്രത്തിലെ ഡ്യൂട്ടിയിൽ മാത്രം ശ്രദ്ധിക്കണം. അനുസരിക്കാമെന്ന് ബഹുമാനപുരസ്സരം അറിയിച്ചു.

കുറച്ചു നാൾ കഴിഞ്ഞപ്പോൾ ഉണ്ടായ ഒരു സംഭവം. പ്രാദേശിക വാർത്തകൾ എഡിറ്റ് ചെയ്യുന്ന ലോക്കൽ ഡസ്ക്കിൽ പി.കെ. മുഹമ്മദ് എന്ന മാനു സാഹിബിന്റെ കീഴിലായിരുന്നു ഡ്യൂട്ടി. കാരപറമ്പിലെ മുസ്ലിം ലീഗ് നേതാവ് ടി.പി.എം. അബ്ദുള്ള മൗലവി മിക്ക ദിവസങ്ങളിലും മാനു സാഹിബിനെ കാണാനെത്തും. അടുത്ത മാസം പതിനേഴിന് കാരപറമ്പിൽ മുസ്ലിം ലീഗ് യോഗമുണ്ട്. മാനു സാഹിബ് അതിൽ പ്രസംഗകനാണ്. അത് ഓർമ്മിപ്പിക്കാനാണ് ഇടയ്ക്കിടയ്ക്കുള്ള വരവ്. അങ്ങനെ ആ ദിവസം സമാഗതമായി. പറഞ്ഞുറപ്പിച്ചത് പ്രകാരം മൗലവി കൃത്യസമയത്തെത്തി. മാനു സാഹിബ് എന്നോട് ആജ്ഞാപിച്ചു. "വാ നമുക്കവിടെ വരെ പോയി വരാം," വി.സി. യുടെ താക്കീതുള്ളതു കൊണ്ട് ഒരു യോഗ സ്ഥലത്തു പോലും പോകേണ്ടെന്ന് തീരുമാനിച്ച ഞാൻ ഭയപ്പാടോടെ മാനു സാഹിബിനോടൊപ്പം പോയി. ബി.വി. അബ്ദുള്ളക്കോയ സാഹിബും കെ.സി. അബൂബക്കർ മൗലവിയുമൊക്കെയുള്ള യോഗമാണ്. യോഗം തുടങ്ങിയപ്പോൾ ആദ്യം പ്രസംഗിക്കാൻ വിളിച്ചത് എന്റെ പേരാണ്. എല്ലാം മാനു സാഹിബ് ഒപ്പിച്ച പണിയാണെന്ന് പിന്നീടാണ് മനസ്സിലായത്. യോഗം കഴിഞ്ഞ് കാറിൽ തിരിച്ചു വരുമ്പോൾ ബി.വി. അബ്ദുള്ളക്കോയ ചോദിച്ചു ഏതാണാ പ്രസംഗിച്ച കുട്ടി? ഉടൻ കെ.സി. യും ചോദിച്ചു ഏതാണ്? നല്ല പ്രസംഗമാണല്ലോ. മാനു സാഹിബ് പറഞ്ഞു ആ കുട്ടി ഈ കാറിൽ തന്നെയുണ്ട്. നമ്മുടെ പുതിയ സബ് എഡിറ്ററാണ്. തലശ്ശേരി ഭാഗത്ത് നിന്നുള്ളതാ. ഇത് കേട്ടപ്പോൾ അഭിമാനം തോന്നിയെങ്കിലും ഉള്ളു കാളുക

mappilaheritagelibrary.com

യായിരുന്നു. വി.സി. എങ്ങാനും വിവരമറിഞ്ഞാലോ എന്നോർത്ത്. കാരപറമ്പ് യോഗ റിപ്പോർട്ടിൽ എന്റെ പേർ കൊടുക്കരുതെന്ന് മാനു സാഹിബിനോട് അപേക്ഷിച്ചു. പക്ഷെ പതിനെട്ട് പോയിന്റിൽ വന്ന വാർത്തയിൽ എന്റെ പേരും വന്നു. മാനു സാഹിബ് ഒരു ദയാദാക്ഷിണ്യവും കാട്ടിയില്ലല്ലോ എന്നു അപ്പോൾ ദു:ഖിച്ചു. പതിനെട്ട് പോയിന്റിൽ വന്ന അപ്രധാന വാർത്ത പത്രാധിപർ കാണാൻ ഇടയില്ലെന്നും കണ്ടാൽ തന്നെ ശാസിക്കാൻ ഇടയില്ലെന്നും പിൽകാലത്താണ് മനസ്സിലായത്.

1970 – സപ്തംബർ. തിരഞ്ഞെടുപ്പ് കാലം. ഒരു ദിവസം സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളുടെ നിർദ്ദേശം മാനേജർ മമ്മു സാഹിബിന് വന്നു. തിരഞ്ഞെടുപ്പ് യോഗങ്ങളിൽ ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ പ്രസംഗം പരിഭാഷപ്പെടുത്താൻ പുതിയ സബ് എഡിറ്റർ മുഹമ്മദിനെ അയക്കണം. എഡിറ്റർ വി.സി. സ്ഥലത്ത് ഇല്ലാത്തതിനാലാണ് മാനേജർ മുഖേന നിർദ്ദേശം വന്നത്. മലപ്പുറം ജില്ലയിലാണ് പരിപാടി. "കൂട്ടിക്കൊണ്ടു പോകാൻ ആൾ വരും. ഒരുങ്ങി നിന്നോ" എന്ന് മമ്മു സാഹിബ് പറഞ്ഞു. വൈകുന്നേരം പെരിന്തൽമണ്ണയിലും പിറ്റെ ദിവസം കൊണ്ടോട്ടിയിലുമായിരുന്നു ഇസ്മായിൽ സാഹിബിന്റെ പ്രസംഗം. പെരിന്തൽമണ്ണയിൽ ഇ.എം. എസ്സിന്റെ പഞ്ചായത്തായ ഏലംകുളത്ത് കെ.കെ.എസ്. തങ്ങളുടെയും, കൊണ്ടോട്ടിയിൽ സി.എച്ചിന്റെയും തിരഞ്ഞെടുപ്പ് യോഗങ്ങളിൽ ഇസ്മായിൽ സാഹിബ് പ്രസംഗിച്ചു. സ്ഥാനാർത്ഥി സി.എച്ച് സമാപന യോഗത്തിൽ എത്തിച്ചേരുമെന്നായിരുന്നു പ്രതീക്ഷ. തിരുവനന്തപുരത്തു നിന്നും മന്ത്രി സി.എച്ചിന് എത്താനായില്ല. തിരഞ്ഞെടുപ്പ് പ്രചാരണ സമാപനത്തിന്റെ ഡെഡ് ലൈൻ ആകും വരെയും ഇസ്മയിൽ സാഹിബ് കൊണ്ടോട്ടിയിൽ പ്രസംഗിച്ചു. വളരെ സുദീർഘമായിരുന്നു പ്രസംഗം . രണ്ടും പരിഭാഷപ്പെടുത്തി. ഇസ്മായിൽ സാഹിബിനെ എം.കെ. ഹാജിയായിരുന്നു യാത്രയിൽ ഉടനീളം അനുഗമിച്ചത്. ഇരുവരോടൊപ്പം കാറിൽ ഭയപ്പാടോടെയും ആദരവോടെയും സഞ്ചരിച്ചു. നല്ല 'അദബോട്' കൂടിയാണ് ശ്വാസം പോലും കഴിച്ചത്.

ചന്ദ്രികയിൽ തിരിച്ചെത്തിയപ്പോൾ മനേജർ മമ്മു സാഹിബ് അഭിനന്ദനം അറിയിച്ചു. എഡിറ്റർ വി.സി. റൂമിലേക്ക് വിളിപ്പിച്ച് രണ്ട് പ്രസംഗങ്ങളുടെയും റിപ്പോർട്ട് പത്രത്തിലേക്ക് കൊടുക്കാനും രണ്ട് ദിവസം ഓവർടൈം ഡ്യൂട്ടി എഴുതി പ്രതിഫലം വാങ്ങിക്കൊള്ളാനും പറഞ്ഞു.

ചന്ദ്രികയിൽ ചേർന്ന ആദ്യ ദിവസങ്ങളിലൊന്നിൽ ഒരു റിപ്പോർട്ടിനെ സംബന്ധിച്ച് നടത്തിയ ചർച്ച ശ്രദ്ധിച്ചു. സി.എച്ചും കരിമ്പുഴ രാമകൃഷ്ണനും ഒരു പരിപാടിയിൽ പങ്കെടുത്തത് സംബന്ധിച്ചുള്ളതായിരുന്നു അത്. സി.എച്ചിനെതിരെ എതിരാളികൾ യോഗസ്ഥലത്തും പരിസരത്തും കരിങ്കൊടി നാട്ടിയിരുന്നു. ഇത് സംബന്ധിച്ച് സി.എച്ച് പ്രസംഗത്തിൽ പരാമർശിച്ചു. കരിമ്പുഴയും കരിങ്കൊടിയും തമ്മിലുള്ള പ്രാസഭംഗി ഒപ്പിക്കാനായിരിക്കണം ഈ കരിങ്കൊടി. മിക്ക പത്രങ്ങളിലും 'കരിമ്പുഴയും കരിങ്കൊടിയും' എന്ന തലക്കെട്ടിൽ ബോക്സ് ന്യൂസായാണ് വാർത്ത വന്നത്. സീനിയർമാർ തമ്മിലുള്ള ചർച്ചയിൽ അത് അങ്ങനെ തന്നെയല്ലേ വരികയുള്ളൂ എന്നവർ പറഞ്ഞപ്പോൾ എനിക്കതിൽ അതിശയം തോന്നി. പത്രപ്രവർത്തനത്തിന്റ ഹരിശ്രീയിൽ മാത്രം എത്തിനിൽക്കുകയായിരുന്നല്ലോ അന്ന് ഞാൻ.

mappilaheritagelibrary.com

പുതുതായി വാങ്ങിയ റോട്ടറിപ്രസ്സിന്റെയും പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെയും ഉദ്ഘാടനച്ചടങ്ങ്. – 1970 മാർച്ച് 28 :– ഗവർണർ കെ. വിശ്വനാഥൻ ആയിരുന്നു ഉദ്ഘാടകൻ. മുഖ്യമന്ത്രി സി. അച്യുതമേനോൻ ഉൾപ്പെടെയുള്ളവർ ചടങ്ങിനെത്തുന്നു. മാനേജിങ് ഡയറക്ടർ ബാഫഖി തങ്ങളാണ് സ്വാഗതം പറയുന്നത്. തയ്യാറാക്കിയ സ്വാഗത പ്രസംഗം വലിയ അക്ഷരത്തിൽ മാറ്റിയെഴുതി കൊടുക്കാൻ എഡിറ്റോറിയലിൽ ഏറ്റവും ജൂനിയറായ എന്നെ പത്രാധിപർ ഏൽപ്പിച്ചു. ജൂനിയർമാരോട് പ്രത്യേക വാത്സല്യം കാട്ടി അംഗീകാരം നൽകുക വി.സി. യുടെ പ്രത്യേകതയായിരുന്നു. ഏറ്റവും ഇളയകുട്ടിയോട് പിതാവ് കാണിക്കുന്ന വാത്സല്യം പോലെയാണ് പുതുമുഖങ്ങളോട് ഈ പത്രാധിപർ കാണിക്കുന്ന വാത്സല്യം. സിനിമയ്ക്കും നാഗ്ജി അടക്കമുള്ള ടൂർണമെന്റുകൾക്കും എഡിറ്റർക്ക് ലഭിക്കുന്ന സൗജന്യ പാസുകൾ ഇദ്ദേഹം ജൂനിയർമാർക്കാണ് നൽകിയിരുന്നത്. സീനിയർമാരിൽ ചിലരുടെ റാഗിംഗ് പോലെയുള്ള പെരുമാറ്റത്തിന് വിധേയരാവുന്ന പുതുമുഖങ്ങൾക്ക് വി.സി. യുടെ ഇത്തരം പെരുമാറ്റം ആശ്വാസത്തിന്റെ തെളിനീർ നൽകുന്നതായിരുന്നു.

സബ് എഡിറ്ററും അസിസ്റ്റന്റ് എഡിറ്ററും ഒന്നാണെന്ന് പുറമെയുള്ളവർക്ക് തെറ്റിദ്ധാരണയുണ്ട്. സബ് എഡിറ്റർക്ക് മേലെ ചീഫ് സബ് എഡിറ്റർ, അതിന്റെയും മേലെയാണ് അസിസ്റ്റന്റ് എഡിറ്റർ. അസിസ്റ്റന്റ് എഡിറ്റർ, ന്യൂസ് എഡിറ്റർ, ലീഡർ റൈറ്റർ എന്നിവർ ഒരേ റാങ്കിൽ. ഒരു ചീഫ് സബ് എഡിറ്റർക്ക് ചുറ്റും ഇരുന്ന് സബ് എഡിറ്റർമാർ ചീഫ് നിർദ്ദേശിക്കുന്നതനുസരിച്ച് ജോലി ചെയ്യുന്നു. അസിസ്റ്റന്റ് എഡിറ്റർ ബീരാൻ സാഹിബ് അക്കാലത്ത് സ്റ്റേറ്റ് മുസ്ലിം ലീഗ് ജനറൽ സെക്രട്ടറിയായിരുന്നു. മുഖപ്രസംഗം എഴുതലാണ് അദ്ദേഹത്തിന്റെ പ്രധാന ജോലി. വളരെ ഗൗരവക്കാരനാണ് എങ്കിലും ഇടയ്ക്ക് നിലവാരമുള്ള തമാശ പറയും. മുഖപ്രസംഗം എഴുതി കഴിഞ്ഞ ശേഷം വൈകുന്നേരം ലീഗ് പൊതുയോഗങ്ങൾക്കും മറ്റു പരിപാടികൾക്കുമായി പോകും.

ടെലിപ്രിന്ററിൽ വരുന്ന വാർത്തകൾ മുറിച്ച് ചീഫിന്റെ മുന്നിലെത്തിക്കും. അതിൽ ആവശ്യമായവ തിരഞ്ഞെടുത്ത് ചുറ്റുമിരിക്കുന്ന സബ് എഡിറ്റർമാർക്ക് വാർത്ത തയ്യാറാക്കാൻ വീതിച്ചു കൊടുക്കും. എഴുതി തലക്കെട്ടിട്ട് ചീഫിന് തിരിച്ചു നൽകും. തലക്കെട്ട് ഇടേണ്ട അവകാശം ചീഫിന്റെതാണെന്നാണ് വെപ്പ്. തലക്കെട്ട് വളരെ യോഗ്യമാണെങ്കിലും 'ഈഗോ' ഉള്ള ചീഫുമാർ അത് മറ്റൊരു കടലാസിൽ അയാളുടെ കൈപടയിൽ എഴുതി അയക്കുകയാണ് പതിവ്. ഡസ്ക്ക് ചീഫ് കെ. പി. കുഞ്ഞിമൂസ ഇക്കാര്യത്തിൽ വ്യത്യസ്തനായിരുന്നു. സബ് എഡിറ്റർ നൽകിയ തലക്കെട്ട് അപ്പടി നിലനിർത്തുകയോ അനുയോജ്യതിരുത്തൽ നടത്തിയോ പ്രസ്സിലേക്ക് അയച്ച് സബ് എഡിറ്റർമാരെ പ്രോത്സാഹിപ്പിക്കുന്നതിന് ഇദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതേ സമയം ശക്തമായ തലക്കെട്ടുകൾ നൽകുന്നതിന് അതിപ്രഗത്ഭനുമായിരുന്നു.. കെ. പി. മറ്റൊരു ചീഫ് കെ. പി. സി.കെ. അലി സർവ്വ വിഷയങ്ങളിലും അപാരപണ്ഡിതനായിരുന്നു. 'എൻസൈക്ലോപീഡിയ കുട്ട്യാലിക്ക' എന്നാണ് സഹപ്രവർത്തകർ അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്. മുസ്ലിം ലീഗ് പിളർപ്പു കാലത്ത് സീനിയർമാരും പ്രഗത്ഭരും മറുപക്ഷത്ത് നിന്നപ്പോൾ ഇന്ത്യൻ യൂനിയൻ മുസ്ലിം ലീഗ് പക്ഷത്തെ എഡിറ്റർമാരുടെ തലവൻ ഇദ്ദേഹമായിരുന്നു.

mappilaheritagelibrary.com

സ്ഥാപനത്തിന്റെ കെട്ടുറപ്പും ഫീസിബിലിറ്റിയും വളരെ ആലോചിച്ചശേഷമായിരുന്നു അന്നൊക്കെ നിയമനങ്ങൾ നടത്തിയിരുന്നത്. എന്നോടൊപ്പം ബി.എം. ഗഫൂർ (കാർട്ടൂണിസ്റ്റ്) എം.എസ്.എഫ്. സ്റ്റേറ്റ് പ്രസിഡണ്ടായിരുന്ന എസ്. വി. അബ്ദുള്ള എന്നിവരാണ് നിയമിക്കപ്പെട്ടവർ. ഞങ്ങളുടെ തൊട്ടുമുമ്പുള്ള ടീമിൽ ഹക്കീം പൂനൂർ, സി.കെ. താനൂർ, സി. പി. എം. ബഷീർ എന്നിവരാണ് നിയമിതരായത്. ബി.എം. ഗഫൂർ ഡൽഹിയിൽ ശങ്കേഴ്സ് വീക്കിലിയിൽ ജോലി ചെയ്ത ശേഷമാണ് ചന്ദ്രികയിൽ എത്തുന്നത്. ചന്ദ്രികയ്ക്ക് ഒരു കാർട്ടൂണിസ്റ്റ് വേണമെന്ന നിലയ്ക്ക് അദ്ദേഹത്തെ സി.എച്ച് പ്രത്യേക താൽപര്യമെടുത്ത് കൊണ്ടുവരികയായിരുന്നു. മുസ്ലിം ലീഗിന്റെ ആദ്യ കാല എം. പി. ബി. പോക്കർ സാഹിബിന്റെ അനന്തരവൻ കൂടിയാണ് ഗഫൂർ.

സി.എച്ച്. അങ്ങ് തിരുവനന്തപുരത്ത് മന്ത്രി പദവിയിലാണെങ്കിലും അദ്ദേഹത്തിന്റെ ശ്രദ്ധ എപ്പോഴും ചന്ദ്രികയിലേക്കായിരുന്നു. പ്രശസ്ത എഴുത്തുകാരെ കണ്ടുമുട്ടുമ്പോഴൊക്കെ ചന്ദ്രിക വാരികയിലെഴുതാൻ അദ്ദേഹം നിർബന്ധിക്കും. എം. മുകുന്ദൻ മുതൽ വൈക്കം മുഹമ്മദ് ബഷീർ വരെ ചന്ദ്രികയുടെ എഴുത്തുകാരായത് അങ്ങനെയാണ്. കാനേഷ് പൂനൂർ (ഹക്കീം പൂനൂർ) ആണ് ചന്ദ്രിക ആഴ്ചപതിപ്പ് കൈകാര്യം ചെയ്തിരുന്നത്. 'ഈ ലോകം അതിലൊരു മനുഷ്യൻ ' എന്ന നോവൽ എം. മുകുന്ദൻ എഴുതി. വാരികയുടെ കോപ്പിയുടെ റിക്കാർഡ് വർദ്ധന ഇക്കാലത്തുണ്ടായി.

പ്രശസ്ത മതപണ്ഡിതൻ പൂനൂരിലെ കുഞ്ഞി ഇബ്രാഹിം മുസ്ല്യാരുടെ പുത്രനാണ് ഹക്കീം. കഥ എഴുത്ത് പിതാവിന് ഇഷ്ടപ്പെടില്ലെന്ന് ഭയന്ന് പിതാവ് അറിയാതിരിക്കാൻ കാനേഷ് പൂനൂർ എന്ന തൂലികാനാമം ഹക്കീം സ്വീകരിക്കുകയായിരുന്നു. ക്രമത്തിൽ പിതാവ് സംഗതി മനസ്സിലാക്കുകയും മകന്റെ എഴുത്തുകളിൽ സംതൃപ്തി പ്രകടമാക്കുകയും ചെയ്തത് മറ്റൊരു കാര്യം. ഹക്കീം കവി കുഞ്ഞുണ്ണി മാഷോടൊപ്പം നടന്നു പോകുന്നത് കണ്ട കാര്യപ്പെട്ടൊരാൾ നിങ്ങളുടെ മകൻ ആലിമീങ്ങളുമായി തന്നെയാണ് സഹവാസം എന്ന് പറഞ്ഞ് കുഞ്ഞിബ്രാഹിം മുസ്ലിയാരെ ആശ്വസിപ്പിച്ച ഒരു കഥയുമുണ്ട്. കുഞ്ഞുണ്ണി മാഷെ കണ്ടാൽ നല്ലൊരു മുസ്ലിം ഭക്തനെ പോലെ തോന്നുമായിരുന്നല്ലോ.

പഴയ ഒരു ഇരുനില വീടാണ് ചന്ദ്രിക ഓഫീസാക്കി മാറ്റിയത്. തലശ്ശേരിയിൽ നിന്ന് കിഴക്കേ നടക്കാവിലേക്കും അവിടെ നിന്ന് വൈ. എം.സി. എ. റോഡിലെ ഇന്നത്തെ സ്ഥലത്തേക്കും മാറുകയായിരുന്നു. പഴയ വീടിന്റെ മുകളിൽ മുൻവശത്ത് മാറ്റങ്ങൾ വരുത്തി. തലശ്ശേരിക്കാരൻ അത്തോളി ഉസ്മാൻ രൂപകല്പന ചെയ്ത ചന്ദ്രിക എന്ന എംബ്ലവും ഇതിന് ഫിറ്റാക്കി. മലബാറിലെങ്ങുമുള്ള മുസ്ലിങ്ങളെ തീർത്ഥാടന കേന്ദ്രം പോലെ ഈ കെട്ടിടം ആകർഷിച്ചു. അസാമാന്യ കലാകാരനായിരുന്ന ഉസ്മാൻ ഈ സ്ഥാപനത്തിലെ കമ്പോസിറ്ററായിരുന്നു. തലശ്ശേരിയിൽ നിന്ന് ചന്ദ്രിക കോഴിക്കോട്ടേക്ക് പറിച്ചു നട്ടപ്പോൾ അതിനൊപ്പം എത്തിയതാണ്.

മുകളിൽ വലതുഭാഗത്തെ മുറിയിൽ സി.എച്ചും വി.സി. യും ഇരുന്നു. മദ്ധ്യത്തിൽ ഇടനാഴിയിൽ ക്യാബിനകത്ത് ആഴ്ചപതിപ്പ് സെക്ഷൻ. അതിൽ എ. എം. കുഞ്ഞിബാവയും ഹക്കീം പൂനൂരും. കുഞ്ഞിബാവ ചന്ദ്രിക വിട്ട് ബിസിനസ്സ് രംഗത്തേക്ക് പോയി. പിന്നെ ഹക്കീം ഒറ്റയ്ക്ക് എഡിറ്റിംഗും പ്രൂഫ് റീഡിംഗും ഒക്കെ നടത്തി. ചെമ്മീൻ ബിസിനസ്സ് രംഗത്തേക്കാണ് കുഞ്ഞിബാവ പോയത്. അനർഗളം പ്രവഹിക്കുന്ന സുന്ദരമായ എഴു

mappilaheritagelibrary.com

ത്തുകളിലൂടെ ഇന്ദ്രജാലം സൃഷ്ടിക്കാൻ കഴിവുള്ള കുഞ്ഞിബാവ സി.എച്ചിന്റെ ഇഷ്ട ശിഷ്യനായിരുന്നു. ഇ. അഹമ്മദ് എം. എസ്. എഫ്. സ്റ്റേറ്റ് സെക്രട്ടറിയായിരുന്നപ്പോൾ കുഞ്ഞിബാവ ജോയിന്റ് സെക്രട്ടറിയായിരുന്നു. കുഞ്ഞിബാവ പോയത് സി.എച്ചിന് ഇഷ്ടമായില്ല. പിന്നീടൊരിക്കൽ കുഞ്ഞിബാവ ചന്ദ്രികയിൽ വന്നപ്പോൾ സി.എച്ച്. പ റഞ്ഞു "കുഞ്ഞിബാവ ജീവചരിത്രം എഴുതണം. തലക്കെട്ട് ഞാൻ തരാം - പത്രം ഓഫീ സിൽ നിന്ന് മീൻ ചാപ്പയിലേക്ക് ".

മുകൾ ഭാഗത്ത് ഇടത്തേ മുറിയിലാണ് പത്രാധിപസമിതി. ഡസ്ക് ചീഫും സബ് എഡിറ്റർമാരും പ്രൂഫ് റീഡർമാരും ഒന്നിച്ചിരുന്ന് റൗണ്ട് ടേബിളിന് ചുറ്റുമിരിക്കു ന്നത് പോലുള്ള സീറ്റ് സംവിധാനം മുമ്പുണ്ടായിരുന്നില്ല. ടെലി പ്രിന്ററിൽ നിന്ന് നിരന്തരം അടിച്ചു കൊണ്ടിരിക്കുന്ന വിവരങ്ങളാണ് വാർത്തകളുടെ പ്രധാന സ്രോതസ്സ്. ടെലഫോണിലാണ് അകലെയുള്ള റിപ്പോർട്ടർമാർ വാർത്തകൾ തന്നിരുന്നത്. ചിലപ്പോൾ പോസ്റ്റാഫീസ് വഴി കമ്പിയായും വാർത്തകൾ വരും. പത്രത്തിൽ ആകെ നാല് പേജാണ്. 70 കാലത്താണ് ആറ് പേജുകളാക്കി ഉയർത്തിയത്. അതുതന്നെ എല്ലാ ദിവസവും ആറ് പേജുണ്ടാവില്ല. ആഴ്ചയിൽ മൂന്ന് തവണ. മുൻവശത്ത് അങ്കണത്തിൽ കെട്ടിയുണ്ടാ ക്കിയ താൽക്കാലിക ഷെഡിൽ ആണ് കമ്പോസിങ്ങ് നടന്നത്. വൈകുന്നേരമാണ് പത്രം അടിച്ചിരുന്നത്. കാര്യങ്ങൾ ഇങ്ങനെ ഒക്കെയാണെങ്കിലും ആ പത്രമൊന്ന് കൈയിൽ കിട്ടാൻ ലീഗുകാരൊക്കെ ആർത്തിയോടെ കാത്തിരുന്നു. മുസ്ലിം ലീഗുകാർ മാത്രമല്ല മുസ്ലിം വാർത്തകളും മുസ്ലിം കാഴ്ചപ്പാടുമറിയാൻ മുസ്ലിം ലീഗുകാരല്ലാത്തവരും ചന്ദ്രികയെ ആധാരമാക്കി.

ജില്ലാ ആസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട പ്രതിനിധികൾ എം. ആലികുഞ്ഞി സാഹിബ് (തിരുവനന്തപുരം), പി.എ. അബ്ദുറഹിമാൻ കുട്ടി (എറണാകുളം), പി.കെ. കുഞ്ഞി മുഹമ്മദ് (തൃശ്ശൂർ), കെ. കെ. മുഹമ്മദ് (പാലക്കാട്), ശരീഫ് മണ്ണിശ്ശേരി (മലപ്പുറം), ഇ. കെ. കെ. മുഹമ്മദ് (കണ്ണൂർ) എന്നിവരായിരുന്നു. ഇവർ ഡീലക്സ് ബസ്സുകളിലും സ്റ്റേറ്റ് ബസ്സുകളിലും അന്നന്നത്തെ വാർത്തകൾ വലിയ കവറിലാക്കി അയക്കും. കവർ അയച്ചതിന് ശേഷം കിട്ടുന്ന പ്രധാന വാർത്തകൾ പിന്നെ ഫോണിലൂടെ തരും. ഫോട്ടോ കൾ ദുർഭലമായാണ് അയച്ചു കിട്ടിയത്. ഫോട്ടോ കിട്ടിയാൽ അതിന് ബ്ലോക്കുണ്ടാക്കിച്ച് അതത് ദിവസത്തെ പത്രത്തിൽ ചേർക്കുക ദുഷ്കരമായിരുന്നു. സബ് എഡിറ്റർമാരിൽ ഒരാൾക്ക് ഫോൺ വാർത്തകൾ എഴുതിയെടുക്കലാണ് ജോലി.

തീവണ്ടിയിലാണ് പത്രക്കെട്ടുകൾ അയച്ചിരുന്നത്. കൃത്യസമയം അയച്ചില്ലെങ്കിൽ അയക്കാൻ വിഘ്നം നേരിടും. സ്വല്പം താമസിച്ചു പോയാലും തരക്കേടില്ല അവ സാനത്തെ വാർത്തയും പത്രത്തിൽ കയറി കിട്ടണമെന്ന എഡിറ്റർ വിഭാഗത്തിന്റെ താൽപര്യവും, വാർത്ത ചേർത്തില്ലെങ്കിലും ശരി കൃത്യസമയം അടിച്ചിരിക്കണമെന്ന പ്രൊഡക്ഷൻ വിഭാഗത്തിന്റെ താൽപര്യവും യോജിച്ചു കൊണ്ടു പോകാൻ സാഹസപ്പെ ടണം. പത്രം അടിക്കാനുള്ള പ്ലൈറ്റ് പ്രസ്സിൽ എത്തിയില്ലെങ്കിൽ അത് നിരീക്ഷിച്ചു കൊണ്ടി രുന്ന അസിസ്റ്റന്റ് മാനേജർ കരീം സാഹിബിനുണ്ടൊരു മേൽപോട്ടു കയറ്റം - എഡിറ്റോറി യൽ സെക്ഷനിലേക്ക്. അദ്ദേഹത്തെ മേൽപോട്ട് കയറ്റാതിരിക്കാൻ എഡിറ്റർമാർ കൊണ്ടു പിടിച്ച് ശ്രമിച്ച് കൃത്യസമയത്ത് തന്നെ പ്ലൈറ്റ് റെഡിയാക്കിക്കൊടുക്കുമായിരുന്നു.

mappilaheritagelibrary.com

ഷേർ എ കേരള

സി.എച്ച്. മുഹമ്മദ്കോയയെക്കുറിച്ച് ഒരു ലേഖനമെഴുതി കൊടുക്കാൻ തലശ്ശേരിയിലെ ഒരു പ്രസാധക കമ്പനി 1969 ൽ എന്നോട് ആവശ്യപ്പെട്ടു. ലേഖനം തയ്യാറാക്കി കൊണ്ടുചെന്നപ്പോൾ ഇത് ഒന്ന് വിപുലപ്പെടുത്തി പുസ്തകമാക്കി എഴുതിയാൽ നന്നാവുമെന്നും പ്രസിദ്ധീകരിക്കാമെന്നും അവർ പറഞ്ഞു. മാസങ്ങൾ മിനക്കെട്ടിരുന്നു. സാമാന്യം തരക്കേടില്ലാത്ത പുസ്തകമെഴുതി 'ഷേർ എ കേരള' (കേരളസിംഹം) എന്ന് അതിന് പേരും നൽകി. പക്ഷേ പ്രസാധകർക്ക് പഴയ ആവേശം കണ്ടില്ല. തണുപ്പൻ പ്രതികരണം. റോയൽറ്റി ആവശ്യപ്പെടുമെന്ന് കരുതി പരമാവധി കുറപ്പിക്കാനാണ് ഈ അടവെന്ന് പിന്നീടാണ് മനസ്സിലായത്.

പ്രതികരണം മോശമായി കണ്ട ഉടനെ കൈയ്യെഴുത്ത് പ്രതിയുമായി തിരിച്ചു പോന്നു. കോഴിക്കോട് ചന്ദ്രികയിൽ അന്ന് ജോബ് സെക്ഷനുണ്ട്. അവിടെ ചെന്ന് ഇത് അച്ചടിക്കാൻ എന്ത് ചെലവ് വരുമെന്ന് ആരാഞ്ഞു. ജോബ് സെക്ഷൻ അക്കാലത്ത് പ്രസിദ്ധീകരണ പ്രവർത്തനം കൂടി നടത്തിയിരുന്നു. മാനേജർ പാഷാസാഹിബ് കൈയ്യെഴുത്ത്പ്രതി പരിശോധിച്ച് അതിന്റെ മാർജിനിൽ 500 രൂപ എന്നെഴുതി. അന്ന് 500 രൂപ സാമാന്യം വലിയ തുകയായിരുന്നു. ഇതേ സെക്ഷനിൽ മുൻപ് പ്രവർത്തിച്ച ഗ്രീൻഹൗസ് അബ്ദുറഹിമാൻ വിവരമെങ്ങനെയോ അറിഞ്ഞ് എന്നെ തേടിയെത്തി. കൈയ്യെഴുത്ത് നോക്കിയ ഉടനെ റോയൽട്ടി 500 രൂപയിൽ കുറയില്ലേ എന്ന് ചോദിച്ചു. റോയൽറ്റിയെക്കുറിച്ച് ആദ്യമായി മനസ്സിലാക്കിയത് അന്നാണ്. കുറയില്ലെന്ന് പറഞ്ഞു. അത് പ്രകാരം കരാറുറപ്പിച്ചു. പിന്നെ സർവ്വ കാര്യവും ചെയ്തത് ഗ്രീൻഹൗസ് കമ്പനിയാണ്. പുസ്തകം അച്ചടിച്ച് ഗംഭീര പ്രകാശന കർമ്മം സംഘടിപ്പിക്കുന്നതുൾപ്പെയുള്ള കാര്യങ്ങൾ അവർ നിർവ്വഹിച്ചു.

കോഴിക്കോട് ഇംപീരിയൽ ഹോട്ടൽ ഓഡിറ്റോറിയത്തിലായിരുന്നു പ്രകാശന ചടങ്ങ്. വർഷം 1970. മൂർക്കോത്ത് കുഞ്ഞപ്പ, മുൻ മന്ത്രി പി.പി. ഉമ്മർകോയ, പി.കെ. മുഹമ്മദ് എന്നിവർ പങ്കെടുത്ത് പ്രസംഗിച്ചു. വ്യാപക പ്രസിദ്ധിയാണ് വാർത്തയ്ക്ക് ലഭി

mappilaheritagelibrary.com

ച്ചത്. മലയാള പത്രങ്ങൾ മാത്രമല്ല പി.ടി.ഐ, യു.എൻ.ഐ, റോയിട്ടർ എന്നീ വാർത്താ ഏജൻസികളും ഇത് പ്രാധാന്യപൂർവ്വം റിപ്പോർട്ട് ചെയ്തു. പുസ്തകത്തിന്റെ മേന്മ കൊണ്ടല്ല അത് പരാമർശിക്കുന്ന വ്യക്തിയുടെ മഹത്വം കൊണ്ടാണ് ഈ പ്രസിദ്ധീകരണ ബഹളമെന്ന് ചന്ദ്രിക മാനേജർ കെ.പി. മമ്മു സാഹിബ് പറഞ്ഞത് ഓർക്കുന്നു. സി.എച്ചിനെക്കുറിച്ച് ഇറങ്ങിയ ആദ്യപുസ്തകമാണിത്. സി.എച്ച് നെ സംബന്ധിച്ച പല ഗ്രന്ഥങ്ങളും പിൽക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടു. എം.സി. വടകരയുടെ സി.എച്ച് മുഹമ്മദ്കോയ (രാഷ്ട്രീയ ജീവചരിത്രം) എന്ന ബൃഹത് ഗ്രന്ഥമാണ് ഇതിൽ പ്രധാനം. എം.സി. യുടെ പുസ്തകത്തിലും സി.എച്ചിനെ സംബന്ധിച്ച ആദ്യ പുസ്തകം 'ഷേർ എ കേരള'യാണെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്.

മഹാനായ നേതാവിനെ അത്രയൊന്നും അടുത്ത് നിന്ന് കാണാതെ, ദൂരെ നിന്ന് മാത്രം കണ്ടിട്ടുള്ള അനുഭവം വെച്ച് തയ്യാറാക്കിയതാണ് 'ഷേർ എ കേരള'. അദ്ദേഹത്തെ അടുത്ത് നിന്ന് കാണുകയും ഇടപഴകുകയും ഒന്നിച്ച് ഒരു പാട് യാത്ര ചെയ്യുകയും അതിൽ നിന്ന് പല അനുഭവങ്ങൾ ഉണ്ടാവുകയും ചെയ്തപ്പോൾ പുസ്തകം നേരത്തെ എഴുതിയത് അപാകമായിപ്പോയി എന്ന് ഇപ്പോഴും തോന്നുന്നുണ്ട്.

സി.എച്ചിന്റെയും മുസ്ലിംലീഗിന്റെയും ചരിത്രത്തിൽ ഏറ്റവും മഹത്തായ മുഹൂർത്തം ഏതാണ്? സി.എച്ച്. മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത 1979 ഒക്ടോബർ 12 എന്നായിരിക്കും മിക്കവരുടെയും ഉത്തരം. ഇത് ശരിയല്ല. പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റുവിന്റെ 'ചത്തകുതിര' പ്രയോഗത്തിന് പൊന്നാനി കടപ്പുറത്തെ പൊതുയോഗത്തിൽ "അല്ല പണ്ഡിറ്റ്ജി മുസ്ലിംലീഗ് ഉറങ്ങിക്കിടക്കുന്ന സിംഹ"മാണെന്ന് മറുപടി പറഞ്ഞ 1955 ഡിസംബർ 30 എന്നതാണ് ശരിയായ ഉത്തരം. പണ്ഡിറ്റ് നെഹ്റു ഇന്ത്യയിൽ തിരുവായ്ക്ക് എതിർവായ് ഇല്ലാത്ത പ്രധാനമന്ത്രിയായിരുന്ന കാലം. ഇന്ത്യയിലും എല്ലാ സംസ്ഥാനങ്ങളിലും ഭരണം കോൺഗ്രസ്സിന്. സർവ്വതിന്റെയും കടിഞ്ഞാൺ നെഹ്റുവിന്റെ കൈയിലും. "അരനൂറ്റാണ്ടിനിടയിൽ മലയാളം കേട്ട വീര പൗരുഷമാർന്ന ശബ്ദം" എന്ന് മുൻ മുഖ്യമന്ത്രി സി. അച്യുതമേനോൻ ഉറങ്ങിക്കിടന്ന സിംഹം പ്രയോഗത്തെ പുകഴ്ത്തിയത് അത് പറഞ്ഞ കാലഘട്ടത്തിന്റെ സാഹചര്യം വിലയിരുത്തിയാണ്. സി.എച്ചിന്റെ മറുപടിക്ക് നെഹ്റുവോ, ഇന്ത്യയിലേയും കേരളത്തിലെയും കോൺഗ്രസ്സ് നേതാക്കളിൽ ആരെങ്കിലുമോ മറുപടി പറഞ്ഞിട്ടില്ല. പൊന്നാനി കടപ്പുറത്തെ പ്രസംഗം ആവേശം ഒട്ടും ചോർന്നു പോകാതെ ചന്ദ്രികയ്ക്ക് വേണ്ടി റിപ്പോർട്ട് ചെയ്തത് സബ് എഡിറ്റർ എ. എം. കുഞ്ഞിബാവയായിരുന്നു. പ്രസംഗം നേരിട്ട് കേൾക്കാത്തവർ ഈ റിപ്പോർട്ടിലൂടെ ആവേശത്തിന്റെ രോമാഞ്ചകഞ്ചുകമണിഞ്ഞു. ഈ പ്രയോഗമാണ് മുസ്ലിംലീഗിന്റെ പിൽക്കാലത്തുള്ള വളർച്ചക്രത്രയും അസ്ഥിവാരമിട്ടത്. ഒരു പക്ഷെ സി.എച്ച്. മുഖ്യമന്ത്രിയാവുന്നതിന് വരെ നിമിത്തമായത് ഈ പ്രസംഗത്തിന്റെ ഊർജ്ജമാണ്.

ഒന്നാം കേരള നിയമസഭയുടെ കണ്ടുപിടുത്തമെന്ന് സി.എച്ച്. മുഹമ്മദ്കോയയെ വിശേഷിപ്പിച്ചിട്ടുണ്ട്. അതെങ്ങിനെ? 1957 മെയ് 6ന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗ ചർച്ചയിൽ പങ്കെടുത്ത്കൊണ്ട് കേരളനിയമസഭയിൽ ചെയ്ത കന്നിപ്രസംഗം തന്നെ അവിസ്മരണീയമായി. അതിന്റെ തുടക്കം ഇങ്ങനെ; "ഇന്ന് ആ ഭാഗത്തിരിക്കുന്ന

mappilaheritagelibrary.com

ജോസഫ് മുണ്ടശ്ശേരി പ്രതിപക്ഷത്തിരുന്നപ്പോൾ രാജപ്രമുഖന്റെ നയപ്രഖ്യാപനത്തെ സംബന്ധിച്ച് പ്രസംഗിച്ചതിൽ നിന്ന് രണ്ട് വരി ഉദ്ധരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ 14 പേജിൽ അച്ചടിച്ച് അന്തസ്സില്ലാത്ത ഇംഗ്ലീഷിൽ എഴുതിയ പ്രസംഗം രാജ്യത്തോട് ചെയ്യുന്ന ജനസേവനമാണെന്ന് വിശ്വസിക്കാൻ കഴിയുകയില്ല. ഇതിന് 1000 രൂപ ശമ്പളത്തിൽ 5 മന്ത്രിമാർ വേണമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഈ അവസരത്തിൽ ഞാനതിനെ ഒന്ന് തിരുത്തിപ്പറയാൻ ആഗ്രഹിക്കുകയാണ്. 12 പേജിൽ അച്ചടിച്ചുള്ള അന്തസ്സില്ലാത്ത ഈ പ്രസംഗം അവതരിപ്പിക്കാൻ 11 മന്ത്രിമാർ ആവശ്യമുണ്ടോയെന്നും അവർ വാങ്ങുന്ന ശമ്പളം ആവശ്യമുണ്ടോയെന്നും അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഉത്തരവാദശൂന്യമായി രചനാത്മകമല്ലാത്തവിധത്തിൽ നയപ്രഖ്യാപന പ്രസംഗത്തെ വിമർശിച്ച കാര്യം കുമാരി ആയിഷാഭായിയേയും കൂട്ടരേയും ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു.” ഡെപ്യൂട്ടി സ്പീക്കർ ആയിഷാഭായിയാണ് നന്ദിപ്രമേയചർച്ച അവതരിപ്പിച്ചിരുന്നത്. അതിനാലാണ് അവരുടെ പേര് കൂടി കൂട്ടിപ്പറഞ്ഞത്. ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ മന്ത്രിയായിരുന്നതിനാൽ അദ്ദേഹത്തിന്റെ പഴയ പ്രസംഗം ആയുധമാക്കുകയും ചെയ്തു.

സി.എച്ച്. പ്രസംഗം തുടർന്നു. “സാർ, ജനങ്ങളാണ് ഞങ്ങളെ തെരഞ്ഞെടുത്ത് അയച്ചതെന്നും മറ്റാരും ജനങ്ങളുടെ പ്രതിനിധികളല്ലെന്നും ഒരു അഹന്ത ഭരണകക്ഷിയിലെ മെമ്പർമാർക്കുണ്ടെന്ന് അവരുടെ പ്രസംഗം കേട്ടപ്പോൾ തോന്നിപ്പോയി. അത്രയും അഹംഭാവം അവർക്കുണ്ടാവേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. പ്രതിപക്ഷത്തിരിക്കുന്നവരെ അവഗണിക്കത്തക്ക ഭൂരിപക്ഷം ഇന്ന് അവർക്കില്ല എന്നതാണ് പരമാർത്ഥം. കമ്മ്യൂണിസ്റ്റ് കക്ഷിയിൽ 60 പേരുണ്ട്. എതിർപക്ഷത്ത് 60 പേരുണ്ട്. അഞ്ച് സ്വതന്ത്രന്മാർ ഉള്ളതിൽ എല്ലാവരേയും കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അവകാശപ്പെടാൻ സാധ്യമല്ല. ഡോക്ടർ എ.ആർ. മേനോനും ശ്രീ. വി.ആർ. കൃഷ്ണയ്യരും പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെയും മുസ്ലിംലീഗിന്റെയും സഹായസഹകരണത്തോടെ വിജയിച്ചിട്ടുള്ളവരാണ്”. സി.എച്ചിന്റെ പ്രസംഗം സഭ സാകൂതം കേട്ടിരുന്നു. തിരുകൊച്ചി സംസ്ഥാനത്ത് പ്രധാനമന്ത്രിയായിരുന്ന പട്ടംതാണുപ്പിള്ള പ്രതിപക്ഷ നേതാവ്. ബാലറ്റ് പേപ്പറിലൂടെ ലോകത്തിൽ ആദ്യമായി അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ തലപ്പത്ത് മദിരാശി നിയമസഭ മുതൽ സമാജികനായ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് . ഇവർക്ക് രണ്ടുപേർക്കുമൊപ്പമാണ് സി.എച്ച്. മുഹമ്മദ്കോയ നിയമസഭയിൽ ഈ പ്രസംഗത്തോടെ തിളങ്ങിനിന്നത്. ഇവർ രണ്ടു പേരേക്കാളും പ്രായത്തിൽ തുലോം ഇളയതുമായിരുന്നു സി.എച്ച്. അദ്ദേഹത്തിന് അന്ന് പ്രായം മുപ്പത് മാത്രം.

പ്രഥമ പ്രസംഗത്തിൽ തന്നെ സ്വസമുദായത്തിന്റെ പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടി “മുസ്ലീങ്ങൾക്ക് അവശതകൾ ധാരാളമുണ്ട്. സർവ്വീസിൽ ശരിയായ പ്രാതിനിധ്യമില്ല. ഹൈക്കോടതിയിൽ ഒരു മുസ്ലിം ജഡ്ജിയില്ല. സർവ്വീസ് കമ്മിഷനിലെങ്കിലും എന്റെ സമുദായത്തിൽ നിന്ന് ഒരാൾ ഉണ്ടായിരുന്നെങ്കിൽ 26 ലക്ഷം ആളുകൾ ഉൾക്കൊള്ളുന്ന എന്റെ സമുദായത്തിന് ഒര സമാധാനമാകുമായിരുന്നു.” ഈ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ ഓരോന്നും ക്രമത്തിൽ പിടിച്ചു വാങ്ങാൻ സി.എച്ചിന്റെ നായകത്വത്തിലുണ്ടായിരുന്ന എട്ടംഗ മുസ്ലിം ലീഗ് നിയമസഭാ പാർട്ടിക്ക് സാധിച്ചു.

ഒന്നാം നിയമസഭയിൽ ആന്ധ്ര അരി കുഭകോണത്തെ സംബന്ധിച്ച് പ്രസംഗത്തിന്റെ

mappilaheritagelibrary.com

അവസാന ഭാഗത്ത് പറഞ്ഞത് ശ്രദ്ധിക്കുക. 'നിയമസഭയിൽ വരുന്ന ഏത് കാര്യവും ഭൂരിപക്ഷം വോട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പാസ്സാക്കി എടുക്കുവാൻ അവർക്കവ കാശം ഉണ്ടെങ്കിലും രണ്ടും രണ്ടും കൂട്ടിയാൽ അഞ്ച് ആണെന്ന് പ്രമേയം കൊണ്ടു വന്നാലും ഭൂരിപക്ഷം അംഗങ്ങൾ കൈപൊക്കാൻ ഉണ്ടെങ്കിൽ പാസ്സാക്കിയെടുക്കാൻ അവർക്കവകാശമുണ്ടെങ്കിലും രണ്ടും രണ്ടും കൂട്ടിയാൽ അഞ്ച് ആവുകയില്ലെന്ന കാര്യം മുൻപൊരിക്കൽ റൗണ്ട് ടേബിൾ കോൺഫറൻസിൽ മൗലാനാ മുഹമ്മദലി പ്രസ്താവിച്ച വസ്തുത ഓർത്തുകൊണ്ട് ഈ അവസരത്തിൽ ഞാൻ പ്രസ്താവിക്കുകയാണ്'. ഒന്നാം കേരള നിയമസഭയുടെ അന്ത്യകാലമാവുമ്പോഴേക്കും കേരളത്തിലെ ബഹുജനം സി.എച്ച്. മുഹമ്മദ് കോയയെ സമുന്നത നേതാവായി അംഗീകരിച്ചുകഴിഞ്ഞിരുന്നു. "പട്ടം ചാക്കോ സി. എച്ചേ ധീരതയോടെ നയിച്ചോളൂ" എന്ന് വിമോചന സമരകാലത്ത് മുഴങ്ങിക്കേട്ട മുദ്രാവാക്യങ്ങൾ അതിനുള്ള തെളിവാണ്.

56 വർഷം. 1927 മുതൽ 1983 വരെ മാത്രമേ ജീവിച്ചിരുന്നുള്ളുവെങ്കിലും ഈ ഹ്രസ്വ കാലയളവിൽ അദ്ദേഹം എത്താത്ത പദവികളും മേഖലകളും ചുരുക്കം. 23-ാം വയസ്സിൽ പത്രാധിപർ 30 വയസ്സിൽ എം. എൽ. എ, 33-ാം വയസ്സിൽ സ്പീക്കർ തുടർന്ന് എം.പി, മന്ത്രി, മുഖ്യമന്ത്രി, സാഹിത്യകാരൻ, ഗ്രന്ഥകാരൻ എന്നീ നിലകളിലെല്ലാം ശോഭിച്ചു. നിയമസഭാ സ്പീക്കർ ആയപ്പോൾ ഇന്ത്യയിലെ ഏറ്റവും പ്രായംകുറഞ്ഞ സ്പീക്കർ. 51-ാം വയസ്സിലാണ് മുഖ്യമന്ത്രി സ്ഥാനത്ത് എത്തിയത്. മത്സരിച്ച തെരഞ്ഞെടുപ്പുകളിൽ മുഴുവൻ വിജയിച്ചു. ജയസാധ്യതയുള്ള സ്ഥലങ്ങളിൽ മത്സരിക്കുകയായിരുന്നില്ല. അപ്രാപ്യ സ്ഥാനങ്ങൾ പാർട്ടിക്ക് വേണ്ടി പിടിച്ചടക്കാൻ തീപ്പാറും പോരാട്ടങ്ങളിൽ ഏർപ്പെടുകയായിരുന്നു. 1955 ൽ മുനിസിപ്പാലിറ്റിയിലേക്ക് പരപ്പിൽ വാർഡിൽ നിന്നുള്ള മത്സരവും 1962 ൽ കോഴിക്കോട് മണ്ഡലത്തിൽ നിന്ന് പാർലമെന്റിലേക്കുള്ള മത്സരങ്ങളും വിജയങ്ങളും ഇത് സാക്ഷ്യപ്പെടുത്തുന്നു. അധികാരം പിച്ചളപ്പിന്ന് പോലെ വലിച്ചെറിയാൻ മടിയില്ലെന്ന് സ്പീക്കർ സ്ഥാനത്ത് നിന്നുള്ള രാജിയും 72ൽ മന്ത്രിസ്ഥാനത്ത് നിന്നുള്ള രാജിയും തെളിയിച്ചു. സ്പീക്കർ പദവി രാജിവെച്ച് വന്നപ്പോൾ നാടുനീളെ നൽകിയ സ്വീകരണ പൊതുയോഗങ്ങളാണ് ലീഗിന്റെ വളർച്ചക്ക് വൻ രാസത്വരകമായി ഭവിച്ചത്.

കോയ സാഹിബിന്റെ ഭരണപാടവം അതുല്യമാണ്. ഇതെടുത്ത് കാട്ടുന്ന ധാരാളം സംഭവങ്ങൾ ഉണ്ട്. മലയാറ്റൂർ രാമകൃഷ്ണൻ കോഴിക്കോട് കലക്ടർ ആയിരുന്ന കാലത്ത് അദ്ദേഹത്തിന്റെ അനുഭവം വിവരിക്കുന്നു. വെള്ളയിൽ വർഗ്ഗീയ അസ്വാസ്ഥ്യങ്ങൾ ഉണ്ടായ സന്ദർഭം. നടക്കാവ് പോലീസ് സ്റ്റേഷനിൽ പാർലമെന്റംഗമായ സി.എച്ച്. എത്തി . സ്വന്തം പാർട്ടിക്കാരായ ക്ഷുഭിത ജനക്കൂട്ടം അദ്ദേഹത്തിന് ചുറ്റും നിൽക്കുന്നു. മറുഭാഗത്ത് എതിർ സമുദായത്തിന്റെ വക്താക്കൾ. കലക്ടർ എന്ന നിലക്ക് പ്രശ്നമെങ്ങനെ കൈകാര്യം ചെയ്യണമെന്ന് ആലോചിച്ച് നിൽക്കവെ വിഷമം മനസ്സിലാക്കിയിട്ടെന്ന പോലെ എം. പി.. യുടെ വാക്കുകൾ. കലക്ടർ ഞാനാരേയും കുറ്റപ്പെടുത്തുന്നില്ല. നിങ്ങളും പോലീസും ആവുംവിധം പ്രവർത്തിച്ചിട്ടുണ്ട്. ഇനി എനിക്കൊരു നിർദ്ദേശമാണുള്ളത്. നാളെ വെള്ളയിൽ പ്രദേശത്തിന് ചുറ്റും സമാധാന ജാഥ നടത്തണം. പരസ്പരം കുത്താനോങ്ങി നിന്നിട്ടുള്ള രോഷം, മാസ്മരിക ശക്തിയുള്ള

mappilaheritagelibrary.com

വാക്കുകൾ കേട്ട് തണുത്തു. പരസ്പരം കൈകൊടുത്തും പുഞ്ചിരിച്ചും ജനം പിരിഞ്ഞു പോയി. ഇതൊരു സാധാരണ രാഷ്ട്രീയപ്രവർത്തകനല്ലെന്ന് ബോധ്യപ്പെട്ടെന്നും മുഖ്യ മന്ത്രി പദം വരെ ഉയർന്നപ്പോൾ തന്റെ ബോധ്യത്തിന് അടിവരയിടുകയായിരുന്നെന്നും മലയാറ്റൂർ സാക്ഷ്യപ്പെടുത്തുന്നു.സി.എച്ച് തന്റെ ദൗത്യങ്ങൾ കൈകാര്യം ചെയ്യുന്ന തിൽ പാലിക്കുന്ന കുലീനതയെക്കുറിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രഥമ വൈസ് ചാൻസലർ എം.എം. ഗനി വിവരിക്കുന്നത് ഇങ്ങനെ. "എന്റെയും മന്ത്രിയുടെയും ഒരു പൊതുസുഹൃത്തിൽ നിന്ന് മന്ത്രിയോടൊപ്പം ഉച്ചഭക്ഷണത്തിന് പങ്കെടുക്കാമോ എന്ന് ആരാഞ്ഞുകൊണ്ടുള്ള കത്ത് ലഭിച്ചു. ഈ ക്ഷണം കൊണ്ട് എന്താണുദ്ദേശിച്ചതെന്നും കത്തിൽ സൂചനയുണ്ടായിരുന്നു. മറ്റൊരു വിദ്യാഭ്യാസ മന്ത്രിയായിരുന്നുവെങ്കിൽ സീൽ ചെയ്ത രണ്ട് എൻവലപ്പുകളിൽ സ്ട്രിക്ട്ലി കോൺഫിഡൻഷ്യൽ എന്ന മാർക്ക് ചെയ്ത സെക്രട്ടറിയുടെ കത്തായിരിക്കും അയച്ചിരിക്കുക. വൈസ്ചാൻസലർ സ്ഥാനത്തേക്ക് പേര് പരിഗണിക്കുന്നുണ്ടെന്നും ബയോഡാറ്റ അയച്ചിരിക്കണമെന്നും പറഞ്ഞുകൊ ണ്ടുള്ള കത്ത്. ഒരു വേള വിദ്യാഭ്യാസമന്ത്രിയെ അദ്ദേഹത്തിന്റെ ചേമ്പറിൽ വെച്ച് ഇന്ന തീയതി ഇത്ര മണിക്ക് കാണണമെന്നും ആവശ്യപ്പെട്ടിരിക്കും. എന്നാൽ സി.എച്ചിന്റെ രീതി മറ്റൊന്നാണ്. സൗഹൃദപൂർണ്ണമായ നിറ പുഞ്ചിരിയോടെ സ്വീകരിച്ചു." സംഭാഷ ണത്തിനിടക്ക് സാർ എന്നാണ് തന്നെ അഭിസംബോധന ചെയ്തിരുന്നതെന്നും വി.സി. ഓർക്കുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പ്രഥമ വൈസ് ചാൻസലറുടെ നിയമനം അങ്ങനെയാണ് നടന്നത്.

ദീർഘകാലം അധികാരത്തിലിരുന്നെങ്കിലും ഒരു ജീർണ്ണതയും ബാധിക്കാതെ അഴിമ തിയുടെ പൊടിപോലും തീണ്ടാതെ ഒരു കുറ്റവും ആർക്കും ആരോപിക്കാൻ കഴിയാതെ സി.എച്ച് സ്ഫുടമാർന്ന വ്യക്തിത്വത്തിനുടമയായി നിന്നു. വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്ത് സംസ്ഥാനത്തിന് കേന്ദ്രസഹായം നേടിയെടുക്കാൻ ഡൽഹിക്ക് പോകുന്നതിന് തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയപ്പോൾ പത്രക്കാർ ചോദിച്ചു. "സംസ്ഥാനം ആവശ്യപ്പെടുന്ന സഹായമൊക്കെ കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കാൻ കഴിയുമെന്ന് തോന്നുന്നുണ്ടോ?" രണ്ട്വരി കവിതയായിരുന്നു ഇതിനുത്തരം.

"എന്നാകിലോ ഞാനിഹ കണ്ടു പോരാം
തന്നാകിലോ ഞാനിഹ കൊണ്ടു പോരാം"

1955 ഡിസംബറിൽ ഒറ്റപ്പാലത്ത് നടന്ന സമസ്ത കേരള സാഹിത്യ പരിഷത് സമ്മേ ളനത്തിന്റെ അഞ്ചാം സെഷൻ ഉദ്ഘാടനം നിർവഹിച്ച സി.എച്ച്. അവിടെ ചെയ്ത പ്ര സംഗം സാഹിത്യലോകത്തിന്റെ ആദരങ്ങൾക്ക് പാത്രീഭവിച്ചു. അലീഗഡ് സർവ്വകലാശാല കോർട്ടിൽ കേരള വിദ്യാഭ്യാസ മന്ത്രി മുഹമ്മദ്കോയ ചെയ്ത പ്രസംഗം ചരിത്രസംഭവ മായി. വിവിധ വിദ്യാഭ്യാസ ചിന്തകരും പണ്ഡിതരും ബുദ്ധിജീവികളും ഉണ്ടായിരുന്ന സദസ്സിൽ I will start my talk in butler English എന്ന് പറഞ്ഞ് പ്രസംഗം തുടങ്ങി. ചുവരിൽ തൂങ്ങുന്ന സയ്യിദ് അഹമ്മദ്ഖാന്റെ ഫോട്ടോ ചൂണ്ടി ആ ഫക്കീറാണ് ഈ പള്ളിക്കൂടം ഒരു മുസ്ലിം സർവകലാശാലയായി സ്ഥാപിച്ചത് എന്ന് പറഞ്ഞ് നടത്തിയ പ്രസംഗം സദസ്സിനെ അക്ഷരാർത്ഥത്തിൽ രോമാഞ്ചം കൊള്ളിച്ചു. കോയ സാഹിബ് താങ്കളുടെ വാക്കുകൾ ഞങ്ങളുടെ ചെവികളെയല്ല ഹൃദയങ്ങളെയാണ് കീഴടക്കിയതെന്ന് അലീഗർ

mappilaheritagelibrary.com

വൈസ് ചാൻസലർ ഇത് സംബന്ധിച്ച് പറഞ്ഞു.

ഒന്നാം നിയമസഭയിൽ മാത്രമല്ല തുടർന്നുള്ള നിയമസഭകളിലും അതിശയകരമായ പ്രസംഗങ്ങൾ - പാണ്ഡിത്യവും നർമ്മവും ചരിത്രവും മുൻകാല നിയമസഭാ പ്രവർത്തനങ്ങളിലെ ഉദ്ധരണികളും നിരത്തിയുള്ള പ്രസംഗങ്ങൾ നടത്തി. ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ ഒരു ചർച്ചയിൽ മറുപടി പറഞ്ഞത് "ഒരു കാഞ്ഞിപോലും വലിക്കാതെ, ഒരു വെടിപോലും പൊട്ടിക്കാതെ ഒരു ലാത്തി പോലും ചുഴറ്റാതെ ഭരിച്ചാൽ കൊള്ളാമെന്നുണ്ട്.". മറ്റൊരിക്കൽ കടുത്ത വിമർശനത്തെ നേരിട്ടുകൊണ്ട് പറഞ്ഞു. "മൈക്കൽ ഒ ഡയർ" എന്ന് എന്നെ വിളിച്ചു. സർ സി.പി. എന്ന് വിളിച്ചു . ഒരവസരത്തിൽ ഞാൻ പേടിച്ചുപോയി. എന്നെ അവർ ജ്യോതിബസുവെന്ന് വിളിക്കുമോ? (ബംഗാളിൽ ആഭ്യന്തര മന്ത്രി ജ്യോതിബസുവിന്റെ കാലത്ത് 618 കൊലപാതകങ്ങളാണ് ആ വർഷം നടന്നത്.)

"പാഞ്ചാലി പറഞ്ഞത് പോലെ പതികൾ ഒന്നല്ല, രണ്ടല്ല, മൂന്നല്ല, അഞ്ചുണ്ട്." ശ്രീരാമനെ പ്രേമിക്കാൻ പോയ ശൂർപ്പണഖയെ മൂക്കും മുലയും ഛേദിച്ച് വിട്ടപോലെ, വെടിവെച്ചിടാം, ഉരു വരുമ്പോൾ കൊണ്ടുകൊള്ളും

ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് എന്ത് ഭയങ്കരൻ നമ്പൂതിരിപ്പാട് എന്ന് തോന്നിപ്പോയിട്ടുണ്ട് എന്നീ പ്രയോഗങ്ങൾ അസംബ്ലിയിൽ സന്ദർഭത്തിനൊത്ത് പലകാലങ്ങളിൽ പറഞ്ഞിട്ടുള്ളതാണ്. കോൺഗ്രസ്സും മുസ്ലിംലീഗും ശത്രുതയിലായിരുന്ന കാലത്ത് ചെയ്ത പ്രസംഗങ്ങളിലെ ചില പ്രയോഗങ്ങൾ തലയിൽ തൊപ്പിയല്ലാതെ മറ്റൊന്നുമില്ലാത്ത കോൺഗ്രസ്സ് നേതാക്കൾ, നയ കുതന്ത്രങ്ങളുടെ തറവാടായ ജന്ധർമന്തറിലെ എ.ഐ.സി.സി. ആസ്ഥാനം, ദുർഗാപൂരിന്റെ ദുർഗന്ധം വമിക്കുന്ന പ്രമേയം എന്നിവ കോൺഗ്രസ്സിനെതിരെയുള്ള പരിഹാസങ്ങളായിരുന്നു. ഇരുമ്പുലക്ക വിഴുങ്ങി ചുക്കുവെള്ളം കുടിക്കുകയാണോ എന്ന് ഒരിക്കൽ ഇ. എം. എസിനെതിരെയുള്ള പ്രസംഗത്തിൽ ചോദിച്ചു.

തലശ്ശേരി ബ്രണ്ണൻ കോളേജിലെ ഒരു ചടങ്ങിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ വിദ്യാർത്ഥികളിൽ ഒരു വിഭാഗം മുൻകൂട്ടി പരിപാടിയിട്ടതനുസരിച്ച് കൂവാൻ തുടങ്ങി. 'വിദ്യാഭ്യാസമില്ലാത്ത വിദ്യാഭ്യാസ മന്ത്രി ഗോബാക്ക്' എന്ന് മുദ്രാവാക്യം വിളിച്ചു. പ്രസംഗം തെല്ലുനേരം നിറുത്തി ശബ്ദകോലാഹലത്തിനിടയിൽ തന്നെ അദ്ദേഹം തുടർന്നു. വിദ്യ പഠിക്കാൻ എന്ന് പറഞ്ഞ് വിദ്യ ആഭാസത്തിന് വരുന്ന, നാളത്തെ തല മുറക്ക് മാതൃകയാവേണ്ടി വരുന്ന നിങ്ങളെയോർത്ത് ഞാൻ ലജ്ജിക്കുന്നു. ഈ പ്രയോഗത്തോടെ സദസ്സ് നിശ്ശബ്ദമായി. പിന്നീട് അദ്ദേഹം ചെയ്ത പ്രസംഗം മുഴുവൻ വിദ്യാർത്ഥികൾ കേട്ടു.

സി.എച്ചിനോടൊപ്പം ധാരാളം യാത്ര ചെയ്തിട്ടുണ്ട്. ഒരിക്കലും തിരക്ക് കാണിക്കാത്ത അസാമാന്യ സഹിഷ്ണുതയുള്ള വ്യക്തിയായിരുന്നു അദ്ദേഹം. പരിപാടികളിൽ അവസാനത്തെ പ്രാസംഗികനായി കാത്തിരിക്കാൻ ഒരു മടിയുമില്ല. പരിപാടിയുടെ ആരംഭത്തിൽ ആവേശത്തിരയിളക്കം സൃഷ്ടിക്കാൻ അദ്ദേഹം വേണം. ജനങ്ങൾ പോവാതിരിക്കാൻ സി.എച്ചിന്റെ പ്രസംഗം അവസാനത്തേക്ക് മാറ്റിവെക്കുകയും ചെയ്യും. ഇങ്ങനെ അദ്ദേഹം പങ്കെടുക്കുന്ന പരിപാടികളുടെ തുടക്കവും ഒടുക്കവും ഒരുപോലെ ആവേശമുള്ളതാവും. സി.എച്ചിന്റെ പ്രസംഗത്തിന് ശേഷം പിന്നെയാരും പ്രസംഗിക്കാറില്ല. ജനങ്ങൾ പിരിഞ്ഞുപോകും. കെ.സി. അബൂബക്കർ മൗലവിയുടെ പ്രസംഗം മാത്രമാണ്

mappilaheritagelibrary.com

ഇതിൽനിന്നൊഴിച്ച് നിർത്താനാവുക. സി.എച്ച്. പ്രസംഗിച്ചുകഴിഞ്ഞാലും കെ.സി. യുടെ ഫലിത പ്രസംഗം കൂടി കേൾക്കുവാൻ ജനം പിരിഞ്ഞുപോകാതെ നിൽക്കുമായിരുന്നു.

ഒരിക്കൽ ഒരു യാത്രയിൽ ഇശാ നിസ്കാരം കഴിഞ്ഞ് ഏറെ താമസിച്ചുള്ള സമയം. ഞങ്ങൾ പള്ളിയിൽ നിസ്കാരത്തിന് കയറി 'വുസു' (അംഗശുദ്ധി) എടുത്ത് ഓരോരുത്തരും വെവ്വേറെയാണ് നിസ്കരിച്ചത്. നിസ്കാരം കഴിഞ്ഞപ്പോൾ പള്ളിയുടെ ഒരു മൂലയിൽ നിന്ന് തസ്ബീഹും തഹ്ലീലും ചൊല്ലുന്നത് കേട്ടു. പള്ളിയിൽ ആരും ഉണ്ടായിരുന്നില്ലല്ലോ? ഇത് ആരാണെന്ന് ജിജ്ഞാസയോടെ നോക്കി. അത് സി.എച്ച് ആയിരുന്നു. അദ്ദേഹം വുസുവുമായാണ് യാത്ര പുറപ്പെട്ടത്. നിസ്കാരം നേരത്തെ പൂർത്തിയാക്കി, തസ്ബീഹ് ചൊല്ലുകയായിരുന്നു. യാത്രകളിൽ മിക്കവാറും വുസു എടുത്താണ് പുറപ്പെടാറ് എന്ന് പിന്നീട് മനസ്സിലാക്കി

ഒരു യാത്രയിൽ സീതി ഹാജിയോട് പറയുന്നത് കേട്ടു എന്റെ വീട്ടിലും ഒരു ഫ്രിഡ്ജ് ഉണ്ടായെന്ന്. പുതിയാപ്പിള കൊണ്ടുവന്നതാണെത്രെ. 75 കാലത്താണ് ഈ സംഭവം. അതുവരെ വീട്ടിൽ ഫ്രിഡ്ജ് പോലും ഉണ്ടായിട്ടില്ലെന്ന് പറയുമ്പോൾ എത്രമാത്രം ലളിതമായാണ് ജിവിച്ചിരുന്നതെന്ന് വ്യക്തമാകും.

ഒരിക്കൽ എടക്കരയിൽ പരിപാടിയുടെ സമീപപ്രദേശത്ത് നിന്ന് സി.എച്ച്. ചെറുതായി ഒന്ന് വഴുക്കി വീണു. തുണി മാറ്റണമായിരുന്നു. എത്രപേരാണ് തുണി വാങ്ങാൻ ഓടിയതെന്നോ? നിമിഷങ്ങൾക്കകം അര ഡസനോളം തുണികൾ അവിടെ എത്തി. ഇത് കണ്ട് സർക്കാരുദ്യോഗസ്ഥന്മാർ പരസ്പരം അദ്ഭുതം കൂറി പറഞ്ഞത് ഓർക്കുന്നു.

മാനന്തവാടിയിലേക്കുള്ള യാത്രയിൽ വൈകുന്നേരം നെടുംപൊയിൽ ടൗണിലെത്തിയപ്പോൾ കാറ് നിർത്തി.സി. എച്ചിനെ കണ്ട് ആളുകൾ ഓടിക്കൂടി. ഒരു നാരങ്ങ വാങ്ങാൻ ഡ്രൈവറോട് പറഞ്ഞു. ഇത് കേട്ട് കാറിനെ പൊതിഞ്ഞ പലരും ഓടി. നിമിഷങ്ങൾക്കകം ഒരു പാട് നാരങ്ങകൾ എത്തി.

കല്പറ്റയിലേക്കുള്ള യാത്രയിൽ കോയസാഹിബ് പറഞ്ഞു. നോമിനേഷൻ കൊടുക്കാൻ പോയപ്പോൾ അത് സ്വീകരിക്കുന്നവരിൽ മലപ്പുറത്ത് എന്നെ പരിചയമുള്ളവർ ഉണ്ടെന്ന് തോന്നുന്നു. അതുകൊണ്ടാണ് നേരത്തെ പുറപ്പെടാനായത്. തെരഞ്ഞെടുപ്പിനുള്ള നോമിനേഷൻ സമർപ്പിച്ച ശേഷമാണ് കല്പറ്റ പരിപാടിക്ക് പുറപ്പെട്ടത്. തന്നെ പരിചയമുള്ളവർ മലപ്പുറത്തുണ്ടാകുമെന്ന് ആത്മഗതം ചെയ്യുന്ന വലിയ നേതാവിന്റെ വിനയം എത്ര മഹത്തരം.

"പ്രഗത്ഭനായ ഒരു കളിക്കാരനെപ്പോലെ അദ്ദേഹം തന്റെ പാർട്ടിക്ക് വേണ്ടി കളിച്ചു. കളിസ്ഥലം ഇന്ത്യയാണെന്നും കളിക്കളത്തിലെ നിയമങ്ങൾ ഇന്ത്യനാണെന്നും എപ്പോഴും അറിഞ്ഞുകൊണ്ട്. മറ്റൊരു സി.എച്ചിനെ ചക്രവാളങ്ങളിൽ എന്നെങ്കിലും കണ്ടെത്താനാവുമോ?". മലയാറ്റൂർ രാമകൃഷ്ണന്റെ ഈ വാക്കുകൾ അനുസ്മരിക്കട്ടെ...

mappilaheritagelibrary.com

കണ്ണൂരിൽ

'ചന്ദ്രിക'യിൽ ചേർന്ന് രണ്ടു വർഷത്തിനകം 1972ൽ കണ്ണൂർ സബ് ഓഫീസിലേക്ക് സ്ഥലം മാറ്റമായി. പത്രപ്രവർത്തനത്തിന്റെ മർമ്മഭാഗമായ റിപ്പോർട്ടിങ്ങുമായി പരിചയപ്പെടാൻ ഈ മാറ്റം സഹായിച്ചു.

കോഴിക്കോട്ട് മെയിൻ ഡസ്ക്കിലും പ്രാദേശിക വാർത്ത സെക്ഷനിലും പ്രൂഫിലുമാണ് ജോലി ചെയ്തിരുന്നത്. ചന്ദ്രികയുടെ പ്രഥമ സബ് ഓഫീസാണ് കണ്ണൂരിലേത്. 1969ൽ കണ്ണൂർ ബല്ലാർഡ് റോഡിൽ, ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബാണ് ഇത് ഉദ്ഘാടനം ചെയ്തത്.

ഇ.കെ.കെ. മുഹമ്മദാണ് സബ് ഓഫീസിൽ പ്രഥമമായി ചാർജ്ജെടുത്തിരുന്നത്. അദ്ദേഹം ചന്ദ്രികയ്ക്ക് പുറമെ മുസ്ലിം ലീഗ്, എസ്. ടി. യു കാര്യങ്ങളിലും ശ്രദ്ധിക്കുകയും ലീഗിനെ പ്രതിനിധീകരിച്ചു സംസാരിക്കുകയും ചെയ്തു. ഇ. കെ. കെ യെ തുടർന്ന് കണ്ണൂരിൽ എത്തിയ പുതിയ ആളും ഇതൊക്കെ ചെയ്യണമെന്ന് മുസ്ലിം ലീഗുകാർ ആഗ്രഹിച്ചു. കണ്ണൂരിന് ടൗൺ എന്നും സിറ്റി എന്നും രണ്ട് ഭാഗങ്ങളുണ്ട്. സിറ്റിയിലാണ് ഒ.കെ. മുഹമ്മദ് കുഞ്ഞിസാഹിബും ഇ. അഹമ്മദ് സാഹിബും. അവിടെ ലീഗ് പ്രസംഗകർക്ക് ക്ഷാമമില്ല. ടൗണിലെ സ്ഥിതി അതല്ല. ഇസ്മായിൽ സാഹിബ് അന്തരിച്ചപ്പോൾ ടൗണിലെ സർവ്വകക്ഷി അനുശോചന യോഗത്തിൽ മുസ്ലിം ലീഗിനെ പ്രതിനിധീകരിച്ചു സംസാരിച്ചു. മന്ത്രി കെ.ടി ജോർജ്ജ് മരിച്ച ദിവസം വൈകുന്നേരം അനുശോചന യോഗത്തിൽ പ്രസംഗിക്കാൻ ഏൽപ്പിച്ചിരുന്നു. വൈകുന്നേരം ഒരു പത്ര സമ്മേളനത്തിലും പങ്കെടുക്കേണ്ടതുണ്ടായിരുന്നു. അന്ന് വയനാട്ടിലെ എസ്.ടി.യു. പ്രവർത്തകൻ എന്ന് പരിചയപ്പെടുത്തി ഒരു ചെറുപ്പക്കാരൻ ഓഫീസിൽ വന്നു. പ്രസംഗിക്കാറുണ്ടോ എന്ന് ചോദിച്ചപ്പോൾ 'കുറേശ്ശെ' എന്ന് ഉത്തരം. വൈകുന്നേരത്തെ യോഗത്തിൽ പ്രസംഗിക്കാനുള്ള ദൗത്യം അയാളെ ഏൽപ്പിച്ചു. പ്രസംഗം ഹൃസ്വമാണെങ്കിലും യോഗം അനുശോചനമാണെങ്കിലും കണ്ണൂർകാർക്ക് ചെറുപ്പക്കാരന്റെ പ്രസംഗം നന്നായി ഇഷ്ടപ്പെട്ടു. പിൽക്കാലത്ത് കണ്ണൂരിലെ ലീഗുകാർക്ക് സ്വന്തം ഇഷ്ട പ്രാസംഗികനായി ത്തീർന്ന ജാ

mappilaheritagelibrary.com

ഫർ അത്തോളിയായിരുന്നു ആ ചെറുപ്പക്കാരൻ. രണ്ടു വർഷത്തിനു ശേഷം കണ്ണൂർ ഓഫീസിന്റെ ചാർജ്ജിൽ അദ്ദേഹം വന്നു. മുസ്‌ലിംലീഗ് പിളർപ്പ് കാലത്ത് ഇന്ത്യൻ യൂനിയൻ ലീഗ് പക്ഷത്തെ ശക്തമായ ശബ്ദമായിരുന്നു ജാഫറിന്റേത്. മലബാറിൽ എങ്ങും ആ പ്രസംഗങ്ങൾ അക്കാലത്ത് ആവേശമായി മാറി.

കെ.പി.ആർ. ഗോപാലൻ, കാന്തലോട്ട് കുഞ്ഞമ്പു തുടങ്ങിയ നേതാക്കൾ മറ്റ് പത്ര ഓഫീസുകളിൽ കയറി ഇറങ്ങുന്ന കൂട്ടത്തിൽ ചന്ദ്രികയിലും വരുമായിരുന്നു. ഒരു ദിവസം കാന്തലോട്ട് കുഞ്ഞമ്പു എന്നോട് സംസാരിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ കുഞ്ഞമ്പുവിനെ അവഗണിച്ച് ഒരു യൂത്ത് ലീഗുകാരൻ സംസാരിക്കാൻ തുടങ്ങി. കുഞ്ഞമ്പുവാണെന്ന് പരിചയപ്പെടുത്തിയപ്പോൾ ചെറുപ്പക്കാരൻ ചാടി എഴുന്നേറ്റ് അദ്ദേഹത്തിന് കൈകൊടുത്തു. സാർ എന്റെ വീട്ടിലെ കിണറ്റിൽ നിന്നാണ് ഒളിവിലായപ്പോൾ അങ്ങയെ പോലീസ് പിടികൂടിയതെന്ന് പറഞ്ഞു. കുഞ്ഞമ്പു അത് ശരി വച്ചു. ഇടയ്ക്ക് കയറി സംസാരിച്ചതിന് യൂത്ത് ലീഗുകാരൻ ക്ഷമചോദിക്കുകയും ചെയ്തു.

ജില്ലാ മുസ്‌ലിം ലീഗിന് കണ്ണൂരിൽ ഗംഭീരമായ ഓഫീസ് കെട്ടിടം ഉണ്ടായിരുന്നു. സീതി സാഹിബ് സ്മാരക സൗധം. ഇത്ര നല്ല ഓഫീസ് കെട്ടിടം സംസ്ഥാനത്ത് അക്കാലത്ത് മറ്റ് എവിടെയും ഉണ്ടായിരുന്നില്ല. വി.പി. മുഹമൂദ് ഹാജി കാലത്ത് മുതൽ വൈകുന്നേരം വരെ ഓഫീസിൽ തന്നെയുണ്ടാവും - അദ്ദേഹവും പി.പി.വി. മൂസയും മുസ്‌ലിം ലീഗ് ജോയിന്റ് സെക്രട്ടറിമാരാണ്. സി.കെ.പി ചെറിയമ്മുകേയി ജില്ല മുസ്‌ലിം ലീഗ് സെക്രട്ടറി, ജില്ല എം.എസ്.എഫ്. പ്രസിഡണ്ട് കെ.വി. ഹാഷിം ഓഫീസ് സെക്രട്ടറി മുസ്‌ലിം ലീഗ് ഓഫീസിൽ എപ്പോഴും ആളുകളുണ്ടാകും.

ഒരു ദിവസം വി.പി. മഹമ്മൂദ് ഹാജിയുടെ അടുത്ത സുഹൃത്തും കോൺട്രാക്ടറുമായ കക്കാട്ടെ യൂസഫ് സാഹിബ് ചന്ദ്രികയിലെത്തി. നിങ്ങളുടെ ഒരാൾ സെൻട്രൽ ജയിലിൽ ഉണ്ടെന്നും ബന്ധപ്പെടാൻ ഏൽപ്പിച്ചിട്ടുണ്ടെന്നും പറഞ്ഞു. യൂസഫ് സാഹിബ് ജയിൽ കോൺട്രാക്ടർ കൂടിയാണ്. സെൻട്രൽ ജയിലിൽ കിടക്കുന്നത് മാപ്പിളനാട് പത്രാധിപർ പി.പി. കമ്മു സാഹിബ്. മുസ്‌ലിം ലീഗുകാരുടെ പ്രത്യേകിച്ച് ഏറനാടൻ മാപ്പിളമാരുടെ കരൾ തുടിപ്പായിരുന്നു അന്ന് മാപ്പിളനാട് ദൈവാരിക. മുസ്‌ലിം സമുദായത്തിനും മുസ്‌ലിം ലീഗിനുമെതിരായി ഏത് ഭാഗത്തു നിന്നുള്ള നീക്കവും ശക്തമായ വാക്കുകളിലൂടെ മാപ്പിള നാട് പ്രതിരോധിക്കും. അബു സൽമ എന്ന പേരിൽ വരുന്ന ലേഖനമാണ് മാപ്പിള നാടിൽ ഏറ്റവും ശ്രദ്ധേയം. അബു സൽമ പി.കെ മുഹമ്മദ് എന്ന മാനുവാണെന്ന് പിൽക്കാലത്ത് മനസ്സിലായി. മലപ്പുറം ജില്ല രൂപീകരണവും അങ്ങാടിപ്പുറം തളി ക്ഷേത്ര സംഭവവും ഉണ്ടായപ്പോൾ മാപ്പിള നാട് തീ തുപ്പുന്ന വാക്കുകളാൽ പ്രതിരോധം തീർത്തു.

മാപ്പിള നാടിനെ എങ്ങിനെയെങ്കിലും തളർത്തണമെന്ന് ഉദ്യോഗവൃന്ദവും സവർണ്ണ ലോബിയും ആഗ്രഹിച്ചിരുന്നു. ബംഗ്ലാദേശ് വിമോചന കാലത്ത് അവർക്ക് അതിനുള്ള അവസരം കിട്ടി. ഇന്ത്യാ ഗവൺമെന്റ് നയത്തിന് വിപരീതമായി മാപ്പിള നാട് നിലയുറപ്പിച്ചു. അത് പാക്കിസ്ഥാന്റെ ആഭ്യന്തര കാര്യമാണെന്ന നിലയ്ക്ക് മുഖപ്രസംഗമെഴുതി. ഈ സന്ദർഭത്തിൽ മുസ്‌ലിം ലീഗ് നേതൃത്വത്തിനും മാപ്പിള നാടിനെ കൈവിടേണ്ടി വന്നു. കമ്മുവിനെതിരെ പോലീസ് കേസെടുത്തു. ഒരു മോട്ടോർ സൈക്കിൾ അപ

mappilaheritagelibrary.com

കടത്തിൽ പരിക്കേറ്റ കാലിന് പ്ലാസ്റ്ററിട്ട നിലയിൽ കിടക്കുകയായിരുന്ന സമയത്ത് പോലീസ് അറസ്റ്റു ചെയ്തു സെൻട്രൽ ജയിലിലേക്ക് കൊണ്ടു പോയി. യൂസഫ് വഴി ഞാൻ മുഖാന്തിരം കമ്മുവിന് ഈ സന്ദർഭത്തിൽ പുറം ലോകവുമായി ആശയവിനിമയം നടത്താനായി. അത്യാവശ്യ വസ്തുക്കളും യൂസഫ് മുഖാന്തിരം എത്തിച്ചു കൊണ്ടിരുന്നു.

ജയിൽ സൂപ്രണ്ടുമായി അടുത്ത ബന്ധം വെക്കാൻ മറ്റൊരു വഴി കൂടി വീണു കിട്ടി. ചന്ദ്രിക മാനേജിങ് സെക്ഷനിലെ ജെ.എം. മുഹമ്മദ് കോയയുടെ അടുത്ത സുഹൃത്താണ് ജയിൽ സൂപ്രണ്ട്. ജെ.എം. രസികനും സിനിമകമ്പക്കാരനും സിനിമയിൽ അഭിനയിച്ചിട്ടുണ്ടെന്നു അവകാശപ്പെടുന്ന ആളുമാണ്. ചന്ദ്രികയിൽ ചേർന്ന ദിവസം എന്നോട് നാട് ചോദിച്ചു. നോമ്പുകാലമായതിനാൽ നാട്ടിൽ തറാവിഹ് നിസ്കാരമുണ്ടോയെന്ന് ചോദിച്ചു. ഉണ്ടെന്ന് പറഞ്ഞപ്പോൾ തറാവീഹ് നിങ്ങളുടെ നാട്ടിൽ എട്ട് റീലോ ഇരുപത് റീലോ എന്ന് ചോദിച്ചു. അങ്ങിനെ സിനിമ സ്റ്റൈലിൽ റഖഅത്തിനെ റീൽ ആക്കിയ ജെ.എം.ന്റെ സുഹൃത്താണ് ജയിൽ സൂപ്രണ്ട്. സൂപ്രണ്ടുമായി കമ്മു വിഷയത്തിൽ ബന്ധപ്പെട്ടു. ഒരു ദിവസം നമ്പർ മുൻകൂട്ടി വിളിച്ചു പറഞ്ഞ് ജയിലിലേക്ക് കാറ് അയക്കാൻ പറഞ്ഞു. കമ്മു ജയിൽ മോചിതനായി അദ്ദേഹത്തിന് നാട്ടിൽ പോകാനാണ് കാറ്. കമ്മു നാട്ടിലേക്ക് തിരിക്കും മുമ്പ് ചന്ദ്രികയിലെത്തി സൗഹൃദം പുതുക്കിയാണ് യാത്രയായത്. അപ്പോഴും കാല് പ്ലാസ്റ്ററിട്ട നിലയിലായിരുന്നു.

പാനൂരിലെ എസ്.എം. പൂക്കോയ തങ്ങൾ ചന്ദ്രിക ഓഫീസിൽ കയറി വന്നു. വിദ്യാർത്ഥിയായിരുന്നപ്പോൾ അദ്ദേഹത്തോടൊപ്പം ധാരാളം നബിദിന യോഗങ്ങളിൽ പ്രസംഗിച്ചിരുന്നു. ആ അടുപ്പം വെച്ചാണ് ചന്ദ്രികയിൽ കയറിയത്. ഗൾഫ് പണം നമ്മുടെ നാടുകളിൽ എത്തിയിട്ടില്ലാത്ത ദരിദ്രകാലത്ത് മതപ്രസംഗം നടത്തി നൂറിലധികം മദ്രസകളും പള്ളികളും നിർമ്മിച്ച മഹാനാണ് പൂക്കോയ തങ്ങൾ. മധുര വചനങ്ങളായിരിക്കും എപ്പോഴും നാവിൽ. ഓഫീസിൽ ചുവരിൽ തൂങ്ങിയ ചിത്രം കണ്ട് പറഞ്ഞു. സി.എച്ച്! രണ്ട് പേർക്കാണ് കാറിലിരുന്നാൽ ഇരുത്തം വരാതെ മുന്നോട്ട് ആഞ്ഞു കൊണ്ടിരിക്കുന്ന ശീലമുള്ളത്. സി.എച്ചിനും ഏ.കെ. കുഞ്ഞിമായൻ ഹാജിക്കും. കുഞ്ഞിമായൻ ഹാജി ചന്ദ്രിക മാനേജിംഗ് ഡയറക്ടറായിരുന്നുവെന്ന് പറഞ്ഞു കൊടുത്തപ്പോൾ തങ്ങൾക്ക് വിസ്മയം.

ചന്ദ്രികയുടെ ആധുനിക വൽക്കരണത്തിന് തുടക്കമിട്ട മാനേജിംഗ് ഡയറക്ടറാണ് കുഞ്ഞിമായൻ ഹാജി. 1942 ലാണ് അദ്ദേഹം ചന്ദ്രിക എം.ഡി ആകുന്നത്. കുഞ്ഞിമായൻ ഹാജി നാടു നീളെ സഞ്ചരിച്ച് സ്വരൂപിച്ച ഒരു ലക്ഷം രൂപ(ഇന്നത്തെ അമ്പത് കോടി മൂല്യം വരുമിതിന്)യുടെ ബലത്തിലാണ് 1946 ൽ ചന്ദ്രികയുടെ ആസ്ഥാനം തലശ്ശേരിയിൽ നിന്നു കോഴിക്കോട്ടേക്ക് മാറ്റിയത്.

ചന്ദ്രികയ്ക്ക് ആദ്യമായി റോട്ടറി പ്രസ്സ് വാങ്ങിയത് ഇദ്ദേഹമാണ്. ഈ മെഷിനിൽ അടിച്ച് പത്രത്തിന് പേജുകളിൽ ചെറു കീറലുകൾ ഉണ്ടായത് ഇദ്ദേഹത്തെ വിഷമിപ്പിച്ചു. എം.ഡി. സ്ഥാനം ഒഴിയാനുള്ള കാരണം ഈ നൈരാശ്യമാണെന്ന് പറയപ്പെട്ടിരുന്നു.

ഉഗ്രപ്രതാപിയാണെങ്കിലും ജീവനക്കാർക്ക് പ്രോത്സാഹനം നൽകുന്ന രീതിയായിരുന്നു ഹാജിയുടേത് എന്ന് പഴയ ജീവനക്കാർ ഓർക്കുന്നു. പി.കെ. മുഹമ്മദ് എന്ന

mappilaheritagelibrary.com

മാനു സബ് എഡിറ്ററായി ചേർന്ന ആദ്യകാലത്ത് ഉണ്ടായ ഒരു സംഭവം. ഹാജി ഫോൺ ചെയ്തു. മാനു അതെടുത്തു. തെരഞ്ഞെടുപ്പ് ഫലങ്ങൾ കൃത്യമായി പറഞ്ഞു കൊടുത്തു. ഞാനൊരു വിവരം പറയാം, അത് ബാഫഖി തങ്ങളെ ഫോൺ ചെയ്ത് അറിയിക്കണം. ആ വിവരം സീതി സാഹിബിനെ അറിയിക്കാൻ ബാഫഖി തങ്ങളോട് പറയണമെന്ന് പറഞ്ഞപ്പോൾ മാനു സാഹിബിന്റെ തർക്കുത്തരം. അതെന്തിനാ നിങ്ങൾ സീതി സാഹിബിനെ നേരിട്ട് വിളിച്ചാൽ പോരെ? ആരാണ് സംസാരിക്കുന്നതെന്ന് ചോദിച്ചപ്പോൾ മാനു എന്ന് ഉത്തരം നൽകി. അടുത്ത തവണ മാനേജിംങ് ഡയറക്ടർ വന്ന് മാനുവിനെ വിളിച്ചപ്പോൾ എന്തെങ്കിലും നടപടി ഉണ്ടാകുമെന്ന് എല്ലാവരും ഭയപ്പെട്ടു. എന്നാൽ അഭിനന്ദിക്കുകയാണ് ചെയ്തത്. ചെറുപ്പക്കാരായാൽ ഇങ്ങിനെ ചുറുചുറുക്കോടെ സംസാരിക്കണമെന്ന് ഉപദേശവും കൊടുത്തു. ഒരു ദിവസം പത്രം അച്ചടിക്കുന്നിടത്ത് കയറിചെന്നു. അരികെ നിൽക്കുന്നത് എം. ഡി ആണെന്ന് ജീവനക്കാർക്ക് മനസ്സിലായില്ല. അദ്ദേഹം ഒരു പത്രത്തിന് ആവശ്യപ്പെട്ടു. നൽകാഞ്ഞപ്പോൾ അന്നത്തെ വിലയായ ഒരണ എടുത്ത് കൊടുത്തു. വിലയിതാ എന്നു പറഞ്ഞപ്പോഴും പത്രം നൽകിയില്ല. പത്രം ഇവിടെ നിന്ന് വിൽക്കില്ല. ഏജന്റ് മാർ വഴിയാണ് എന്ന് പറഞ്ഞു. ആഗതൻ സ്ഥലം വിട്ടു. പിറ്റേന്ന് കാലത്ത് ഓഫീസിലെത്തി മാനേജിംങ് ഡയറക്ടറുടെ സ്ഥാനത്തിരുന്ന് പത്രം നൽകാതിരുന്ന പ്രിന്ററെ വിളിപ്പിച്ചു. അഭിനന്ദനം നൽകാനായിരുന്നു വിളിച്ചത്. അയാളുടെ കൃത്യനിഷ്ഠയ്ക്ക് പാരിതോഷികം നൽകി. അതാണ് ഏ.കെ. കുഞ്ഞിമായൻ ഹാജി.

ദീർഘകാലം ഫാറൂക്ക് കോളേജിന്റെ പ്രസിഡണ്ടായിരുന്നു ഹാജി. പ്രസിഡന്റ് സ് ഹോസ്റ്റൽ (പ്രസിഡണ്ടിന്റെ ഹോസ്റ്റൽ) അദ്ദേഹം നിർമ്മിച്ചു നൽകിയതാണ്. ഏഷ്യയിലെ ഏറ്റവും വലിയ നിറ്റിങ് വ്യവസായം പാലാപറമ്പ് ആയിഷ ഫാക്ടറിയുടെയും വളപട്ടണം വെസ്റ്റേൺ ഇന്ത്യ ഫാക്ടറിയുടെയും സ്ഥാപകനാണ്. എ.കെ. കാദർ കുട്ടി സാഹിബ് കുഞ്ഞിമായൻ ഹാജിയുടെ സഹോദരി പുത്രനും ജാമാതാവുമാണ്.

mappilaheritagelibrary.com

മുസ്‌ലിംലീഗ് പിളർപ്പ്

1974-75 കാലത്തെ മുസ്‌ലിംലീഗിലെ പിളർപ്പും 1985ലെ പുനരേകീകരണവും കേരള രാഷ്ട്രീയത്തിൽ സമാനതകളില്ലാത്ത സംഭവങ്ങളാണ്. പിളർപ്പ് ഒരിക്കലും ഉണ്ടായിട്ടില്ലെന്ന് തോന്നുംവിധം ദൃഢവും ഭദ്രവുമായ യോജിപ്പാണ് പാർട്ടി കൈവരിച്ചത്. പിളർപ്പിന് കാരണമായ അസ്വാരസ്യത്തിന്റെ ബീജം മുളച്ചത് എവിടെനിന്നാണെന്ന് കൃത്യമായി പറയാൻ കഴിയില്ല. ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ നിര്യാണത്തെതുടർന്ന് ഒഴിവ് വന്ന മഞ്ചേരി ലോകസഭാ മണ്ഡലം ഉപതെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി വിദ്യാഭ്യാസമന്ത്രി സി.എച്ചി.ന്റെ പേരാണ് ബാഫഖി തങ്ങൾ നിർദ്ദേശിച്ചത്. സി.എച്ചിനെ മന്ത്രി സ്ഥാനത്ത് നിന്ന് മാറ്റാൻ ചില ഉന്നതർ ബാഫഖി തങ്ങളിൽ ദുഃസ്വാധീനം ചെലുത്തിയാണ് ഈ തീരുമാനം എടുപ്പിച്ചതെന്ന് പാർട്ടിയിൽ ഒരു വിഭാഗം സംശയിച്ചിരുന്നു. സി.എച്ചിനെ പാർട്ടി വേദികളിൽ നിന്ന് സമർത്ഥമായി ഒഴിച്ചുനിർത്തിക്കൊണ്ടിരുന്നതും അദ്ദേഹത്തിനെതിരെ അപവാദപ്രചരണങ്ങൾ 'ഗോസിപ്പുകളായി' പുറത്തുവന്ന് കൊണ്ടിരുന്നതും ഈ സംശയത്തിന് ശക്തികൂട്ടി.

സി.കെ.പി. ചെറിയമമ്മു കേയിയും സയ്യിദ് ഉമ്മർബാഫഖി തങ്ങളുമായിരുന്നു ഇക്കാലത്ത് പാർട്ടിയുടെ അധികാര കേന്ദ്രങ്ങൾ. പാർട്ടി മുഖപത്രമായ ചന്ദ്രികയുടെ നിയന്ത്രണവും ഇവരുടെ കൈകളിൽ തന്നെ. സി.എച്ച് മന്ത്രിസ്ഥാനം ഒഴിഞ്ഞുവരുന്ന സമയങ്ങളിൽ ചന്ദ്രിക ചീഫ് എഡിറ്റർ സ്ഥാനത്തേക്ക് അദ്ദേഹത്തെ നിയമിക്കുമായിരുന്നു. സി.എച്ച്. എം. പിയായെങ്കിലും ഇത്തവണ അത് ഉണ്ടായില്ല. ഇതിനിടെ ചന്ദ്രികയിലെ കെ. കെ. മുഹമ്മദ് പ്രസിഡണ്ടും, പി.കെ മുഹമ്മദ് സെക്രട്ടറിയുമായി സ്റ്റേറ്റ് യൂത്ത്‌ലീഗിന്റെ പ്രഥമ കമ്മിറ്റി രൂപീകരിച്ചപ്പോൾ സർവ്വത്ര സ്വീകരണ യോഗങ്ങളും നടന്നു. മുസ്‌ലിംലീഗ് കോൺഗ്രസ്സ് മുന്നണിയിൽ ആണെങ്കിലും യൂത്ത് ലീഗ് സ്വീകരണങ്ങളിലൊക്കെ കോൺഗ്രസ്സ് വിരുദ്ധ പ്രസംഗങ്ങളാണ് നടന്നത്. ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് പ്രസിഡണ്ട് സേട്ടു സാഹിബിനെയും ചില യോഗങ്ങളിൽ പങ്കെടുപ്പിച്ചു. ഈ വേദികളിൽ സി.എച്ചി.നെ ബോധപൂർവ്വം ഒഴിവാക്കിക്കൊണ്ടിരുന്നു.

mappilaheritagelibrary.com

അഭിപ്രായഭിന്നതകൾ ശക്തിപ്പെട്ടുകൊണ്ടിരിക്കെ യൂത്ത്ലീഗിന്റെ സ്റ്റേറ്റ് സമ്മേളനം 1974 മെയ് മാസം കോഴിക്കോട് നടത്താൻ തീരുമാനമായി. സമ്മേളനം മാറ്റിവെക്കാൻ സ്റ്റേറ്റ് പ്രസിഡണ്ട് പാണക്കാട് പൂക്കോയ തങ്ങൾ ആവശ്യപ്പെട്ടെങ്കിലും അത് അംഗീകരിക്കപ്പെട്ടില്ല. മുസ്ലിംലീഗിലെ ചില ഉന്നത നേതാക്കളുടെ സാന്നിദ്ധ്യത്തിലും ആശീർവാദത്തോടെയും ആയിരുന്നു സ്റ്റേറ്റ് യൂത്ത്ലീഗ് സമ്മേളനം. സി.എച്ചി.നെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന പ്രസംഗങ്ങളാണ് ഏറെയും നടന്നത്. ഇത്രയുമായപ്പോൾ സ്റ്റേറ്റ് ലീഗ് പ്രസിഡണ്ട് തന്റെ പ്രത്യേക അധികാരമുപയോഗിച്ച് സ്റ്റേറ്റ് യൂത്ത് ലീഗ് കമ്മിറ്റിയെ സൂപ്പർ സീഡ് ചെയ്തു. സി.കെ. മൊയ്തു (ഒഞ്ചിയം), കെ. താഹിർകുട്ടി (പെരിന്തൽമണ്ണ) എന്നിവർ കൺവീനർമാരായി സ്റ്റേറ്റ് യൂത്ത്ലീഗ് അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചു. മുസ്ലിംലീഗിലെ ഏതാനും ഉന്നത നേതാക്കൾക്ക് ഷോകോസ് നോട്ടീസ് നൽകുകയും ചെയ്തു.

ചന്ദ്രികയിൽ ജീവനക്കാരുടെ ആനുകൂല്യങ്ങൾ ശരിയാംവിധം ലഭിക്കുന്നില്ലെന്ന പേരിൽ അമർഷം പുകഞ്ഞുതുടങ്ങിയിരുന്നു. കെ.എ. മജീദിന്റെ നേതൃത്വത്തിൽ നോൺ ജേണലിസ്റ്റ് യൂനിയൻ പ്രക്ഷോഭത്തിന് ഒരുങ്ങുന്നതായി പി.ടി.ഐ. ഏജൻസിയാണ് ആദ്യം റിപ്പോർട്ട് ചെയ്തത്. ഇത് എഡിറ്റോറിയൽ സെക്ഷനിലെ അസംതൃപ്ത വിഭാഗത്തിന് ആത്മധൈര്യം നൽകി. സയ്യിദ് ഉമ്മർ ബാഫഖി തങ്ങൾ ചന്ദ്രികയിൽ കേമ്പ് ചെയ്ത് കാര്യങ്ങൾ നിരീക്ഷിച്ചുകൊണ്ടിരുന്നു. മാനേജിംഗ് എഡിറ്റർ ടി.പി. കുട്ടിയാമു സാഹിബ് പത്രത്തിന്റെ പൂർണ്ണ അധികാരമുള്ള ചുമതലക്കാരനുമാണ്. സീനിയർ എഡിറ്റർമാരായ പി.എം. അബൂബക്കർ, പി.കെ. മുഹമ്മദ്, കെ.പി. കുഞ്ഞുമൂസ, കെ.കെ. മുഹമ്മദ് എന്നിവർ മാനേജ്മെന്റിനോട് കൃത്യമായി കൂറുപുലർത്തുന്നവരായിരുന്നു. സി.എച്ച് നോട് ആഭിമുഖ്യമുള്ളവർ വാർത്തകൾ അയച്ചാൽ അത് വെളിച്ചം കാണില്ലെന്ന് ലേഖകന്മാർ ഭയപ്പെട്ടിരുന്നു. തന്നോട് ആഭിമുഖ്യമുള്ള എഡിറ്റർമാരുടെ പേരുകൾ നൽകി അവരുടെ വിലാസത്തിൽ വാർത്തകൾ അയക്കാൻ സി.എച്ച്. നിർദ്ദേശം നൽകി. മാനേജ്മെന്റ് ആഭിമുഖ്യമുള്ള എഡിറ്റർമാരെ അനർഹമായി പ്രമോട്ട്ചെയ്തുകൊണ്ടുള്ള ഒരു ലിസ്റ്റ് അതിനിടക്ക് രൂപം കൊണ്ടു. പി.എം. അബൂബക്കർ പ്രസിഡണ്ടും കെ.പി. കുഞ്ഞുമൂസ സെക്രട്ടറിയുമായുള്ള ജേണലിസ്റ്റ് യൂനിയന് ബദലായി കെ. പി. സി. കെ അലി പ്രസിഡണ്ടും സി.കെ. താനൂർ സെക്രട്ടറിയുമായുള്ള യൂനിയൻ രൂപം കൊണ്ടു. ഈ യൂനിയൻ ഉയർത്തിയ പ്രതിഷേധം മൂലം അനർഹമായ പ്രമോഷൻ ലിസ്റ്റ് റദ്ദായി.

പാണക്കാട് പൂക്കോയ തങ്ങൾ ഇടങ്കോലിടുന്നു എന്ന നിലയിൽ മേനേജിംഗ് എഡിറ്ററുടേതായി ചന്ദ്രികയിൽ വന്ന കുറിപ്പാണ് സംഗതികൾ ആകെ കീഴ്മേൽ മറിച്ചത്. പിരിഞ്ഞുപോകുമ്പോൾ ആവശ്യപ്പെട്ട ആനുകൂല്യം നൽകാത്തതിന്റെ പേരിൽ കുട്ടിയാമുസാഹിബിനോട് നീരസമുണ്ടായിരുന്ന ഒരു ഡസ്ക് ചീഫാണ് പെട്ടിക്കോളത്തിൽ ഒന്നാം പേജിൽ പ്രാധാന്യപൂർവ്വം ഈ കുറിപ്പ് നൽകിയിരുന്നതെന്നത് മറ്റൊരു സത്യം. താൻ വിചാരിച്ചതിലധികം പ്രാധാന്യത്തോടെ കുറിപ്പ് വന്നതിൽ മാനേജിംഗ് എഡിറ്റർ സന്തുഷ്ടനായിരുന്നു. ഡസ്ക് ചീഫ് കൊടുത്ത പണി ശരിക്കും ഫലിച്ചു. മലപ്പുറത്തെ ലീഗ് അണികൾ ഒന്നടങ്കം കുട്ടിയാമു സാഹിബിനെതിരെയും മാനേജ്മെന്റിന് എതിരെയും രോഷാകുലരായി. ചന്ദ്രികയുടെ കൈവശാവകാശം നഷ്ടപ്പെടാതിരിക്കാൻ

mappilaheritagelibrary.com

അഖിലേന്ത്യാ ലീഗ്പക്ഷം എ.വി. അബ്ദുറഹിമാൻ ഹാജിയുടെ ആൾക്കാരെ മേപ്പയ്യൂരിൽ നിന്നിറക്കി കാവൽക്കാരായി നിർത്തിയിരുന്നു. അവരെ തുരത്തി മലപ്പുറത്ത് നിന്നുള്ള സംഘം കാവൽക്കാരായി സാഥാനമുറപ്പിച്ചു. പി.പി. കമ്മുവിന്റെ നേതൃത്വത്തിൽ ഉള്ള വരായിരുന്നു ഈ സംഘം. മലപ്പുറം ജില്ല ലീഗ് സമ്മേളനം നടക്കുമ്പോൾ അതിൽ പ ങ്കെടുക്കാൻ ആവാതെ ചന്ദ്രികയ്ക്ക് കാവൽ നിൽക്കേണ്ടി വന്നവരുണ്ട്. പി.വി. മുഹമ്മദ് (അരീക്കോട്) ഉൾപ്പെടെയുള്ളവർ ഇതിൽപെടുന്നു.

മലപ്പുറം ജില്ലാസമ്മേളനം രണ്ട് സവിശേഷതകളാൽ ശ്രദ്ധേയമായി. അതുവരെ ഏത് പക്ഷത്തെന്ന ഉറച്ച നിലപാടെടുക്കാത്ത സേട്ടുസാഹിബ് ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് പക്ഷത്തെന്ന നിലപാട് കൈക്കൊണ്ടത് ഈ സമ്മേളനത്തോടെയായിരു ന്നു. സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടിയിരുന്ന പാണക്കാട് പൂക്കോയ തങ്ങൾ രോഗബാധിതനായി കിടപ്പിലായിരുന്നു. ആശുപത്രിയിലായിരുന്നു. മുഹമ്മദലി ശിഹാബ് തങ്ങൾ ലീഗിന്റെ നേതൃത്വത്തിൽ വരുന്നത് ഈ ഘട്ടത്തിലാണ്. അൽ അസ്ഹർ പഠനം കഴിഞ്ഞ് തിരിച്ചെത്തിയ ശിഹാബ് തങ്ങൾ നേരത്തെ ഏറനാട് താലൂക്ക് ലീഗ് പ്രസി ഡണ്ട് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. മലപ്പുറം സമ്മേളനത്തിന്റെ തുടക്കം കുറിക്കവെ സി.എച്ച്. മുഹമ്മദ്കോയ വേദിയിലെത്തി അനൗൺസ് ചെയ്തു. "ഈ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കേണ്ട പാണക്കാട് പൂക്കോയതങ്ങൾ അസുഖമായി കിടപ്പിലായത് കൊണ്ട് അദ്ദേഹത്തിന്റെ അഭാവത്തിൽ പുത്രൻ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ ഈ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കും." തക്ബീർ ധ്വനികളോടെ ജനലക്ഷങ്ങൾ അത് സ്വീകരിച്ചു. രണ്ട് പേരെയാണ് ഈ സന്ദർഭത്തിൽ ഈ മനുഷ്യ പാരാവാരം അംഗീകരിച്ചത്. ശിഹാബ് തങ്ങളെയും, പി.കെ. കുഞ്ഞാലിക്കുട്ടിയെയും. രണ്ട് താരോദയങ്ങൾ ഇവിടെ ഒന്നിച്ച് നടക്കുകയായിരുന്നു. എം.എസ്.എഫ്. സ്റ്റേറ്റ് ഖജാൻജിയായിരുന്ന കുഞ്ഞാലിക്കുട്ടി അപ്പോൾ കോളേജ് പഠനം പൂർത്തിയാക്കിയതേ ഉണ്ടായിരുന്നുള്ളു. ജ്യേഷ്ഠൻ ഹൈദർ ഹാജിയായിരുന്നു അതുവരെ ആ പ്രദേശത്ത് അറിയപ്പെട്ട മുസ്ലിംലീഗ് നേതാവ്.

മിക്ക ജില്ലകളിലും ഐ.യു.എം എല്ലിന്റെ ജില്ലാ സമ്മേളനങ്ങൾ നടന്നു. അഖി ലേന്ത്യാ ലീഗും പ്രവർത്തനത്തിൽ ശക്തി കാട്ടി. അപ്പോൾ മദ്ധ്യസ്ഥന്മാർ രംഗത്തെത്തി. മുസ്ലിംലീഗ് സമുദായത്തിനും നാട്ടിനും അത്യാവശ്യമാണെന്നും അതിൽ ഭിന്നിപ്പു ണ്ടായിക്കൂടെന്നും മനസ്സിലാക്കിയ സമുദായത്തിലെ പ്രഗദ്ഭൻമാരായിരുന്നു മാദ്ധ്യസ്ഥ സംഘം. എ.കെ. കാദർകുട്ടി സാഹിബും, കെ.എസ്. അബ്ദുള്ളയും, സാലെ മുഹമ്മദ് സേട്ടും അടങ്ങുന്ന ഈ സംഘത്തിന് ഇബ്രാഹിം സുലൈമാൻ സേട്ട്, ജി.എം. ബനാത് വാലാ, എ.കെ.എ അബ്ദുസ്സമദ് സാഹിബ്, ഖാജാമുഹ്യദ്ദീൻ എന്നിവർ പിന്തുണ നൽകി. കോഴിക്കോട് കല്പക ടൂറിസ്റ്റ് ഹോമിലാണ് അനുരഞ്ജന സംഭാഷണം നടന്നത്.

മൂന്ന് പകലും രണ്ട് രാവും കല്പക ടുറിസ്റ്റ് ഹോമിൽ നടത്തിയ മാരത്തോൺ ചർച്ച യിൽ മൂന്നാം ദിവസം സന്ധ്യയായിട്ടും വെളുത്തപുക ഉയർന്നില്ല. പൂക്കോയ തങ്ങൾ വ്രണിത ഹൃദയനായിരുന്നു. തന്നോട് ധിക്കാരം കാട്ടിയതിന് ക്ഷമാപണം നടത്തണമെന്ന് അദ്ദേഹം ഉറച്ചുനിന്നു. അതിന് മറുപക്ഷം തയ്യാറാകാത്തപ്പോൾ തങ്ങൾ ഇറങ്ങിപ്പോയി. അതോടെ ചർച്ച തകർന്നു എന്ന വാർത്ത വ്യാപകമായി . ചാത്തമംഗലത്ത് ഒരു പള്ളി

mappilaheritagelibrary.com

ഉദ്ഘാടനത്തിനാണ് തങ്ങൾ പോയത്. മാദ്ധ്യസ്ഥ സംഘം അവിടെ പോയി തങ്ങളെ കണ്ടു. മറുപക്ഷം ക്ഷമാപണത്തിന് തയ്യാറാണെന്നറിയിച്ച് കോഴിക്കോട്ടേക്ക് കൂട്ടിവന്നു. കോഴിക്കോട് ഗസ്റ്റ് ഹൗസായിരുന്ന തുടർന്നുള്ള ചർച്ചാവേദി. ഇരുപക്ഷ നേതാക്കളും അനുയായികളും ആ പാതിരാവിൽ ഗസ്റ്റ് ഹൗസ് ലക്ഷ്യമാക്കി ഓടി.

1974 ജൂൺ 14. ഗസ്റ്റ് ഹൗസിൽ അനുരഞ്ജന പ്രഖ്യാപനം നടക്കുമെന്ന് ലേറ്റ് ഷിഫ്റ്റിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന എനിക്ക് വിവരം കിട്ടി. റിപ്പോർട്ടർമാർ ആരും സ്ഥലത്തുണ്ടായിരുന്നില്ല. അടുത്ത എഡിഷൻ പത്രമടിക്കുന്നത് നിർത്തിവെക്കാൻ നിർദ്ദേശം നൽകിക്കൊണ്ട് ഗസ്റ്റ് ഹൗസിൽ എത്തിയപ്പോൾ പത്രസമ്മേളനം ആരംഭിക്കുകയായിരുന്നു. എ.കെ. ഖാദർകുട്ടി സാഹിബിന്റെ സ്റ്റെനോയും പത്രപ്രവർത്തകനുമായ ഭരതൻ ഇംഗ്ലീഷിൽ ടൈപ്പ് ചെയ്ത മാദ്ധ്യസ്ഥ നിർദ്ദേശങ്ങൾ ബനാത് വാലയാണ് വായിച്ചത്. ക്ഷമാപണം നടത്തിയതിനെ തുടർന്ന് മാദ്ധ്യസ്ഥ ശ്രമം വിജയകരമായി നടന്നു എന്ന് ആമുഖമായി പറഞ്ഞു. അതിന് ശേഷമാണ് നിർദ്ദേശങ്ങൾ വായിച്ചത്. അപ്രകാരമുള്ള വാർത്തയോടെ അവസാന എഡിഷൻ പത്രം പ്രസിദ്ധീകരിച്ചു. പത്രമടിക്കുമ്പോഴേക്കും നേരം പുലർന്നിരുന്നു.

രാവിലെ 10 മണിയോടെ പ്രമുഖ നേതാവായ ഡയരക്ടറുടെ ഫോൺ. നിങ്ങൾ കുഴപ്പമുണ്ടാക്കുകയാണോ എന്ന് രോഷത്തോടെ ചോദിച്ചു. സത്യം മാത്രമാണ് കൊടുത്തതെന്നും നേരിട്ട് റിപ്പോർട്ട് എടുത്തതാണെന്നും ദൃഢസ്വരത്തിൽ പറഞ്ഞു. അപ്പോൾ അയഞ്ഞു, സ്വരത്തിൽ മാറ്റം വന്നു. മാദ്ധ്യസ്ഥ രേഖയിലെ കാര്യങ്ങൾ മുഴുവൻ പരിഭാഷപ്പെടുത്തി അടുത്ത പത്രത്തിൽ കൊടുക്കാൻ നിർദ്ദേശിച്ചു. എന്റെ ധൈര്യം ചോർന്നു പോയിരുന്നു. പരിഭാഷപ്പെടുത്തിത്തരാൻ കെ.പി.സി.കെ. അലി സാഹിബിനോട് അപേക്ഷിച്ചു. പരിഭാഷ മാനേജിംഗ് എഡിറ്ററെ നേരിട്ട് ഏൽപ്പിച്ചു. ഉന്നതങ്ങളിൽ നിന്ന് ലഭിച്ച നിർദ്ദേശപ്രകാരം അതിൽ തിരുത്തലുകൾ നടത്തിയാണ് ഫസ്റ്റ് എഡിഷൻ അച്ചടിച്ചുവന്നത്. ഖിന്നനായ ഞാൻ പത്രാധിപർ വി.സി.യോട് പരാതി പറഞ്ഞു. അദ്ദേഹം മേനേജിംഗ് എഡിറ്റർ വരുത്തിയ മാറ്റങ്ങൾ തിരുത്തി യഥാർത്ഥ പരിഭാഷ സെക്കന്റ് എഡിഷൻ മുതൽകൊടുത്തു. ഈ സംഭവമാണ് ഐ.യു.എം.എൽ പക്ഷത്തുറച്ചു നിൽക്കാൻ എനിക്ക് പ്രചോദനമായത്.

പൂക്കോയതങ്ങളുടെ മരണത്തെതുടർന്ന് ശിഹാബ് തങ്ങളെ 1975 സെപ്തംബർ ഒന്നിനു സ്റ്റേറ്റ്ലീഗ് പ്രസിഡണ്ടായി തെരഞ്ഞെടുത്തപ്പോൾ അദ്ദേഹത്തെക്കുറിച്ച് ഞാൻ എഴുതിയ ലേഖനം എഡിറ്റോറിയൽ പേജിൽ കൊടുത്തു. പേജിൽവെച്ച പ്രസ്തുത ലേഖനം ഒരു സീനിയർ എഡിറ്റർ എടുത്തുമാറ്റി. "അദ്ദേഹം താൽക്കാലിക പ്രസിഡണ്ട് മാത്രമാണ്, ലേഖനമൊന്നും കൊടുക്കേണ്ടതില്ലെന്നായിരുന്നു" ഇതിന് പറഞ്ഞ ന്യായം. പ്രസ്തുത പേജിന്റെ ചാർജ്ജ് എനിക്കായിരുന്നു. എഡിറ്റർ വി.സി. അബൂബക്കർ സാഹിബിനോട് പരാതി പറഞ്ഞു. അദ്ദേഹം പ്രസ്തുത പേജിൽ എടുത്തുമാറ്റിയ സ്ഥാനത്ത് തന്നെ ലേഖനം വെപ്പിച്ചു. ശിഹാബ് തങ്ങളെക്കുറിച്ച് ആദ്യമായി വന്ന ലേഖനം ഇതാണ്.

പുതിയ പ്രസിഡണ്ടിന്റെ ആർജ്ജവം തെളിയിക്കുന്ന ഒരു സംഭവം സ്ഥാനമേറ്റ ആദ്യനാളുകളിൽതന്നെയുണ്ടായി. പാർട്ടിയുടെ ഉന്നത നേതാക്കൾ ചേർന്ന് തയ്യാറാക്കിയ പ്രസ്താവന തങ്ങളുടെ പേരിൽ നൽകാൻ നേതാക്കൾ തന്നു. പത്രമടിക്കാൻ

mappilaheritagelibrary.com

നേരത്ത് കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ നിന്നും തങ്ങളുടെ ഫോൺ "എന്റെ പേരിൽ എന്തെങ്കിലും പ്രസ്താവന വരുന്നുണ്ടെങ്കിൽ അതെടുത്ത് മാറ്റണം." നിർദ്ദേശപ്രകാരം ചെയ്തു. രാത്രി ഒരു മണിയോടെ തങ്ങളുടെ കാർ ചന്ദ്രികയിൽ നിന്ന് കുറച്ചകലെ ചന്ദ്രാഹോട്ടലിന്റെ അരികിൽ നിർത്തി എന്നെ വിളിക്കാൻ ആളെ വിട്ടു. പ്രസ്താവന എടുത്ത് മാറ്റിയ ശേഷം ആരെങ്കിലും എന്തെങ്കിലും പറഞ്ഞോ എന്ന് ചോദിച്ചു. "പ്രസ്താവനയോടല്ല എതിർപ്പ്, എന്റെ പേരിൽ ഞാനറിയാതെ ഒരു കാര്യവും വരാൻ പാടില്ല എന്നതാണ് കാര്യ"മെന്ന് വിശദീകരിച്ച് തന്നു.

mappilaheritagelibrary.com

ഐക്യം വീണ്ടും അകലെ

1974 ജൂൺ 14 – കോഴിക്കോട് ഗസ്റ്റ് ഹൗസിലെ മുസ്‌ലിം ലീഗ് മാധ്യസ്ഥ നിർദ്ദേശ മനുസരിച്ച് പി. സീതി ഹാജി, കെ.എസ്. സുലൈമാൻ ഹാജി, ഇബ്രാഹിം സുലൈമാൻ സേട്ട് എന്നിവരെ കൂടി ചന്ദ്രിക ഡയറക്ടർമാരാക്കി. സി.എച്ച്. മുഹമ്മദ് കോയയുടെ ചീഫ് എഡിറ്റർ പദവി പുന:സ്ഥാപിക്കപ്പെട്ടു. പുറമേക്ക് എല്ലാം ശാന്തമാണെങ്കിലും ഉള്ളിൽ ഉമിത്തീ എരിഞ്ഞു കൊണ്ടിരുന്നു. ആദ്യ പേജിൽ ചീഫ് എഡിറ്റർ സി.എച്ച് മുഹമ്മദ് കോയ എന്ന് അച്ചടിച്ച പത്രത്തിന്റെ അകം പേജിൽ മൂഴുക്കെ സി.എച്ച് വിമർശ നങ്ങൾ നിറഞ്ഞു. വിമർശന ലേഖനങ്ങൾ എഡിറ്റർമാർ തന്നെ പുറത്തുള്ള പലരുടേയും പേരുകളിൽ എഴുതുകയായിരുന്നു. ശകാരവർഷം ചൊരിയാൻ ചിലർ ചന്ദ്രികയിലേക്ക് ഫോൺ ചെയ്യുമായിരുന്നു.

ഇങ്ങനെയുള്ള ദിവസങ്ങളിലൊന്നിൽ 1975 ൽ ഏപ്രിൽ 1 ന് അതിരാവിലെ വന്ന ടെലി ഫോൺ സി.എച്ച് നേരിട്ടെടുത്തു ചന്ദ്രികയ്ക്ക് മുന്നിലൂടെ ഓടുന്ന ബസ്സിൽ കയറിപ്പോയ സംഭവമുണ്ടായി. തരുവണയിലെ സി.എച്ച്. മൊയ്തു മെഡിക്കൽ കോളേജ് ആശുപത്രി യിൽ മരിച്ചുവെന്നായിരുന്നു ഫോൺ സന്ദേശം. ഇത് വ്യാജമായിരിക്കാം. ഏപ്രിൽ ഒന്ന് ആയത് കൊണ്ട് കളിപ്പിക്കാൻ വിളിച്ചതുമാവാം എന്ന് ഞങ്ങൾ കരുതി. ചന്ദ്രികയിൽ നിന്ന് കുറച്ചു പേർ മെഡിക്കൽ കോളേജിലേക്ക് പുറപ്പെട്ടു. അവരെത്തുമ്പോഴെക്കും തരുവണയിൽ നിന്ന് സി.എച്ച്. മൊയ്തുവിന്റെ ആൾക്കാരും എത്തിച്ചേർന്നിരുന്നു. ഇതിനകം ആശുപത്രിയിൽ അടയ്ക്കാനുള്ള പണവുമടച്ച് സി.എച്ച്. മയ്യത്ത് ഏറ്റുവാങ്ങി കഴിഞ്ഞിരുന്നു. കൈയിൽ കാശില്ലാത്തതിനാൽ ചുവടെ ഇറങ്ങി ഒരു ഹോട്ടൽകാര നോട് കടം വാങ്ങുകയായിരുന്നു. മരണപ്പെട്ട മൊയ്തു ചന്ദ്രികയുടെ തരുവണ ലേഖ കനും മുസ്‌ലിം ലീഗിന്റെ പഴയകാല പ്രവർത്തകനുമായിരുന്നു. മാനന്തവാടിയിലെ ലീഗ് ഓഫീസായ സി.എച്ച്. മൊയ്തു സ്മാരക സൗധം ഇദ്ദേഹത്തിന്റെ പേരിലുള്ളതാണ്.

ക്രമത്തിൽ ഇരുവിഭാഗവും ചന്ദ്രിക പിടിച്ചെടുക്കാനുള്ള നീക്കങ്ങൾ ആരംഭി ച്ചു. ഷയർ ഹോൾഡർമാരുടെ യോഗം വിളിച്ചു കൂട്ടി അഖിലേന്ത്യാ ലീഗ് പക്ഷത്തെ

mappilaheritagelibrary.com

സി.കെ.പി. ചെറിയ മമ്മുകേയി, വി.പി. മഹമൂദ് ഹാജി, എം.കെ. ഹാജി എന്നീ ഡയറക്ടർമാരെ പുറത്താക്കി. അപ്പോൾ സ്വന്തമായി മുഖപത്രം തുടങ്ങാൻ ഇവർ തീരുമാനിച്ചു. 'ലീഗ് ടൈംസ്' തുടങ്ങി. ചന്ദ്രികയിലെ കെ.കെ. മുഹമ്മദ്, പി.കെ. മുഹമ്മദ്, കെ.പി. കുഞ്ഞിമൂസ എന്നിവർ രാജിവെച്ച് ലീഗ് ടൈംസിലേക്ക് പോയി. കെ.കെ. മുഹമ്മദായിരുന്നു ലീഗ് ടൈംസ് എഡിറ്റർ. അടിയന്തിരാവസ്ഥ കാലത്ത് ചെറിയ മമ്മുകേയി, വി.പി. മഹമൂദ് ഹാജി, പി.എം. അബൂബക്കർ, സയ്യിദ് ഉമ്മർ ബാഫഖി തങ്ങൾ, സി.എച്ച്. ഇബ്രാഹിം ഹാജി എന്നിവരെ അറസ്റ്റ് ചെയ്തപ്പോൾ സെൻസർഷിപ്പ് നിലവിലുള്ളത് കൊണ്ട് വാർത്ത നൽകുവാൻ കഴിയുമായിരുന്നില്ല. ഈ സാഹചര്യത്തിൽ ഇവരുടെ ഫോട്ടോ ലീഗ് ടൈംസിൽ കൊടുത്ത് പേര് മാത്രമെഴുതി വാർത്തയെഴുതാതെ ഇവരുടെ പരിപാടികൾ മാറ്റി വെച്ചു എന്ന് സന്ദേശം നൽകുവാൻ പര്യാപ്തമായ പത്രപ്രവർത്തക സാമർത്ഥ്യം പ്രകടമാക്കിയത് മാധ്യമരംഗത്ത് പുകഴ്ത്തപ്പെട്ട കാര്യമായി.

പരസ്പരവിദ്വേഷം സർവ്വ സീമകളും ലംഘിച്ച് ആളിപ്പടർന്നു. എതിർ വിഭാഗത്തിന്റെ യോഗം കൈയേറലും അക്രമണം നടത്തലിലും വരെ അതെത്തി. നാദാപുരം ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ കോട്ടയാണ്. തൊട്ടടുത്ത തലശ്ശേരി അഖിലേന്ത്യാ ലീഗിന്റെ ശക്തിദുർഗ്ഗവും. ഒരിടത്ത് യോഗം സംഘടിപ്പിച്ചാൽ സ്റ്റേറ്റിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും പാർട്ടിക്കാർ എത്തുമായിരുന്നു. നാദാപുരത്ത് അഖിലേന്ത്യ ലീഗിന്റെ യോഗം വെച്ചത് ഈ ബലത്തിലാണ്. യോഗ ദിവസം നാദാപുരം ടൗണിലാകെയും പരിസരപ്രദേശങ്ങളിലും പരക്കെ കറുപ്പ് കൊടികൾ ഉയർന്നു. സ്റ്റേജിൽ പോലും മറു വിഭാഗം കരിങ്കൊടികൾ നാട്ടുകയും കറുത്ത തുണി കൊണ്ട് പുതപ്പിക്കുകയും ചെയ്തു. യോഗത്തിന് ദൂരസ്ഥലങ്ങളിൽ നിന്നെത്തിയവർ ഇത് തന്നെയാണോ യോഗ സ്ഥലം എന്ന് പോലും സംശയിച്ചു.

കാസർക്കോട് ജില്ലയിൽ ഇബ്രാഹിം സുലൈമാൻ സേട്ടിന്റെ പ്രയാണത്തിനും പരിപാടിക്കുമാണ് മറുവിഭാഗം ഉപരോധം തീർത്തത്. സേട്ടു സാഹിബിന്റെ വാഹന വ്യൂഹം ഓരോ ഇഞ്ചും വളരെ വിഷമിച്ചാണ് നീങ്ങിയത്. ചെർക്കളം കഴിഞ്ഞ് കുറച്ച് നീങ്ങിയപ്പോൾ അവിടെ കറുപ്പ് കൊടികളുമായി കുറേ ആളുകൾ നിൽക്കുന്നത് കണ്ടു. സേട്ടു സാഹിബിനൊപ്പം ഞങ്ങൾ സഞ്ചരിച്ച കാറിൽ നിന്ന് ഒരാൾ ചാടിയിറങ്ങി. കൂടി നിൽക്കുന്നവരുടെ ഇടയിലേക്ക് ചെന്നു. ഉടൻ വെടിയൊച്ച കേട്ടു. വെടി ആകാശത്തേക്കാണ് വെച്ചതെന്നും, ഇറങ്ങിയ ആൾ ആ പ്രദേശക്കാരനാണെന്നും മനസ്സിലായി. സേട്ടു സാഹിബിന്റെ വാഹനത്തിനു നേരെ വെടിവെച്ചു എന്ന റിപ്പോർട്ട് കൊടുക്കട്ടെയെന്ന് ഞാൻ ചോദിച്ചു. "പാടില്ല, പാടില്ല, അത് പ്രശ്നം കൂടുതൽ വഷളാക്കുമെന്ന്" സേട്ടു സാഹിബ് പറഞ്ഞു. രംഗങ്ങൾ കണ്ട് കാറിലുണ്ടായിരുന്ന ഞങ്ങൾ ഭയപ്പെട്ടെങ്കിലും സേട്ടു സാഹിബിന് ഒരു പരിഭ്രമവും ഉണ്ടായില്ല. ഉത്തരേന്ത്യൻ കലാപങ്ങൾ കണ്ട് പരിചയിച്ച അദ്ദേഹത്തിനു ഇതെല്ലാം ചെറുസംഭവങ്ങളായി തോന്നിയിരിക്കാം. 'അഹമ്മദ് വേണമായിരുന്നു' എന്ന കൊച്ചു തമാശയാണ് അദ്ദേഹം പറഞ്ഞത്. ഇ. അഹമ്മദ് ഈ രംഗങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്ന് കാണാൻ സേട്ടു സാഹിബ് ഉള്ളാലെ കൗതുകപ്പെടുകയായിരുന്നു. ഒടുവിൽ പൊതുയോഗം നടക്കുന്ന കുമ്പളയിൽ എത്തി. നേതാക്കൾ സ്റ്റേജിൽ കയറിയിരുന്നിട്ടും സ്റ്റേജിലേക്ക് അടക്കം മിനുട്ടുകളോളം കല്ലേറു

mappilaheritagelibrary.com

കൾ ഉണ്ടായി. പുരയുടെ മേൽക്കൂരകളിൽ നിന്നു പോലും ഓട്ടിൻ കഷ്ണങ്ങൾ ചീറി വന്നു. ടി.എ ഇബ്രാഹിം സാഹിബ് കസേരയിൽ നിന്നിറങ്ങി തറയിൽ മുഖത്ത് കൈയും കൊടുത്ത് ഇരുന്നത് ഓർക്കുന്നു. ക്രമത്തിൽ കല്ലേറ് ശാന്തമായി. സേട്ടു സാഹിബ് ആവേശപൂർവ്വം പ്രസംഗിച്ചു. വിഘടിച്ചവർ വിട്ടു പോയി കൊള്ളട്ടെ എന്ന് പറഞ്ഞ പ്പോൾ പരിഭാഷ ചെയ്ത ഞാൻ അതിനെ കുറച്ചു കൂടി കൊഴുപ്പിച്ച് വിഘടിതന്മാരെ സംബന്ധിച്ചിടത്തോളം പോണാൽ പോകട്ടും പോടാ എന്നതാണ് നയമെന്ന് പരിഭാഷ പ്പെടുത്തിയപ്പോൾ നീണ്ട കരഘോഷവും വിസിലടിയും ഉണ്ടായി. കല്ലേറും എതിർപ്പും സഹിക്കേണ്ടി വന്ന ജനം അവരോട് അങ്ങേയറ്റം രോഷത്തിലായിരുന്നുവല്ലോ.

കണ്ണൂർ സിറ്റിയിൽ അഖിലേന്ത്യാ ലീഗ് സമ്മേളനത്തിൽ മറുപക്ഷം വ്യാപക ആക്ര മണങ്ങൾ അഴിച്ചു വിട്ടു. കല്ലേറും പോലീസ് ലാത്തി ചാർജ്ജും നടന്നു. സി.എച്ചിനെ തെറിവിളിച്ച് മുദ്രാവാക്യമുയർന്നപ്പോൾ പോലീസ് ലാത്തി വീശുകയായിരുന്നു. കേയി സാഹിബിനെ അധിക്ഷേപിക്കാനായി കടല വിൽപ്പനക്കാരാണെന്ന ഭാവത്തിൽ ചിലർ 'കടലക്കേയി' എന്നാദ്യവും കള്ളക്കേയി കള്ളക്കേയി എന്ന് പിന്നെയും വിളിച്ചു കൂവി. നേതാക്കളെ വ്യക്തിഹത്യ ചെയ്യലാണല്ലോ എതിർ പക്ഷത്തിന്റെ എക്കാലത്തെയും രീതി. സി.എച്ചിനെതിരെ സ്വഭാവഹത്യയുണ്ടായപ്പോൾ കേയി തലശ്ശേരി ഫണ്ട് കട്ടുവെന്ന് മറു പക്ഷം വ്യാപക പ്രചരണം നടത്തി. കള്ളക്കേയി, കള്ളക്കേയി എന്ന് വിളിച്ചു കൂവുന്ന വിവരമറിഞ്ഞ് ഒ.കെ. മുഹമ്മദ്കുഞ്ഞി പാഞ്ഞെത്തി കുഴപ്പക്കാരെ ആട്ടിയോടിച്ചു.

mappilaheritagelibrary.com

തെരഞ്ഞെടുപ്പ് ജയം അസാധുവാക്കിയ പുളിക്കൽ പ്രസംഗം

1977 മാർച്ചിലെ പൊതുതെരഞ്ഞെടുപ്പ് കേരളത്തിൽ വർദ്ധിതവീര്യത്തോടെയാണ് അഖിലേന്ത്യാ ലീഗും ഇടതു പക്ഷവും നേരിട്ടത്. ഇന്ത്യയിൽ മുഴുക്കെ കോൺഗ്രസ്സ് വിരുദ്ധ വികാരവും അടിയന്തിരാവസ്ഥ നടപ്പാക്കിയ ഇന്ദിരാഗാന്ധിയോടുള്ള വൈരാഗ്യവും ആളിപ്പടരുന്ന സന്ദർഭം മുതലാക്കി വൻവിജയം കൊയ്തെടുക്കാമെന്ന് കേരളത്തിലെ ഇടതുപക്ഷ മുന്നണി കണക്കു കൂട്ടി. ഇബ്രാഹിം സുലൈമാൻ സേട്ടിനെയും സി.എച്ച് മുഹമ്മദ് കോയയെയും തോൽപ്പിക്കുക അഖിലേന്ത്യ ലീഗ് ലക്ഷ്യമാക്കി. മഞ്ചേരി പാർലമെന്റ് മണ്ഡലത്തിൽ സേട്ടു സാഹിബിനെ അഖിലേന്ത്യ ലീഗ് സ്ഥാനാർത്ഥി ബി.എം. ഹുസൈനും, മലപ്പുറം നിയമസഭാ മണ്ഡലത്തിൽ സി.എച്ചിനെ പ്രമുഖ സയ്യിദ് കുടുംബത്തിലെ അംഗമായ ടി.കെ.എസ്. മുത്തുക്കോയ തങ്ങളും നേരിട്ടു. ഇന്ത്യയിലെ മറ്റെല്ലാ സ്റ്റേറ്റുകളിലും കോൺഗ്രസ്സ് പരാജയപ്പെട്ടപ്പോൾ കേരളത്തിൽ കോൺഗ്രസ്സ് മുന്നണി വിജയിച്ചു. സേട്ടു സാഹിബും സി.എച്ചും. തകർപ്പൻ വിജയമാണ് നേടിയത്. അഖിലേന്ത്യാ ലീഗ് പക്ഷത്തിന്റെ വാശി കെട്ടടങ്ങിയില്ല. അവർ തെരഞ്ഞെടുപ്പ് കേസ്സുമായി കോടതി കയറി.

ജനപ്രാതിനിധ്യ നിയമത്തിൽ 123/3A എന്നൊരു വകുപ്പുണ്ട്. 'ഏതെങ്കിലും മതങ്ങളോ, ജാതികളോ, വിഭാഗങ്ങളോ തമ്മിലോ, അല്ലെങ്കിൽ ഭാഷയുടെ പേരിലോ ജനവിഭാഗങ്ങൾ തമ്മിൽ ശത്രുതയോ, പകയോ വളർത്തുന്നതോ, അതിനെ പ്രോത്സാഹിപ്പിക്കുന്നതോ, ആയ രീതിയിൽ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയോ, അദ്ദേഹത്തിന്റെ ഏജന്റോ അല്ലെങ്കിൽ അവരുടെ സമ്മതപ്രകാരമോ ആരെങ്കിലും പ്രചരണം നടത്തുകയാണെങ്കിൽ തെരഞ്ഞെടുപ്പ് അഴിമതിയിൽ ഉൾപ്പെടുന്നതാണ് ' എന്നതാണ് ഈ വകുപ്പ്. 123/3A വകുപ്പനുസരിച്ച് സേട്ട് തെരഞ്ഞെടുപ്പ് അഴിമതി നടത്തിയെന്ന് ചൂണ്ടികാട്ടി മഞ്ചേരി പാർലമെന്റ് മണ്ഡലത്തിലെ ഒരു വോട്ടറും, മലപ്പുറം ജില്ലാ അഖിലേന്ത്യാ ലീഗ് ജോയിന്റ് സെക്രട്ടറിയുമായ എം.സി. മുഹമ്മദ് കേസ് ഫയൽ ചെയ്തു. മുസ്ലിംകളുടെ

mappilaheritagelibrary.com

മതവികാരം ഇളക്കി വിട്ട് വോട്ട് തട്ടിയെടുക്കാൻ സേട്ടു ശ്രമിച്ചിട്ടുണ്ടെന്നും അത് തെരഞ്ഞെടുപ്പ് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും ഹരജിക്കാരൻ ബോധിപ്പിച്ചു. തെരഞ്ഞെടുപ്പ് കാലത്ത് ചന്ദ്രികയിൽ മുസ്‌ലിം സമുദായത്തിന്റെ മതവികാരം എതിരാളികൾക്കെതിരെ ഇളക്കി വിടുന്ന വിധം ലേഖനങ്ങളും വാർത്തകളും നേതാക്കളുടെ പ്രസംഗങ്ങളും വന്നുകൊണ്ടിരുന്നുവെന്നും തെളിവുകളായി ഹാജരാക്കി.

1977 മാർച്ച് 17-ന് സ്ഥാനാർത്ഥി കൂടിയായ ഇബ്രാഹിം സുലൈമാൻ സേട്ട് മലപ്പുറം ജില്ലയിലെ പുളിക്കലിൽ ചെയ്ത പ്രസംഗമാണ് പ്രധാനപ്പെട്ട തെളിവായി ഹരജിക്കാരന്റെ വക്കീൽ ഉയർത്തികാട്ടിയത്. "ഉത്തരേന്ത്യയിൽ പലയിടത്തും, തലശ്ശേരിയിലും മുസ്‌ലിം ജന സാമാന്യത്തെ കൊന്നൊടുക്കുകയും അവരുടെ പരിപാവനമായ പള്ളികൾ അഗ്നിക്കിരയാക്കുകയും ചെയ്ത ജനസംഘത്തെ സഹായിക്കുന്ന വിമത ലീഗുകാർക്ക് സമുദായത്തിന്റെ പേരിൽ വോട്ടു ചോദിക്കാൻ അവകാശമില്ല" എന്ന് സേട്ടു പ്രസംഗിച്ചതായി വാദിഭാഗം വക്കീൽ മാത്യു സക്കറിയ ബോധിപ്പിച്ചു. വാദം അംഗീകരിച്ച ഹൈക്കോടതി ജഡ്ജി എൻ.ഡി.പി. നമ്പൂതിരിപ്പാട് സേട്ടു സാഹിബിന്റെ തെരഞ്ഞെടുപ്പ് അസാധുവാക്കികൊണ്ട് വിധി പ്രസ്താവിച്ചു. പുളിക്കലിൽ സേട്ടു ചെയ്ത പ്രസംഗം ചന്ദ്രികയുടെ സബ് എഡിറ്റർ കൂടിയായ ടി.സി. മുഹമ്മദാണ് പരിഭാഷപ്പെടുത്തിയതെന്നും ടി.സി. മുഹമ്മദ് നല്ലൊരു പരിഭാഷകനാണെന്നും പത്രാധിപർ വി.സി. അബൂബക്കർ മൊഴി നൽകിയിട്ടുണ്ടെന്നും വിധി ന്യായത്തിൽ പ്രത്യേകം എടുത്തു പറഞ്ഞു. യഥാർത്ഥത്തിൽ പ്രസംഗത്തിൽ നിന്ന് ഏതാനും ഭാഗങ്ങൾ അടർത്തിയെടുത്താണ് കോടതി മുൻപാകെ ഹാജരാക്കിയിരുന്നത്. അത് കോടതിയും വ്യംഗ്യമായി അംഗീകരിക്കുകയായിരുന്നു.

"സേട്ടുവിന്റെ കോടതിക്ക് ലഭിച്ച പ്രസംഗം അപൂർണ്ണമായിരിക്കാം. പ്രസംഗത്തിന്റെ പൂർണ്ണ രൂപം സത്യവാങ്മലം സമർപ്പിച്ചപ്പോൾ എതിർകക്ഷിക്ക് ഹാജരാക്കാമായിരുന്നു. എതിർകക്ഷിയെ കോടതിയിൽ വിസ്തരിച്ചപ്പോഴെങ്കിലും പൂർണ്ണരൂപം ഹാജരാക്കാൻ ആവശ്യപ്പെടാമായിരുന്നുവെന്നും" വിധി ന്യായത്തിൽ പ്രസ്താവിച്ചു. സേട്ടു സാഹിബിന് സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കാൻ 30 ദിവസം ഹൈക്കോടതി അനുവദിച്ചു. ഈ കാലയളവിൽ പാർലമെന്റിൽ പോകാം, ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ, വോട്ടവകാശമോ ഉണ്ടായിരിക്കില്ല.

അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ സി.എച്ചിനെതിരെയും ഇത് പോലുള്ള ഇതേ കോടതിയുടെ വിധി ഉണ്ടായി. ചന്ദ്രികയിൽ വന്ന ലേഖനങ്ങളും വാർത്തകളും കാർട്ടൂണുകളുമാണ് തെരഞ്ഞെടുപ്പ് അസാധുവാക്കാൻ കാരണമായി കാട്ടിയത്. പന്നിയിറച്ചി തിന്നാൻ നൽകുന്നതായി വന്ന കാർട്ടൂൺ ആണ് വിധിക്ക് കാരണമാക്കിയത്. പന്നിയിറച്ചി മുസ്‌ലിംകൾക്ക് നിഷിദ്ധമാണ്. മാർക്സിസ്റ്റ് ബന്ധം പന്നിയിറച്ചി തിന്നുന്നതിന് സമമാണെന്ന ധ്വനിയുള്ള കാർട്ടൂൺ മതവികാരം ഇളക്കി വിടാൻ പര്യാപ്തമായതാണെന്നും വിധിയിൽ ചൂണ്ടിക്കാട്ടി. സി.എച്ച് മുഹമ്മദ് കോയ ചീഫ് എഡിറ്ററാണ്. അത് കൊണ്ട് ചന്ദ്രികയിൽ വരുന്ന കാര്യങ്ങൾക്ക് ഒക്കെ അദ്ദേഹം ഉത്തരവാദിയാണെന്നായിരുന്നു വിധി പ്രസ്താവം. റഹിം മേച്ചേരിയുടെ ഒരു ലേഖനം ഇതിൽ പ്രത്യേകം പരാമർശിക്കപ്പെട്ടു. തൽസമയം സി.എച്ച് മന്ത്രിയായിരുന്നു. അദ്ദേഹം രാജിവെച്ച് തിരിച്ച് പോന്നു. ഇതിന്റെ പേരിൽ സി.എച്ചിന് നമ്മളോട് വെറുപ്പ് കാണുമോ എന്ന് മേച്ചേരി ഒരു ദിവസം

mappilaheritagelibrary.com

എന്നോട് ആശങ്കപ്പെട്ടു. പക്ഷെ അങ്ങനെയൊന്നും ഉണ്ടായില്ല. ഏജൻസി സെ ക്ഷനി ലിരിക്കുന്ന സി.എച്ചിനെ കണ്ടു, "നമ്മുടെ സ്ഥാനം പോയില്ലേ സാരമില്ല തിരിച്ചു വരും" എന്ന് തമാശ പറഞ്ഞ് പ്രസിദ്ധമായ അദ്ദേഹത്തിന്റെ ടൺ ബില്ല്യൻ ഡോളർ ചിരി പ ാസാക്കി. ഞാൻ മേച്ചേരിയോട് ഇത് പറഞ്ഞപ്പോൾ അദ്ദേഹത്തിനും സമാധാനമായി.

സേട്ടു സാഹിബിനും സി.എച്ചിനും സുപ്രീം കോടതിയിൽ കേസ്സ് വാദിക്കാൻ പ്രശസ്ത അഭിഭാഷകൻ എഫ്.എസ്. നരിമാനെയാണ് ഏർപ്പാടാക്കിയത്. ഈ കേസ്സ് എറ്റെടുത്ത ദിവസം മുതൽ അദ്ദേഹം ലീഗുകാർക്കിടയിലെ ഹീറോ ആയി. നാലു ലീ ഗുകാർ കൂടുന്നിടൊത്തൊക്കെ നരിമാനായിരുന്നു സംസാരവിഷയം. ഒരു ദിവസം ലീഗ് പരിപാടികൾ കഴിഞ്ഞ് ഞങ്ങൾ ഒരു സംഘം കൊയിലാണ്ടിയിൽ പി.വി. മുഹമ്മദിന്റെ വീട്ടിൽ ഉറങ്ങാൻ എത്തി. പി.വി. ചോദിച്ചു. നിങ്ങൾക്ക് നരിമാൻ കേസ്സ് വാദിക്കുന്നത് എങ്ങിനെയെന്ന് കാണണോ? അത് കാട്ടിത്തരാൻ ആ പ്രദേശത്തുകാരനായ ഒരു ചെറു പ്പക്കാരൻ മുറിയിലേക്ക് കടന്നു വന്നു. ക്രുദ്ധനായ നരി എതിരാളിയോട് പോരാടുന്നത് പോലെ ചാടിയും മുക്രയിട്ടും ഇരമ്പിയും, കടിച്ചു കീറി തെറിപ്പിച്ചും ഒടുവിൽ ജയിച്ചു നിൽക്കുന്ന രംഗം നല്ലൊരു മോണോ ആക്ട് കലാകാരന്റെ തന്മയത്തത്തോടെ കാട്ടി ത്തന്നത് ഇന്നും രസത്തോടെ ഓർക്കുന്നു.

നരിമാൻ കേസ്സ് വാദിച്ചു ജയിച്ചു. സേട്ടു സാഹിബും സി.എച്ചും പൂർവ്വസ്ഥാനങ്ങ ളിൽ അവരോധിതരാവുകയും ചെയ്തു.

mappilaheritagelibrary.com

സ്പീക്കേർസ് ഫോറം

1975 ജൂൺ മുതൽ 1977 മാർച്ച് വരെ ഇന്ത്യയിൽ അടിയന്തരാവസ്ഥ നില നിന്ന കറുത്ത കാലമാണ്. അടിയന്തരാവസ്ഥയിലേക്ക് നയിച്ച കാരണങ്ങളും അതിലെ ഭീകരതയും പുതിയ തലമുറയ്ക്ക് അജ്ഞാതമായിരിക്കും. 1971 മുതൽ കോൺഗ്രസ്സ് ഭരണത്തിനും ഇന്ദിരാഗാന്ധിക്കുമെതിരെയുള്ള പ്രക്ഷോഭങ്ങൾ ജയപ്രകാശ് നാരായണൻ മൊറാർജി ദേശായി, ജോർജ്ജ് ഫെർണ്ണാണ്ടസ് എന്നിവരുടെ നേതൃത്വത്തിൽ നടന്നുവ ന്നിരുന്നു. 71ലെ തെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധി ജയിച്ചെങ്കിലും എതിർ സ്ഥാനാർത്ഥി രാജ് നാരായണൻ നൽകിയ തെരഞ്ഞെടുപ്പ് ഹരജിയിന്മേൽ അലഹബാദ് ഹൈക്കോട തി ഇന്ദിരയുടെ തെരഞ്ഞെടുപ്പ് അസാധുവാക്കി വിധി പ്രസ്താവിച്ചു. 6 കൊല്ലത്തേക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് വിലക്കും കോടതി ഏർപ്പെടുത്തി. ഇതിനെതിരെ പ്രധാനമന്ത്രി സുപ്രീംകോടതിയിൽ പോയെങ്കിലും സ്റ്റേ ലഭിച്ചില്ല. പ്രധാനമന്ത്രി സ്ഥാനം ഒഴിയേണ്ടതില്ല. എന്നാൽ പാർലമെന്റിലെ വോട്ടെടുപ്പിൽ പങ്കെടുക്കാൻ പാടില്ലെന്ന് സുപ്രീംകോടതി വിധിച്ചു. ഇതിനെ തുടർന്ന് രാജ്യത്തുടനീളം വൻ പ്രക്ഷോഭങ്ങൾ നട ന്നു. ഈ സാഹചര്യത്തിലാണ് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥക്ക് ശു പാർശ ചെയ്തത്. രാഷ്ട്രപതി ഫക്രൂദ്ദീൻ അലി അഹമ്മദ് അടിയന്തരാവസ്ഥ ഔദ്യോ ഗികമായി പ്രഖ്യാപിച്ചു. ആയിരക്കണക്കിന് നേതാക്കളും പ്രക്ഷോഭകരും ജയിലിലായി.

കേരളത്തിൽ നിന്ന് അഖ്യലേന്ത്യാ ലീഗ് നേതാക്കളായ സി.കെ.പി. ചെറിയ മമ്മു ക്കേയി, പി.എം. അബൂബക്കർ, സി.എച്ച്. ഇബ്രാഹിം ഹാജി , സയ്യിദ് ഉമ്മർ ബാഫഖി തങ്ങൾ, വി.പി. മഹമ്മൂദ് ഹാജി തുടങ്ങിയവരേയും അറസ്റ്റ് ചെയ്തിരുന്നു. അഖിലേന്ത്യാ ലീഗിന് ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗിനോടുള്ള വൈരാഗ്യബുദ്ധി വർദ്ധിക്കുന്നതിന് ഇത് കാരണമാക്കി. ഡൽഹിയിൽ മുസ്ലിംങ്ങൾ തിങ്ങി പാർക്കുന്ന തുർക്കുമാൻ ഗേറ്റ് പ്രദേശത്ത് നഗര പരിഷ്ക്കരണത്തിന്റെ പേരിൽ മുസ്ലിം വാസസ്ഥലങ്ങളും കെട്ടിട ങ്ങളും ബുൾഡോസർ ഉപയോഗിച്ച് തകർത്ത് നിരപ്പാക്കിയിരുന്നു. ക്രൗൺ പ്രിൻസ് (കിരീടവകാശി) എന്ന് അക്കാലത്ത് വിളിച്ചിരുന്ന സഞ്ജയ്ഗാന്ധിയാണ് ഇതിനൊക്കെ നേതൃത്വം നൽകിയതെന്ന് പ്രചാരണമുണ്ടായി. ഉത്തരേന്ത്യയിൽ ധാരാളം നിർബന്ധ

mappilaheritagelibrary.com

വന്ധീകരണങ്ങളും നടന്നിരുന്നു. കേരളത്തിൽ മുസ്‌ലിംലീഗ് കോൺഗ്രസ്സ് ഉൾപ്പെടുന്ന മുന്നണിയിൽ ആകയാൽ അടിയന്തിരാവസ്ഥക്ക് മുസ്‌ലിംലീഗിനെ കുറ്റപ്പെടുത്താനാണ് മറുപക്ഷം തയ്യാറായത്. അടിയന്തരാവസ്ഥ പിൻവലിച്ചതോടെ അഖിലേന്ത്യാലീഗിന്റെ ആക്രമണത്തിന് ശക്തി വർദ്ധിക്കുകയും മുസ്‌ലിംലീഗ്കാർക്ക് മറുപടി പറയാൻ കഴിയാത്ത അവസ്ഥ സംജാതമാവുകയും ചെയ്തു. അടിയന്തരാവസ്ഥയിലെ അതിക്രമങ്ങൾ ഒന്നൊന്നായി വന്നുതുടങ്ങിയതോടെ അതിനെ അനുകൂലിച്ച മുസ്‌ലിംലീഗിന്റെ ന്യായീകരണങ്ങൾക്ക് ബലം കുറഞ്ഞുവന്നു. ഈ സന്ദിഗ്ദ്ധ ഘട്ടത്തിലാണ് മുസ്‌ലിം ലീഗ് പ്രസംഗകർക്ക് പരിശീലനക്കളരി എന്ന ലക്ഷ്യത്തോടെ 'യംഗ് ലീഗ് സ്പീക്കേർസ് ഫോറം' രൂപം കൊള്ളുന്നത്.

ശത്രുക്കൾ പ്രചരിപ്പിക്കും പോലെ മുസ്‌ലിംലീഗ് അടിയന്തരാവസ്ഥയെ അനുകൂലിച്ചിട്ടില്ലെന്നും അതിലെ അത്യാചാരങ്ങൾക്ക് കൂട്ട് നിന്നിട്ടില്ലെന്നും മുസ്‌ലിംലീഗിലെ യുവ പ്രാസംഗികരിൽ ചിലർക്ക് ധാരണയുണ്ടായിരുന്നു. ഈ സത്യം ഗുരുമുഖത്ത് നിന്ന് തന്നെ കേൾക്കണമെന്ന് അവർ ആഗ്രഹിച്ചു. പ്രാസംഗികന്മാർ വിഷയമവതരിപ്പിക്കുമ്പോൾ ഐക്യരൂപമുണ്ടാവുന്നതിനും നിയമസഭയിലും പാർലമെന്റിലും അവതരിപ്പിക്കുന്ന ബില്ലുകൾ ആനുകാലിക രാഷ്ട്രീയ സംഭവങ്ങൾ എന്നിവയിൽ ഗ്രാഹ്യത നേടാനും ഒരു വേദിയുണ്ടായിരിക്കണമെന്ന് ഇവരാഗ്രഹിച്ചു. എം.സി. വടകര, റഹീം മേച്ചേരി, പി. കുഞ്ഞിമുഹമ്മദ് (പൊന്നാനി), കൊളത്തൂർ ടി. മുഹമ്മദ് മൗലവി, പി.വി. കെ ഇബ്രാഹിം മാസ്റ്റർ തുടങ്ങിയവരായിരുന്നു സ്പീക്കേർസ് ഫോറം എന്ന ആശയത്തിന് മുന്നിൽ നിന്ന് പ്രവർത്തിച്ചത്. 1977 ഏപ്രിൽ 26ന് കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് യംഗ് സ്പീക്കേർസ് ഫോറം എന്ന സംഘടന പിറന്നു. ടി.സി. മുഹമ്മദ് (ചെയർമാൻ) ജാഫർ അത്തോളി (സെക്രട്ടറി) അഷ്റഫ് പള്ളിക്കണ്ടം (ഖജാൻജി) പി.വി. അബ്ദുള്ളക്കോയ (വൈ.ചെയർമാൻ) എന്നിവരായിരുന്നു ഭാരവാഹികൾ.

സ്പീക്കേർസ് ഫോറത്തിന് ഔദ്യോഗിക അംഗീകാരം നേടാൻ ജാഫർ അത്തോളിയോടൊപ്പം പാണക്കാട്ടേക്ക് പോയി. ഇടയിൽ കയറി ആരെങ്കിലും തെറ്റിദ്ധാരണ ഉണ്ടാക്കുന്നത് തടയാനാണ് പെട്ടെന്ന് പോയത്. രാത്രി വളരെ വൈകിയെത്തി. പാണക്കാട് കൊടപ്പനക്കലെ ബെഞ്ചിൽ കിടന്നുറങ്ങി. കാലത്ത് തങ്ങളുടെ 'സെക്രട്ടറി' പാണക്കാട് അഹമ്മദ് ഹാജി എത്തിയപ്പോൾ സമാധാനമായി. വിവരങ്ങൾ അദ്ദേഹത്തോട് പറഞ്ഞു. ശുഭസൂചകമായിരുന്നു മറുപടി. അവിസ്മരണീയമായ വ്യക്തിത്വമാണ് അഹമ്മദ്ഹാജി. അദ്ദേഹം പാണക്കാട്ടെ കുടുംബാംഗമല്ല. എന്നാൽ അറിയപ്പെടുന്നത് പാണക്കാട്ട് അഹമ്മദ്ഹാജി എന്നാണ്. പൂക്കോയതങ്ങളുമായി കുട്ടിക്കാലം മുതലുള്ള ബന്ധം. ഇരുവരും ഒന്നിച്ചാണ് സ്കൂളിൽ പോയിരുന്നത്. സ്കൂൾ വിട്ടാൽ അഹമ്മദ് വീട്ടിൽ ഓടിപ്പോയി പുസ്തകങ്ങൾ അവിടെ വലിച്ചെറിഞ്ഞ് പാണക്കാട്ട് എത്തും. പഠിച്ച് ഉദ്യോഗം നേടി. റജിസ്ട്രേഷൻ വകുപ്പിൽ ക്ലാർക്കായി കുറച്ച് കാലം ഉദ്യോഗത്തിലിരുന്നു. പിന്നെ ജോലി ഉപേക്ഷിച്ച് കൊടപ്പനക്കലേക്ക് പോന്നു. തന്റെ ആത്മമിത്രമായ പൂക്കോയതങ്ങളെ പൊതുപ്രവർത്തനങ്ങളിൽ സഹായിക്കാൻ.

അഹമ്മദ് ഹാജി ഞങ്ങളോട് കൊച്ചു കൊച്ചു വർത്തമാനങ്ങൾ പറഞ്ഞു. അതിനിടക്ക് ലീഗ് പ്രസിഡണ്ടിനെ തേടി മുഖ്യമന്ത്രിയുടെ ഫോൺ. അഹമ്മദ് ഹാജി

mappilaheritagelibrary.com

ഫോണെടുത്ത് അല്പം കഴിഞ്ഞ് വിളിക്കാൻ മറുപടി കൊടുത്തു. എന്നിട്ട് ഞങ്ങളോട് പറഞ്ഞു "സ്റ്റേറ്റ് ലീഗ് പ്രസിഡണ്ട് ഓടിച്ചെന്നൊന്നും ഫോൺ എടുക്കേണ്ടതില്ല". സ്വല്പം കഴിഞ്ഞ് ശിഹാബ് തങ്ങൾ എത്തി കസേരയിൽ ഉപവിഷ്ടനായി. അപ്പോൾ അഹമ്മദ്ഹാജി പറഞ്ഞു. 'കോയമോനെ, ടി.സി.യും ജാഫറും ഒരു നല്ല കാര്യത്തിന് അനുമതിക്ക് വന്നതാണ്. അവർക്കനുമതി നൽകി ചായയും കൊടുത്ത് വിടണം." തങ്ങൾ സന്തോഷത്തോടെ അനുമതിയും അനുഗ്രഹവും നൽകി.

(പൂക്കോയതങ്ങളുടെ ആത്മമിത്രമായ അഹമ്മദ് ഹാജിയോട് കൊടപ്പനക്കൽ കുടുംബം ഏറെ ആദരവും സ്നേഹവും കാട്ടി. ഒടുവിൽ ഹൃദ്രോഗ ബാധയെത്തുടർന്ന് രാത്രി വളരെ വൈകി ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകവെ മുഹമ്മദലി ശിഹാബ് തങ്ങളുടെ മടിയിൽ കിടന്നാണ് അഹമ്മദ് ഹാജി അന്ത്യശ്വാസം വലിച്ചത്.)

പി.വി. മുഹമ്മദ് അരീക്കോട്, എസ്. പി. കുഞ്ഞഹമ്മദ് പേരാമ്പ്ര, പി. അബ്ദുൽ ഹമീദ് പെരിന്തൽമണ്ണ, സി.പി.എ. ശുക്കൂർ മമ്പാട്, സി. മുഹമ്മദ് മദനി മലപ്പുറം, പി. മുഹമ്മദ് കുഞ്ഞിമാസ്റ്റർ കാഞ്ഞങ്ങാട്, നവാസ് പൂനൂർ, ടി. ഹംസ മാവൂർ, ആറ്റക്കോയ പള്ളിക്കണ്ടി തുടങ്ങി സി.വി.എം വാണിമേൽ വരേയുള്ള 60 സജീവ അംഗങ്ങൾ സ്പീക്കേർസ് ഫോറത്തിൽ അണി നിരന്നു. അതിനിടക്ക് പി.എ. റഷീദ് മലപ്പുറത്ത് വെച്ച് സി.എച്ചിനെ കണ്ടപ്പോൾ കണ്ട ഉടനെ സി.എച്ചിന്റെ നിർദ്ദേശം "പോയി സ്പീക്കേർസ് ഫോറത്തിൽ ചേരൂ" എന്നായിരുന്നു. സി.എച്ചിന്റെ ഈ താൽപര്യം അറിഞ്ഞപ്പോൾ ഞങ്ങൾ കൂടുതൽ ആവേശഭരിതരായി.

ഒരു ദിവസം ഒരു നേതാവ് മാത്രം ക്ലാസ്സെടുക്കുക അത് ചർച്ചകളിലൂടെ പകൽ മുഴുവൻ നീണ്ടതായിരിക്കുക എന്നതാണ് ഫോറം ആവിഷ്ക്കരിച്ച പ്രവർത്തനരീതി. വലിയങ്ങാടിയിലെ സ്റ്റേറ്റ് മുസ്ലിംലീഗ് ഓഫീസിൽ ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബാണ് ആദ്യത്തെ ക്ലാസ്സെടുത്തത്. കാലത്ത് 10 മണിക്ക് ആരംഭിച്ച ക്ലാസ്സ് സന്ധ്യവരെ നീണ്ടു നിന്നു. പ്രാർത്ഥനയ്ക്കും ഭക്ഷണത്തിനും മാത്രമായിരുന്നു ഇടവേള. സുദീർഘമായ മാരത്തോൺ പ്രസംഗം മാറി മാറി മൂന്ന് പേർ പരിഭാഷപ്പെടുത്തി. വസ്തുതകൾ അണി നിരത്തി തീയ്യതിയും സമയങ്ങളും പറഞ്ഞ് വോയ്സ് ഓഫ് അമേരിക്ക, ഗാർഡിയൻ, ലണ്ടൻ ടൈംസ്, ന്യൂയോർക്ക് ടൈംസ് എന്നീ വിദേശപത്രങ്ങൾ നിരത്തിവെച്ച് വിദേശ റേഡിയോയിലെ ഉദ്ധരണികൾ ചൂണ്ടിക്കാട്ടി അദ്ദേഹം നടത്തിയ പ്രസംഗം മുസ്ലിംലീഗ് അടിയന്തരാവസ്ഥയെ അനുകൂലിച്ചിട്ടില്ലെന്നും ആവശ്യഘട്ടങ്ങളിൽ അതിശക്തമായി എതിർത്തിരുന്നുവെന്നും മനസ്സിലാക്കിക്കൊടുക്കുവാൻ പര്യാപതമായി. എതിരാളികൾക്ക് മറുപടി പറയാൻ ഒറ്റദിവസം കൊണ്ട് പ്രസംഗകർ സർവ്വസജ്ജരായി. അവർ നാടിന്റെ നാനാഭാഗത്തും രംഗത്തിറങ്ങിയതോടെ മുസ്ലിംലീഗിലെ മരവിപ്പ് നീങ്ങിത്തുടങ്ങി.

സ്പീക്കേർസ് ഫോറത്തിന്റെ അടുത്ത ക്ലാസ്സ് കോഴിക്കോട് ഹിമായത്തുൽ ഇസ്ലാം ഹൈസ്കൂളിലാണ് നടന്നത്. 1977 മെയ് 1-ാം തീയതി. സി.എച്ചിനോടൊപ്പം ഒട്ടേറെ നേതാക്കൾ എത്തിയെങ്കിലും സി.എച്ച്. മാത്രമാണ് പ്രസംഗിച്ചത്. "ബഹറിൽ മുസല്ലയിട്ട് നിസ്കരിച്ചാലും ആർഎസ്എസ്നെ വിശ്വസിക്കി"ല്ലെന്ന വിഖ്യാത വചനം പറഞ്ഞത് ഇവിടെയാണ്. ഫോറം ചെയർമാൻ എന്ന നിലയിൽ ഇതിൽ അദ്ധ്യക്ഷം വഹിച്ചതും

mappilaheritagelibrary.com

പിന്നീട് ഡസ്ക് ചീഫ് എന്ന നിലയിൽ ചന്ദ്രികയിൽ വാർത്ത എഡിറ്റ് ചെയ്തുകൊടുത്തതും ഞാനായിരുന്നു. വാർത്ത എഴുതിക്കൊണ്ട് വന്നത് എം.സി. തലക്കെട്ടും അദ്ദേഹത്തിന്റേത് തന്നെ. യാതൊരു മാറ്റവും വരുത്താതെ ശക്തമായ ആ തലക്കെട്ടോടെ വാർത്ത പ്രസ്സിലേക്ക് അയക്കുകയായിരുന്നു. പിറ്റേന്ന് കാലത്ത് മുതൽ ആവേശഭരിതരായ മുസ്ലിംലീഗ് പ്രവർത്തകരുടെ ഫോൺ. വൈകുന്നേരമായപ്പോൾ സ്വല്പം നിരാശയുമുണ്ടായി. വാർത്ത അങ്ങനെ കൊടുക്കേണ്ടതില്ലായിരുന്നവെന്ന് തിരുവനന്തപുരത്ത് നിന്ന് സി.എച്ചിന്റെ ഫോൺ. വാർത്തയിൽ എവിടെയാണ് അപാകമെന്ന് ഞങ്ങൾ കൂട്ടംകൂടി ആലോചിച്ചിട്ടും മനസ്സിലായില്ല. ദിവസങ്ങൾക്ക് ശേഷമാണ് സംഗതി മനസ്സിലായത്. തെരഞ്ഞെടുപ്പ് കേസുകൾ നടക്കുന്നു. വളരെ നിസ്സാരമായ സംഗതികൾ ഉയർത്തിപ്പിടിച്ചാണ് കേസുകൾ ഉണ്ടാക്കുന്നത്. സേട്ട് സാഹിബിനും, സി.എച്ചിനുമെതിരെ തെരഞ്ഞെടുപ്പ് കേസുകൾ ഫയൽ ചെയ്തിട്ടുണ്ടെന്ന് അപ്പോഴാണറിയുന്നത്.

വടകരക്കടുത്ത് തിരുവള്ളൂരിൽ നടന്ന ക്യാമ്പാണ് മൂന്നാമത്തെ പരിപാടി. ഇത് ഒരു അവിസ്മരണീയ സംഭവമായി. കലയും സാഹിത്യവും രാഷ്ട്രീയവും സമഞ്ജസമായി ഇതിൽ സമ്മേളിച്ചു. സ്റ്റേറ്റ് ലീഗ് പ്രസിഡണ്ട് മുഹമ്മദലി ശിഹാബ് തങ്ങളാണ് ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. പള്ളിക്കര വി. പി. മുഹമ്മദ്, വി.ടി. മുരളി, പി.കെ. കെ. ബാവ എന്നിവർ പ്രസംഗിച്ചു. ക്യാമ്പിലെ അംഗങ്ങളെ സ്വയം പരിചയപ്പെടുത്തുന്ന പ്രഥമ ചടങ്ങ് മുതൽ ആദ്യന്തം അനുഭൂതിദായകമായിരുന്നു ദ്വിദിന ക്യാമ്പ്. ഇതിൽ ഒരു പ്രസംഗത്തിനിടക്ക് പണാറത്ത് കുഞ്ഞിമുഹമ്മദ് ഇവിടെ കോൺഗ്രസ്സുകാർ ആരുമില്ലല്ലോ എന്ന് ചോദിച്ചപ്പോൾ പി.കെ. പാറക്കടവ് 'ഉണ്ട് ' എന്ന് വിളിച്ചുപറഞ്ഞതും ആരെന്ന് ചോദിച്ചപ്പോൾ എം.സി. വടകര എന്ന് മറുപടി പറഞ്ഞതും ക്യാമ്പിലെ രസകരമായ ഒരു പരാമർശമായി. എം.സി. എപ്പോഴും കോൺഗ്രസ്സ് അനുകൂല നിലപാട് കൈക്കൊള്ളുന്ന പ്രകൃതക്കാരനായിരുന്നു. കാവ്യാത്മകമായ ഭാഷയിൽ അദ്ദേഹം ഇതിന് മറുപടി പറഞ്ഞു. പി.കെ. പാറക്കടവ് അന്ന് ഇത്രമാത്രം അറിയപ്പെട്ട കഥാകാരനായിട്ടില്ല. ചന്ദ്രികയിൽ സബ് എഡിറ്ററായിരുന്നു അന്ന് അദ്ദേഹം.

mappilaheritagelibrary.com

എം.ഇ.എസ്. ഹോസ്റ്റലിലെ 102-ാം നമ്പർ മുറി

കോഴിക്കോട് ബാങ്ക് റോഡിലെ എം.ഇ.എസ് ഹോസ്റ്റലിലെ 102-ാം നമ്പർ മുറി എം.എസ്.എഫ് യൂത്ത് ലീഗ് നേതാക്കൾക്ക് സുപരിചിതമാണ്. ഈ രണ്ട് സംഘടനകളിലേയും പ്രവർത്തകരാൽ മുഖരിതമായിരുന്നു എപ്പോഴും ഈ മുറി. ചന്ദ്രികാ പത്രാധിപ സമിതി അംഗം പി.എ.റഷീദ്, എം.എസ്.എഫ്. സംസ്ഥാന പ്രസിഡണ്ട് പി. ഹബീബു റഹ്മാൻ, സംസ്ഥാന വൈസ് പ്രസിഡണ്ട് ഇ. എസ്.എം. കബീർ എന്നിവരായിരുന്നു ഈ റൂമിലെ അന്തേവാസികൾ. ഇ.എസ്.എം. കബീർ വിട്ടതിനു ശേഷമാണ് സി. മമ്മൂട്ടി വന്നത്. (ബാങ്ക് റോഡിലെ ഈ ഹോസ്റ്റൽ പൂർണ്ണമായും പൊളിച്ചു മാറ്റി)

എം.എസ്.എഫിലെ സംഘാടക പ്രതിഭയായിരുന്നു ഹബീബ് റഹ്മാൻ. ഹബീബിനെ കണ്ടെത്തിയ എ.പി. മൊയ്തു എം.എസ്.എഫ് സംസ്ഥാന സെക്രട്ടിയും ചന്ദ്രിക കണ്ണൂർ ബ്യൂറോയുടെ ചാർജ്ജ് വഹിച്ച പത്രപ്രവർത്തകനുമാണ്. മുസ്ലിം ലീഗ് പിളർപ്പ് കാലത്ത് കണ്ണൂരിൽ പാർട്ടി കെട്ടിപ്പെടുക്കാനുള്ള ശ്രമത്തിൽ ഒ.കെ. മുഹമ്മദ് കുഞ്ഞിയുടെ വലംകൈ ആയിരുന്നു ഈ തളിപ്പറമ്പുകാരൻ. പിന്നീട് ജാഫർ അത്തോളി ഈ ശ്രമത്തിനായി ചന്ദ്രികയിൽ നിയോഗിക്കപ്പെട്ടപ്പോൾ മൊയ്തുവിനെ കോഴിക്കോട്ടേക്ക് മാറ്റി. മൊയ്തു പിന്നീട് മെച്ചപ്പെട്ട ജീവിതം തേടി ലിബിയയിലേക്ക് പോയി. ലിബിയയിലേക്ക് പോകുമ്പോൾ സി.എച്ച്. അയച്ച സാഹിത്യഭംഗിയും നർമ്മത്തിന്റെ ചേരുവയുമുള്ള കത്ത് ഞങ്ങളൊക്കെ വായിച്ചു രസിച്ചിരുന്നു.

1962 കാലത്ത് ഞാൻ എം.എസ്.എഫ്. കണ്ണൂർ ജില്ലാ സെക്രട്ടറി ആയപ്പോൾ ആ കൗൺസിലിൽ എ.പി. മൊയ്തു അംഗമായിരുന്നു. അദ്ദേഹമാണ് ചന്ദ്രികയിലെ ഒരു പരിചയക്കാരനെന്ന നിലയ്ക്ക് ഹബീബു റഹ്മാനെ എനിക്ക് പരിചയപ്പെടുത്തിയത്. ക്രമത്തിൽ ഞങ്ങൾ അടുപ്പത്തിലായി. എങ്കിലും വാർത്തകൾ കൊടുപ്പിക്കുന്ന കാര്യത്തിൽ ഒരു ദുസ്വാധീനവും അദ്ദേഹം ചെലുത്തിയില്ല. ശാന്തനായി വരും, വിസിറ്റേഴ്സ് ബഞ്ചിലി

mappilaheritagelibrary.com

രുന്ന് വടിവൊത്ത അക്ഷരങ്ങളിൽ വാർത്തകൾ എഴുതി മുന്നിൽ കൊണ്ട് വന്ന് വെച്ച് പോകും. അപ്പോൾ ഒന്നും മിണ്ടില്ല.

ഹബീബ് ചന്ദ്രികയിൽ വന്നു പോവുമ്പോൾ റൂമിലേക്ക് ചെല്ലാനായി എന്നെ ക്ഷണിക്കും. അങ്ങിനെ ചിലപ്പോഴൊക്കെ എം.ഇ.എസ് ഹോസ്റ്റലിൽ കിടന്നുറങ്ങുന്നത് പതിവായി. ഹബീബു റഹ്മാൻ എത്രയോ ദിവസങ്ങളിൽ ഹോസ്റ്റലിൽ വരികയേ ഇല്ല. ഇങ്ങനെയുള്ള അവസരത്തിലൊരിക്കൽ ഹോസ്റ്റലിൽ വന്ന അദ്ദേഹത്തെ വാച്ച്മാൻ തടഞ്ഞു. അദ്ദേഹം പുറമെനിന്നു വന്ന ആളാണെന്നും, ഞാനാണ് 102ലെ അന്തേവാസി യെന്നും ഇതിനകം വാച്ച്മാൻ ധരിച്ചുവശായിരുന്നതാണ് ഇതിന് കാരണം.

ലീഗ് പിളർപ്പ് കാലത്ത് പിതാവ് കെ.പിപി. അബ്ദുള്ളയും മകനും രണ്ട് ചേരിയി ലായിരുന്നു. ഹബീബ് ഇന്ത്യൻ യൂനിയൻ മുസ്ലിം ലീഗിലും, കെ.പി.പി.അഖിലേന്ത്യാ ലീഗിലുമായിരുന്നു. ബാപ്പയും പുത്രനും ഒരേ പോലെ ആദർശത്തിലുറച്ച നിലപാട് പുലർത്തുന്നവരായിരുന്നു. കെ.പി.പി. തളിപ്പറമ്പിലെ ചന്ദ്രിക ഏജന്റ് കൂടിയായിരുന്നു. സ്നേഹത്തിന് വലിയ വില കൽപ്പിക്കുന്ന ആളായിരുന്നു ഹബീബ്. എതിർ പാർട്ടിയിലെ സുഹൃത്തായ സത്യൻ മൊകേരി നാദാപുരം മണ്ഡലത്തിൽ മത്സരിക്കുമ്പോൾ കെട്ടി വെക്കാനുള്ള കാശ് നൽകി ഹബീബ് റഹ്മാൻ.

കുറേ കഴിഞ്ഞപ്പോൾ ഒരു റൂം തരപ്പെടുത്തി ഞാനും എം. ഇ. എസ്. ഹോസ്റ്റലിൽ സ്ഥിര താമസക്കാരനായി. 106 ആയിരുന്നു റൂം. എം.സി. കമറുദ്ദീൻ, പി.പി. ഹമീദ്, ഒ.കെ. മുഹമ്മദലി, എ.ടി. ബഷീർ, ടി.പി.വി. കാസിം തുടങ്ങിയവർ ഇടയ്ക്കിടെ വന്നു പോയി കൊണ്ടിരുന്നു. എം.സി യുടെ പുസ്തകം സി.എച്ച്. മുഹമ്മദ് കോയ (രാ ഷ്ട്രീയ ജീവചരിത്രം) ഏതാണ്ട് എഴുതി തീർത്തത് തന്നെ ഇവിടെ നിന്നാണ്. എഴു ത്തുകാർക്കൊക്കെ എഴുതുവാൻ ശാന്തതയാണ് വേണ്ടതെങ്കിൽ എം.സി.ക്ക് എഴു ത്തുവരുവാൻ ബഹളം കേട്ടു കൊണ്ടിരിക്കണം. ചുറ്റും ആളുകളിരുന്ന് സംസാരിക്കു കയും ബഹളം വെക്കുകയും ചെയ്യുന്നതിനിടയ്ക്ക് ചിലപ്പോൾ അതിൽ പങ്കാളിയായും കൊണ്ടാണ് എം.സി. എഴുത്ത് തുടരുക. വരുന്നവർ മിക്കവരും എന്റെ റൂമിലെത്തും. ഞാൻ 102-ാം നമ്പർ മുറിയിലും പോകും.

പിൽക്കാലത്ത് ഡയരക്ടർ ഓഫ് പബ്ലിക്ക് പ്രോസിക്യൂഷൻ ആയ ടി. ആസിഫ ലിയും കോൺഗ്രസ്സിലെ എം. ബീരാൻ കുട്ടിയും, മുല്ലപ്പള്ളി രാമചന്ദ്രനും ഇടയ്ക്ക് പി. ശങ്കരനും ഞങ്ങളുടെ സുഹൃത്തുക്കളായി ഹോസ്റ്റലിൽ ഉണ്ടായിരുന്നു. അഡ്വക്കേറ്റ് ആയ ശേഷം ഹബീബ് റഹമാൻ ഹോസ്റ്റൽ വിട്ടു പോയി. യൂത്ത് ലീഗ് കണ്ണൂർ ജില്ല സെക്രട്ടറി ആയി. പ്രാദേശിക ലീഗ് പ്രവർത്തനവുമായും ബന്ധപ്പെട്ടു. അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്തു. ആന്തൂർ പഞ്ചായത്തിനെ തളിപറമ്പ് മുനിസിപ്പാലിറ്റിയിൽ ചേർക്കു ന്നതുമായി ബന്ധപ്പെട്ട് ഒരു പ്രശ്നമുണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ട ഒരു യാത്ര യിൽ ബൈക്കപകടത്തിൽ പെട്ട് ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് അകാലത്തിൽ ആ ജീവൻ പൊലിഞ്ഞു പോയി. 1990 ജൂലായ് 23 ന്. ഒരു മന്ത്രിയുടേയോ സംസ്ഥാന നേതാവിന്റെയോ ജനാസയിൽ പങ്കെടുക്കുന്നതിനേക്കാളധികം ആളുകളാണ് മയ്യിത്ത് നിസ്കാരത്തിൽ പങ്കെടുത്തത്. ലിബിയിൽ നിന്നും തിരിച്ചു വന്ന മൊയ്തുവും പിൽക്കാ ലത്ത് രോഗാതുരനായി മരണപ്പെട്ടു.

mappilaheritagelibrary.com

102-ാം നമ്പർ മുറിയിലെ അന്തേവാസികളായ പി.എ. റഷീദ് സംസ്ഥാന പബ്ലിക്ക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയരക്ടറായി. സി. മമ്മൂട്ടി എംഎൽഎയും ഇ.എസ്. എം. കബീർ കേരള ഹൈക്കോടതിയിലെ തിരക്കുള്ള വക്കീലുമായി. ഹോസ്റ്റലിലായിരുന്നപ്പോൾ രാത്രി ഭക്ഷണം കഴിച്ചു വരുമ്പോൾ സി. മമ്മൂട്ടി എല്ലാവർക്കുമായി മുന്തിരി വാങ്ങി കൊണ്ടുവരുമായിരുന്നു. അതും തിന്ന് രാഷ്ട്രീയ കാര്യങ്ങളും കൊച്ചു കൊച്ചു തമാശകളും പറഞ്ഞ് രസിച്ച ആ നല്ല കാലം ഇപ്പോഴും മനസ്സിൽ പച്ച പിടിച്ചു കിടക്കുന്നു.

mappilaheritagelibrary.com

മലപ്പുറം വെടിവെപ്പ്

1980-ലെ നിയമസഭ തെരഞ്ഞെടുപ്പിൽ സി.പി.എം. മുന്നണി ഭൂരിപക്ഷം നേടി. ഇ. കെ. നായനാർമന്ത്രിസഭ അധികാരമേറ്റു. ഘടക കക്ഷിയായ അഖിലേന്ത്യാ ലീഗിനെ പ്രതിനിധീകരിച്ച് പി.എം. അബൂബക്കർ പൊതുമരാമത്ത് മന്ത്രിയായി. പ്രാപ്തനായ പി.എം. സമർത്ഥമായി വകുപ്പ് കൈകാര്യം ചെയ്തു. അതോടൊപ്പം പാർട്ടിയെ വളർത്തുന്നതിനുള്ള ശ്രമങ്ങളും നടന്നു പോന്നു. പാർട്ടി പിളർന്നതു മുതൽ അറ്റമില്ലാത്ത കഷ്ടപ്പാടുകളും യാതനകളും സഹിച്ച അഖിലേന്ത്യാ ലീഗിന് ആശ്വാസത്തിന്റെയും നിർവൃതിയുടെയും സമയമായിരുന്നു ഇത്. എന്നാൽ ഈ ഭരണകാലത്ത് അറബി ഭാഷ സമരത്തോടനുബന്ധിച്ച് മലപ്പുറത്തെ വെടിവെപ്പിൽ മൂന്ന് പേർ മരിക്കാനിടയായ സംഭവം, ഭരണ മുന്നണിയിലെ അഖിലേന്ത്യാ ലീഗിന് പോലും ന്യായീകരിക്കാൻ പറ്റാത്ത അവസ്ഥയുണ്ടാക്കി.

സി.എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായ കാലത്താണ് മറ്റ് ഭാഷകളോടൊപ്പം അറബി ഭാഷയ്ക്ക് കൂടി സ്ഥാനം നൽകി അദ്ധ്യാപകരെ നിയമിച്ചു തുടങ്ങിയത്. മാർക്സിസ്റ്റ് പാർട്ടിക്കാർക്ക് അന്നുതൊട്ടേ അസംതൃപ്തി ഉണ്ടായിരുന്നു. അതിലെ അമർഷം നിയമസഭയിൽ സി.പി.എം. അംഗം ചന്ദ്രസേനൻ മുഖേന പുറത്ത് വന്നു. നാട്ടിൽ ഇപ്പോൾ 'കുട നന്നാക്കാൻ ആളെ കിട്ടാനില്ല. അവരൊക്കെ അറബി അദ്ധ്യാപകരായി പോയി' എന്ന് അദ്ദേഹം പരിഹസിച്ചു.

സ്കൂളുകളിൽ അറബിഭാഷാ പഠനം നിരുത്സാഹപ്പെടുത്തി ക്രമേണ ഇല്ലായ്മ ചെയ്യാനുള്ള നീക്കം നടത്താൻ നായനാർ മന്ത്രിസഭ അധികാരമേറ്റതോടെ അവർക്ക് അവസരം ലഭിച്ചു. അറബി ഭാഷാ പഠനത്തിന് ക്വാളിഫിക്കേഷൻ, ഡിക്ലറേഷൻ, അക്കൊമഡേഷൻ എന്നീ നിബന്ധനകൾ ബാധകമാക്കിക്കൊണ്ടുള്ള നിയമം സർക്കാർ കൊണ്ടു വന്നു. അറബി അധ്യാപകസംഘടനയായ കെ.എ.ടി.എഫ് ഈ നിയമത്തിനെതിരെ പ്രക്ഷോഭത്തിനിറങ്ങി. ധർണ്ണ സമരമായിരുന്നു ആദ്യപടി. 1980 ജൂലായ് നാലിന് സി.എച്ച്. മുഹമ്മദ്കോയ തിരുവനന്തപുരത്ത് ധർണ്ണ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കവെ

mappilaheritagelibrary.com

"അറബി അധ്യാപകർ സ്കൂളുകളിലേക്ക് പോകണം, ഈ സമരം സമുദായം ഏറ്റെടുത്തിരിക്കുന്നു" എന്ന് പ്രഖ്യാപനം നടത്തി. പി.കെ.കെ. ബാവ യൂത്ത് ലീഗ് സ്റ്റേറ്റ് പ്രസിഡണ്ടും കെ.പി.എ മജീദ് ജനറൽ സെക്രട്ടിയുമായിരുന്ന സംസ്ഥാന യൂത്ത് ലീഗ് സമര രംഗത്തേക്ക് വന്നു. സമുദായത്തിന് വേണ്ടി അറബിഭാഷ പ്രശ്നം യൂത്ത് ലീഗ് ഏറ്റെടുത്തു. പ്രക്ഷോഭപരിപാടികൾക്ക് രൂപം നൽകി. കലക്ട്രേറ്റുകളിൽ പിക്കറ്റിങ് നടത്താനാണ് തീരുമാനിച്ചത്. 1980 ജൂലൈ 30 ഇതിനുള്ള തിയ്യതിയായി നിശ്ചയിച്ചു. ബദ്ർ ദിനത്തിന്റെ സ്മരണകൾ കൊണ്ടു വരുന്ന റംസാൻ 17 കൂടിയായിരുന്നു അത്.

പ്രക്ഷോഭകർക്ക് ആവേശം നൽകുമാറ് ഉജ്ജ്വല ലേഖനവുമായി അന്നത്തെ ചന്ദ്രിക പുറത്തിറങ്ങിയതോടെ ആയിരക്കണക്കിന് യുവാക്കൾ കൂട്ടം കൂട്ടമായി സമരമുഖത്തേക്ക് യാത്രയായി. മറ്റെല്ലാ കലക്ട്രേറ്റുകളിലും പിക്കറ്റിംഗ് സമാധാന പൂർണ്ണമായപ്പോൾ മലപ്പുറത്തും, കോഴിക്കോട്ടും സംഘർഷഭരിതമായി. മലപ്പുറം ജില്ലയിൽ യൂത്ത് ലീഗ് പ്രസിഡണ്ട് പി. അബ്ദുൾ ഹമീദും ആക്ടിഗ് സെക്രട്ടറി എടവണ്ണ രായിനുമായിരുന്നു. പിക്കറ്റിംഗ് തുടങ്ങി അറസ്റ്റ് നടന്നു കൊണ്ടിരിക്കേ എത്തിയ ഡി.വൈ.എസ്. പി. വാസുദേവൻ പോലീസ് വാഹനത്തിൽ ഗേറ്റ് കടക്കാൻ നടത്തിയ ശ്രമം സമരക്കാർ എതിർത്തതോടെ സംഘർഷം ടിയർഗ്യാസ് പ്രയോഗത്തിലേക്കും വെടിവെപ്പിലേക്കും കടന്നു. സമരത്തിനിടയിൽ ഓടി വന്ന കണ്ണൻ എന്ന പോലീസുകാരൻ ഹൃദയസ്തംഭനം മൂലം മരിച്ചു. എന്നാൽ പോലീസുകാരനെ സമരക്കാർ വധിച്ചുവെന്ന അഭ്യൂഹമാണ് പടർന്നത്. പോലീസ് തുരുതുരാ വെടി ഉതിർത്തു. എത്ര പേരാണ് മരിച്ചതെന്ന് വൈകുന്നേരം വരെ വ്യക്തമായിരുന്നില്ല. മൈലപ്പുറത്ത് അബ്ദുൾ മജീദ്, കാളികാവിലെ കുഞ്ഞിപ്പ, പുത്തൂർ പള്ളിക്കലെ ചെറക്കൽ അബ്ദുൾ റഹിമാൻ എന്നിവർ വെടിയേറ്റു മരിച്ചു. ഇതിൽ രണ്ട് മയ്യത്തുകൾ സംഭവ സ്ഥലത്ത് വെച്ച് തന്നെ കണ്ടുകിട്ടി. മൂന്നാമത്തെ മയ്യത്ത്- കുഞ്ഞിപ്പയുടേത്. വൈകുന്നേരമാണ് കണ്ടെത്തിയത്. പ്രക്ഷോഭകരിൽ നൂറു കണക്കിന് ആളുകൾക്ക് പരിക്കേറ്റു. അതിലേറെ ആളുകളെ അറസ്റ്റ് ചെയ്ത് കൊണ്ടുപോയി. ആറായിരം പേർക്കെതിരെ കേസെടുത്തു.

മൊബൈൽ ഫോൺ നിലവിലില്ലാത്ത കാലമായിരുന്നു അത്. റേഡിയോവിലെ ഉച്ച സമയ വാർത്ത കേട്ടാണ് കോഴിക്കോട്ട് വിവരമറിഞ്ഞത്. അത് കേട്ടപ്പോൾ അവിടെ പോലീസുകാരുടെയും പ്രക്ഷോഭകരുടെയും മട്ട് മാറി. അവിടെയും രംഗം സംഘർഷഭരിതമായി. വ്യാപകമായ തോതിൽ അറസ്റ്റ് നടന്നു. അറസ്റ്റ് ചെയ്തവരെ പിന്നീട് വിട്ടയച്ചു. എന്നാൽ എം.സി. മായിൻ ഹാജിയെ വിട്ടയക്കാതെ ലോക്കപ്പിലിടുകയാണ് ഉണ്ടായത്. നവാസ് പൂനൂർ ആയിരുന്നു കോഴിക്കോട്ട് സമരസമിതി കൺവീനർ. മലപ്പുറത്തെ പ്രക്ഷോഭകരിൽ പുത്തൂർ റഹിമാൻ, പി. അബ്ദുൾ ഹമീദ്, പി.വി. മുഹമ്മദ് അരീക്കോട്, എ.പി. ഇബ്രാഹിം മുഹമ്മദ്, എടവണ്ണ രായിൻ തുടങ്ങിയവർ ഉൾപ്പെടുന്നു.

സമരത്തിൽ പങ്കെടുക്കുകയും സമരക്കാരെ അഭിസംബോധന ചെയ്യുകയും ചെയ്ത ചന്ദ്രിക പത്രാധിപ സമിതി അംഗം എം.ഐ തങ്ങൾ അന്ന് വൈകുന്നേരം ഡ്യൂട്ടിക്ക് എത്തിയത് അത്ഭുതമായി. അദ്ദേഹം ഓടി ഏതൊക്കെയോ കുന്നുകൾ കയറിയിറങ്ങി റോഡിലെത്തി രക്ഷപ്പെട്ടു വരികയായിരുന്നു. പി.കെ. കുഞ്ഞാലിക്കുട്ടി വൈകുന്നേരം ചന്ദ്രികയിലെത്തി "ഭാര്യയെയൊക്കെ കണ്ടു വരട്ടെ, എപ്പോഴാണ് പോലീസ് വരിക

mappilaheritagelibrary.com

എന്നറിയില്ല" എന്ന് ചെറുപുഞ്ചിരിയോടെ പറഞ്ഞ് കല്പറ്റക്ക് പുറപ്പെട്ടത് ഓർക്കുന്നു. കൗണ്ടർ കേസ്സിൽ അദ്ദേഹവും പ്രതിയാണെന്ന് പിന്നീടാണ് അറിഞ്ഞത്. കുഞ്ഞാലിക്കുട്ടി അന്ന് മലപ്പുറം മുനിസിപ്പൽ ചെയർമാനായിരുന്നു.

അവകാശ സംരക്ഷണ പോരാട്ടത്തെ ചോരയിൽ മുക്കിക്കൊല്ലാൻ അനുവദിക്കില്ല എന്ന പ്രഖ്യാപനത്തോടെ യൂത്ത് ലീഗ് ലക്ഷം പേരുടെ രാജ്ഭവൻ മാർച്ച് പ്രഖ്യാപിച്ചു. സമര കൊടുങ്കാറ്റിനെ അഭിമുഖീകരിക്കാനാവാതെ, അക്കൊമഡേഷൻ, ക്വാളിഫിക്കേഷൻ, ഡിക്ലറേഷൻ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കരിനിയമം നായനാർ സർക്കാർ പിൻവലിച്ചു

മലപ്പുറം സമരത്തെ തള്ളിപ്പറയാനോ പോലീസ് വെടിവെയ്പ്പിനെ ന്യായീകരിക്കാനോ അഖിലേന്ത്യാ ലീഗ് ആവേശം കാട്ടിയതായി കണ്ടില്ല.

mappilaheritagelibrary.com

സ്കൂപ് വാർത്ത

എക്സ്ക്ലൂസീവ്, സ്കൂപ് എന്നിങ്ങനെ വിവിധതരം വാർത്തകളുണ്ട്. ഏതെങ്കിലും ഒരു പത്രത്തിന് മാത്രമായി ലഭിക്കുന്ന വാർത്തയാണ് എക്സ്ക്ലൂസീവ് ഇനത്തിൽ പെടുക. ഇവയേക്കാൾ ഉന്നത 'ഡിഗ്രി' യുള്ളതാണ് സ്കൂപ്. അത് മറ്റാർക്കും ലഭിക്കാത്ത വിലപ്പെട്ട കിടിലൻ വാർത്തയായിരിക്കും. സ്കൂപ് വാർത്തക്ക് പത്രപ്രവർത്തന പരിശീലന ക്ലാസ്സുകളിൽ ഉദാഹരണമായി പറയുന്ന സംഭവം കേരളീയനായ ശിവറാം ബർമ്മയിൽ നിന്ന് റിപ്പോർട്ട് ചെയ്തതാണ്. ശിവറാം റങ്കൂണിൽ പാർലമെന്റ് മന്ദിരത്തിനരികെ ഒരു കലുങ്കിൽ ഇരിക്കുകയായിരുന്നു. പെട്ടെന്നതാ പട്ടാള ജീപ്പുകൾ പാർലമെന്റ് മന്ദിരം ലക്ഷ്യമാക്കി ഓടിയടുക്കുന്നു. അവിടെ പാർലമെന്റ് സമ്മേളിച്ചുകൊണ്ടിരിക്കുകയാണ്. ശിവറാം ജീവരക്ഷക്ക് വേണ്ടി ഒരു പൊത്തിൽ ഒളിച്ചു. പിന്നെ കേൾക്കുന്നത് തുരുതുരാ വെടിശബ്ദമാണ്. കൃത്യം നടത്തിയ പട്ടാളം വന്ന അതേ വേഗതയിൽ തിരിച്ചുപോയി. ശിവറാം ഓടി പാർലമെന്റിന് അകത്ത് കയറിയപ്പോൾ മന്ത്രിസഭാംഗങ്ങൾ മുഴുവൻ വെടിയേറ്റു മരിച്ചു കിടക്കുന്നു. പോസ്റ്റാഫീസിലെത്തി ചൂടുള്ള വാർത്ത തന്റെ ഏജൻസിക്ക് കമ്പിയടിച്ചു. "The entire Cabinet is shot dead by Military" (കാബിനറ്റ് അംഗങ്ങളെ മുഴുവൻ പട്ടാളം വെടിവെച്ചു കൊന്നിരിക്കുന്നു.) അത്രയും അടിക്കുമ്പോഴേക്കും ബർമ്മയും പുറംലോകവും തമ്മിലുള്ള വാർത്താവിനിമയ ബന്ധം ആകെ അറ്റുപോയി. ബർമ്മയിലെ രാഷ്ട്രീയ പശ്ചാത്തലം അറിയുന്നത് കൊണ്ട് ഏജൻസി അത് വാർത്തയാക്കി ലോകത്തിന് നൽകി.

ഈ സ്കൂപ്പ് വാർത്ത വന്ന കോഴിക്കോട്ടെ ഏകദിനപത്രം ചന്ദ്രികയാണ്. കെ.വി. അബ്ദുറഹിമാൻ സാഹിബ് എഡിറ്റർ. വി.സി. അബൂബക്കർ, വി. അബ്ദുൾഖയ്യൂം സാഹിബ്, എം. ആലിക്കുഞ്ഞി എന്നിവർ സീനിയർ എഡിറ്റർമാർ. സി.എച്ച്. മുഹമ്മദ് കോയ, പി.എൻ.എം. കോയട്ടി, ഡോ: സി.എം. കുട്ടി എന്നിവർ ജൂനിയർമാർ. രാത്രി വൈകി അടിക്കുന്ന രണ്ടാം പതിപ്പിന്റെ ചാർജ്ജ് ഈ ജൂനിയർമാർക്കായിരുന്നു. മാതൃഭൂമി, ദേശാഭിമാനി, പൗരശക്തി എന്നീ പത്രങ്ങളാണ് അന്ന് കോഴിക്കോട്ട് നിന്ന് പ്ര

mappilaheritagelibrary.com

സിദ്ധീകരിച്ചിരുന്നത്. രണ്ടാം പതിപ്പിന്റെ അച്ചടി തുടങ്ങാൻ പോകുമ്പോൾ പി.ടി.ഐ. ഓഫീസിൽ നിന്ന് ഒരു ഫോൺ വന്നു, തൽസമയം രാത്രി 11 മണി. മാതൃഭൂമി തുടങ്ങിയ പത്രങ്ങളിലുള്ളവരൊക്കെ ഉറങ്ങിയെന്ന് തോന്നുന്നു. ഒരു പ്രധാന വാർത്ത അറിയിക്കുന്നു. എഴുതിയെടുത്തോളൂ. ബർമ്മയിലെ മുഴുവൻ കാബിനറ്റ് അംഗങ്ങളേയും വെടിവെച്ച് കൊന്ന വാർത്തയായിരുന്നു അത്

സ്കൂപ് എന്ന് പറയാവുന്ന തരത്തിലുള്ള ഒരു വാർത്ത ചന്ദ്രികയുടെ എറണാകുളം പ്രതിനിധി പി.എ. മുബാറക്ക് (ഇപ്പോഴത്തെ ലേഖകൻ മെഹബൂബിന്റെ ജ്യേഷ്ഠൻ) അയച്ചുതന്നത് പ്രസിദ്ധീകരണത്തിന് നൽകാനുള്ള അവസരമെനിക്കുണ്ടായി. അന്നത്തെ സാഹചര്യത്തിൽ തികച്ചും അവിശ്വസനീയമായിരുന്നു ആ വാർത്ത. അടിയന്തിരാവസ്ഥ കാലം. ആർ ബാലകൃഷ്ണപ്പിള്ള ഇടതു നേതാക്കളോടൊപ്പം ജയിലിലാണ്. അപ്പോഴാണ് ആർ. ബാലകൃഷ്ണപ്പിള്ള യു.ഡി.എഫിലേക്ക് എന്ന വാർത്ത ലഭിക്കുന്നത്. ലീഡ് വാർത്തയായി അത് കൊടുത്തു. അച്ചടിച്ചു വന്നപ്പോൾ സഹപ്രവർത്തകരടക്കം പലരും സംശയം പ്രകടിപ്പിച്ചു. വാർത്ത ശരിയായിരിക്കുമോ? പി.എ. മുബാറക് നന്നേ ചെറുപ്പമാണെങ്കിലും അയാളുടെ പക്വതയിൽ വിശ്വാസമുള്ളത് കൊണ്ടാണ് വാർത്ത് കൊടുത്തത്. രണ്ട് നാൾക്കകം വാർത്ത ശരിയായി. ബാലകൃഷ്ണപ്പിള്ള ജയിൽ മോചിതനായി യു.ഡി.എഫിൽ ചേരുകയും ചെയ്തു.

മുബാറക്കിന്റെ സ്കൂപ്പ് വാർത്ത നൽകിയ ദിവസമുണ്ടായത് പോലുള്ള മറ്റൊരു സംതൃപ്തത മുഹൂർത്തമുണ്ടായത് പിൽക്കാലത്ത് കേയി സാഹിബിനെ സംബന്ധിച്ച മുഖപ്രസംഗവും ലേഖനവുമെഴുതിയപ്പോഴാണ്. 1994 ജൂൺ പത്തിന് മരണപ്പെടുമ്പോൾ അദ്ദേഹം ഐ.എൻ.എൽ. സംസ്ഥാന പ്രസിഡണ്ടാണ്. എങ്കിലും കേയിസാഹിബിനെ സംബന്ധിച്ച് മുഖപ്രസംഗവും ലേഖനവും നൽകുന്നത് ചന്ദ്രികയുടെ പോളിസിക്ക് ഒരിക്കലും എതിരാവില്ല എന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. അതു പ്രകാരമെഴുതി. പിന്നീട് ഒരു ദിവസം മെഡിക്കൽകോളേജിൽ പേവാർഡിന് മുന്നിലൂടെ നടന്നു പോകുമ്പോൾ മുകളിൽ നിന്നൊരാൾ കൈകൊട്ടി വിളിച്ചു. അത് പി.എം. അബൂബക്കർ ആയിരുന്നു. കേയിസാഹിബിനെ സംബന്ധിച്ച് ലേഖനം നന്നായിട്ടുണ്ടെന്ന് അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. പിന്നെ വികാരഭരിതനായി കേയി സാഹിബ് അത് അർഹിക്കുന്നില്ലേ എന്ന് കൂടി ചോദിച്ചു. മുഖപ്രസംഗം കൂടി എഴുതി ചന്ദ്രിക കേയിസാഹിബിനെ ആദരിച്ചുവെന്ന് പി. എം. കൂട്ടിച്ചേർത്തു.

1996ലാണ് ചന്ദ്രിക കണ്ണൂർ എഡിഷൻ തുടങ്ങുന്നത്. പ്രൊഫ: ടി. അബ്ദുൽ അസീസ് മൗലവിയുടെ ചന്ദ്രികയിലെ രണ്ടാം വരവ് കാലത്തായിരുന്നു അത്. ആദ്യം ജനറൽ മാനേജരായി കുറച്ച്കാലം ചന്ദ്രികയിൽ ഇരുന്നു. വിട്ടുപോയി കുറച്ച് കാലങ്ങൾക്ക് ശേഷം ചീഫ് എഡിറ്ററും ജനറൽ മാനേജരുമായിട്ടായിരുന്നു രണ്ടാമത്തെ വരവ്. ചന്ദ്രികയുടെ സർവ്വതോമുഖമായ വികസനം ലക്ഷ്യമാക്കി ഇച്ഛാശക്തിയോടെ പ്രവർത്തിച്ച മാനേജറായിരുന്നു അസീസ് മൗലവി. കണ്ണൂർ എഡിഷന്റെ എഡിറ്ററാവാനുള്ള നിയോഗം എനിക്കായിരുന്നു. ഭാരിച്ച ഉത്തവാദിത്വമുള്ള വെല്ലുവിളിയാണെന്ന് അറിയാമെങ്കിലും സന്തോഷമുണ്ടായിരുന്നു. തുടക്കകാലത്ത് ഒരു സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിലിരിക്കുക വലിയൊരു അനുഭവമാണ്. ഇത്തരമൊരു അവസരം ലഭിച്ച ഒരാൾ ഞങ്ങളുടെ

mappilaheritagelibrary.com

കൂട്ടത്തിൽ കെ. കെ. മുഹമ്മദ് സാഹിബ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. ലീഗ് ടൈംസ് തുടങ്ങിയത് അദ്ദേഹത്തിന്റെ പത്രാധിപത്യത്തിലായിരുന്നു. ചന്ദ്രിക കൊച്ചിൻ എഡിഷൻ തുടങ്ങിയപ്പോഴും എഡിറ്റർ അദ്ദേഹമായിരുന്നു.

ചന്ദ്രികയിലെ ഓർമ്മകളിൽ എന്നും പച്ചപിടിച്ചു നിൽക്കുന്ന നാമമാണ് എം.പി. അബ്ദുസമദ് സമദാനി. അന്നേ തിരക്കേറിയ പ്രസംഗകനാണെങ്കിലും ചന്ദ്രികയിലെത്തി ചുരുങ്ങിയ കാലം കൊണ്ടു തന്നെ പത്ര പ്രവർത്തനമേഖലയിലെ മർമ്മങ്ങൾ മനസ്സിലാക്കി. ചന്ദ്രികയിൽ ആദ്യമായി അദ്ദേഹം എഴുതിയ ലേഖനം കണ്ട് സി.എച്ച് പ്രത്യേകം വിളിച്ചു അഭിനന്ദിച്ചത് ഓർക്കുന്നു.

mappilaheritagelibrary.com

കാത്തിരുന്ന ലീഗ് ലയനം

ക്രമേണ ഇരു മുസ്‌ലിം ലീഗുകളിലേയും അണികളിൽ പരസ്പര വൈരാഗ്യബുദ്ധി കുറഞ്ഞു തുടങ്ങി. ഒറ്റ മുസ്‌ലിം ലീഗ് ആയിരുന്ന കാലത്ത് ഒത്തുനിന്നു നടത്തിയ പ്രവർത്തനങ്ങൾ ഗൃഹാതുരതയോടെ അവർ ഓർത്തു തുടങ്ങി. ഇത് പ്രകാരം നേതാക്കളുടെ മനോഭാവങ്ങളിലും മാറ്റം വന്നു കൊണ്ടിരുന്നു. ഒന്നിച്ചു പ്രസംഗിക്കാൻ പോയിരുന്ന ലീഗിലെ യുവ പ്രാസംഗികന്മാർ ആ കാലഘട്ടത്തെ നൊമ്പരത്തോടെ അനുസ്മരിച്ചു. ഒരു നാൾ വടക്കെവിടെയോ പ്രസംഗിക്കാൻ പോകുന്ന ഇ. ടി. മുഹമ്മദ് ബഷീറിനെ ബസ്സിൽ കണ്ടു മുട്ടിയപ്പോൾ " നമുക്കിങ്ങനെ ഇരുവഴികളിൽ പോകാനാണല്ലോ യോഗം." എന്ന് അദ്ദേഹം പറഞ്ഞ വാക്കുകൾ ഹൃദയത്തിന്റെ അടിത്തട്ടിലാണ് ചെന്ന് കൊണ്ടത്.

പരസ്പര ശത്രുത വളർത്തുവാൻ ഇരു പത്രങ്ങളും - ചന്ദ്രികയും ലീഗ് ടൈംസും - കാര്യമായി ശ്രമിച്ചിരുന്നു. ഇതു പോലെ യോജിപ്പിനുള്ള നീക്കത്തിലും , സഹായ നീക്കങ്ങൾ നടത്താൻ പത്രത്തിന് കഴിയുമെന്ന് ചന്ദ്രികയിലെ ഒരു വിഭാഗം തിരിച്ചറിഞ്ഞു. ലീഗ് ഐക്യ സംബന്ധമായ ഏത് വാർത്തകൾ കിട്ടിയാലും അത് പ്രാധാന്യപൂർവ്വം പ്രസിദ്ധീകരിക്കാൻ അവർ ശ്രദ്ധിച്ചു. ഇക്കാലത്ത് സേട്ടു സാഹിബിന്റെ പ്രസംഗങ്ങളിൽ ഐക്യാഹ്വാന ധ്വനി നിഴലിക്കുമായിരുന്നു. പരിഭാഷകനായി ഒന്നിച്ചുള്ളത്കൊണ്ട് അതൊക്കെ ഒപ്പിയെടുത്ത് ചന്ദ്രികയിൽ റിപ്പോർട്ട് കൊടുക്കാനായി.

ഈ ഘട്ടത്തിൽ സി.എച്ചിന്റെ മനസ്സിലിരിപ്പ് ഊഹിക്കാൻ ഞങ്ങളിലാർക്കും കഴിഞ്ഞില്ല. മനസ്സിലിരിപ്പ് വെളിവാക്കില്ല; പൊതു അഭിപ്രായ സ്വരൂപണം പൂർത്തിയായാലേ നിലപാട് വെളിപ്പെടുത്തുകയുള്ളൂ എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. ഇതിനൊരുദാഹരണം: മുൻപ് പിളർപ്പ് ആരംഭിച്ച കാലം തലശ്ശേരിയിലെ പ്രമുഖ ലീഗ് പ്രവർത്തകരായ ബി. പി. അബൂബക്കറും, എം. എ. മഹ്മൂദും അതിരഹസ്യമായി അദ്ദേഹത്തെ കാണാൻ കോഴിക്കോട്ടെത്തി. " അങ്ങിനെ ഒരു ചിന്തയും വേണ്ട നാട്ടിൽ പോയി മുസ്‌ലിം ലീഗിനെ ശക്തിപ്പെടുത്തൂ." എന്ന് പറഞ്ഞ് തിരിച്ചയക്കുകയാണ് അപ്പോൾ ചെയ്തത്.

mappilaheritagelibrary.com

രണ്ട് മാസങ്ങൾക്ക് ശേഷം വീണ്ടുമവർ നേതാവിനെ കാണാനെത്തി. " ഇപ്പോൾ സമയമായി, ഇനി നിങ്ങൾക്ക് കേയി സാഹിബിൽ നിന്ന് പിരിഞ്ഞ് പ്രവർത്തിക്കാം" എന്ന് പറഞ്ഞു. അപ്പോഴേക്കും അഭിപ്രായ സമന്വയം പൂർണ്ണമായി കഴിഞ്ഞിരുന്നു. (ഇത്തവണ കോഴിക്കോടേക്ക് വരുമ്പോൾ രണ്ട് പേർക്ക് ഒപ്പം മൂന്നാമതൊരാൾ കൂടി ചേർന്നിരുന്നു. തലശ്ശേരിയിലെത്തുമ്പോഴേക്കും ബി. പി. അബൂബക്കറും, എം.എ മഹ്മൂദും മുസ്ലിം ലീഗിൽ നിന്ന് പുറത്തായിക്കഴിഞ്ഞിരുന്നു. കടുത്ത സി.എച്ച് ആരാധകനെന്ന നിലയ്ക്ക് ഒപ്പം കൂടിയ മൂന്നാമത്തെ ആൾ കേയി സാഹിബിന്റെ ആളായിരുന്നുവെന്ന് അപ്പോഴാണ് അറിയുന്നത്- ഇത് ഒരുപകഥ.)

കേയി - സി.എച്ച് കൂടിക്കാഴ്ച ഉണ്ടായാൽ ഐക്യശ്രമം എളുപ്പമാകുമെന്ന ചിന്തയുള്ള ധാരാളമാളുകൾ ഉണ്ടായിരുന്നു. വളരെ ദൃഢവും ഊഷ്മളവുമായ ബന്ധമാണ് ഇവർ തമ്മിലുണ്ടായിരുന്നത്. സി.എച്ച് തലശ്ശേരിയിൽ 'വെടിപ്പെട്ടിക്കോയ' എന്ന പേര് വീഴാൻ കാരണമായ പ്രസംഗം ചെയ്ത ദിവസം അത് കേൾക്കാനിടയായ ചെറിയ മമ്മുക്കേയി ഒരു ഫൗണ്ടൻ പേന കൊച്ചു പ്രാസംഗികന് സമ്മാനം നൽകിയ കാലം മുതൽ അതാരംഭിക്കുന്നു. സി.എച്ച്. കോഴിക്കോട് വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങിയപ്പോൾ അദ്ദേഹം കേയി സാഹിബിനെഴുതി. "നാം തമ്മിൽ ഒരു പുതിയ ബന്ധം കൂടി ഉണ്ടായിരിക്കുന്നു. ഞാൻ വീട് വെയ്ക്കാൻ വാങ്ങിയ സ്ഥലത്തിന്റെ രേഖ പരിശോധിച്ചപ്പോൾ താങ്കളുടെ കുടുംബമാണ് അതിന്റെ ജന്മികളെന്ന് കാണുന്നു." സി.എച്ച് സ്പീക്കർ സ്ഥാനം രാജിവെച്ച് പുറത്തു വന്നപ്പോൾ സംസ്ഥാനത്തുടനീളം നൽകിയ സ്വീകരണങ്ങളിൽ അവിസ്മരണീയമായത് തലശ്ശേരിയിലേതായിരുന്നു. കേയിയുടെ നേതൃത്വത്തിൽ ഒരുക്കിയതായിരുന്നു അത്. ബാഫഖി തങ്ങളും കേയിയും സി. എച്ചുമായിരുന്നു മുസ്ലിം ലീഗിലെ ത്രിമൂർത്തികൾ. ബാഫഖി തങ്ങൾ പോയി. സി.എച്ചും, കേയിയും രണ്ട് വഴികളിലുമായി. ഇവരെ കൂട്ടി യോജിപ്പിച്ചാൽ മുസ്ലിം ലീഗ് ഐക്യം യാഥാർത്ഥ്യമാവുമെന്ന് വിശ്വസിക്കുന്ന പ്രബല വിഭാഗം മുസ്ലിം ലീഗിലുണ്ടായി. ഈ കൂടിക്കാഴ്ച നടക്കരുതെന്ന് കൊതിച്ച ശക്തരായ ചിലരും കൂട്ടത്തിലുണ്ടായിരുന്നു.

ഒരു പര്യടനത്തിനിടയ്ക്ക് സി.എച്ച് ഇരിക്കൂറിലെത്തിയപ്പോൾ, സി.എച്ചിനെയും, കേയിയെയും ടെലഫോണിൽ സംസാരിപ്പിക്കാൻ ഇരിക്കൂറിലെ മുസ്ലിം ലീഗ് നേതാവ് വി. കുട്ട്യാലി സാഹിബ് കരുക്കൾ നീക്കിയതും ഐക്യവിരോധികൾ അത് തകർത്തതും ഇതിനൊരുദാഹരണമാണ്. മുൻ എം. എൽ. എ.കെ. കെ. അബുസാഹിബാണ് സുപ്രധാനമായ കൂടിക്കാഴ്ച യാഥാർത്ഥ്യമാക്കിയത്. സി.എച്ചിനും കേയിക്കും ഒരു പോലെ ആദരവുള്ള നേതാവാണ് അബു സാഹിബ്. സോഷ്യലിസ്റ്റ് പാർട്ടിയെ പ്രതിനിധീകരിച്ച് പല തവണ എംഎൽഎ ആയിട്ടുള്ള അദ്ദേഹം ഒരിക്കൽ മുഖ്യമന്ത്രി പദത്തിനു വരെ പരിഗണിക്കപ്പെട്ട ആളാണ്. മുൻപ് മുസ്ലിം ലീഗിന്റെ തുടക്കത്തിൽ കെ.എം. സീതി സാഹിബ് തലശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന കാലത്ത് കെ.കെ. അബു സാഹിബ് മുസ്ലിം ലീഗ് നേതാവായിരുന്നു. മുസ്ലിം ലീഗിന്റെ വളണ്ടിയർ വിഭാഗമായ നാഷണൽ ഗാർഡിന്റെ സ്റ്റേറ്റ് തലവൻ കൂടിയായിരുന്നു അദ്ദേഹം. പിന്നീട് മുസ്ലിം ലീഗ് വിട്ടു പോയി സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു അതിന്റെ സമുന്നത നേതാക്കളിലൊരാളായി. റാം മനോഹർ ലോഹ്യയുടെ അടുത്ത ശിഷ്യനായിരുന്നു. സി.എച്ച്.

mappilaheritagelibrary.com

മുൻകൈ എടുത്താണ് അബു സാഹിബിനെ വീണ്ടും ലീഗിലേക്ക് തിരിച്ചെത്തിച്ചത്. അടിയന്തിരാവസ്ഥയിൽ ജയിലിൽ ഒന്നിച്ചു കിടന്ന സൗഹൃദം കൂടി കേയി സാഹിബുമായി അദ്ദേഹത്തിനുണ്ടായിരുന്നു. അബു സാഹിബിന്റെ സമർത്ഥമായ കരു നീക്കങ്ങൾ കേയി – സി.എച്ച്. കൂടിക്കാഴ്ച്ച യാഥാർത്ഥ്യമാക്കി. അദ്ദേഹത്തിന്റെ മകൾ താമസിക്കുന്ന വീട്ടിൽ വെച്ചായിരുന്നു സുപ്രധാനമായ ഈ കൂടിക്കാഴ്ച. ഇത് ചരിത്ര പ്രധാനമായ ഒരു മഞ്ഞുരുകലിന് സഹായകരമായി.

ഇരു മുസ്‌ലിം ലീഗുകളും വിരുദ്ധമായ ഇരുമുന്നണികളിലായിരുന്നു എന്ന പ്രധാന കടമ്പ അപ്പോഴും ബാക്കിയായി. ഈ സന്ദർഭത്തിലാണ് ഇ.എം.എസ്സിന്റെ ശരീഅത്ത് വിരുദ്ധ പ്രസ്താവനയുണ്ടായത്. ശരീഅത്ത് അതിൽ മാറ്റം അനിവാര്യമാണെന്നുമുള്ള അദ്ദേഹത്തിന്റെ പ്രസ്താവന അഖിലേന്ത്യാ ലീഗിനെ ചൊടിപ്പിച്ചു. കളം മാറ്റിച്ചവിട്ടാൻ ഇത് മതിയായ കാരണമായി. അഖിലേന്ത്യാ മുസ്‌ലിം ലീഗ് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിൽ ലയിക്കുന്ന ഐതിഹാസിക സംഭവത്തിന് പിന്നേയും സമയമെടുത്തു. 1985 ആഗസ്ത് 16 ലെ കോഴിക്കോട്ടെ സമ്മേളനത്തോടെ ഐക്യം പൂവണിഞ്ഞു.

ലയനത്തോടെ ലീഗ് ടൈംസ് പ്രസിദ്ധീകരണം നിർത്തി. അതിലെ പത്രാധിപ സമിതി അംഗങ്ങളെ ചന്ദ്രിക ഏറ്റെടുത്തു. ചന്ദ്രികയിൽ നിന്ന് വിട്ടു പോയവരെ മാത്രമല്ല ലീഗ് ടൈംസിൽ പുതുതായി എടുത്തവരെയും ചന്ദ്രിക ഉൾകൊണ്ടു. ടി. പി. ചെറൂപ്പ ലീഗ് ടൈംസിന്റെ തിരുവനന്തപുരം ലേഖകനായിരുന്നു. അദ്ദേഹം അവിടെത്തന്നെ ചന്ദ്രിക ലേഖകനായി വന്നു. ചന്ദ്രികയിൽ മുൻപേ ഉണ്ടായിരുന്ന കുഞ്ഞമ്മദ് വാണിമേലും, ചെറൂപ്പയും ഒന്നിച്ചു തുടർന്നു. രണ്ട് പേരെ ഉൾക്കൊള്ളുക ചന്ദ്രികയ്ക്ക് പ്രയാസമായപ്പോൾ ടി.പി. ചെറൂപ്പയോട് മാറി വേറെ ലാവണം തേടാൻ പി.എം. അബൂബക്കർ ഉപദേശിക്കുകയായിരുന്നു. അങ്ങിനെയാണ് ചെറൂപ്പ മാധ്യമത്തിലെത്തുന്നത്. വർഷങ്ങൾക്ക് ശേഷം അദ്ദേഹം ചന്ദ്രികയുടെ ചീഫ് എഡിറ്റർ പദവിയിലെത്തി.

ഐക്യ സംബന്ധമായ അഭ്യൂഹങ്ങൾ പുരോഗമിക്കുന്ന കാലത്തൊരു ദിനം ഹമീദലി ഷംനാട് സാഹിബിനെ കണ്ടപ്പോൾ, "ഐക്യമാകുമ്പോൾ സ്റ്റാറ്റസ്‌ക്കോ പാലിക്കാം അല്ലേ?" എന്ന് സി.എച്ച് പറഞ്ഞിരുന്നു. ലീഗ് പിളരുമ്പോൾ ഷംനാട് സാഹിബ് സ്റ്റേറ്റ് ജനറൽ സെക്രട്ടറിയായിരുന്നു. ആ സ്ഥാനം പുന: സ്ഥാപിക്കാമെന്നാണ് സി.എച്ച്. ഉദ്ദേശിച്ചത്. ലയനത്തോടെ അത് യാഥാർത്ഥ്യമായി. ഹമീദലി ഷംനാടും, ബി. വി. അബ്ദുള്ള കോയയും സ്റ്റേറ്റ് മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറിമാരായി. ആ ചരിത്ര മുഹൂർത്തത്തിൽ സി.എച്ച്. ഇല്ലാതെ പോയി. ലയനം നടക്കും മുൻപേ ആ മഹൽ ജീവിതത്തിന് തിരശ്ശീല വീണു കഴിഞ്ഞിരുന്നു. സി.എച്ച് ഉണ്ടായിരുന്നെങ്കിൽ ലയന മുഹൂർത്തത്തിൽ നൂറ്റാണ്ടുകളെ കോൾമയിർകൊള്ളിക്കുന്ന വചനങ്ങൾ അദ്ദേഹത്തിൽ നിന്ന് നമുക്ക് കേൾക്കാമായിരുന്നു.

mappilaheritagelibrary.com

ഓർമ്മകളിലെ ചന്ദ്രിക

'സുബൈദ നീലേശ്വരം' ചന്ദ്രികയിലേക്ക് നിരന്തരം സൃഷ്ടികൾ അയക്കുകയും അവ മുടങ്ങാതെ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഒരു ദിവസം സുബൈദയുടെ കത്ത് "ഞാനങ്ങോട്ട് വരുന്നുണ്ട്. പത്രാധിപന്മാരെയൊക്കെ നേരിൽ കാണാൻ." സ്ത്രീയല്ലേ, പോരെങ്കിൽ എഴുത്തുകാരിയും. അവരെ കാണാൻ സകലരും കാത്തിരുന്നു. ഒടുവിൽ എഴുത്തുകാരിയെത്തി. ഏവരും അന്തം വിട്ടു പോയി. സെക്ഷനിലെ രസികനായ പ്യൂണിന്റെ കമന്റ്, "പെണ്ണല്ലെങ്കിലും പോട്ടെ, ഒരു ആണിന്റെ കോലമെങ്കിലും ഉണ്ടായിരുന്നെങ്കിൽ!" സുബൈദ എന്ന തൂലികാനാമത്തിലെഴുതിയ പുരുഷന്റെ ലേഖനങ്ങളും കഥകളും പിന്നെയും വന്നു. ഒരുനാൾ വാരിക വിഭാഗത്തിലെ പത്രാധിപ ട്രെയിനിയായി, ചന്ദ്രികയിൽ ഞങ്ങളോടൊപ്പം എത്തി. നല്ല പ്രതിഭയായിരുന്നു.

വലിയ ഹാളിൽ പത്രാധിപ സമിതിയുടെ ഇരിപ്പിടം വേർതിരിക്കാൻ അരയോളം ഉയരത്തിൽ പ്ലൈവുഡ് മറ ഉണ്ട്. ചന്ദ്രികയിൽ ചേർന്നതിന്റെ രണ്ടാം നാൾ സുബൈദയെന്ന ആൺ പിറന്നവൻ വസ്ത്രങ്ങൾ അലക്കി പ്രസ്തുത പ്ലൈവുഡ് മറമേൽ ഉണങ്ങാനിട്ടു. ഇത് വട്ടുകേസ്സ് തന്നെയെന്ന് എല്ലാവരും വിലയിരുത്തി. വസ്ത്രങ്ങൾ അവിടന്ന് മാറ്റി, മറ്റെവിടെയെങ്കിലും ആറിയിടാൻ ഞങ്ങൾ സൗമ്യമായി പറഞ്ഞു. വൈക്കം മുഹമ്മദ് ബഷീർ മുതൽ ഡോ. എം. ലീലാവതി വരെ ഇടയ്ക്ക് വന്നു പോകുന്ന ഓഫീസ് മുറിയിലാണ് 'സുബൈദ' വസ്ത്രങ്ങൾ തോരാനിട്ടത്.

സാമ്പത്തിക പ്രതിസന്ധി കാരണത്താൽ പുതിയ ആളെ ഉൾകൊള്ളാൻ കഴിയില്ലെന്ന അവസ്ഥയിൽ ട്രെയിനിയായ സുബൈദയുടെ സേവനം ചന്ദ്രിക ഒഴിവാക്കി. സംഭവം നടന്നിട്ട് വർഷങ്ങൾ ഏറെയായി. ആ സംഗതിയേ മറന്നു പോയിരുന്നു- സുബൈദയെയും. ഇതിനിടയ്ക്ക് ഒരു പ്രമുഖ പത്രത്തിന്റെ വാരാന്തപതിപ്പിൽ വന്ന ലേഖനം അതിശയത്തോടെയാണ് വായിച്ചു തീർത്തത്. ജീവിതത്തിൽ കൈപ്പേറിയ അനുഭവങ്ങൾ മാത്രമുണ്ടായ ഒരാളെ സംബന്ധിച്ചായിരുന്നു അത്. ഇന്ത്യയിലും പുറത്തുമുള്ള പല രാജ്യങ്ങളിലും ജയിലുകളിൽ കിടന്നിട്ടുള്ള ഒരെഴുത്തുകാരനെ പറ്റി. ചെറുപ്പത്തിൽ

mappilaheritagelibrary.com

വീട്ടിൽ നിന്ന് ഉറ്റവർ പുറത്താക്കി. യാചകന്മാർക്കിടയിലും, ഭ്രാന്തന്മാർക്കിടയിലും ജീവിച്ചു. ബോംബെയിലും ഗൾഫ് രാജ്യങ്ങളിലും വിവിധ ജയിലുകളിൽ കിടന്നു. പല ജോലികളും ചെയ്തു. ഇതിൽനിന്നൊക്കെ നേടിയ അനുഭവമാണ് അയാൾ എഴുത്തിന് ആധാരമാക്കിയത്. ഒരു ബിരുദവും നേടിയിട്ടില്ലാത്ത അയാളുടെ രചനകൾ യൂണിവേഴ്സിറ്റികളിൽ പഠിക്കാനുണ്ടായിരുന്നു. ലേഖകന്റെ ഫോട്ടോയും മറ്റ് വിവരങ്ങളും ലേഖനത്തോടൊപ്പം ചേർത്തിരുന്നു. അത് കണ്ട് അക്ഷരാർത്ഥത്തിൽ ഞെട്ടി. അത് നമ്മുടെ പഴയ സുബൈദ നീലേശ്വരമായിരുന്നു. അബൂബക്കർ എന്ന് യഥാർഥ നാമം.

* * * * * * *

പത്രപ്രവർത്തനത്തനത്തിലെ ഒരു ആദ്യകാല അനുഭവം : പ്രൂഫ് വായനക്കിടയിൽ 'കുടുംബാസൂത്രണത്തിൽ ഗുണ്യമായ പുരോഗതി' എന്ന ഒരു തലക്കെട്ട് പ്രൂഫ് വായിക്കാൻ വന്നു. 'ഗ' യുടെ സ്ഥാനത്ത് 'ഗൂ' എന്നാണല്ലോ കാണുന്നത് എന്ന് പ്രൂഫ് കൊണ്ടുവന്ന ആളോട് ചോദിച്ചു. 'ഗ' എന്ന അക്ഷരമില്ല 'ഗൂ' മുറിക്കുകയാണ് ചെയ്യുക എന്ന് മറുപടി. പ്രൂഫിൽ മാർക്ക് ചെയ്യുന്നതു പോലെ കാട്ടി മുറിക്കാൻ മറക്കാതിരിക്കുക എന്ന് നിർദ്ദേശമെഴുതി. പത്രത്തിന്റെ ആദ്യ കോപ്പി അച്ചടിച്ചു വന്നതിങ്ങനെ. 'കുടുംബാസൂത്രണത്തിന് മുറിക്കാൻ മറക്കാതിരിക്കുക'. പ്രസ്സിലേക്ക് ഓടിപ്പോയി പത്രം അച്ചടി നിർത്തിച്ചു. തെറ്റ് തിരുത്തിയാണ് പിന്നെ അച്ചടിച്ചത്.

* * * * * * *

കമ്പോസിറ്ററുടെ നേരിയ ശ്രദ്ധക്കുറവ് മതി അബദ്ധം കടന്നു വരാൻ. വൻ തുക വാങ്ങി അച്ചടിച്ച സപ്ലിമെന്റ് പേജിന്റെ തുടക്കത്തിൽ തന്നെ പറ്റിയ അബദ്ധം ഇങ്ങനെ. 'കുപ്രസിദ്ധമായ പെരുമ്പടപ്പ് ആണ്ട് നേർച്ച' അച്ചടിക്കേണ്ടത്. 'സുപ്രസിദ്ധമായ പെരുമ്പടപ്പ് ആണ്ട് നേർച്ച എന്നായിരുന്നു. അച്ചടിയുടെ ആദ്യ ഘട്ടത്തിൽ തന്നെ പിഴവ് കണ്ടു പിടിച്ചത്കൊണ്ട് തിരുത്തി പത്രം അച്ചടിക്കാനായി. ഇങ്ങനെയൊരബദ്ധം പറ്റിയത് പുറമെയാരും അറിഞ്ഞതുമില്ല.

* * * * * * *

ചന്ദ്രികയിൽ ബീരാൻ കോയ എന്ന സർക്കുലേഷൻ മാനേജർ ഉണ്ടായിരുന്നു. നല്ല കറുത്തിരുണ്ട നിറം. നല്ല തടിയുണ്ടായിരുന്നു. ചന്ദ്രികയുടെ ആദ്യ കാലങ്ങളിൽ ജീവനക്കാർ ഒരേ കിണ്ണത്തിൽ ചോറ് വാരിത്തിന്ന കാലം മുതൽ സി.എച്ചിന് ഒപ്പമുള്ളതാണ്. ചന്ദ്രികയിലെത്തിയാൽ ബീരാൻ കോയയുടെ മുൻപിലുള്ള സ്റ്റൂളിൽ സ്വല്പമെങ്കിലും ഇരുന്നിട്ടേ സി.എച്ച് മറ്റെവിടേക്കും നീങ്ങുകയുള്ളൂ. ഒരു ദിവസം അവിടെയിരുന്നു കൊണ്ട് ബീരാൻ കോയ കേൾക്കെ സി.എച്ച്. പ്രതികരിച്ചു. നമ്മുടെ പത്രത്തിൽ ഏത് ഫോട്ടോ കൊടുത്താലും ബീരാൻ കോയയുടെ ചിത്രമാണല്ലോ അച്ചടിച്ചു വരുന്നത്. ബീരാൻ കോയ പോലും അത് കേട്ട് പൊട്ടിച്ചിരിച്ചു പോയി. ഓഫ്സെറ്റ് പ്രസ്സ് വരുന്നതിന് മുൻപുള്ള അവസ്ഥയാണിത്.

* * * * * * *

ഒരിക്കൽ കാരാടൻ മുഹമ്മദ് ഹാജി റിലീഫ് പ്രവർത്തനത്തിന്റെ ഭാഗമായി ആടു വിതരണം ചെയ്യുന്ന ചിത്രം അച്ചടിച്ചു വന്നു. ചിത്രം കണ്ട ഒരാൾ ഇതിൽ കാരാടനേതാ, ആടേതാ? എന്ന് ചോദിചചത് മറ്റൊരു സംഭവം.

mappilaheritagelibrary.com

* * * * * * *

ചന്ദ്രിക എഡിറ്റോറിയലിൽ രണ്ട് വിഭാഗങ്ങൾ ഉണ്ടായിരുന്നു. രാഷ്ട്രീയ ആഭിമുഖ്യമുള്ളവരും ശുദ്ധ പത്രപ്രവർത്തകരും. രാഷ്ട്രീയം ഇല്ലാത്ത ചന്ദ്രികയിലെ ജേർണലിസ്റ്റുകൾക്ക് മുസ്‌ലിം ലീഗ് മനസ്സിലാവുകയില്ലെന്ന് കരുതരുത്. മുമ്പ് രാഷ്ട്രീയമില്ലാത്ത മുഹ്സിൻ ബിൻ അഹമ്മദിനെ കുറ്റിപ്പുറത്ത് സ്ഥാനാർത്ഥിയാക്കിയപ്പോൾ വിഷയം പഠിക്കാൻ അദ്ദേഹമെത്തിയത് ചന്ദ്രികയിൽ. രണ്ട് ദിവസത്തെ ക്ലാസ്സ് കൊടുത്ത് അദ്ദേഹത്തെ മുസ്‌ലിം ലീഗിന്റെ സർവ്വകാര്യങ്ങളും ചന്ദ്രികയിൽ നിന്ന് പഠിപ്പിച്ചു. ആരാണ് ക്ലാസെടുത്തതെന്നോ, മുസ്‌ലിം ലീഗുകാരനല്ലാത്ത പി.എ. മുഹമ്മദ് കോയ!

* * * * * * *

പാനൂരിലെ കെ.വി. സൂപ്പി മാസ്റ്റർ പറഞ്ഞ ഒരു സംഭവകഥ: തലശ്ശേരിയിൽ നിന്ന് മീൻ വാങ്ങിക്കൊണ്ട് വന്ന് പുത്തൂരങ്ങാടിയിൽ വിൽക്കുന്ന ചന്ദ്രൻ തലക്കുടയിലെ തലവെക്കുന്ന ഭാഗത്ത് ഒളിപ്പിച്ചു വെച്ച് കൊണ്ടുവന്ന ചന്ദ്രികയാണ് നാലഞ്ച് ആളുകൾ കൊല്ലങ്ങളായി വായിച്ചു കൊണ്ടിരുന്നത്. പരസ്യമായി ചന്ദ്രിക വാങ്ങാനും വായിക്കാനും ഭയമായിരുന്നു. ഒരു ദിവസം ഒളിച്ചു വച്ച ചന്ദ്രിക എങ്ങനെയോ പുറത്തു വന്നു. ചന്ദ്രനു പൊതിരെ തല്ല് കിട്ടി. അയാളുടെ മീനും കൊട്ടയും എടുത്തെറിഞ്ഞു. ഇനി മേലിൽ ഇതാവർത്തിക്കരുതെന്ന് താക്കീതു നൽകി. വർഷങ്ങൾ കഴിഞ്ഞപ്പോൾ ഇതൊക്കെ ചെയ്തിച്ച നേതാവിനും ചന്ദ്രിക വായിക്കണമെന്ന അവസ്ഥ വന്നു. അയാളുടെ പാർട്ടിയുടെ സഖ്യകക്ഷിയുടെ മുഖ പത്രമാണതെന്ന തിരിച്ചറിവ് അതിനകം ഉണ്ടായി. ചന്ദ്രിക അപ്രദേശക്കാർക്കൊക്കെ അവശ്യവസ്തുവായി മാറിയത് അങ്ങനെയാണ്.

* * * * * * *

അറയ്ക്കൽ രാജാവിന്റെ അകലെയുള്ള വേനൽക്കാല വസതിയിലേക്ക് ഓരോനേരവും കൊട്ടാരത്തിൽ നിന്നാണ് ഭക്ഷണം കൊണ്ടു പോയിരുന്നത്. പ്രാതലനിനോടൊപ്പം എത്തിക്കാൻ രാജാവിന് നിർബന്ധമുള്ള ഒരിനമുണ്ടായിരുന്നു. ചന്ദ്രിക പത്രമാണത്. രാജാവ് അന്ന് മുസ്‌ലിം ലീഗ് നേതാവ് കൂടിയായിരുന്നു.

* * * * * * *

എ.കെ. കുഞ്ഞിമായൻ ഹാജിയും ബാഫഖി തങ്ങളും ചന്ദ്രികയ്ക്ക് ഷെയർ പിരിക്കാൻ നാട് ചുറ്റുന്ന കാലം. ഒരു സ്ഥലത്ത് ചെന്നപ്പോൾ അവിടെ പ്രമാണിമാർ ആരുമില്ല. അന്വേഷിച്ചപ്പോൾ എല്ലാവരും മറ്റൊരു പ്രമാണിയുടെ വീട്ടിൽ കല്യാണത്തിന് പോയതാണെന്നറിഞ്ഞു. തിരിച്ചു പോകാമെന്ന് കുഞ്ഞിമായൻ ഹാജി അഭിപ്രായപ്പെട്ടു. വേണ്ട, പണിയുണ്ട് എന്ന് പറഞ്ഞ് കാറ് മുന്നോട്ടെടുക്കാൻ ബാഫഖി തങ്ങൾ പറഞ്ഞു. കല്യാണവീടിന് തൊട്ടടുത്തെത്തിയപ്പോൾ അവിടെ നിർത്തി. കല്യാണത്തിനു പോകുകയായിരുന്ന ഒരാളോട് കുഞ്ഞിമായൻ ഹാജിയും ബാഫഖി തങ്ങളും റോഡിൽ കാറിലിരിപ്പുണ്ടെന്ന് പറയാൻ ഏൽപ്പിച്ചു. വീട്ടുകാരൻ ഓടി വന്ന് രണ്ട് പേരേയും കല്യാണത്തിന് ക്ഷണിച്ചു കൂട്ടിക്കൊണ്ടു പോയി. അവിടെ നിന്ന് ഭക്ഷണവും കഴിച്ച് ഒട്ടേറെ ആളുകളെ ഷെയർ ചേർക്കുകയും ചെയ്തു.

* * * * * * *

ചന്ദ്രിക പ്രചാരണവുമായി കാസർക്കോട് ജില്ലയിൽ പര്യടനം നടത്തിയപ്പോൾ

mappilaheritagelibrary.com

ഉണ്ടായ അനുഭവം: എൻ.എ. നെല്ലിക്കുന്ന് മുനിസിപ്പൽ മുസ്‌ലിം ലീഗ് സെക്രട്ടറിയായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കുറച്ചാളുകൾ പ്രചാരണസംഘത്തിൽ ചേർന്നു. അതിലുൾപ്പെട്ട പ്രാദേശിക മുസ്‌ലിം ലീഗ് നേതാവും മുനിസിപ്പൽ കൗൺസിലറുമായ ആൾ ചന്ദ്രികയെ കണ്ടമാനം കുറ്റം പറഞ്ഞു. നെല്ലിക്കുന്ന് ഒന്നും മിണ്ടിയില്ല. വൈകുന്നേരം പ്രസ്തുത മുസ്‌ലിം ലീഗ് കൗൺസിലറുടെ വീട്ടിലായിരുന്നു ചായ. രാവിലത്തെ തിരക്കു കാരണം ചന്ദ്രിക വായിച്ചിട്ടില്ല. ചന്ദ്രിക എടുത്താട്ടെ ഒന്നു വായിക്കട്ടെ എന്ന് എൻ. എ നെല്ലിക്കുന്ന് പറഞ്ഞപ്പോൾ ആതിഥേയൻ ആകെ പരുങ്ങലായി. "ഞാൻ ചന്ദ്രിക വാങ്ങാറില്ല" എന്ന് അയാൾ ജാള്യതയോടെ പറഞ്ഞപ്പോൾ പത്രം വാങ്ങാതേയും, വായിക്കാതേയുമാണോ ഈ കുറ്റപ്പെടുത്തൽ എന്ന് എൻ.എ. നെല്ലിക്കുന്ന് ചോദിച്ചു. നമുക്കിടയിൽ ഇതുപോലുള്ളവർ ധാരാളമുണ്ട്.

* * * * * * *

എൻ. ഡി. എഫ്. രൂപീകരണ കാലത്ത് ഉത്തരവാദപ്പെട്ട ഒരാളുടെ വസതിയിൽ നിന്ന് വന്ന ഫോൺ. നിങ്ങൾ എന്തൊക്കെ വിഡ്ഢിത്തരങ്ങളാണ് എഴുതി കൂട്ടുന്നത്, വകതിരിവുള്ളവർ ആരും അവിടെയില്ലേ? അവിടെ കൂടിയിരുന്നവർ എല്ലാവരും കൂടി ചന്ദ്രികയെ കുറ്റം പറഞ്ഞതിനു ശേഷമാണ് ഈ ഫോൺ വിളിയെന്ന് വ്യക്തം എന്താണബദ്ധമെന്ന് ചോദിച്ചു. എൽ.ഡി.എഫുമായി മുസ്‌ലിം ലീഗിന് ബന്ധമില്ലെന്ന് നിങ്ങൾ എഴുതിയിരിക്കുന്നു. അവരുമായി നമുക്ക് ബന്ധമില്ലെന്ന് ആർക്കാണറിയാത്തത് എന്ന് അയാളുടെ ചോദ്യം.

എൻ.ഡി.എഫ്.(നേഷണൽ ഡമോക്രാറ്റിക് ഫ്രണ്ട്) എന്നൊരു സംഘടന ഉണ്ടായിരിക്കുന്നുവെന്നും അതുമായി ലീഗിന് ബന്ധമില്ലെന്നുമുള്ള ഔദ്യോഗിക പ്രഖ്യാപനമാണതെന്ന് മനസ്സിലാക്കാനുള്ള സാവകാശം അവർക്കാർക്കുമുണ്ടായില്ല.

ചന്ദ്രികയിൽ തെറ്റുകൾ ഉണ്ടാവുന്നില്ലെന്നല്ല, എല്ലാ പത്രങ്ങളിലും തെറ്റുകളുണ്ടാവും. ഹൈദരാബാദ് ലഹളക്കാലത്ത് മുസ്‌ലിം ലീഗിൽ നിന്ന് ധാരാളം രാജികൾ ഉണ്ടായപ്പോൾ അത് ആവേശപൂർവ്വം റിപ്പോർട്ട് ചെയ്തിരുന്ന പ്രമുഖ പത്രത്തിന് പറ്റിയ അമളി പഴയ തലമുറ ഓർക്കുന്നു. മഹ്ശറ മുറ്റത്ത് അബൂജഹലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം മുസ്‌ലിം ലീഗ് പിരിച്ചു വിടാൻ ഇബ്‌ലീസ് അവതരിപ്പിച്ച പ്രമേയം സർവ്വ സമ്മതമായി പാസാക്കി എന്നതായിരുന്നു റിപ്പോർട്ട്.

* * * * * * *

എം.പി.എം അഹമ്മദ് കുരിക്കൾ ചന്ദ്രിക ഡയറക്ടറായിരുന്ന കാലത്തെ ഒരു സംഭവം: പത്രത്തിന്റെ ആവിർഭാവം മുതൽ ഏജന്റായിരുന്ന മാന്യൻ പണം അടക്കാത്തത് മൂലം പത്രം അയക്കുന്നത് കമ്പനി നിർത്തി. അയാൾ നേരെ മഞ്ചേരിയിലേക്ക് ബസ്സ് കയറി അഹമ്മദ് കുരിക്കളെ കണ്ട് സങ്കടം പറഞ്ഞു. എന്ത് കൊണ്ട് പണമടച്ചില്ല എന്ന ചോദ്യത്തിന് പ്രമുഖരടക്കമുള്ളവർ വരിസംഖ്യ തന്നില്ലെന്ന് വിശദീകരിച്ചു. അവരുടെ ലിസ്റ്റ് കുരിക്കൾ വാങ്ങി. ചന്ദ്രികയ്ക്ക് അടയ്ക്കാനുള്ള പണം അദ്ദേഹം കൈയിൽ നിന്ന് എടുത്തു കൊടുത്തു. ഇനി ഞാൻ നോക്കി കൊള്ളാമെന്ന് ആശ്വസിപ്പിച്ച് ഏജന്റിനെ പറഞ്ഞയച്ചു. കുടിശ്ശിക വരുത്തിയ പ്രമുഖൻമാരെ വിളിച്ചു വരുത്തി കണക്കിന് ശകാരിച്ചു.

mappilaheritagelibrary.com

* * * * * * *

പത്രം വായിക്കുന്നത് ന്യൂസറിയാൻ മാത്രമല്ല വ്യൂസ് അറിയാൻ കൂടിയാണ്. ന്യൂസ് ചാനൽ വഴിയും മറ്റ് നെറ്റ്വർക്കുകളിലൂടെയും മണിക്കൂറുകൾ ഇടവിട്ട് അറിയാൻ ഇന്ന് സംവിധാനമുണ്ട്. വ്യൂസ് (നിലപാട്) അറിയാൻ ചന്ദ്രിക തന്നെ വേണമെന്ന തിരിച്ചറിവ് ഇല്ലാതെ പോകുന്നതാണ് കഷ്ടം.

പാർട്ടി പത്രത്തിനു പരിമിതികളേറെയുണ്ട്. സ്വതന്ത്ര പത്രം പോലെ ജനങ്ങളെ ആകർഷിക്കാൻ അതിനു കഴിഞ്ഞെന്ന് വരില്ല. ഇത് എഡിറ്റർമാരുടെ പോരായ്മയല്ല. പുത്തൂർ മുഹമ്മദ് കെ. അബൂബക്കർ, കെ. ഉബൈദുള്ള എന്നിവർ ചന്ദ്രികയിൽ ആയിരുന്നപ്പോൾ ഇവരുടെ കഴിവ് ആരും കണ്ടില്ല. ഇവർ ചന്ദ്രികയിൽ നിന്ന് പോയി മറ്റൊരു പത്രത്തിൽ ചേർന്നപ്പോൾ അവരുടെ കഴിവുകൾ വാഴ്ത്തപ്പെട്ടതായി. പുത്തൂർ മുഹമ്മദ്, മുസ്ലിം ലീഗിന്റെ ഉള്ളുകള്ളികളും അതിലെ രാഷ്ട്രീയവും നന്നായി അറിയുന്ന ആളായിരുന്നു. അദ്ദേഹത്തെ പ്രമുഖ പത്രം വലയിട്ടു പിടിച്ചത് അവരുടെ കോപ്പി കൂട്ടാനായിരുന്നു.

ഐ.എസ്. ആർ. ഒ ചാരക്കേസിൽ സത്യസന്ധമായ റിപ്പോർട്ട് ചന്ദ്രികയുടേത് മാത്രമായിരുന്നു. മറ്റ് പത്രങ്ങൾ പൊടിപ്പും തൊങ്ങലും ലൈംഗികച്ചുവയും പൈങ്കിളി കഥയുടെ ചേരുവയും ചേർത്ത് റിപ്പോർട്ട് ചെയ്യുകയായിരുന്നു. മറിയം റഷീദ, ഫൗസിയ ഹസ്സൻ എന്നിവരുടെ പേരുകൾ ഇവർ ഇതിൽ വലിച്ചിഴച്ച് മാനം കെടുത്തി. ഇതിനു വിരുദ്ധമായ റിപ്പോർട്ടാണ് ചന്ദ്രിക അക്കാലത്ത് നൽകി വന്നത്. ചന്ദ്രികയുടെ തിരുവനന്തപുരം പ്രതിനിധി കുഞ്ഞമ്മദ് വാണിമേലിനെ രാജ്യദ്രോഹ കുറ്റം ചുമത്തി അറസ്റ്റ് ചെയ്യുമെന്ന് വരെ അന്ന് പറയപ്പെട്ടു. കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ ചന്ദ്രികയുടെ റിപ്പോർട്ട് മാത്രമാണ് ശരിയെന്ന് വ്യക്തമായത് ചരിത്രം.

mappilaheritagelibrary.com

ബ്രിട്ടീഷ് കലക്ടറെ രോഷം കൊള്ളിച്ച പത്രാധിപർ

ചന്ദ്രിക പത്രം കോഴിക്കോട് കിഴക്കെ നടക്കാവിൽ നിന്നിറങ്ങുന്ന കാലം. പത്രാധിപ മുറിയിൽ വി.സി. അബൂബക്കറും കെ.കെ. മുഹമ്മദ് ഷാഫിയും ഇരിക്കുന്നു. വി.സി. എഴുത്തിനിടെ തല ഉയർത്തി നോക്കിയപ്പോൾ മുന്നിൽ കൃശഗാത്രനായ ഒരു കുട്ടി. "ഞാൻ കുറേ സൃഷ്ടികൾ ഇവിടേക്ക് അയച്ചു ഒന്നും പ്രസിദ്ധീകരിച്ചു കണ്ടില്ലല്ലോ, സർ. ഞാൻ അയക്കുന്നതിൽ പ്രസിദ്ധീകരണ യോഗ്യമായ് ഒന്നും ഇല്ലേ" എന്ന് ദൈന്യ ഭാവത്തിലുള്ള ചോദ്യം. ആവലാതിയിൽ അലിവു തോന്നിയ വി.സി. അടുത്തിരിക്കുന്ന ഷാഫി സാഹിബിന്റെ മുഖത്തേക്കും, ഷാഫി സാഹിബ് വി.സി. യുടെ മുഖത്തേക്കും നോക്കി. കുട്ടിയുടെ നാടും ,പേരും ചോദിച്ചു. ഇപ്പോൾ വല്ലതും കൊണ്ടു വന്നിട്ടുണ്ടോ എന്നും ആരാഞ്ഞു. 'നാട് അത്തോളി, പേര് മുഹമ്മദ് കോയ' മറുപടി. മുഹമ്മദ് കോയ യുടെ ലേഖനം ആവശ്യമായ മാറ്റം വരുത്തി പ്രസിദ്ധീകരണത്തിനു നൽകി. പിൽക്കാ ലത്ത് പത്രാധിപരും, മുഖ്യ പത്രാധിപരുമായ സി.എച്ച് മുഹമ്മദ് കോയയായിരുന്നു കുട്ടി. മുഹമ്മദ് കോയയ്ക്ക് വേണ്ടി വി.സി. പലതവണ പത്രാധിപ കസേര സന്തോഷപൂർവ്വം ഒഴിഞ്ഞ് കൊടുത്ത് ന്യൂസ് എഡിറ്റർ പദവിയിലേക്ക് മാറിയിരുന്നു. സി.എച്ച്. മന്ത്രിയായി പോകുന്ന ഇടവേളയിൽ വി.സി. വീണ്ടും പത്രാധിപരായി. മുഖ്യ പത്രാധിപ തസ്തിക യുണ്ടാക്കി സി.എച്ച് അതിൽ അവരോധിതനാവും വരെ ഈ പ്രക്രിയ തുടർന്നു. ഒരു പ ത്രത്തിൽ ഏറ്റവുമധികം കാലം, പ്രിന്റർ, പബ്ലിഷർ, എഡിറ്റർ എന്നീ മൂന്ന് പദവികളും വഹിച്ച് കൊണ്ട് ഇരുന്നിട്ടുള്ള വ്യക്തിയാണ് വി.സി. അബൂബക്കർ സാഹിബ്.

ജനനം തലശ്ശേരിയിൽ: ഇംഗ്ലീഷ് വിദ്യാഭ്യാസം മുസ്ലിംകൾക്ക് നിഷിദ്ധമായി ഗണിക്കപ്പെട്ട കാലത്ത് ഉന്നത വിദ്യാഭ്യാസം നേടി 'കാഫിർ' എന്ന വിളിപ്പേരിന് അർഹ നായ വി.സി. മായന്റെ അനന്തരവനാണ് വി.സി. അബൂബക്കർ. എഴുത്തിൽ നല്ല വാസ നയുണ്ടായിരുന്ന ഈ കുട്ടിയെ സീതി സാഹിബാണ് കണ്ടെത്തി ചന്ദ്രികയിലെത്തിച്ചത്. എഴുത്തിന് നല്ല മൂർച്ചയുണ്ടായിരുന്നു. വളരെ ചെറുപ്പം മുതൽ ചന്ദ്രികയിൽ മുഖപ്ര സംഗം എഴുതി തുടങ്ങി. മുഖ പ്രസംഗത്തിൽ ഒന്ന് മലബാർ കലക്ടർ മക്കീവൻ സായ്

mappilaheritagelibrary.com

പിനെ രോഷാകുലനാക്കാൻ പോന്നതായി. ഉദ്യോഗനിയമനങ്ങളിൽ മുസ്‌ലിംങ്ങളെ അവഗണിക്കുന്നതിനെതിരെ രൂക്ഷവിമർശനത്തോടെയുള്ള മുഖപ്രസംഗമായിരുന്നു അത്. മക്കീവൻ സായ്പ് പത്രാധിപരെ നേരിട്ടു വിളിപ്പിച്ചു. പത്രപ്രസാധനം നിർത്തി വെപ്പിക്കുന്നത് ഉൾപ്പെടെയുള്ള കടുത്ത നടപടികൾ സ്വീകരിച്ചേക്കുമെന്ന് സകലരും ഭയപ്പെട്ടിരുന്നു. എന്നാൽ ചെറുപ്രായക്കാരനായ പത്രാധിപരെ കണ്ടപ്പോൾ 'You are too young to be an editor' പത്രാധിപർ ആകാൻ മാത്രം പ്രായം തനിക്കില്ലെന്ന് പറഞ്ഞ് പ്രശ്നം അവസാനിപ്പിക്കുകയാണുണ്ടായത്.

1932ൽ തലശ്ശേരിയിലെ മലബാർ മുസ്‌ലിം പ്രിന്റിംഗ് പ്രസ്സിൽ നിന്ന് ചന്ദ്രിക സ്വതന്ത്ര വാരികയായി പുറത്തിറങ്ങി. 1938ൽ ദിനപത്രമായി അച്ചടിക്കാൻ ആരംഭിച്ചു. ഈ കാലം മുതൽ വി.സി. ചന്ദ്രികയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വന്നു. ചന്ദ്രികയുടെ പ്രഥമ പ്രസാധകൻ തയ്യിലക്കണ്ടി മുഹമ്മദും പ്രഥമ പത്രാധിപർ കെ. കെ. മുഹമ്മദ് ഷാഫിയുമായിരുന്നു. പ്രസാധനം പിന്നെ കെ.കെ. മുഹമ്മദ് ഷാഫിയിലേക്കും അദ്ദേഹത്തിൽ നിന്ന് വി.സി. അബൂബക്കറിലേക്കും മാറ്റുകയായിരുന്നു. 1978ൽ റിട്ടയർ ചെയ്യും വരെ പ്രിന്റർ, പബ്ലിഷർ, എഡിറ്റർ എന്നീ മൂന്ന് സ്ഥാനങ്ങളിൽ അദ്ദേഹം തുടർന്നു.

ബ്രിട്ടീഷ് ഇന്ത്യയിലും സ്വതന്ത്ര ഇന്ത്യയിലും വി.സി. പത്രാധിപർ ആയിട്ടുണ്ട്. എ. കെ കുഞ്ഞിമായൻ ഹാജി മാനേജിംഗ് ഡയരക്ടർ ആയപ്പോഴും, ബാഫഖി തങ്ങൾ മാനേജിംഗ് ഡയരക്ടർ ആയപ്പോഴും എഡിറ്റർ അദ്ദേഹം തന്നെ. വി.സിയുടെ കൂടെ പ്രവർത്തിച്ചവരും കീഴിൽ പ്രവർത്തിച്ചവരും എം. എൽ എ. മാരും, മന്ത്രിമാരും ആയി പോയപ്പോഴും വി.സി. യോടുള്ള സ്നേഹവും ആദരവും പ്രകടമാക്കാൻ അവർ ഇടയ്ക്കിടെ ചന്ദ്രികയിൽ വരുമായിരുന്നു. സി.എച്ച്. മുഹമ്മദ് കോയ, പി.എം. അബൂബക്കർ, യു. എ. ബീരാൻ, ഇ. അഹമ്മദ്, ഡോക്ടർ സി. എം. കുട്ടി എന്നിവർ ഇതിലുൾപ്പെടുന്നു. ഇവർ മുഖേന അധികാരത്തിൽ നിന്ന് എന്തെങ്കിലും ആനുകൂല്യം നേടാൻ ഇദ്ദേഹം ഒരിക്കലും താൽപര്യം കാട്ടിയില്ല. പ്രലോഭനങ്ങൾക്ക് നേരെ മുഖം തിരിച്ചു നിന്നു. ലളിത ജീവിതം തപസ്യയാക്കി. ആഴ്ചയിലൊരിക്കൽ ബസ്സിൽ തലശ്ശേരിയിൽ വീട്ടിൽ പോവുകയും അടുത്ത ദിവസം കൃത്യമായി തിരിച്ചു വരികയും ചെയ്തു.

എഡിറ്റോറിയൽ പേജിൽ പത്രാധിപർ വി.സി. എഴുതി വന്ന ലഘു ചിന്തകൾ നർമ്മവും ചിന്തയും ഒന്നിച്ചു ചേർന്നതാണ്. നർമ്മരസ പ്രധാനമായ ലേഖനങ്ങൾ എഡിറ്റോറിയൽ പേജിൽ ചേർക്കുന്ന സമ്പ്രദായം തുടങ്ങി വെച്ചത് തന്നെ ചന്ദ്രികയാണ്. വി.സി. ക്ക് മുൻപ് മൂർക്കോത്ത് കുമാരൻ (മൂർക്കോത്ത് രാവുണ്ണിയുടേയും കുഞ്ഞപ്പയുടേയും പിതാവ്) ഇത് എഴുതി വന്നു. വജ്രസൂചി എന്ന തൂലിക നാമത്തിലായിരുന്നു എഴുത്ത്. അദ്ദേഹത്തിന് ശേഷം വി.സി. കൈകാര്യം ചെയ്തു. കാലിക്കറ്റ് സർവ്വകലാശാലയിൽ പ്രൊഫ: നൂർ മുഹമ്മദിനെ വൈസ് ചാൻസലറാക്കാനുള്ള തീരുമാനം ഉണ്ടായപ്പോൾ ഡോ. സുകുമാർ അഴീക്കോട് വലിയ കോലാഹലം സൃഷ്ടിച്ചു. വാക്ക് കസർത്തിൽ അദ്വിതീയനായ അഴീക്കോടിനെ ഖണ്ഡിക്കാൻ ആർക്കും കഴിയില്ല എന്നാണല്ലേ അനുമാനം? വി.സി. ചന്ദ്രികയിലെഴുതിയ ഒറ്റ മുഖപ്രസംഗത്തിലൂടെ സുകുമാർ അഴീക്കോടിന്റെ നാവടക്കിക്കളഞ്ഞു. നൂർ മുഹമ്മദ് അപ്രശസ്തനാണെന്നും അദ്ദേഹത്തിന്റെ പേര് ഇതുവരെ കേട്ടിട്ടില്ലെന്നുമെന്ന അഴീക്കോടിന്റെ ആരോപണത്തിനു

mappilaheritagelibrary.com

'ചമ്പുക്കളിലും, മണിപ്രവാളങ്ങളിലും, ഖണ്ഡകാവ്യങ്ങളിലും നൂർ മുഹമ്മദിന്റെ പേര് കാണുകയില്ലല്ലോ എന്ന് മുഖപ്രസംഗത്തിലൂടെ പരിഹസിച്ചു.

പഴയ കാലത്ത് പാർട്ടി പ്രവർത്തനത്തിന്റെ ഭാഗമായി വാർത്തകൾ അയക്കുന്ന റിപ്പോർട്ടർമാരാണധികവും. വേണ്ടത്ര വിദ്യാഭ്യാസം പോലുമില്ലാത്ത ഇവരുടെ വാർത്തകൾ എഡിറ്റ് ചെയ്യുക ശ്രമകരമായിരുന്നു. അത്തരം വാർത്തകൾ എഡിറ്റ് ചെയ്യാൻ വി.സി.ക്കുള്ള കഴിവ് പ്രത്യേകം തന്നെ. കൂറേ തിരുത്തലുകളും കുറച്ചു കൂട്ടിച്ചേർക്കലും വി.സി. നടത്തുമ്പോൾ അത്തരം വാർത്തകൾ മനോഹരമാവും. അക്കാലത്തെ ചില റിപ്പോർട്ടർമാരുടെ ഭാവന ചിരിച്ച് മണ്ണ് കപ്പിക്കുന്നതായിരിന്നു. തെങ്ങിന് ഇടി വീണത് അവർക്ക് വാർത്തയാണ്. അതിന് വാർത്ത പ്രാധാന്യം വന്നത് കഴിഞ്ഞ താലൂക്ക് മുസ്ലിം ലീഗ് സമ്മേളനത്തിന് കൊടിമരത്തിന് കൊണ്ടുപോയ കവുങ്ങിന്റെ അടുത്താണ് ഇതിന്റെ സ്ഥാനമെന്നതും!. പാമ്പിനെ തല്ലിക്കൊന്നത് അത്തരക്കാർക്ക് വാർത്തയാണ്. അതിന് ആദ്യമായി വടി എടുത്തത് പഞ്ചായത്ത് ലീഗ് പ്രസിഡണ്ടാണെന്നത് വാർത്തയ്ക്ക് പ്രാധാന്യം വരാൻ കാരണമായി. വാർത്തകളിൽ മുസ്ലിം പേരുകൾക്ക് മുൻപ് 'ജ' (ജനാബ് എന്നതിന്റെ ചുരുക്കം) എന്ന് ചേർത്തിരുന്നു. പേരിന്റെ അവസാനം സാഹിബ് എന്നും ചേർത്തു പോന്നു. ഈ അവസ്ഥയിൽ നിന്ന് ചന്ദ്രികയെ ആധുനിക രീതിയിലേക്ക് കൊണ്ടുവന്നത് വി.സി. യാണ്.

തിക്കോടിയിൽ നിന്ന് സ്വന്തം ലേഖകൻ അബദ്ധവശാൽ മരിക്കാത്ത പ്രമുഖന്റെ ചരമ വാർത്ത അയച്ചത് പത്രത്തിൽ അടിച്ചു വന്നു. നാട്ടിൽ കോലാഹലമായപ്പോൾ റിപ്പോർട്ടർ നാടു വിട്ടു പോയി. അവിടെ നിന്ന് വാർത്തയ്ക്ക് തിരുത്തയച്ചു. വാർത്തയുടെ തിരുത്തിന് അവസാനം പത്രാധിപർ വി.സി. 'പരേതൻ മരിച്ചിട്ടില്ലത്രേ' എന്ന് ചേർത്തു കൊടുത്തു. ക്ഷുഭിതരായ 'മരണ വീട്ടുകാരെ' പോലും ചിരിപ്പിക്കാൻ ഈ പ്രയോഗം കാരണമായത്രെ.

1970 – ൽ ചന്ദ്രികയുടെ പുതിയ റോട്ടറി ഓഫ്സെറ്റ് പ്രസ്സ് ഉദ്ഘാടന വേളയിൽ വി.സി. ചെയ്ത പ്രസംഗത്തിൽ " ചന്തിപ്രസ്സിൽ നിന്ന് റോട്ടറി പ്രസ്സിലേക്കുള്ള ഉയർച്ച" എന്ന പ്രയോഗവും അതിന്റെ വിശദീകരണവും സർവ്വദാ ഹൃദ്യമായി. പണ്ടു കാലത്ത് പേജിന്റെ ഇംപ്രഷൻ എടുക്കാൻ അതിൻമേൽ കയറിയിരിക്കണമായിരുന്നു. ചന്തിയുടെ ഭാരം കൊണ്ട് ഇംപ്രഷൻ പതിയാൻ. അതാണ് ചന്തി പ്രസ്സ് എന്ന് വിളിക്കാൻ കാരണം.

ഭയവിദ്വേഷങ്ങൾക്ക് കീഴ്പ്പെടാതെയും താഴെയുള്ളവരെ നന്നായി സ്നേഹിച്ചും അവർക്ക് രക്ഷാകവചമായും നിൽക്കുന്നയാളാണ് യഥാർത്ഥ പത്രാധിപർ. ഈ ഗുണങ്ങളുടെ വിളനിലമായിരുന്നു വി.സി. ഒരിക്കൽ പ്രധാനപ്പെട്ട ഒരു സംഘടനയുടെ തലപ്പത്തിരിക്കുന്നവർ കൂട്ടത്തോടെ ചന്ദ്രികയിലെത്തി. അവരുടെ സംഘടനയുമായി ബന്ധപ്പെട്ട ഫോട്ടോകൾ ഒന്നും ചന്ദ്രികയിൽ പ്രസിദ്ധീകരിക്കുന്നില്ലെന്ന് പറയാൻ. അവർ ക്ഷുഭിതരായിരുന്നു. കാരണം എതിർ ഭാഗത്തിന്റെ ഫോട്ടോകൾ കൃത്യമായി ചന്ദ്രികയിൽ വരുന്നുണ്ട്. അവരെ പത്രാധിപർ അടക്കിയതിങ്ങനെ; 'ഓഹോ, നിങ്ങൾക്ക് ഫോട്ടോ ഹലാലായത് ഞങ്ങൾ അറിഞ്ഞില്ല. ഇനിമേൽ കൊടുത്തുകളയാം' ഫോട്ടോ എടുക്കലും പത്രത്തിൽ വരലും ഹറാമാണെന്ന് നിലപാടുള്ളവരായിരുന്നു മുൻപ് ഇവർ.

mappilaheritagelibrary.com

എം. ഇ. എസ്. പ്രസിഡണ്ട് ഡോ. പി.കെ. അബ്ദുൾ ഗഫൂറുമായി വളരെ അടുത്ത സ്നേഹബന്ധമുണ്ടായിരുന്നു വി.സി.ക്ക്. എം.ഇ.എസും, മുസ്ലിം ലീഗുമായി തെറ്റിയപ്പോൾ ഡോ. ഗഫൂർ സാഹിബിന്റെ ബന്ധം ചന്ദ്രികയിൽ അവർക്കെതിരെ വാർത്ത കൊടുക്കുന്നതിന് വി.സിക്ക് തടസ്സമായില്ല. സി.കെ.പി. ചെറിയമമ്മുകേയിയും വി.സി. അബൂബക്കറും ഒരേ നാട്ടുകാരും അടുത്ത ബന്ധുക്കളും കളിക്കൂട്ടുകാരുമായിരുന്നു. അതേസമയം സി.എച്ച്. വി.സി.ക്ക് കൂട്ടുകാരനും സഹപ്രവർത്തകനും. ഈ ബന്ധങ്ങളൊന്നും മുസ്ലിം ലീഗ് പിളർപ്പ് കാലത്ത് വി.സി. യെ ബാധിച്ചില്ല. ചന്ദ്രികയുടെ നിഷ്പക്ഷനായ പത്രാധിപർ എന്ന നിലയ്ക്ക് നൂറ് ശതമാനവും അദ്ദേഹം പ്രവർത്തിച്ചു. അതേ സമയം ഇടക്കാലത്ത് മാനേജിംഗ് എഡിറ്റർ ആയി വന്ന ടി.പി. കുട്ടിയമ്മു സാഹിബ് പിളർപ്പിന് ആക്കം കൂട്ടാൻ കാരണക്കാരനായി എന്ന് ആക്ഷേപമുണ്ടായി, കുട്ടിയമ്മു സാഹിബിന്റെ പേര് അക്കാലത്ത് രാജ്യസഭാ സീറ്റിന് പറഞ്ഞു കേട്ടിരുന്നു.

ജീവിതരീതി മാത്രമല്ല, വി.സി. യുടെ വീടു പോലും ലളിതഗംഭീരമായിരുന്നു. തലശ്ശേരി പട്ടണത്തിന്റെ ഒത്തനടുക്കാണ് വീടെങ്കിലും, വീട്ടിലേക്ക് റോഡ് ഉണ്ടായിരുന്നില്ല. വൈക്കം മുഹമ്മദ് ബഷീറന്റെ വീട്ടിലേക്കെന്നപോലെ റോഡിൽ നിന്ന് അൽപം നടന്നു വേണം വീട്ടിലെത്താൻ. ആദ്യ കാലത്ത് ചന്ദ്രികയിൽ ശമ്പളം തുച്ഛമായിരുന്നു. അക്കാലത്ത് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ അദ്ദേഹം പ്രയാസപ്പട്ടു കാണും. അതിനിടയ്ക്ക് മക്കളെ പഠിപ്പിച്ചു. നിസ്വാർത്ഥ സേവനത്തിനുള്ള പ്രതിഫലം അള്ളാഹു മക്കളിലൂടെ നൽകി. അവർ പഠിച്ചു ഉന്നത സ്ഥാനങ്ങളിലെത്തി. സലീം, മുസ്സു, റഷീദ് എന്നീ ആൺമക്കളും സാമ്പത്തികമായി ഉന്നതിയിലെത്തി. എന്നിട്ടും അവർ പ്രത്യേകം വീടു വെച്ച് ബാപ്പയെ പിരിഞ്ഞു പോയില്ല. മുറ്റം വരെ കാറെത്താത്ത വീട്ടിൽ തന്നെ ഒഴിവുകാലങ്ങളിൽ നാട്ടിലെത്തിയാൽ അവർ ബാപ്പയോടൊപ്പം തങ്ങി.

സമാധാനപൂർണ്ണവും സന്തോഷകരവുമായ റിട്ടയർമെന്റ് ജീവിതമായിരുന്നു പത്രാധിപരുടേത്. വൈകുന്നേരങ്ങളിൽ സ്റ്റേഡിയം പളളി ലക്ഷ്യമാക്കി നടന്നു പോകും. അവിടെ അദ്ദേഹത്തിനൊത്ത ചങ്ങാതിമാരുണ്ടായിരുന്നു. ആരോടും അനുവാദം ചോദിക്കാതെ ഒരു കൊട്ടിയാഘോഷവും നടത്താതെ വി.സി. ഹജ്ജിനു പോയി. ജിദ്ദയിൽ ഉദ്യോഗത്തിലിരുന്ന മകൻ സലീം ചോദിച്ചു. ആളുകളോടൊക്കെ ചോദിച്ചിട്ടാണോ ബാപ്പ വന്നത്? വി.സി. യുടെ ഉത്തരം, 'അതെന്തിനാ ഞാൻ ആരുമായും ഒരിടപാടും ഇല്ലല്ലോ? പൊരുത്തപ്പെടീക്കാൻ ഞാൻ ആരോടും ഒരു തെറ്റും ചെയ്തിട്ടില്ല. ഭൂമിയിൽ ഒരാളും എന്നോടും ചെയ്തിട്ടില്ല ഒരു തെറ്റും.' ഈ മറുപടിയിൽ ചിരിച്ചു പോയി മകൻ സലീം. അതാണ് വി.സി. അബൂബക്കർ.

mappilaheritagelibrary.com

മെഹബൂബെ മില്ലത്ത് സേട്ടുസാഹിബ്

മെഹബൂബെ മില്ലത്ത് ഇബ്രാഹിം സുലൈമാൻ സേട്ട് ! മൂന്നരപതിറ്റാണ്ട് കാലം മുസ്‌ലിം ലീഗുകാരിൽ ആവേശമായി ജ്വലിച്ചുനിന്ന നാമം. കേരളത്തിലെ മുസ്‌ലിം ജനസാമാന്യം ഇന്നും ആ പേര് ഓർക്കുന്നു. സ്വല്പം നൊമ്പരത്തോടെ. 2005 ഏപ്രിൽ 27 ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അതിൽ മാത്രമല്ല അതിന് മുൻപെ മഹാനായ നേതാവ് മുസ്‌ലിം ലീഗിൽ നിന്ന് വിട്ടുപോയി മറ്റൊരു പാർട്ടിയുണ്ടാക്കി എന്നതിൽ കൂടിയാണ് നൊമ്പരം.

മൂന്നരപതിറ്റാണ്ട് കാലം പാർലമെന്റിൽ മുസ്‌ലിം പ്രശ്നങ്ങൾക്ക് വേണ്ടി അടരാടി ജ്വലിച്ചുനിന്നു സേട്ടു സാഹിബ്. 13 വർഷം ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറിയും 20 വർഷം ദേശീയ പ്രസിഡണ്ടുമായിരുന്നു. കേരള സംസ്ഥാന മുസ്‌ലിംലീഗ് രൂപീകരിക്കാൻ 1956 നവംബർ 18ന് എറണാകുളത്ത് ചേർന്ന സമ്മേളനത്തിൽ പതാക ഉയർത്തിയത്അദ്ദേഹമാണ്. പ്രഥമ മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റിയിൽ സേട്ടുസാഹിബ് ഖജാൻജിയായി തെരഞ്ഞെടുക്കപ്പെട്ടു. സയ്യിദ് അബ്ദുറഹിമാൻ ബാഖഫി തങ്ങളായിരുന്നു പ്രസിഡണ്ട്. കെ.എം. സീതി സാഹിബ് സെക്രട്ടറിയും.

കണ്ണൂർജില്ലയിലെ തലശ്ശേരിയിൽ ബാല്യകാലം. സത്താർസേട്ട് സർവ്വേന്ത്യാ മുസ്‌ലിംലീഗ് പ്രവർത്തനവുമായി ആവേശം ഉയർത്തിവിട്ട കാലത്ത് ജാഥയിൽ പങ്കെടുക്കാനും മുദ്രാവാക്യം വിളിച്ചുകൊടുക്കാനും ഈ കൗമാരപ്രായക്കാരൻ മുന്നിൽ നിന്നു. പിന്നീട് കുടുംബം ബാംഗ്ലൂരിലേക്കും, മൈസൂരിലേക്കും മാറിയപ്പോഴും വിദ്യാഭ്യാസകാലത്തും കോളേജ് ലക്ചറായി ഉദ്യോഗത്തിലിരുന്നപ്പോഴും മുസ്‌ലിംലീഗ് ആവേശം അണയാതെ സൂക്ഷിച്ചു. 1941ൽ മദിരാശിയിൽ ജിന്നസാഹിബിനോടൊപ്പം വേദി പങ്കിട്ട് ഇബ്രാഹിം സുലൈമാൻ ഉജ്ജ്വല പ്രസംഗം ചെയ്ത് ശ്രദ്ധേയനായി. അന്ന് ബിരുദവിദ്യാർത്ഥിയായിരുന്നു. പ്രായം 19 വയസ്സ്. 1944 - ൽ പൊന്നാനിയിൽ നടന്ന എം. എസ്. എഫ് സമ്മേളനത്തിൽ ഷൗഖത്ത് ഹയാത്ത്ഖാൻ എന്ന അഖിലേന്ത്യാ നേതാവിന് പകരക്കാരനായി എത്തി യുവാവായ സേട്ടു ഉജ്ജ്വലപ്രസംഗം ചെയ്തത് പ

mappilaheritagelibrary.com

ഴയകാല ലീഗുകാരുടെ ഓർമ്മ. വിവാഹാനന്തരം കൊച്ചിയിലെത്തി സ്ഥിരതാമസമാക്കി. അക്കാലത്ത് സീതി സാഹിബിനെ കാണാൻ മിക്ക ദിവസങ്ങളിലും സൈക്കിൾ ചവിട്ടി എറണാകുളത്ത് എത്തുമായിരുന്നു. ബി. പോക്കർ സാഹിബുമായും ഇവിടെ വെച്ച് ബന്ധപ്പെട്ടു. താമസിയാതെ തിരുകൊച്ചിയിൽ മുസ്ലിംലീഗിന്റെ നേതാവായി. 1960ൽ രാജ്യസഭാംഗമായി പാർലമെന്ററി ജീവിതം ആരംഭിച്ചു. 67ലും 71ലും കോഴിക്കോട് നിന്നും ലോകസഭാംഗമായി. പിന്നെ മഞ്ചേരിയിൽ നിന്നും പൊന്നാനിയിൽ നിന്നും ലോക്സഭയിലേക്ക്. സീതിസാഹിബിന്റെ മരണത്തെതുടർന്ന് ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. ബാഖഫി തങ്ങളെ തുടർന്ന് 1973 ൽ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് പ്രസിഡണ്ടുമായി.

കേരള മുസ്ലിംകൾക്കാണ് ഏറ്റവും പ്രിയങ്കരനെങ്കിലും ഉത്തരേന്ത്യൻ മുസ്ലിംകളുടെ വികാരമായിരുന്നു ഇബ്രാഹിം സുലൈമാൻ സേട്ടിന്. അതിപ്രകാരം രൂപപ്പെടുത്തിയത് ഇന്ത്യൻ സാഹചര്യമാണെന്ന് കരുതണം. ഇന്ത്യയിൽ അന്യാധീനപ്പെട്ടു പോയ നൂറുകണക്കിന് പള്ളികളുടെ അവസ്ഥ മതി ഇതിന് കാരണമായിക്കാണാൻ. വിഭജനത്തിന്റെയും അഭയാർത്ഥിപ്രവാഹത്തിന്റെയും നാളുകളിൽ പഞ്ചാബ്, ഡൽഹി, യു.പി, ഹരിയാന സ്റ്റേറ്റുകളിൽ നൂറ്കണക്കിന് പള്ളികൾ അന്യാധീനപ്പെട്ടു പോയിരുന്നു. ഇത് പഴയ കഥ, 1970കളിൽ പോലും മസ്ജിദുകൾ നഷ്ടമാവുന്ന കഥ തുടർന്നു. നഗരവികസനത്തിന്റെ പേരിൽ ഡൽഹിയിൽ ഒട്ടേറെ പള്ളികൾ ഇക്കാലത്ത് ഇടിച്ചുനിരപ്പാക്കുകയുണ്ടായി. ഉത്തരേന്ത്യയിൽ അവശേഷിക്കുന്ന പള്ളികൾ പുരാവസ്തുവകുപ്പ് ഏറ്റെടുത്തു. 264 എണ്ണം വരുമിത്. ഇതിനെ സംരക്ഷിത പള്ളികൾ എന്ന വിശേഷണത്തിലുൾപ്പെടുത്തി

ഇതിൽ ആരാധനാസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടില്ല. ഡൽഹിയിലെ സഫ്ദർ ജംഗ് പള്ളിയിലൊഴിച്ച്. ഇതുതന്നെ സേട്ടുസാഹിബിന്റെ ധീരോദാത്തമായ പ്രവർത്തനംകൊണ്ട് സാധിച്ചതാണ്. ആ കഥ കേൾക്കുക. പള്ളികളിൽ ആരാധനാ സ്വാതന്ത്ര്യത്തിന് വേണ്ടി പ്രവർത്തിക്കാൻ മജിലിസേ മുശാവറ രൂപീകരിച്ച കമ്മിറ്റിയുടെ ചെയർമാനായി സേട്ടുസാഹിബിനെ തെരഞ്ഞെടുത്തു. ഈ കമ്മിറ്റി സഫ്ദർ ജംഗ് പള്ളിയിൽ ആരാധന അനുവദിക്കുന്നത് സംബന്ധിച്ച് പല തവണ ഗവൺമെന്റുമായി ചർച്ച നടത്തി. തത്വത്തിൽ അംഗീകരിക്കുകയും പിന്നെ സമർത്ഥമായി ഒഴിഞ്ഞുമാറുകയും ചെയ്യുന്ന നയമാണ് സർക്കാർ തുടർന്ന് കൊണ്ടിരുന്നത്. ഒടുവിൽ സഫ്ദർ ജംഗ് പള്ളിയിൽ കയറി നിസ്കാരം തുടങ്ങുമെന്ന് സേട്ട് സാഹിബ് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്ക് ടെലഗ്രാം സന്ദേശമയച്ചു. പള്ളിപരിസരത്ത് നിരോധനാജ്ഞ പ്രഖ്യാപിച്ചാണ് സർക്കാർ പ്രതികരിച്ചത് അപ്പോൾ മുശാവറ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സേട്ടുസാഹിബിന്റെ നേതൃത്വത്തിൽ പതിനായിരങ്ങൾ പള്ളിയിലേക്ക് മാർച്ച് നടത്തി അറസ്റ്റുവരിച്ചു. അത്രയുമായപ്പോൾ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ചർച്ചക്ക് വിളിച്ചു. നിങ്ങൾ ഇതെന്താണ് ചെയ്യുന്നത്? പ്രധാനമന്ത്രി ചോദിച്ചു. നിങ്ങളുടെ ഗവൺമെന്റ് അടിക്കടി നൽകിക്കൊണ്ടിരുന്ന ഉറപ്പുകളൊക്കെ കാറ്റിൽ പറത്തിയിരിക്കേ ഞങ്ങൾക്ക് ഇതേ നിവൃത്തിയുള്ളു. സേട്ടുസാഹിബിന്റെ മറുപടി. ഇരുപതിനായിരം ആളുകളുമായി അദ്ദേഹം അവിടെ പോയി നിസ്കരിച്ചു. സഫ്ദർജംഗ് പള്ളി മുസ്ലിംകൾക്ക്

mappilaheritagelibrary.com

തിരിച്ചുകിട്ടിയതങ്ങനെയാണ്. 263 പള്ളികൾ പിന്നെയും ആരാധനാസ്വാതന്ത്ര്യം ലഭിക്കാതെ ബാക്കിയായിരുന്നു. ബാബറി മസ്ജിദ് തകർക്കപ്പെട്ടതോടെ സർക്കാരിനെതിരെ മുസ്ലിംവികാരം ഇന്ത്യയിൽ പാരമ്യതയിലെത്തി.

ബാബറി മസ്ജിദ് തകർക്കുന്നതിലെ ഒന്നാം നമ്പർ 'വില്ലൻ' പ്രധാനമന്ത്രി നരസിംഹറാവുവാണെന്ന് സേട്ടുസാഹിബ് ഉറച്ച് വിശ്വസിച്ചു, ബി. ജെ. പി. അടക്കമുള്ള സംഘപരിവാറുകളോട് റാവുവിന് എന്നും മൃദുവികാരമായിരുന്നു. ബി. ജെ. പി. നേതാക്കളോട് ആദരവുമായിരുന്നു. അടൽബിഹാരി വാജ്പേയിയിയെ ഗുരു എന്നാണ് പ്രധാനമന്ത്രി അഭിസംബോധന ചെയ്തിരുന്നത്. മറിച്ച് വാജ്പേയി റാവുവിനെ ഗുരുനാഥന്മാരുടെ ഗുരു എന്ന് വിളിച്ചുവന്നു. റാവുവിന്റെ വഞ്ചനാപരമായ മൗന സമ്മതത്തിലാണ് സംഘപരിവാറുകൾക്ക് കൃത്യം എളുപ്പമായത് ഈ വിദ്വേഷമത്രയും ബാബറി മസ്ജിദ് തകർക്കപ്പെട്ട നാളുകളിൽ സേട്ടുസാഹിബ് പാർലമെന്റിൽ പ്രകടിപ്പിച്ചിരുന്നു. പാർലമെന്റിൽ അദ്ദേഹം സിംഹം കണക്കെ പോരാടിയെന്ന് മുൻ പ്രധാനമന്ത്രി ദേവ്ഗൗഡ പറഞ്ഞത് പ്രസ്തുത പോരാട്ടത്തിന്റെ ദൃക്സാക്ഷി എന്ന നിലക്കാണ് . പോരാട്ടത്തിന് ഒരു ഫലവും കിട്ടിയില്ലെന്നത് അദ്ദേഹത്തെ നിരാശനാക്കി.

ഇതുപോലുള്ള നിരാശ ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് ഉണ്ടായിട്ടുണ്ടെങ്കിലും സന്തോഷകരമായ വിജയവും ആ ഭരണത്തിലുണ്ടായിരുന്നു. ഡൽഹിയിലെ ജാമിയമില്ലിയ ഇസ്ലാമിയയ്ക്കു വേണ്ടിയുള്ള പോരാട്ടമായിരുന്നു വിജയം കാണാതെ പോയ ഒരു പ്രശ്നം. ഇസ്ലാമിക് സംസ്കാരം നിലനിറുത്തണമെന്ന് ഉദ്ദേശത്തോടെ സ്ഥാപിതമായതാണ് ജാമിയ മില്ലിയ. പണ്ട് ഈ സ്ഥാപനത്തിന് സാമ്പത്തിക പ്രതിസന്ധി ഉണ്ടായപ്പോൾ ചേർന്ന ആലോചന യോഗത്തിൽ ഇസ്ലാമിയ എന്നപേർ നീക്കിയാൽ പണം എത്രവേണമെങ്കിലും ഉണ്ടാക്കിത്തരാമെന്ന് ജംലാൽ ബജാജ് എന്ന ധനാഢ്യൻ ഉറപ്പ് നൽകി. മഹാത്മാഗാന്ധിയാണ് പ്രസ്തുത അഭിപ്രായത്തെ ഖണ്ഡിച്ചത്. ഞാനാണ് ഇസ്ലാമിയ എന്ന പേര് കൂട്ടിച്ചേർത്തതെന്ന് ഗാന്ധിജി പറഞ്ഞു അങ്ങനെയുള്ള ജാമിയ ഇസ്ലാമിയയുടെ മുസ്ലിം സ്വഭാവം എടുത്തുകളയാൻ ഉദ്ദേശിച്ചുകൊണ്ട് 1988ൽ മന്ത്രി ശിവശങ്കർ പാരലമെന്റിൽ ബില്ല് കൊണ്ടുവന്നു. ബില്ല് ശിവശങ്കറിൽ നിന്ന് തട്ടിപ്പറിച്ച് ഓടി ഇബ്രാഹിം സുലൈമാൻസേട്ട് സഭയെ ഞെട്ടിച്ചു. ഈ ബില്ലിനെതിരെ നടത്തിയ ധീരമായ ചെറുത്ത് നിൽപ് സേട്ടുസാഹിബിന്റെ പാർലമെന്ററി പ്രവർത്തനത്തിലെ ധീരമായ ഒരു ഏടാണ്.

അലിഗർ മുസ്ലിം യൂണിവേഴ്സിറ്റിയുടെ മുസ്ലിം സ്വഭാവം എടുത്തുകളയുന്നതിന് 1965ൽ വിദ്യാഭ്യാസമന്ത്രി എം.സി. ചഗ്ല പുതിയ ഒരു നിയമം കൊണ്ടു വന്നു. ഇതിനെതിരെയുള്ള പോരാട്ടം സേട്ടുസാഹിബിന്റെ നേതൃത്വത്തിൽ 1981 വരെ നടന്നു. പാർലിമെന്റിന്റെ അകത്തും പുറത്തും പ്രക്ഷോഭങ്ങൾ ഉണ്ടായി. പ്രക്ഷോഭങ്ങൾക്കൊടുവിൽ 1981 ഡിസംബറിൽ അലിഗർ മുസ്ലിം യൂണിവേഴ്സിറ്റിയുടെ ന്യൂനപക്ഷ പദവി പുനസ്ഥാപിച്ചുകൊണ്ടുള്ള ബിൽ പാസ്സാക്കിയെടുക്കാൻ കഴിഞ്ഞു.

മുസഫർപൂരിൽ മുസ്ലിം കൂട്ടക്കൊല നടന്നതിന്റെ തൊട്ടടുത്ത ദിവസമാണ് ഭരണഘടനയുടെ 44-ാം ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിച്ചത്. സേട്ടുസാഹിബിന്റെ പ്രതികരണ ധീരത പാർലമെന്റിനെ ഒന്നടങ്കം ഞെട്ടിപ്പിച്ച ദിവസമാണത്. ഭരണഘടന

mappilaheritagelibrary.com

ഭേദഗതിക്ക് മാത്രമായി വിളിച്ചു ചേർത്ത പ്രസ്തുത സമ്മേളനത്തിൽ സേട്ടുസാഹിബ് എഴുന്നേറ്റ് നിന്ന് പൊട്ടിത്തെറിച്ചു.'മുസഫർ നഗറിൽ എന്റെ സമുദായത്തിൽപെട്ട നിരപരാധികളായ അനേകം പാവങ്ങളെ ഈ സർക്കാറിന്റെ കിങ്കരന്മാർ വെടിവെച്ച് കൊന്നിരിക്കുന്നു. ഭരണഘടന ഭേദഗതിയെക്കാൾ പ്രാധാന്യമുള്ള കാര്യമാണിത്. സഭയുടെ എല്ലാ നടപടികളും നിർത്തിവെച്ച് ഗുരുതരമായി പ്രശ്നം ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു'. സഭ ഒരു നിമിഷം അന്ധാളിച്ചെങ്കിലും നീരസം മാറ്റി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പറഞ്ഞു. 'ആദരണീയനായ സേട്ടുസാഹിബ് പറയാനുള്ളത് പറഞ്ഞുകൊള്ളട്ടെ' ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ.

അടിയന്തിരാവസ്ഥക്കാലത്ത് ഇന്ദിരാഗാന്ധിയുടെ മുഖത്ത് വിരൽ ചൂണ്ടി I want get arrested, I am against emergency, I am against compulsory sterilisation (എന്നെ അറസ്റ്റ്ചെയ്യൂ. ഞാൻ അടിയന്തിരാവസ്ഥക്ക് എതിരാണ്. ഞാൻ നിർബന്ധ വന്ധീകരണത്തിന് എതിരാണ്) എന്ന് പറയാൻ ധൈര്യംകാട്ടിയ സേട്ട് സാഹിബിന്റെ അനന്യസാധാരണമായ ധീരത ചരിത്രം കുറിച്ചിട്ടിരിക്കുന്നു.

ലോകത്തെ ഏറ്റവുമധികം മുസ്ലിംകൾ അധിവസിക്കുന്ന ഇന്ത്യയിലെ മുസ്ലിംനേതാവായി മുസ്ലിം രാഷ്ട്രങ്ങളും രാഷ്ട്ര നേതാക്കളും സേട്ടുസാഹിബിനെ അംഗീകരിച്ച് ആദരിച്ചു. 10 പ്രധാനമന്തിമാർക്കൊപ്പം 35 വർഷം ശ്രദ്ധേയനും ആദരണീയനുമായ നേതാവായി അദ്ദേഹം പാർലമെന്റിൽ പ്രശോഭിച്ചു.. അതേസമയം പാർലമെന്റിൽ നിന്ന് താമസസ്ഥലത്തേക്ക് പോകാൻ ഓട്ടോറിക്ഷക്ക് കാത്തുനിൽക്കുകയയും ചെയ്തു. സമ്പന്നമായ സേട്ടു കുടുംബത്തിൽ ജനിച്ചു അതേക്കാൾ സമ്പന്നയെ വിവാഹം കഴിച്ച മഹാനേതാവിന്റെ സ്ഥിതിയാണിത്. എം. പി. സ്ഥാനം വിട്ട് നാട്ടിൽ വരുമ്പോൾ അവിടെ സഞ്ചരിക്കാൻ ഒരു കാറുപോലും അ്ദ്ദേഹത്തിനുണ്ടായിരുന്നില്ല.

ഡൽഹിയിലെ വെസ്റ്റേൺ കോർട്ടിൽ ഖാഇദേമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബും സേട്ട്സാഹിബും ഒന്നിച്ചാണ്. താമസിച്ചിരുന്നത്. അവിടെ അവർക്ക് പരിചാരകന്മാർ ഉണ്ടായിരുന്നില്ല. എല്ലാകാര്യവും അവർ സ്വയം ചെയ്തു. യാത്ര കഴിഞ്ഞ് തിരിച്ചെത്തിയാൽ ഉച്ചനേരത്ത് പേഴ്സിലെ ചെറിയ നോട്ടുകൾ ഭക്ഷണത്തിന് തികയുമോ എന്ന് എണ്ണിനോക്കുന്ന സേട്ടിനെ പലപ്പോഴും കണ്ടിട്ടുണ്ടെന്ന് ബനാത്ത്വാല സംഭാഷണമദ്ധ്യേ ഈ ലേഖകനോട് ഒരിക്കൽ പറയുകയുണ്ടായി. വീട്ടിൽ സാധനങ്ങൾ വാങ്ങിക്കൊണ്ട് കൊടുക്കാൻ ഒരു കുട്ടിയെ കിട്ടുമോ എന്ന ചോദിക്കുകയും, പി. വി. മുഹമ്മദ് അരീക്കോട് കുട്ടിയെ സംഘടിപ്പിച്ചുകൊടുക്കുകയും ചെയ്തു. ഈ കുട്ടിയെ സേട്ടുകുടുംബം പഠനത്തിന് അയച്ചു. ഇദ്ദേഹം പിന്നീട് ഒരു അദ്ധ്യാപകനായി . അത് സേട്ടുസാബിഹിന്റെ മഹത്വം തെളിയിക്കുന്ന മറ്റൊരു മുഖം.

നീണ്ട 13 വർഷം സേട്ട്സാഹിബിന്റെ പരിഭാഷകനായിരുന്ന എനിക്ക് അദ്ദേഹത്തിന്റെ അവസാനകാലത്ത് കൊല്ലങ്ങളോളം ഒരിക്കലും കാണാൻ കഴിഞ്ഞില്ലെന്ന ദു;ഖം ഇതെഴുതുമ്പോഴും ബാക്കിയാണ്. പി.എം. അബൂബക്കർ സ്മരണികയിൽ പഴയകാല പരിഭാഷകൻ എന്ന നിലക്ക് എന്റെ പേര് സേട്ടു സാഹിബ് എഴുതിയിട്ടുണ്ട്. ഐ. എൻ. എൽ എന്ന് പുതിയ പാർട്ടിയുണ്ടാക്കി അന്യനായി പോയ നേതാവിനെ ചന്ദ്രികയിൽ ഒരു സ്ഥാനത്തിരിക്കുന്ന ആളായിരിക്കേ ഞാൻ കാണുന്നത് ശരിയാണോ എന്ന ശങ്കയാണ്

mappilaheritagelibrary.com

എന്നെ ഒരു കൂടിക്കാഴ്ചയിൽ നിന്ന് തടഞ്ഞത്.

ബാബറി മസ്ജിദ് പ്രശ്നം പറഞ്ഞ് സേട്ടു പുറത്ത് പോയത് ഉചിതമായില്ലെന്ന് ചിന്തിക്കുന്ന ഒരു പാട് നിഷ്പക്ഷമതികളുണ്ട്. ഇസ്മായിൽ സാഹിബും ബാഖഫി തങ്ങളും ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർ ഒരിക്കലും സേട്ടുസാഹിബ് സ്വീകരിച്ചത് പോലുള്ള നിലപാട് കൈക്കൊള്ളുമായിരുന്നില്ല. അവിടെയാണ് നടേ പറഞ്ഞ സേട്ടുസാഹിബിന്റെ ഉത്തരേന്ത്യൻ വികാരം പ്രകടമാവുന്നത്.

അലിഗറിന്റെയും ജാമിയ മില്ലിയയുടെയും മുസ്ലിം വ്യക്തിത്വം എടുത്തുകളയാനുള്ള നീക്കം നടന്നപ്പോഴും ബാബറി മസ്ജിദ് പ്രശ്നകാലത്തും അടിയന്തിരാവസ്ഥ നാളുകളിലും ശരീഅത്ത് വിവാദം കത്തിനിന്നപ്പോഴും സിംഹശക്തിയോടെ പാർലമെന്റിനെ വിറപ്പിച്ച പ്രക്ഷോഭകാരിയായി ഇന്ത്യൻ മുസ്ലിംകൾ ഇബ്രാഹിം സുലൈമാൻസേട്ടുസാഹിനെ എന്നും സ്മരിക്കും - തീർച്ച.

mappilaheritagelibrary.com

തലശ്ശേരി സുൽത്താൻ

മുസ്‌ലിംലീഗിൽ നിസ്വാർത്ഥ സേവനത്തിന്റെയും കരുത്തിന്റെയും ആജ്ഞാശക്തിയുടെയും പ്രതീകമായിരുന്നു 'തലശ്ശേരി സുൽത്താൻ' എന്ന പേരിൽ വിശ്രുതനായ സി.കെ. പി. ചെറിയ മമ്മുക്കേയി. ആത്മാർത്ഥമായ പ്രവർത്തന മികവുകൊണ്ടാണ്, പദവികൊണ്ടല്ല ജനഹൃദയങ്ങളിലും പാർട്ടിക്കുള്ളിലും സ്വാധിനം ഉറപ്പിക്കേണ്ടതെന്ന് അദ്ദേഹം തെളിയിച്ചു. മന്ത്രിയാകാൻ പാർട്ടി ഏകകണ്ഠമായി നിർദ്ദേശിച്ചിട്ടും സ്റ്റേറ്റ് പ്രസിഡണ്ട് സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ സ്നേഹപൂർവ്വം നിർബന്ധിച്ചിട്ടും വഴങ്ങാത്ത മഹാവ്യക്തിത്വം. കേരളത്തിലെന്നല്ല ഇന്ത്യയിൽ തന്നെ ഇങ്ങനെ ഒരാൾ വേറെ കാണില്ല. 1968ൽ മന്ത്രി എം.പി.എം അഹമ്മദ് കുരിക്കൾ അന്തരിച്ചപ്പോൾ പ്രസ്തുത ഒഴിവിൽ മന്ത്രി സ്ഥാനത്തേക്ക് ഉയർന്നുവന്ന പേര് സി.കെ.പി. ചെറിയമമ്മുക്കേയിയുടേതായിരുന്നു. ബാഫഖി തങ്ങൾ താലത്തിൽ വെച്ച് നീട്ടിയ ആ സ്ഥാനം സ്വീകരിക്കാൻ പക്ഷേ കേയി സാഹിബ് തയ്യാറായില്ല.

ഹജ്ജിനെത്തുന്നവർക്ക് താമസിക്കാൻ മക്കയിൽ കേയി റുബാത്തും തലശ്ശേരിയിൽ ഓടത്തിൽ പള്ളിയും നിർമ്മിച്ച് പുരാതനകാലം മുതൽ മുസ്‌ലിംകൾക്കിടയിൽ പ്രശസ്തമായ കേയി കുടുംബത്തിൽ ജനനം. കേയി കുടുംബത്തിന് ചില ചിട്ടകളും അച്ചടക്ക രീതികളും ഭക്ഷണ രീതികൾ പോലും ഉണ്ട്. അതെല്ലാം ചെറുപ്പം മുതൽ പാലിച്ചിരുന്നെങ്കിലും വലുതായപ്പോൾ ഒരു ചിട്ട മാത്രം ലംഘിച്ചു. വീട്ടിലല്ലാതെ മറ്റെവിടെയും താമസിക്കാൻ പാടില്ലെന്ന നിഷ്ഠയാണ് ചെറിയ മമ്മുക്കേയി തെറ്റിച്ചത്. ഉന്നത നേതാവായപ്പോൾ പലതവണ തിരുവനന്തപുരത്ത് പേകേണ്ടി വന്നു. അവിടെ താമസിക്കേണ്ടിയും വന്നു.

കേയിസാഹിബ് മന്ത്രിയോ എം.എൽ.എയോ ഒരു പഞ്ചായത്ത് മെമ്പർ പോലുമോ ആയിട്ടില്ല. എന്നാൽ ഇവരെയൊക്കെ സൃഷ്ടിക്കുന്ന 'ഉല' അദ്ദേഹത്തിന്റെ അധീനതയിലായിരുന്നു. അത്കൊണ്ട് 'കിങ്ങ് മേക്കർ' എന്ന പേരിലറിയപ്പെട്ടു. ബാഫഖി തങ്ങളും സി.കെ.പി ചെറിയ മമ്മുക്കേയിയും, സി.എച്ച്, മുഹമ്മദ്കോയയുമടങ്ങുന്ന

mappilaheritagelibrary.com

അപ്രഖ്യാപിത സിൻഡിക്കേറ്റാണ് ഒരു കാലത്ത് മുസ്‌ലിംലീഗിനെ നയിച്ചിരുന്നത്. കേയിസാഹിബും ബാഫഖി തങ്ങളും ചേർന്ന് തീരുമാനങ്ങൾ എടുക്കും. തങ്ങൾ അത് പ്രഖ്യാപിക്കും. സി.എച്ച്. അധികാര സ്ഥാനങ്ങളിലിരുന്ന് നടപ്പാക്കും. അല്ലെങ്കിൽ ജന സഹസ്രങ്ങളെ അഭിമുഖീകരിച്ച് പ്രസംഗിച്ചു ബോദ്ധ്യപ്പെടുത്തും.

വി.കെ.പി. അബ്ദുൾഖാദർഹാജി (പടന്ന)യും പിന്നെ എൻ കുഞ്ഞാലി ഹാജി (തലശ്ശേരി) യുമാണ് കണ്ണൂർ ജില്ലയിൽ നിന്നുള്ളചന്ദ്രികയുടെ പഴയകാല ഡയരക്ടർമാർ. കുഞ്ഞാലി ഹാജിയുടെ മരണത്തോടെ പ്രസ്തുത ഒഴിവിലേക്ക് കേയി സാഹിബിനെ ചന്ദ്രിക ഡയരക്ടറായി തെരഞ്ഞെടുത്തു. ഇതോടെയാണ് അദ്ദേഹം സ്റ്റേറ്റ് മുസ്‌ലിം ലീഗിൽ നിർണ്ണായക ശക്തിയായി മാറിയത്. ഏതാണ്ട് ഇതേകാലത്താണ് പ്രഥമ ഹജ്ജ് കർമ്മത്തിനും പോയത്. കൂട്ടത്തിൽ ശിശുവായ ഇളയകുട്ടിയേയും കൊണ്ടു പോയിരുന്നു. ഇന്നത്തെ മുസ്‌ലിംലീഗ് നേതാവായ അഡ്വ: പി. വി സൈനുദ്ദീനാണ് ആ ശിശു. ഹജ്ജ് യാത്രയിൽ പല ഉന്നതന്മാരുമായും അദ്ദേഹത്തിന് സുഹൃദ്ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു. സ്നേഹസമ്പന്നമായ പെരുമാറ്റത്തിലൂടെ ആകർഷണവലയം സൃഷ്ടിക്കാനുള്ള അപാരമായ കഴിവ് അദ്ദേഹത്തിന് ജന്മസിദ്ധമായിരുന്നു. മുസ്‌ലിംലീഗിലെ ഉന്നതനേതാക്കളുമായി മാത്രമല്ല ഇതരപാർട്ടികളിലെ ഉന്നതന്മാരുമായും ഇക്കാലയളവിൽ അദ്ദേഹം ബന്ധം സ്ഥാപിച്ചു. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് മുതൽ ആർ. ശങ്കർ വരെയുള്ളവർ ഇങ്ങനെ അടുപ്പം സ്ഥാപിച്ചവരിൽ പെടുന്നു.

രാഷ്ട്രീയതന്ത്രം, ദീർഘവീക്ഷണം, പ്രതിബദ്ധത, പ്രത്യുല്പന്നമതിത്വം എന്നിവ കേയി സാഹിബിന്റെ സവിശേഷ ഗുണങ്ങളാണ്. ഇദ്ദേഹത്തെ പറ്റിക്കാൻ ആർക്കും കഴിയുമായിരുന്നില്ല. അവിശ്വസനീയമായ കുബുദ്ധിയുള്ള ഒരാൾ കേയിയുമായി ചങ്ങാത്തം കൂടി മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുവാദം തേടിയ ഒരു കഥയുണ്ട്. ഡമ്മിയായി നോമിനേഷൻ കൊടുക്കാം, ആവശ്യപ്പെടുമ്പോൾ പിൻവലിക്കണം എന്ന വ്യവസ്ഥയിലായിരുന്നു അനുമതി. പിൻവലിക്കാനുള്ള സമയമായപ്പോൾ പിന്മാറാൻ അയാൾ കൂട്ടാക്കിയില്ല. പലരേയും അയച്ചുനോക്കി. കേയി സാഹിബ് നേരിട്ട് വീട്ടിൽചെന്ന് അപേക്ഷിച്ച് നോക്കിയെങ്കിലും അയാൾ വഴങ്ങിയില്ല. എന്നാൽ പ്രഖ്യാപനം വന്നപ്പോൾ അയാൾ പിൻവലിച്ചതായി കാണപ്പെട്ടു. താൻ പിൻവലിച്ചിട്ടില്ലെന്ന് അയാൾ ബഹളം വെച്ചു. പക്ഷെ വിത്ഡ്രോവൽ ഫോമിൽ അയാളുടെ ഒപ്പുണ്ടായിരുന്നു. പിൻവലിക്കൽ ഫോറത്തിൽ നേരത്തെ കേയി ഒപ്പിടീച്ചു വെച്ചിട്ടുണ്ടായിരുന്നു. മുന്നണി ഇലക്ഷൻ കമ്മിറ്റികളിൽ മുസ്‌ലിംലീഗ് പ്രതിനിധിയായിരുന്നപ്പോൾ കേയിസാഹിബിന്റെ രാഷ്ട്രീയതന്ത്രങ്ങൾ തെല്ലൊന്നുമല്ല പാർട്ടിക്ക് ഗുണകരമായിരുന്നത്. മുസ്‌ലിംലീഗ് കോൺഗ്രസ്സ് മുന്നണിയിലായപ്പോഴും സി.പി.എം. മുന്നണിയിലായപ്പോഴും ലെയ്സൺ കമ്മിറ്റിയിൽ കേയി സാഹിബായിരുന്നു ലീഗ് പ്രതിനിധികളിൽ ഒരാൾ. രണ്ടാമത്തെ പ്രതിനിധി മിക്കപ്പോഴും സയ്യിദ് ഉമ്മർ ബാഫഖി തങ്ങളായിരുന്നു.

യൗവ്വനകാലത്ത് തലശ്ശേരി മെയിൻറോഡിൽ വസ്ത്രവ്യാപാരം നടത്തിയിരുന്നു. പ്രസ്തുതകെട്ടിടമാണ് പിന്നീട് പൊതുപ്രവർത്തനങ്ങളുടെയും മുസ്‌ലിംലീഗ് കാര്യങ്ങളുടെയും ഓഫീസ്സാക്കി മാറ്റിയത്. ഇവിടെ എത്തിയ സി.എച്ച് ഒരിക്കൽ ഇതിന്റെ

mappilaheritagelibrary.com

വിശാലത കണ്ട് നമുക്ക് ഇനി വേറെ ഓഫീസെന്തിനാണെന്ന് ചോദിക്കുകയുണ്ടായി. എം.എസ്.എഫ്കാർ എന്ന നിലയിൽ ഉപദേശ നിർദ്ദേശങ്ങൾക്ക് ഞങ്ങളൊക്കെ പോയിരുന്നത് ഇവിടെയാണ്. പ്രസ്തുത ഓഫീസിൽ ടെലഫോൺ ഉണ്ടായിരുന്നില്ല. എന്റേയും എൻ.എ.എമ്മിന്റെ അനുജൻ അബൂബക്കറുടെയും എസ്.എസ്.എൽ,സി റിസൽട്ട് തൊട്ടടുത്ത ജമാൽ ട്രേഡിംഗ് കമ്പനിയിൽ വന്ന് കേയി സാഹിബ് ചന്ദ്രികയിൽ ഫോൺ ചെയ്ത് പറഞ്ഞു തന്നത് പഴയകാല ഓർമ്മ. പിൽക്കാലത്താണ് അദ്ദേഹം ബി. ഇ.എം. പി. സ്കൂളിന് മുമ്പിലെ മാടത്തിൽ ഓഫീസ് മാറ്റിയത്. മക്കളായ സെയ്തലവി, അബ്ദുറഹിമാൻ (ബാബു) എന്നിവരെ കേയി സാഹിബ് ഫാറൂഖ് കോളേജിൽ കൊണ്ടുവന്ന് ചേർത്തകാലത്ത് സീനിയർ ക്ലാസ്സിൽ പഠിക്കുകയായിരുന്ന എന്നെ കുട്ടികളുടെ ലോക്കൽ ഗാർഡിയനാക്കി. വിവരങ്ങൾ അറിയാൻ അദ്ദേഹം ഇടക്കിടെ കത്തുകൾ അയക്കും. മറുപടി അയക്കാനുള്ള സ്റ്റാമ്പും കവറും പ്രസ്തുത കത്തിൽ അടക്കം ചെയ്തിരിക്കും. അത്രയും മാന്യതയും കുലീനതയുമാണ് അദ്ദേഹം ചെറിയ കാര്യങ്ങളിൽപോലും പാലിച്ചിരുന്നത്. പച്ചമഷിയിൽ വൃത്തിയായ അക്ഷരങ്ങളിൽ ഭാഷാശുദ്ധിയോടെയുള്ള കത്തുകളായിരുന്നു ഇവ.

പാർട്ടിഫണ്ട് ശേഖരണത്തിൽ അപാരകഴിവായിരുന്നു കേയി സാഹിബിന്. ഒറ്റ മണിക്കൂർ കൊണ്ട് ലക്ഷങ്ങൾ പിരിച്ചെടുക്കാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു. 1991ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായ സേട്ടുസാഹിബ് പൊന്നാനിയിൽ പ്രചാരണത്തിലായിരിക്കേ തലശ്ശേരിയിലെ ഒരു പൊതുയോഗത്തിലേക്ക് വിളിച്ചുവരുത്തി. പ്രസംഗിച്ച് രാത്രി 10 മണിക്ക് തിരിച്ചുപോകുന്നതിനിടക്ക് ഒന്നരലക്ഷം രൂപ കേയി സേട്ടുസാഹിബിന് സമാഹരിച്ചുകൊടുത്തു. അത്യാസന്ന നിലയിൽ രോഗശയ്യയിൽ കിടക്കുന്ന സഹോദരനെ കാണാൻ സേട്ടുസാഹിബിനെ അതിനിടക്ക് കൊണ്ടുപോയി. ഈ അവസ്ഥകൊണ്ടാണ് പൊന്നാനിയിൽ പ്രചാരണത്തിന് വരാത്തതെന്ന് ബോദ്ധ്യപ്പെടുത്തി.

1937ൽ സർവ്വേന്ത്യാ മുസ്ലിംലീഗിൽ അംഗമായതുമുതൽ തുടങ്ങുന്നു. കേയിയുടെ ലീഗ് പാരമ്പര്യം. പ്രസംഗത്തിലൂടെയല്ല ചിട്ടയായ ഫീൽഡ് പ്രവർത്തനം വഴി താഴെതട്ടുമുതൽ പാർട്ടിപ്രവർത്തനം ശക്തിപ്പെടുത്തലാണ് കേയിയുടെ പ്രവർത്തന രീതി. ടൗൺ ലീഗ് ഭാരവാഹിയായത് മുതൽ ഇത് തുടങ്ങി. മുസ്ലിംലീഗിന്റെ ജില്ലാ ജോയിന്റ് സെക്രട്ടറിയായി. അപ്പോൾ ഒ.കെ. മുഹമ്മദ് കുഞ്ഞി സാഹിബായിരുന്നു സെക്രട്ടറി. ഒ.കെ. യോട് അങ്ങേയറ്റം ആദരവും സ്നേഹവുമായിരുന്നു കേയിസാഹിബിന്. ജില്ലാ ലീഗ് സമ്മേളന സോവനീറിൽ കേയി സാഹിബ് ഒ.കെ. യെക്കുറിച്ച് എഴുതിയ ലേഖനത്തിൽ ഈ ബഹുമാനം പ്രകടമാവുന്നു. പിന്നെ കേയി ജില്ലാ സെക്രട്ടറിയായി. അക്കാലത്ത് മുസ്ലിംലീഗിന്റെ ഒരിലപോലും അദ്ദേഹം അറിയാതെ ചലിച്ചിരുന്നില്ല. ശാഖാ ലീഗ് പൊതുയോഗത്തിൽ സ്വാഗതം പറയേണ്ടത് ആരെന്നും, നന്ദി പറയേണ്ടത് ആരെന്ന് വരെ കൃത്യമായ നിശ്ചയങ്ങൾ ഉണ്ടായിരുന്നു. നാല് വാക്ക് പ്രസംഗിക്കാൻ കഴിവുള്ളവൻ സ്റ്റേജിൽ ഓടിക്കയറി പ്രസംഗിച്ച് ഷൈൻ ചെയ്യാൻ നോക്കുന്ന സമ്പ്രദായം അക്കാലത്ത് പ്രോത്സാഹിപ്പിച്ചില്ല. ഫോട്ടോഗ്രാഫറെ കാണുമ്പോൾ വെപ്രാളം കാട്ടി ഫോട്ടോയിൽ കുടുങ്ങാൻ ശ്രമിക്കുന്നവർ അദ്ദേഹത്തിന്റെ കണ്ണുരുട്ടലിന്

mappilaheritagelibrary.com

വിധേയരാവും. ഒരു ശാഖാലീഗ് ഭാരവാഹി മേൽഘടകങ്ങൾ അറിയാതെ നേരിട്ട് തിരുവനന്തപുരത്ത് പോയി മന്ത്രിക്ക് നിവേദനം നൽകി തിരിച്ചുവരുമ്പോഴേക്കും അയാളുടെ ഭാരവാഹിത്വം നഷ്ടമായിരുന്നു. ഇത്രയും നിഷ്ഠയായിരുന്നു അക്കാലത്ത് പാർട്ടി പ്രവർത്തനത്തിന്.

സംസാരത്തിൽ ദ്വേഷ്യം വന്നാൽ കേയിയുടെ അഭിസംബോധന രീതി മാറും. (നിങ്ങൾ എന്താണ് ഇപ്പറയുന്നത് സാർ എന്ന രീതിയിൽ)രോഷം അതിലും കൂടുമ്പോൾ അഭിസംബോധന പിന്നെയും മാറും. 'മിസ്റ്റർ' എന്നായിരിക്കും പിന്നെ അഭിസംബോധന. തെറ്റ് ചെയ്യുന്നവരെ കണക്കിന് ശകാരിക്കും. കാര്യമില്ലാതെയും ചിലപ്പോൾ പ്രവർത്തകരെ കലമ്പിയെന്നും വരും. 'കലമ്പ്' കിട്ടിയാൽ രക്ഷപ്പെട്ടു എന്ന് കരുതുന്നവരുണ്ടായിരുന്നു. ഈ മനഃശാസ്ത്രമറിയുന്ന കെ.വി. സൂപ്പിമാസ്റ്റർ രസകരമായ ഒരു അനുഭവം വിവരിക്കുകയുണ്ടായി, എന്തോ ഒരു വലിയ കാര്യം കേയി സാഹിബ് മുഖാന്തിരം നേടിയെടുക്കാൻ പാർട്ടി പ്രവർത്തകർ സ്ഥലത്തെ നേതാവായ സൂപ്പിമാസ്റ്ററോട് നിർബന്ധം പിടിച്ചു. കാര്യം നടക്കുകയില്ലെന്ന് മാസ്റ്റർക്ക് അറിയാമായിരുന്നു. എങ്കിലും പ്രവർത്തകരെ കൂട്ടി കേയിയുടെ അടുത്ത് പോകണമല്ലോ? സൂപ്പിമാസ്റ്റർ ഒരു സൂത്രം പ്രയോഗിച്ചു. പ്രവർത്തകരെ കൂട്ടാതെ അദ്ദേഹം ഒറ്റക്ക് മുൻകൂറായി കേയിസാഹിബിനെ കണ്ടു ഞാൻ ഒരു കാര്യം ആവശ്യപ്പെട്ട് പ്രവർത്തകരെയും കൂട്ടി നിങ്ങളെ സമീപിക്കും. കാര്യം ചെയ്തുതന്നില്ലെങ്കിലും അവരുടെ മുൻപിൽവെച്ച് എന്നെ കലമ്പരുതേ എന്ന് അഭ്യർത്ഥിച്ചു. ഇത് കേട്ട് കേയി ചിരിച്ചുപോയി. വന്നോളൂ എന്ന് പറഞ്ഞു. പറഞ്ഞതു പോലെ പ്രവർത്തകരെയും കൂട്ടി മാസ്റ്റർ പോയി. വിഷയം അവതരിപ്പിച്ചു. തിങ്കളാഴ്ച ഇങ്ങോട്ട് വാ എന്ന് മറുപടി. മുൻകൂർ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ഈ ഉത്തരവെന്ന് മനസ്സിലായില്ലെങ്കിലും തിങ്കളാഴ്ച വീണ്ടും ചെന്നു. ആവശ്യപ്പെട്ടകാര്യം അപ്പോൾതന്നെ കേയി സാഹിബ് ഫോൺചെയ്ത് ശരിയാക്കി കൊടുത്തപ്പോൾ സൂപ്പി മാസ്റ്റർ അമ്പരന്നുപേയി.

ജനങ്ങൾക്ക് ഇഷ്ടപ്രാസംഗികനായ കെ.സി. അബൂബക്കർ മൗലവി ഒരു ദിവസം തലശ്ശേരിയിൽ പകൽ കൺവെൻഷനിൽ പ്രസംഗിച്ച് തിരിച്ച് പോകാൻ തിടുക്കം കാട്ടി. വൈകുന്നേരം പൊതുയോഗത്തിൽ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ ജനങ്ങൾക്ക് അത്യാവേശം. കേയി സാഹിബ്തന്നെ പറഞ്ഞിട്ടും കെ.സി. നിൽക്കാൻ കൂട്ടാക്കുന്നില്ല, എങ്കിൽ ചായകുടിച്ച് പോകാം കെ.സി. നിങ്ങൾ എന്റെ റൂമിലിരിക്കൂ. കെ.സി.യെ റൂമിന്നകത്താക്കി . കുറച്ച് കഴിഞ്ഞപ്പോൾ അദ്ദേഹം അറിയാതെ റൂം പുറത്ത് നിന്ന് ഓടാമ്പലിട്ട് പൂട്ടി കേയി സാഹിബ് പുറത്ത് പോയി. പിന്നെ വൈകുന്നേരം പൊതുയോഗ സമയത്താണ് തുറന്ന് വിട്ടത്. നേരെ ഇറക്കിക്കൊണ്ടുപോയത് സ്റ്റേജിൽ മൈക്കിന് മുന്നിലേക്ക്. ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ. അസാമാന്യ ഓർമ്മശക്തിയും ബുദ്ധിശക്തിയുമായിരുന്നു കേയി സാഹിബിന്.

എഴുനൂറ് വർഷം മുമ്പ് കേരളം സന്ദർശിച്ച ചൈനീസ് സഞ്ചാരി ഇബ്നു ബത്തൂത്ത കേയി വംശത്തെയും അവരുടെ ആതിഥ്യമര്യാദയേയും പ്രകീർത്തിച്ച് രേഖപ്പെടുത്തിയിരുന്നു. ഇബ്നുബത്തൂത്ത വിവരിച്ച ഈ സൽക്കാര പ്രിയത പൂർണ്ണ അളവിൽ പ്രാവർത്തികമാക്കിയ സൽക്കാര പ്രിയനാണ് സി.കെ.പി. ചെറിയ മമ്മുക്കേയി.

mappilaheritagelibrary.com

നോമ്പ് 30 ദിവസങ്ങളിലും നാടിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള അടുപ്പക്കാരേയും നേതാക്കളെയും ഉൾപ്പെടുത്തി നടത്തുന്ന നോമ്പ്തുറ പ്രസിദ്ധമാണ്. കേരളത്തിന് പുറത്തുള്ള മുസ്ലിംലീഗ് നേതാക്കളിൽ പലരും ആദ്യമായി എത്തിയതും കേയി യുടെ ക്ഷണമനുസരിച്ചും അദ്ദേഹം ഒരുക്കിയ പൊതുയോഗങ്ങളിൽ പ്രസംഗിക്കാ നുമായിരുന്നു. ജി.എം. ബനാത്ത് വാല, മുഹമ്മദ് റസാഖ്ഖാൻ, സിയാവുദ്ദീൻ ബുഖാരി, ചോർവാഡ്വാല എന്നിവർ ഇക്കൂട്ടത്തിൽ പെടുന്നു.

പാർട്ടി ബന്ധമുള്ള എല്ലാ മരണവീടുകളിലും അദ്ദേഹം എത്തും. ക്ഷണിച്ച കല്ല്യാണങ്ങളിൽ കൃത്യമായി പങ്കെടുക്കും. ഒറ്റക്കല്ല. നാലഞ്ചാളുകളെയും കൂട്ടത്തിൽ കൂട്ടിയെന്ന് വരും. ഇവർക്കുള്ള ക്ഷണക്കത്തുകൾ കൂടി അദ്ദേഹം ആതിഥേയനോട് ആദ്യമേ ചോദിച്ചുവാങ്ങും.

തലശ്ശേരി ദാറുസ്സലാം യത്തീംഖാന, തളിപ്പറമ്പ് സർസയ്യിദ് കോ ളേജ്, കല്ലിക്കണ്ടി എൻ.എ.എം കേളേജ്, തലശ്ശേരി മുബാറക് സ്കൂൾ എന്നിവയുടെ സംസ്ഥാപനത്തിനും ഉയർച്ചക്കും പിന്നിലുള്ള ശക്തി അദ്ദേഹമായിരുന്നു. തന്റെ മക്കൾ പാർട്ടി സ്ഥാനങ്ങൾ വഹിക്കുന്നതുപോലും ഇഷ്ടപ്പെടാത്ത നേതാവായിരുന്നു അദ്ദേഹം. നാഷണൽ ലീഗ് പ്രസിഡണ്ട് ആയപ്പോൾ മകനെ പ്രസ്തുത പാർട്ടിയുടെ ജില്ലാ നേ താവാക്കാൻ ചിലർ ഒരു ശ്രമം നടത്തി. എങ്കിൽ ഞാൻ സ്ഥാനം രാജിവെക്കാം എന്ന് പറഞ്ഞാണ് പ്രസ്തുത ഉദ്യമത്തെ അദ്ദേഹം തടഞ്ഞത്, ആരുടെയെങ്കിലും സ്തുതി പാഠകനാവാനോ ആശ്രിതനാവാനോ ഇഷ്ടപ്പെട്ടില്ല. മുഖസ്തുതികൊണ്ട് അദ്ദേഹത്തിൽ നിന്ന് കാര്യം നേടാൻ ആർക്കും കഴിയുമായിരുന്നില്ല..

കേരളത്തിൽ മാത്രമല്ല മുബൈയിലും കൊച്ചിയിലും മക്കയിൽപ്പോലും ഭൂസ്വത്ത് ഉണ്ടായിരുന്നവരാണ് കേയി കുടുംബം. പ്രസ്തുത കുടുംബത്തിൽ വെള്ളിക്കരെണ്ടിയുമായി ജനിച്ച് ക്രമത്തിൽ രാഷ്ട്രീയ ഭീഷ്മാചാര്യനായി തീർന്ന ചെറിയ മമ്മുക്കേയി 16 മാസം കണ്ണൂർ സെൻട്രൽ ജയിലിൽ ജമുക്കാളം വിരിച്ച് ചതഞ്ഞ അലൂമിനിയ പാത്രം തലയിണയാക്കി രാഷ്ട്രീയതടവുകാരനായി കിടക്കേണ്ടിവന്നു. എന്നിട്ടും അദ്ദേഹത്തിന്റെ ആത്മവീര്യം ഉലഞ്ഞില്ല. അതേ സമയം ശരീഅത്ത് പ്ര ശ്നത്തിന്റെ പേരിൽ മാറി ചിന്തിക്കണമെന്ന അവസ്ഥ സംജാതമായപ്പോൽ മുസ് ലിംലീഗ് ഐക്യത്തിന് വേണ്ടി ഏറ്റവും ആദ്യം നിലകൊണ്ട നേതാവ് അദ്ദേഹമായിരുന്നു. പിൽക്കാലത്ത് ഐ.എൻ.എൽ നേതാവും അതിന്റെ പ്രസിഡണ്ടുമായി. അദ്ദേഹത്തിന്റെ മരണം വരെ ഐ.എൻ.എൽ അന്തസ്സോടെ പിടിച്ചുനിന്നിരുന്നു. ഒടുവിൽ സ്വന്തം വ്യക്തിപ്രഭാവത്താൽ ഗുരുവായൂരിൽ താനുദ്ദേശിച്ച സ്ഥാനാർത്ഥിയെ വിജയിപ്പിക്കാ നും അദ്ദേഹത്തിന് കഴിഞ്ഞു. ഈ ഗ്ലാമറിന് മങ്ങലേൽക്കുംമുമ്പ് കേയി സാഹിബ് ഈ ലോകത്തോട് യാത്ര പറഞ്ഞു. പ്രമുഖ പത്രങ്ങൾ അദ്ദേഹത്തിന്റെ മരണവാർത്ത വളരെ പ്രാധാന്യം നൽകിയാണ് പ്രസിദ്ധീകരിച്ചത്.

mappilaheritagelibrary.com

കഥകൾക്കപ്പുറത്തെ സീതിഹാജി

ഏറനാടൻ മാപ്പിളക്കരുത്തിന്റെ പ്രതീകം. സി.എച്ച്. മുഹമ്മദ് കോയയുടെ ഉറ്റതോഴൻ, കേരളരാഷ്ട്രീയത്തിൽ അവിസ്മരണീയ നാമമായി ഉയർന്ന ഉജ്ജ്വല വ്യക്തിത്വം എടവണ്ണ പത്തായക്കോടൻ സീതി ഹാജി. അദ്ദേഹം പല തവണ എം.എൽ.എയും ഒരു തവണ നിയമ സഭയിൽ ചീഫ് വിപ്പുമായി പ്രവർത്തിച്ചു. മുസ്‌ലിം ലീഗുകാർക്ക് പ്രിയങ്കരനായി. ജനങ്ങൾക്ക് ഏറെ ഇഷ്ടപ്പെട്ട പ്രസംഗകനായിരുന്നു അദ്ദേഹം. സംസ്കൃത ചിത്തനും പ്രായോഗിക വാദിയും ആയിരുന്നു സീതി ഹാജി. ആത്മാർത്ഥതയും ത്യാഗസന്നദ്ധതയും ധീരതയും ഉദാരതയും അദ്ദേഹത്തിന്റെ സവിശേഷ ഗുണങ്ങൾ. തമാശക്കഥകളിലെ കേന്ദ്ര ബിന്ദുവാക്കി അദ്ദേഹത്തെ മാറ്റിയ ഒരു വിഭാഗം ആളുകൾ പക്ഷെ സീതി ഹാജിയുടെ ഈ നന്മകളൊന്നും അറിഞ്ഞതേയില്ല.

പറഞ്ഞു കേട്ട കഥകളിലൂടെ സീതി ഹാജി എത്രമാത്രം തെറ്റിദ്ധരിക്കപ്പെട്ടിരുന്നുവെന്ന് വ്യക്തമാക്കുന്ന ഒരു സംഭവം. തിരുവനന്തപുരത്തേക്കുള്ള ട്രെയിനിൽ അദ്ദേഹം യാത്ര ചെയ്യുന്നുണ്ടെന്നറിഞ്ഞ് ഒരുകൂട്ടം കോളേജ് കുമാരിമാർ കംപാർട്ട്മെന്റിൽ കാണാനെത്തി. മുരടൻ സ്വഭാവമായിരിക്കും. അതുകൊണ്ട് ഏതവസ്ഥയും നേരിടണമെന്ന തീരുമാനത്തോടെയാണ് അവർ ചെന്നത്. നേരിൽ കണ്ടപ്പോൾ വളരെ സൗമ്യനായ ഒരു മനുഷ്യൻ! അവർ കേട്ട കഥകൾ ഓരോന്ന് നിരത്തി ഇതൊക്കെ നിങ്ങൾ പറഞ്ഞതല്ലേയെന്ന് നേരിട്ടാരാഞ്ഞു. അതൊന്നും ഞാനുമായി ബന്ധപ്പെട്ട കാര്യങ്ങളല്ല മക്കളേ എന്ന് സീതി ഹാജിയുടെ മറുപടി. വിദ്യാർത്ഥികൾ അത്ഭുതസ്തബ്ധരായി. എന്നിട്ടെന്തേ നിങ്ങൾ ഇതൊന്നും നിഷേധിക്കാതിരുന്നത്, രോഷം കൊള്ളാത്തത്, മാനനഷ്ടത്തിന് കേസ്സെങ്കിലും കൊടുക്കാതിരുന്നത്?. 'എന്റെ പേരിൽ ഇങ്ങനെയൊക്കെ പറഞ്ഞ് സന്തോഷിക്കാമെങ്കിൽ അവർ സന്തോഷിച്ചു കൊള്ളട്ടെ' എന്ന മറുപടി കൂടി കേട്ടപ്പോൾ സീതി ഹാജിയുടെ വിശാലഹൃദയം അവർ തൊട്ടറിഞ്ഞു. പിരിയാൻ നേരത്ത് കുട്ടികൾ ഭവ്യതയോടെ ഒരു ചോദ്യം കൂടി ചോദിച്ചു. 'കടലിൽ മഴ പെയ്യുന്നത് മരം ഉണ്ടായിട്ടാണോ' എന്ന് നിങ്ങൾ ചോദിച്ചത് വാസ്തവമല്ലേ? 'അതേ'. കൃത്യമായ

mappilaheritagelibrary.com

മറുപടി. അത് ഒരു തർക്കുത്തരമായിരുന്നു. ഞാൻ മരക്കച്ചവടക്കാരനാണല്ലോ?' എന്ന് വിശദീകരണവും. ഇന്നുവരെ എന്റെ ചോദ്യത്തിന് ആരും മറുപടി പറഞ്ഞിട്ടില്ലല്ലോ എന്ന് കൂടി ചിരിച്ചു കൊണ്ട് കൂട്ടിച്ചേർത്തപ്പോൾ അദ്ദേഹത്തിന്റെ ബുദ്ധിശക്തിയും നർമ്മവും എതിരാളിയെ നിരസ്ത്രനാക്കുന്ന കഴിവും കുട്ടികൾ പൂർണ്ണമായും ഉൾക്കൊണ്ടു.

എതിരാളിയെ ഇരുത്തിക്കളയുന്ന പ്രയോഗം സീതി ഹാജി പല സ്ഥലത്തും നടത്തിയിട്ടുണ്ട്. നിയമസഭയിൽ പോലും. എം.വി. രാഘവൻ പ്രസംഗിച്ചു കത്തിക്കയറവെ 'അന്റെ (നിന്റെ) ദാസ് ക്യാപിറ്റൽ ഞാൻ വായിച്ചിട്ടുണ്ട്. അതിലൊന്നും ഇങ്ങനെ പറഞ്ഞിട്ടില്ല' എന്ന് ഖണ്ഡിച്ച് പറയുവാൻ സീതി ഹാജിക്ക് മാത്രമേ കഴിയൂ. ഒരിക്കൽ എം.വി.ആർ. സി.എച്ചിനെ വിമർശിച്ചു പ്രസംഗിക്കുന്നതിനിടയ്ക്ക് നിർത്തൂ എന്ന് ആക്രോശിച്ച് സീതി ഹാജി സഭയെ ഞെട്ടിച്ചു. സഭയിൽ ഇങ്ങനെയൊന്നും പാടില്ലെന്ന് ഉപദേശിച്ച നേതാവിനോട് ഇവിടെ ഇതേ പാടുള്ളൂവെന്ന് ഞാൻ മനസ്സിലാക്കി എന്ന് സീതി ഹാജിയുടെ മറുപടി.

ചന്ദ്രിക നടത്തിപ്പുകാരായ മുസ്‌ലിം പ്രിന്റിംഗ് ആന്റ് പബ്ലിഷിങ്ങ് കമ്പനിയുടെ ഡയരക്ടറായിരുന്നു സീതി ഹാജി. ചന്ദ്രികയെ അദ്ദേഹം ജീവനു തുല്യം സ്നേഹിച്ചു. സി. എച്ചും സീതി ഹാജിയും ഹജ്ജിന് പോകുമ്പോൾ ചന്ദ്രിക ജീവനക്കാർ യാത്രയയപ്പ് ഒരുക്കി. ജീവനക്കാരുടെ പ്രശ്നങ്ങൾ എണ്ണിയെണ്ണി പറഞ്ഞ് സീതി ഹാജിയെ പ്രതിക്കൂട്ടിൽ നിർത്താനായിരുന്നു ഉദ്ദേശം. ക്രാന്തദർശിയായ ഹാജി അത് മനസ്സിലാക്കി സി.എച്ചിനെ തോണ്ടി സംഗതി പറഞ്ഞു കൊടുത്തു. സി.എച്ച്. ഉടൻ എഴുന്നേറ്റ് ആശംസ പ്രസംഗത്തിനു മുൻപേ മറുപടി പ്രസംഗം നടത്തി. ഞങ്ങൾക്ക് സ്വൽപം തിരക്കുണ്ട്. അത് കൊണ്ടാണ് മറുപടി പ്രസംഗം ആദ്യം നടത്തുന്നതെന്നു പറഞ്ഞു. ഞങ്ങൾ എന്തൊക്കെ പറയാൻ ഉദ്ദേശിച്ചുവോ അതിനൊക്കെയുള്ള മറുപടി അദ്ദേഹം പറഞ്ഞു. പിന്നീട് ഇത്രയും പറഞ്ഞു. നിങ്ങൾക്ക് ആത്മാർത്ഥത കുറവാണെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. എന്നാൽ ആത്മാർത്ഥത കുറച്ച് കൂടി കൂട്ടണമെന്ന് അപേക്ഷിക്കുന്നു. ജീവനക്കാർക്ക് ആത്മാർത്ഥതയില്ലെന്ന് സീതി ഹാജി ആക്ഷേപിച്ചു എന്നായിരുന്നു അവരുടെ പ്രധാന പ്രശ്നം.

സീതി ഹാജിയുടെ സ്വഭാവ വൈശിഷ്ട്യവും സ്വഭാവവൈജാത്യവും വെളിവാക്കുന്ന ഒട്ടനവധി സംഭവങ്ങൾ ഉണ്ട്. അതിലൊന്നാണ് രായിൻകുട്ടി നീറാട് അഖിലേന്ത്യ ലീഗ് പ്രാസംഗികനായ കാലത്ത് സീതി ഹാജിയുടെ കാറിൽ കയറാൻ ഇടയായ സംഭവം. ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗും അഖിലേന്ത്യാ ലീഗും തമ്മിലുള്ള ശത്രുത പാരമ്യതയിലെത്തിയ കാലം. പൊതുയോഗങ്ങളിൽ പ്രസംഗിച്ച് സീതി ഹാജിയും കെ. സി അബൂബക്കർ മൗലവിയും രാത്രി വൈകി തിരിച്ചു പോവുകയായിരുന്നു. വഴിയിൽ വെച്ചൊരാൾ കാറിനു കൈ നീട്ടി. കാറ് നിർത്തി അയാളെ കയറ്റി. കയറിയ ആൾ കാർ സീതി ഹാജിയുടെതാണെന്ന് അറിഞ്ഞതോടെ അസ്വസ്ഥനായി. അപ്പോഴൊക്കെ സീതി ഹാജിയും കെ.സി. യും സംഭാഷണത്തിലായിരുന്നു. സംഭാഷണം നിർത്തി കെ.സി. ചോദിച്ചു. 'കുട്ടി എവിടുന്നാ വരുന്നത്' ഭയപ്പാടിനിടയിൽ സ്ഥലം പറഞ്ഞു കൊടുത്തു. അവിടെ എതിർ പാർട്ടിയുടെ പൊതുയോഗം നടക്കുന്നത് രണ്ട് പേർക്കും അറിയാമായിരുന്നു.

mappilaheritagelibrary.com

പേരെന്താണ്? പേടിയിൽ അതും സത്യം തന്നെ പറഞ്ഞു കൊടുത്തു. 'ആ, അന്നെത്ത ന്നെയാണ് കിട്ടേണ്ടത് ഇന്ന് അന്നെ വെടിവെച്ച് കൊന്ന് ഞാൻ ചാലിയാർ പുഴയിൽ തള്ളും'. രോഷത്തോടെ സീതി ഹാജിയുടെ വാക്കുകൾ. രായിൻ കുട്ടി അഖിലേന്ത്യാ ലീഗിന്റെ പ്രധാന പ്രാസംഗികനാണ്. പ്രസംഗത്തിൽ സ്പെഷ്യലൈസ് ചെയ്തതാവട്ടെ സീതി ഹാജിക്ക് എതിരെയുള്ള വിമർശനങ്ങളും. രായിൻ കുട്ടി അപകടം ഉറപ്പിച്ചു. പ്രസംഗം കഴിഞ്ഞ് തിരിച്ച് പോകാൻ സാധിക്കാതെ വന്നപ്പോൾ കണ്ണിൽ കണ്ട കാറിന് കൈ കാണിച്ചതായിരുന്നു. കാർ നേരെ സീതി ഹാജിയുടെ വീട്ടിലാണ് ചെന്ന് നിർത്തിയത്.

ഭക്ഷണം കൊണ്ട് വെച്ചപ്പോൾ സീതി ഹാജി പറഞ്ഞു. വാ... വന്നിരിക്ക്.. ഭക്ഷണം കഴിക്ക്. ഭക്ഷണം കഴിച്ചെന്ന് രായിൻ കുട്ടിയുടെ മൊഴി. ആരാടാ വിമതന് ചോറ് തന്നത്? വീണ്ടും ആക്രോശം. നിർബന്ധിച്ചു ഭക്ഷണം കഴിപ്പിച്ചു. ഇത് കൊലച്ചോർ തന്നെയെന്ന് രായിൻ കുട്ടി മനസ്സിലുറച്ചു. ഭക്ഷണം കഴിച്ചപ്പോൾ ഡ്രൈവറെ വിളിച്ചു. ഇവനെ വീട്ടിൽ കൊണ്ടു ചെന്നാക്ക്. റോഡിൽ നിന്ന് വല്ല വണ്ടിയും തട്ടി വീഴ്ത്തി ഇവൻ മരിക്കാനിടവന്നാൽ സീതി ഹാജി കൊന്നതാണെന്ന് ആളുകൾ പറയും. ഭക്ഷണവും കൊടുത്ത് സുഖമായി ശത്രുവിനെ അയാളുടെ വീട്ടിൽ എത്തിച്ചു കൊടുക്കുന്ന ഈ മഹാമനസ്കത മറ്റാരിൽ നിന്ന് പ്രതീക്ഷിക്കാം. ഇതാണ് സീതി ഹാജിയുടെ ഒരു മുഖം.

സീതിഹാജി ചന്ദ്രികയുടെ ആക്ടിങ് മാനേജിംഗ് ഡയരക്ടർ. ബോണസും ആനുകൂല്യവും ആവശ്യപ്പെട്ട് ജീവനക്കാർ സമരത്തിൽ. രണ്ട് ദിവസം പത്രം മുടങ്ങി. ഒരു ഒത്തുതീർപ്പ് നിർദ്ദേശവും ഒരു ഭാഗത്ത് നിന്നും വരുന്നില്ല. മൂന്നാം നാൾ പത്രാധിപ സമിതിയിലെ ഒരു സംഘം സീതി ഹാജിയെ കാണാൻ എടവണ്ണയിലേക്ക് പുറപ്പെട്ടു. റംസാൻ മാസമാണ്. സീതി ഹാജി പള്ളിയിൽ. അനുരഞ്ജന സംഘം പള്ളിയിൽ ചെന്നപ്പോൾ ശാന്തനായി സീതി ഹാജി അവരുടെ കൂടെ വീട്ടിലേക്ക് വന്നു. എല്ലാവരേയും സ്വീകരണ മുറിയിലിരുത്തി അകത്തേക്ക് കയറിപ്പോയി. തിരിച്ചു വന്നത് മറ്റൊരുസീതി ഹാജിയായിരുന്നു. കലിതുള്ളി കൊണ്ട് കൈയ്യിൽ തോക്കും. സകലത്തിനേയും വെടിവെച്ച് കൊന്നുകളയും. എത്ര സാഹസപ്പെട്ടാണ് പത്രം ഈ നിലയിൽ നടത്തിപ്പോരുന്നതെന്ന് അറിയാമോ? നശിപ്പിക്കാൻ നിങ്ങളും. താങ്കൾ പറയുന്നതെന്തും ഞങ്ങൾ സ്വീകരിച്ചു കൊള്ളാം. വന്നവരുടെ ശമനവാക്കുകൾ. ഒടുവിൽ അദ്ദേഹം ശാന്തനായി. പിന്നെ വളരെ അനുകൂല ഭാവത്തിലുള്ള സംസാരം. ആ ഒറ്റ കൂടിക്കാഴ്ചയോടെ ചന്ദ്രികയിലെ സമരം തീർന്നു. ഒരു പരിധിയോളം ആനുകൂല്യങ്ങളും ജീവനക്കാർക്ക് ലഭിച്ചു. ഇതും സീതി ഹാജിയുടെ മറ്റൊരു മുഖം. ആത്മാർത്ഥതയും പത്രത്തോടുള്ള കൂറുമാണ് അദ്ദേഹത്തെ കോപാകുലനാക്കിയതെന്ന് വ്യക്തം. ചന്ദ്രികയ്ക്ക് ലോണെടുക്കാൻ സ്വന്തം വീടും സ്വത്തും ഈടു നൽകിയ ആളാണ് സീതി ഹാജി.

സീതി ഹാജിയുടെ കുടുംബ പശ്ചാത്തലവും വിദ്യാഭ്യാസവും സംസ്കാരവും കുറഞ്ഞതല്ല. അദ്ദേഹത്തിന്റെ സഹോദരന്മാരിൽ ഉന്നത ഉദ്യോഗസ്ഥന്മാർ വരെയുണ്ട്. സീതി ഹാജി നല്ല വായനക്കാരനാണ്. വായനയിലൂടെയും അനുഭവത്തിലൂടെയും സി.എച്ചിന്റെ സാമീപ്യത്തിലൂടെയും നേടിയ അറിവും സംസ്കാരവും അദ്ദേഹത്തിന് കൈമുതലായുണ്ടായിരുന്നു. എന്ന് മാത്രമല്ല പ്രായമായ കാലത്തും ട്യൂഷന് ആളെ വെച്ച എം. എൽ എ. കൂടിയാണദ്ദേഹം. മക്കളെ പബ്ലിക്ക് സ്കൂളുകളിലും പ്രശസ്ത

mappilaheritagelibrary.com

കോളേജുകളിലും അയച്ച് വിദ്യ ചെയ്യിച്ചിട്ടുണ്ട്. ഞാനും നായനാരും വിദ്യാഭ്യാസം കുറഞ്ഞവരാണെന്ന് സീതി ഹാജി പറഞ്ഞിരുന്നത് നായനാരെ ഇളക്കാനും ചൊടിപ്പിക്കാനും മാത്രമായിരുന്നു. തനിക്ക് വിദ്യാഭ്യാസമുണ്ടെന്ന് സ്ഥാപിക്കാൻ നായനാർ നിയമസഭയിൽ ഇംഗ്ലീഷ് പത്രമെടുത്ത് വായിക്കുന്നത് വരെ അത് എത്തിയല്ലോ? താൻ തെരപ്പൻ കുത്തിയാണെന്ന് പറഞ്ഞത് തൊഴിലിന്റെ മാഹാത്മ്യം വെളിപ്പെടുത്താനും ഭൂതകാലം മറക്കുന്ന ആളെല്ലെന്ന് തെളിയിക്കാനുമായിരുന്നു.

mappilaheritagelibrary.com

പണ്ഡിതനായ മുഖ്യ പത്രാധിപർ

അലീഗർ സർവ്വകലാശാല കോർട്ടിൽ വിദ്യാഭ്യാസ വിചക്ഷണരേയും പണ്ഡിത കുലപതികളേയും അതിശയിപ്പിച്ച് ഗംഭീരപ്രസംഗം നടത്തിയ കേരള വിദ്യാഭ്യാസ മന്ത്രി സി.എച്ച്. മുഹമ്മദ് കോയയോട് 'നിങ്ങൾ ഒരു വലിയ പ്രൊഫസറാകണമായിരുന്നു. എങ്കിൽ ഇന്ത്യ കണ്ട ഏറ്റവും മികച്ച അദ്ധ്യാപകനാകുമായിരുന്നെന്ന്' പരിപാടിയിൽ കൂടെയുണ്ടായിരുന്ന ഹാമിദലി ഷംനാട് പറഞ്ഞു. 'ആഗ്രഹമുണ്ടായിരുന്നു, പക്ഷെ ഒരു മുക്രിയുടെ മകന് ചിന്തിക്കാൻ കഴിയുന്നതിലും അപ്പുറമായിരുന്നു അതെന്ന്' സി.എച്ചിന്റെ മറുപടി. അത്തോളിയിൽ പാവപ്പെട്ട കുടുംബത്തിൽ ആലി മുസ്ല്യാരുടെ മകനായി പിറന്ന മുഹമ്മദ് കോയ, കേരള മുഖ്യമന്ത്രിയും ഇന്ത്യയിലെ ശ്രദ്ധേയനായ രഷ്ട്രീയ നേതാവുമായി. ഏതാണ്ട് ഇതിനോട് തുലനം ചെയ്ത് പറയാവുന്ന ഒരു കഥ മങ്കടയിലെ ചേലിയം മല അടിവാരത്തിനും പറയാനുണ്ട്. അവിടെ കമ്മാലി മുസ്ല്യാരുടെ മകൻ അബ്ദുൾ അസീസ് ഉന്നതങ്ങൾ കീഴടക്കി ജനഹൃദയങ്ങളിൽ സ്ഥാനം ഉറപ്പിച്ചു. ഒരു വേള സി.എച്ച്. മുഹമ്മദ് കോയ ഇരുന്ന ചന്ദ്രികയിലെ ചീഫ് എഡിറ്റർ കസേരയിലും ഇരുന്നു ഈ പ്രതിഭാശാലി. പ്രൊഫസർ മങ്കട ടി. അബ്ദുൾ അസീസ് മൗലവി.

അത്ഭുതകരവും സാഹസികവുമാണ് അസീസ് മൗലവിയുടെ ജീവിതയാത്ര. എട്ടാം തരം വരെ മാത്രം ഔപചാരിക വിദ്യാഭ്യാസം നേടിയ അദ്ദേഹം ഹൈസ്കൂൾ അദ്ധ്യാപകനും കോളേജ് ലക്ചററും ഡിപ്പാർട്ട്മെന്റ് തലവനും, പ്രിൻസിപ്പലുമായി ഉയർന്നു. നാടിന്റെ വികസന ശില്പിയുമായി. ഇ.എസ്.എൽ.സി. മാത്രമാണ് സ്കൂളിൽ പഠിച്ചു നേടിയ വിദ്യാഭ്യാസം. അഫ്സൽ-ഉൽ-ഉലമ പാസ്സായി ഉദ്യോഗം നേടിയപ്പോൾ മനസ്സിലുണ്ടായ ആദ്യ ചിന്ത ഇനി എസ്എസ്എൽസി എങ്ങനെ പാസ്സാവാമെന്നായിരുന്നുവത്രെ. കേരളത്തിൽ നിന്ന് എം.എ. പാസ്സാവുന്ന ആദ്യ അഫ്സലുകാരൻ എന്ന വിശേഷണം ഇദ്ദേഹത്തിനുള്ളതാണ്. എം.എ. എഴുതാൻ അലിഗറിൽ പോയി താമസിച്ച കാലത്ത് അനുഭവിച്ച പട്ടിണിയും യാതനകളും മൗലവി വിവരിക്കുമായിരുന്നു. ആഹാരത്തിനു പകരം വെറും പച്ചവെള്ളം മാത്രം കുടിച്ച് കഴിച്ചു കൂട്ടിയ ദിവസങ്ങൾ എത്രയോ ഉണ്ടാ

mappilaheritagelibrary.com

യിരുന്നു. കഷ്ടപ്പെട്ട് നേടിയ ഈ വിദ്യയിലൂടെയാണ് ഉന്നത പദവികൾ ഓരോന്നും ചവിട്ടിക്കയറിയത്.

എം. ഇ. എസും മുസ്‌ലിം ലിഗും തമ്മിൽ പോരടിച്ച കാലത്ത് എം. ഇ. എസിൽ നിന്ന് രാജിവെക്കാത്ത അറിയപ്പെടുന്ന മുസ്‌ലിം ലീഗുകാരൻ മങ്കട അബ്ദുൾ അസീസ് മാത്രമായിരുന്നു. അതിന്റെ പേരിൽ വിവാദങ്ങൾ കൊഴുത്തിരുന്നു. പക്ഷെ ലീഗിലെ പഴയകാല പാരമ്പര്യവും ഉദ്ദേശശുദ്ധിയും ദീർഘവീക്ഷണവും അദ്ദേഹത്തെ തുണച്ചു. ഏറനാട്ടിൽ മുസ്‌ലിം ലീഗ് ശക്തി പ്രാപിച്ചത് കെ.സി. അബൂബക്കർ, മങ്കട അബ്ദുൾ അസീസ് എന്നീ മൗലവിമാരുടെ പ്രസംഗം കൊണ്ടാണെന്നും മറ്റൊരിക്കൽ പാങ്ങിലെ പി.കെ. ബാപ്പൂട്ടിയുടെ പ്രവർത്തനശൈലിയും മങ്കട അബ്ദുൾ അസീസ് മൗലവിയുടെ പ്രസംഗവുമാണ് വള്ളുവനാട്ടിൽ കമ്മ്യൂണിസത്തിന്റെ അടിത്തറയിളക്കിയതെന്നും സി.എച്ച് പ്രസംഗിച്ചിരുന്നു. എം.ഇ.എസ്സും മുസ്‌ലിം ലീഗും തമ്മിലുള്ള ശത്രുത ചായക്കോപ്പയിലെ കൊടുങ്കാറ്റായി പരിണമിക്കുമെന്ന് മൗലവി ദീർഘ വീക്ഷണം ചെയ്തിരിക്കണം. കോളേജ് പ്രിൻസിപ്പൽ സ്ഥാനത്ത് നിന്ന് റിട്ടയർ ചെയ്ത ശേഷം അദ്ദേഹം ചന്ദ്രികയുടെ ജനറൽ മാനേജറായി.

ചന്ദ്രികയുടെ ചരിത്രത്തിൽ ഇത്ര മാത്രം ഇച്ഛാശക്തിയും കഠിനാധ്വാനശീലവും കൈമുതലായുള്ള മറ്റൊരു ജനറൽ മനേജർ ഉണ്ടായിട്ടില്ല. ചന്ദ്രികയെന്നും സാമ്പത്തിക ഞെരുക്കത്തിലായിരുന്നു. മറ്റ് മാനേജർമാർക്ക് വിചാരിച്ചത് പോലെ കാര്യങ്ങൾ നടത്തിക്കൊണ്ടു പോകാൻ കഴിയാതെ വന്നത് അതുകൊണ്ടാണ്. അസീസ് മൗലവിക്ക് കാര്യങ്ങൾ നടത്താൻ സാമ്പത്തികം ഒരു പ്രശ്നമല്ല. എല്ലാം നേടിയെടുക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ഇച്ഛാശക്തി. ഈ ശക്തിയിലാണ് എറണാകുളം, കണ്ണൂർ എഡിഷനുകൾ തുടങ്ങിയതും പ്രസിദ്ധീകരണം നിന്നു പോയ ആഴ്ചപ്പതിപ്പ് പുന:പ്രസിദ്ധീകരിച്ചതും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രസിദ്ധീകരണങ്ങൾ തുടങ്ങിയതും. അദ്ദേഹത്തിന്റെ സംഘാടക മികവ് അതിശയകരമായിരുന്നു.

ഒന്നാം ഘട്ടത്തിൽ ജനറൽ മാനേജറായിരുന്ന മൗലവി പിന്നെ രണ്ടാം ഊഴത്തിൽ തിരിച്ചെത്തിയത് ജനറൽ മാനേജർ, ചീഫ് എഡിറ്റർ എന്നീ ഇരട്ട പദവികളുമായി. അദ്ദേഹത്തിന്റെ കാലത്തെ സ്റ്റാഫ് കൗൺസിലുകൾ രസകരവും പ്രചോദനദായകവും അവിസ്മരണീയവുമായി. 'നിങ്ങൾ ഇങ്ങനെ ഞാൻ പറയുന്നതെന്തും തലകുലുക്കി സമ്മതിച്ചാലോ? എന്തെങ്കിലും ഒരെതിരഭിപ്രായം പറയണ്ടേ? ' എന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞത് കൂട്ടച്ചിരിക്കിടയാക്കി. ഒരു ദിവസം പന്നിപ്പാറയിലെ കെ. ഷൗക്കത്ത് കാലത്ത് ഓഫീസിലേക്ക് കടന്നു വരുമ്പോൾ മൗലവി പുറത്തേക്ക് പോവുകയായിരുന്നു. 'താ നിന്നലെ പ്രൂഫ് വായിച്ചിട്ട് എത്ര തെറ്റുകളാ' കണ്ടപാടെ ഷൗക്കത്തിനോട് മൗലവിയുടെ കുറ്റപ്പെടുത്തൽ. 'എവിടെയാ സർ ? ഒരൊറ്റത്തെറ്റുമില്ല, എങ്കിൽ കാട്ടിത്തന്നാട്ടെ? 'ഷൗക്കത്തിന്റെ വെല്ലുവിളി. ഞാൻ പത്രം വായിക്കട്ടെടോ' ചിരിച്ചു കൊണ്ട് മൗലവിയുടെ മറുപടി. അവർ രണ്ട് പേരും കൂടെയുണ്ടായിരുന്ന ഞാനും ഇത് കേട്ട് ചിരിച്ചു.

അറബിഭാഷയിൽ ആശ്ചര്യമാം വിധം അഗാധ പാണ്ഡിത്യവുമുണ്ടായിരുന്നു മൗലവിക്ക്. റസൂൽ (സ.അ) യുടെ കാലത്തെ അറബി മുതൽ ആധുനിക കാലഘട്ടത്തിലെ അറബി വരെ നന്നായി അറിയും. വ്യത്യസ്ത അറബി രാജ്യങ്ങളിലെ അറബിയും അ

mappilaheritagelibrary.com

തിലെ വിവിധ തരം സംസാരരീതികളും അദ്ദേത്തിന് അറിയാം. അറബ് രാജ്യങ്ങളിലെ ഉന്നതരുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ ഇത് സഹായകമായി. അറബി പണ്ഡിന്മാരുമായി മാത്രമല്ല ആ രാജ്യങ്ങളിലെ ഉന്നതന്മാരുമായും നല്ല ബന്ധമുണ്ടായിരുന്നു. റാബിത്ത, ഇസ്ലാമിക് ബാങ്ക് എന്നിവയുമായുള്ള അദ്ദേഹത്തിന്റെ അടുത്ത ബന്ധം എം. ഇ. എസിന് പ്രയോജനപ്പെടുത്താനായി. ഇവരെ കേരളത്തിൽ കൊണ്ടു വരികയും പ്രസംഗങ്ങൾ ഭാഷാന്തരം ചെയ്യുകയും അവരിൽ നിന്ന് എം. ഇ. എസിനു ഫണ്ട് ലഭ്യമാക്കുകയും ചെയ്തു. മൗലവി എം.ഇ.എസിന്റെ സ്ഥാപകാംഗമായിരുന്നു. പ്രഥമ പ്രസിഡണ്ട് ഡോ. പി.കെ. അബ്ദുൾ ഗഫൂറിന്റെയും ഡോ. സി.എ. അബൂസ്സലാമിന്റെയും അടുത്ത സുഹൃത്തുമായിരുന്നു.

മലയാള ഭാഷയിൽ അഗാധ പാണ്ഡിത്യവും അത് കൈകാര്യം ചെയ്യാൻ അസാധാരണ കഴിവുമുണ്ടായിരുന്ന മൗലവി ഇസ്ലാമിക സാഹിത്യത്തെ മലയാളത്തിലെ മുഖ്യധാര സാഹിത്യവുമായി ബന്ധിപ്പിച്ച കണ്ണിയാണ്. മലയാളത്തിൽ അദ്ദേഹം വായിക്കാത്ത സാഹിത്യ ശാഖകളില്ല. പൗരാണികവും ഏറ്റവും ആധുനികവുമായ ഗ്രന്ഥങ്ങൾ വരെ ഒറ്റയിരിപ്പിൽ വായിച്ചു തീർക്കുന്നത് അദ്ദേഹത്തിന്റെ ശീലം. മഹാഭാരതവും രാമായണവും മുതൽ ഖുഷ്വന്ത് സിംഗിന്റെയും അരുന്ധതി റോയിയുടെയും രചനകൾവരെ അദ്ദേഹത്തിന് പഥ്യം.

കോളേജ് അദ്ധ്യാപകനാവുന്നതിന് മുമ്പു തന്നെ ഇംഗ്ലീഷ് വാരികയായ റേഡിയൻസിൽ സ്ഥിരമായി ലേഖനങ്ങൾ എഴുതുമായിരുന്നു. വിജ്ഞാനവും ചിന്തയും ചരിത്രവും ഫലിതവും ഉൾക്കൊള്ളുന്നതാണ് അദ്ദേഹത്തിന്റെ പ്രസംഗം. എന്ത് ഉദ്ദേശിക്കുന്നുവോ അതിലേക്ക് ഉത്തേജനം നൽകുന്നതുമായിരിക്കും അത്. അറിവിന്റെ ഒരു വലിയ കടൽ ഉള്ളിൽ ഒതുക്കിവെച്ചിരിക്കുന്നത് കൊണ്ട് വിഷയം അവതരിപ്പിക്കാൻ തെല്ലും പ്രയാസമുണ്ടായിരിക്കില്ല.

മൗലവി മുജാഹിദ് ആശയക്കാരനായിരുന്നു. അതിലൊരു വിഭാഗത്തിന്റെ സംസ്ഥാന പ്രസിഡണ്ടും. എങ്കിലും മറുവിഭാഗക്കാരെ ഒരിക്കലും കുറ്റപ്പെടുത്തില്ല. അതിലെ നേതാക്കളുമായി ഊഷ്മള ബന്ധം പുലർത്തി. കണ്ണിയത്ത് മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ജനാസയുമായി പോയ വൻ ജനാവലി ഇമാം അബൂഹനീഫയുടെ ജനാസയെ അനുസ്മരിക്കുന്നതായിരുന്നുവെന്ന് മൗലവി എഴുതി. ഒരു സുന്നി നേതാവിന് പോലും പറയാൻ കഴിയാത്ത വാക്കുകൾ അത് വിവരിക്കാൻ അദ്ദേഹം കണ്ടെത്തി. മുജാഹിദ് സംസ്ഥാന പ്രസിഡണ്ടായ അബ്ദുൾ അസീസ് മൗലവിയുടെ മയ്യിത്ത് നിസ്കാരത്തിന് നേതൃത്വം നൽകിയത് ശിഹാബ് തങ്ങളായിരുന്നു.

'ഈഗോ' മൗലവിയെ തൊട്ടു തീണ്ടിയിരുന്നില്ല. കണ്ണൂർ എഡിഷൻ തുടങ്ങുമ്പോൾ സ്റ്റാഫിനെ എടുക്കാനുള്ള അഭിമുഖത്തിൽ എന്നേയും കൂട്ടിയിരുന്നു. അഭിമുഖത്തിന് എത്തിയ ഒരാൾ മറ്റൊരു പത്രത്തിൽ ന്യൂസ് എഡിറ്ററായി ജോലി ചെയ്യുകയാണെന്ന് അറിയിച്ചപ്പോൾ ശമ്പളത്തിന്റെ പേരിൽ അയാളെ എടുക്കാൻ കഴിയില്ലെന്ന നിലപാട് എടുത്ത് പറഞ്ഞയച്ചു. പോയപ്പോൾ അയാളെ ആവശ്യമാണെന്ന് ഞാൻ പറഞ്ഞത് മൗലവി മുഖവിലയ്ക്കെടുത്തു. പോയിക്കഴിഞ്ഞ അയാളെ പ്യൂണിനെ ഓടിപ്പിച്ച് തിരിച്ചു കൊണ്ടു വന്നു. അയാളിപ്പോൾ ചന്ദ്രികയിൽ ഉന്നത തസ്തികയിൽ ജോലി ചെയ്യുന്നു.

mappilaheritagelibrary.com

ഓഫീസിൽ എന്റെയും ചീഫ് എഡിറ്റർ മങ്കടയുടെയും ക്യാബിനുകൾ തൊട്ടടുത്താണ്. അത് പോലെ ചന്ദ്രികയുടെ തൊട്ടടുത്ത മുറികളിൽ ഞങ്ങളുടെ താമസവും. അതുകൊണ്ട് കാലത്ത് മുതൽ തുടങ്ങും ഞങ്ങൾ തമ്മിലുള്ള സംസാരവും വാഗ്വാദവും തർക്കങ്ങളും. സുബ്ഹി കഴിഞ്ഞ ഉടനെ മൗലവിക്ക് അര 'ജുസുഉ്' എങ്കിലും ഓതണമെന്ന് നിർബന്ധം. (ഈ ഖുർആൻ പാരായണമാണ് അദ്ദേഹത്തിന്റെ കാലത്തെ ചന്ദ്രികയിലെ സർവ്വ ഐശ്വര്യങ്ങൾക്ക് കാരണമെന്ന് ഞാനിന്നും വിശ്വസിക്കുന്നു.) അത് കഴിഞ്ഞാൽ ബെഡ് കോഫി കഴിക്കാൻ ഞങ്ങളൊരുമിച്ച് വൈ.എം.സി.എയിലേക്ക് പോകും. ആ നിമിഷം മുതൽ തുടങ്ങും സംസാരം. 'ഞാൻ പറഞ്ഞു തരാം.' - എന്ന ആമുഖത്തോടെ. ഇങ്ങനെയുള്ള ദിവസങ്ങളിലൊന്നിലെ രസകരമായ ഒരനുഭവം. അന്ന് കാലത്ത് വലിയ സംസാരമില്ല. ബെഡ് കോഫി കഴിച്ചയുടനെ മൗലവി റൂമിൽ പ്രവേശിച്ച് ധൃതിയിൽ എഴുത്ത് തുടങ്ങി. അത് ഇടതടവില്ലാതെ ഉച്ചവരെ നീണ്ടുനിന്നു. സദ്ദാം ഹുസൈൻ കുവൈത്ത് ആക്രമിച്ചതിന്റെ തൊട്ടടുത്ത ദിവസമായിരുന്നു അത്. സദ്ദാമിനെ കുറിച്ചും കുവൈത്ത് ആക്രമണ പശ്ചാത്തലത്തെ കുറിച്ചും ആഴത്തിൽ വിവരമുണ്ട് അദ്ദേഹത്തിന്. ഉച്ചയാകുമ്പോഴേക്കും അത് സംബന്ധിച്ച രണ്ട് മൂന്ന് ഐറ്റങ്ങൾ തയ്യാറാക്കി കഴിഞ്ഞിരുന്നു. അപ്പോഴതാ പുതിയ ഒരു ഫ്ളാഷ് വാർത്ത വരുന്നു. രാജീവ് ഗാന്ധി വധക്കേസിലെ പ്രതികളായ മുരുകനും നളിനിയും തമിഴ് നാട്ടിൽ അറസ്റ്റിലായിരിക്കുന്നു. പിന്നെ പത്രത്തിൽ ചേർക്കേണ്ടത് മുഴുവൻ അത് സംബന്ധിച്ച വാർത്തകൾ. സദ്ദാമും കുവൈത്തും പിന്നെ ആ ദിവസം വിസ്മൃതം. ചീഫ് എഡിറ്റർ വിഷണ്ണനും നിരാശനുമായി. 'എല്ലാം നശിക്കുശിയായല്ലോ ?' എന്നൊരു വാക്കും. പത്രപ്രവർത്തനം ഇങ്ങനെയാണ്. കോളേജിൽ ക്ലാസ്സെടുക്കുന്നതു പോലെയല്ലല്ലോ. എന്ന തിരിച്ചറിവും പിന്നീടുള്ള വാക്കുകളിൽ പ്രകടമാക്കി. എന്നിട്ടും തോറ്റ് കൊടുക്കാൻ അദ്ദേഹം തയ്യാറായില്ല. രാജീവ് ഗാന്ധി വധം സംബന്ധിച്ച് ലേഖനം തയ്യാറാക്കിത്തരാമെന്ന് പറഞ്ഞ് വീണ്ടും അദ്ദേഹം പേനയും കടലാസുമെടുത്തു.

റിട്ടയർ ചെയ്ത് നാട്ടിലായിരിക്കുമ്പോൾ ഒരാൾ യാദൃച്ഛികമായി കണ്ട് കുശലം പറഞ്ഞപ്പോൾ "റിട്ടയർമെന്റിലും ഉണ്ടോ ഒരു റിട്ടയർമെന്റ്" എന്നാണ് കുശലത്തിന് മറുപടി കൊടുത്തത്. മങ്കടയിലെ യത്തീംഖാന, മുഹീദുൽ ഉലൂം അറബിക് കോളേജ്, അൽ അമീൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഹംസ തയ്യിൽ ഓഡിറ്റോറിയം, ടീച്ചേർസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുടെ പരിപോഷണവും പ്രവർത്തനവും മങ്കടയിലെ മദീന മസ്ജിദ് നിർമ്മാണവുമാണ് ആ റിട്ടയർമെന്റിലെ റിട്ടയർമെന്റ് എന്ന് പിന്നീട് മനസ്സിലായി.

കസൻദ് സാക്കീസിന്റെ ആത്മകഥയിലെ ആദ്യ വാചകങ്ങളിലൊന്ന് I am not tired but the sun has set (ഞാൻ ക്ഷീണിതനല്ല പക്ഷേ സൂര്യൻ അസ്തമിച്ചു പോയി) എന്ന വചനം നൂറ് ശതമാനവും യോജിക്കുന്ന വ്യക്തിയായിരുന്നു പ്രൊഫസർ മങ്കട ടി. അബ്ദുൾ അസീസ് മൗലവി. (2007 ആഗസ്റ്റ് 12നു എഴുപത്താറാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.)

mappilaheritagelibrary.com

പാർട്ടിപത്രപ്രവർത്തകന്റെ ഓർമ്മക്കുറിപ്പുകൾ

ടി. സി. മുഹമ്മദ്



മുപ്പത്തിരണ്ടു വർഷം ചന്ദ്രിക പത്രാധിപസമിതി അംഗമായി സേവനമനുഷ്ഠിച്ച ടി.സി. മുഹമ്മദിന്റെ അനുഭവക്കുറിപ്പുകളാണ് ഈ കൃതി. മുസ്‌ലിംലീഗിന്റെ അരനൂറ്റാണ്ടു കാലത്തെ ചരിത്രവും സ്വാധീനിച്ച വ്യക്തികളുടെ നിറവാർന്ന തൂലികാചിത്രങ്ങളും ഈ ഓർമ്മയെഴുത്തിനെ ചേതോഹരമാക്കുന്നു.
മുസ്‌ലിംലീഗിനെയും അതിന്റെ മുഖപത്രമായ ചന്ദ്രികയെയും ജീവശ്വാസമാക്കി മാറ്റിയ ഒരു പത്രപ്രവർത്തകന്റെ ആർജ്ജവവും നർമ്മവും സാരള്യവും നിറഞ്ഞ രചന.

ഗ്രെയ്സ് ബുക്സ്

ഓർമ്മകൾ

2018

Grace books

₹ 120

ടി. സി. മുഹമ്മദ്
പാർട്ടിപത്രപ്രവർത്തകന്റെ ഓർമ്മക്കുറിപ്പുകൾ